# വിഴിഞ്ഞം ഗ്രാമ പഞ്ചായത്ത്

## വികസന റിപ്പോർട്ട് 1996




# അധികാരം ജനങ്ങളിലേക്ക്



# ആസൂത്രണം ഗ്രാമ തലത്തിൽ

9-ാം പദ്ധതി - ജനകീയപദ്ധതി



വിഴിഞ്ഞം
ഗ്രാമപഞ്ചായത്ത്.
PALLICHAL
UCHAKKADA
PULINKUDI
PORT
LIGHTHOUSE
I
II
III
IV
V
VI
VII
VIII
IX
X
XI
XII
XIII
XIV
XV

# ആമുഖം

കേരള സംസ്ഥാനത്തിന്റേയും, ആസൂത്രണപ്രക്രിയയുടേയും ചരിത്രത്തിൽ ഒരു പുതിയ അനുഭവമായിത്തീരാൻ പോകുന്ന ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന് നാം വിജയകരമായി തുടക്കം കുറിച്ചിരിക്കുകയാണ്.

കഴിഞ്ഞ 44 വർഷങ്ങളിലായി 8 പഞ്ചവത്സരപദ്ധതികൾ നടന്നിട്ടുണ്ട്. ഈ പഞ്ചവത്സരപദ്ധതികൾകൊണ്ട് കാർഷിക മേഖലയിലും, വ്യാവസായികമേഖലയിലും കുറച്ച് പുരോഗതി ഉണ്ടായിട്ടുണ്ട്.

എന്നാൽ ആസൂത്രണപ്രക്രിയയുടെ അടിസ്ഥാനഘടകങ്ങളായ തൊഴിലില്ലായ്മാവർദ്ധനവ്, ദാരിദ്ര്യനിർമ്മാർജ്ജനം, ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അന്തരം, സർവ്വോപരി പുത്തൻ വ്യാവസായിക യുഗത്തിന് അനുസരണമായി ഇന്ത്യയെ വളർത്തൽ ഇവ തൃപ്തികരമായി നിർവ്വഹിക്കുവാൻ കഴിഞ്ഞിട്ടില്ല.

ഇതിനു പരിഹാരമായി 1997 ഏപ്രിലിൽ ആരംഭിക്കുന്ന 9-ാംപദ്ധതിയുടെ 35 മുതൽ 40% ഇടയ്ക്കുള്ള വികസന പരിപാടികൾ താഴേത്തട്ടിൽ ജനപങ്കാളിത്തത്തോടെ രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജന: ആസൂത്രണപ്രസ്ഥാനത്തിന്റെ ലക്ഷ്യം.

നാം വികസനപ്രക്രിയയുടെ ഗുണഭോക്താക്കൾ മാത്രം ആകാതെ വികസനപ്രക്രിയയുടെ ആസൂത്രകരും, കാര്യകർത്താക്കളും, മുൻഗണനാനിർണ്ണയക്കാരും ആകണമെന്നാണ് സംസ്ഥാനസർക്കാരും ആസൂത്രണബോർഡും ആഗ്രഹിക്കുന്നത്.

ആസൂത്രിതപ്രക്രിയ എന്നു പറയുമ്പോൾ പദ്ധതി ആവിഷ്കരിക്കുന്നതും നിർവ്വഹിക്കുന്നതും നമ്മൾതന്നെയായിരിക്കും.

ചുരുക്കത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജനസംഘടനകളേയും, വിദഗ്ദ്ധരേയും, ഉദ്യോഗസ്ഥരേയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയൊരു പ്രവർത്തനശൈലി രൂപപ്പെടുത്തി എടുക്കുന്നതിനാണ് ജനകീയ ആസൂത്രണപ്രസ്ഥാനത്തിലൂടെ ശ്രമിക്കുന്നത്.

വികസനമെന്നാൽ സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ചയാണ്. സാമ്പത്തികവളർച്ച ഒരു ന്യൂനപക്ഷത്തിന്റെ ധനികവൽക്കരണത്തിലേക്കും ഭൂരിപക്ഷത്തിന്റെ ദാരിദ്ര്യവൽക്കരണത്തിലേക്കും നയിച്ചാൽ പോരാ. സാമ്പത്തികവളർച്ചയുടെ നേട്ടങ്ങൾ എല്ലാ ജനങ്ങൾക്കും ലഭ്യമാകണം. ഭൗതികജീവിതത്തിന്റെ ഉപധികളായ ഭക്ഷണം, വസ്ത്രം, പാർപ്പിടം, വെള്ളം, വെളിച്ചം, ആരോഗ്യം എന്നിവ വർദ്ധിതമായതോതിൽ ലഭ്യമാക്കണം. ദീർഘകാലത്തെ സാമൂഹിക-രാഷ്ട്രീയ പ്രക്രിയയിലൂടെ കേരളീയർക്ക് വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ഭൂപരിഷ്കരണം, തൊഴിലാളികളുടെ സേവന വേതനവ്യവസ്ഥ എന്നീ രംഗങ്ങളിൽ മെച്ചപ്പെട്ട പുരോഗതി നേടിയെടുക്കുവാൻ കഴിഞ്ഞു. കേരളത്തിന്റെ സാമൂഹ്യക്ഷേമത്തിന്റെ നിലവാരം ശ്രദ്ധേയമായ മാതൃകയാണ്. താഴ്ന്ന സാമ്പത്തികനിലവാരത്തിലും ബോധപൂർവ്വമായ സാമൂഹ്യ ഇടപെടലിലൂടെ സാമാന്യജനത്തിന്റെ ജീവിതനിലവാരം ഉയർത്താമെന്ന് കേരളം തെളിയിച്ചു.

എന്നാൽ സാമ്പത്തിക ഉല്പാദനത്തിന്റെ കാര്യത്തിൽ നാം പരാജയപ്പെട്ടിരിക്കുന്നു. കാർഷികോല്പാദനത്തിൽ മുരടിച്ച് നിലനിൽക്കുന്നു. കൂലിയുടേയും മറ്റ് ഉല്പാദനച്ചെലവുകളുടേയും വർദ്ധനവിനനുസരിച്ച് കാർഷികോല്പാദനം ഉയരാത്തത് കൃഷിയെ അനാകർഷകമാക്കി. വ്യവസായരംഗവും തളർ

ച്ചയിലാണ്. പരമ്പരാഗതവ്യവസായങ്ങളും, ചെറുകിട വ്യവസായങ്ങളും നശിച്ചുകൊണ്ടിരിക്കുന്നു. വൻവ്യവസായങ്ങളും ഉണ്ടാകുന്നില്ല. ഉല്പാദനമേഖലയിലെ മുരടിപ്പുകാരണം തൊഴിലില്ലായ്മ ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്നു. സ്ത്രീകളുടെ തൊഴിൽപങ്കാളിത്തം വളരെ കുറവാണ്.

കാർഷിക വ്യാവസായിക മേഖലയിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അതോടൊപ്പം വിഭവശോഷണം സംഭവിക്കാതെ സേവനമേഖല ശക്തിപ്പെടുത്താനും ലക്ഷ്യമാക്കിക്കൊണ്ടുള്ള പരിപാടിയായ ജനകീയ ആസൂത്രണത്തിനെ രാഷ്ട്രീയ കക്ഷി, മത ജാതി പരിഗണനകൾക്കതീതമായി കാണുക. എല്ലാ പ്രശ്നങ്ങളും ഒറ്റയടിക്ക് പരിഹരിക്കാനാവില്ല. നമ്മുടെ കയ്യിലുള്ള വിഭവങ്ങൾ പരിമിതമാണ്. അതുകൊണ്ട് ആസൂത്രിതമായി നീങ്ങിയേതീരൂ.

19.9.11996-ൽ കൂടിയ വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചപ്രകാരം 23.9.96 തിങ്കളാഴ്ച വിഴിഞ്ഞം ഗവ. L.P. സ്കൂളിൽവച്ച് ജനകീയ ആസൂത്രണത്തിനുള്ള പഞ്ചായത്ത് ശില്പശാല നടക്കുകയുണ്ടായി. പ്രസ്തുത ശില്പശാല അതിയന്നൂർ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. തങ്കപ്പൻ ഉദ്ഘാടനംചെയ്തു. കക്ഷിരാഷ്ട്രീയവ്യത്യാസങ്ങൾക്ക് അതീതമായി വിവിധ മേഖലകളിലെ വിദഗ്ദ്ധരും, പ്രഗല്ഭരും, ജനപ്രതിനിധികളും, സന്നദ്ധപ്രവർത്തകരുമായി 143 പേർ പങ്കെടുത്തു. ശില്പശാലയിൽ തീരുമാനിച്ചപ്രകാരം 28-9-96 മുതൽ 13-10-96 വരെയുള്ള ദിവസങ്ങളിലായി പഞ്ചായത്തിലെ 15 വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ നടക്കുകയുണ്ടായി. ഗ്രാമസഭകളിൽ പങ്കെടുത്ത ജനങ്ങൾ ശരാശരി 120 ആണ്. കൃഷിയും ജലസേചനവും, മൃഗസംരക്ഷണം, മത്സ്യബന്ധനം, വിദ്യാഭ്യാസം, കുടിവെള്ളം, പൊതുജനാരോഗ്യം, വ്യവസായം, ഗതാഗതം, ഊർജ്ജം, പാർപ്പിടം, സാമൂഹ്യക്ഷേമം, സംസ്കാരം, വനിത, സഹകരണം, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം, വിഭവസമാഹരണം എന്നീ വിഷയങ്ങളിൽ ഗ്രൂപ്പ് ചർച്ച നടത്തി, പ്രശ്നങ്ങളും, പരിഹാരമാർഗ്ഗങ്ങളും കണ്ടെത്തുകയുണ്ടായി. ചില വാർഡുകളിൽ ടൂറിസവും ചർച്ചാവിഷയമായി. 16.10.96 മുതൽ വിവിധ ആഫീസുകളിൽനിന്നും വിവരങ്ങൾ ശേഖരിച്ചുതുടങ്ങി. 6.11.96-ൽ നടന്ന രണ്ടാമത്തെ ശില്പശാലയിൽ വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിന്റെ പ്രവർത്തനങ്ങൾക്ക് ആക്കംകൂടി. 11.11.96-ന് പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലൂടെ പഠനപര്യടനം നടത്തി പഞ്ചായത്തിന്റെ ഭൂപ്രകൃതിയെക്കുറിച്ചും, വിളകളുടെ അവസ്ഥയെക്കുറിച്ചും നേരിട്ടു മനസ്സിലാക്കി. അതിനു പുറമേ നാടിന്റെ പൈതൃകവും., ചരിത്രവും പഠിക്കുവാനുള്ള എളിയ ശ്രമങ്ങളും നടത്തി. ലഭ്യമായ ചരിത്രം, ഭൂസ്ഥിതിവിവരങ്ങൾ, ദ്വിതീയവിവരങ്ങൾ, പഠനപര്യടനം എന്നിവയും ഗ്രാമസഭകളിലൂടെ കണ്ടെത്തിയ പ്രശ്നങ്ങളും പരിഹാരനിർദ്ദേശങ്ങളും അപഗ്രഥിച്ച് പഞ്ചായത്ത് പ്രതിനിധികളും റിസോഴ്സ് പെഴ്സൻസും, വിവിധ മേഖലകളിലെ വിദഗ്ദ്ധരും ചേർന്ന് തയ്യാറാക്കിയതാണ് ഈ വികസനറിപ്പോർട്ട്. 25-11-96-ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റി ഇത് അംഗീകരിക്കുകയും 9.12.96-ൽ കോട്ടപ്പുറം സെന്റ് മേരീസ് സ്കൂളിൽവച്ചു നടക്കുന്ന വികസനസെമിനാറിലെ ഗ്രാമസഭാ പ്രതിനിധികളുടേയും, വിദഗ്ദ്ധരുടേയും വിവിധ വകുപ്പ് ഉദ്യോഗസ്ഥരുടേയും, മറ്റ് ക്ഷണിതാക്കളുടേയും വിശദമായ ചർച്ചയ്ക്കും, പരിഗണനയ്ക്കുമായി ഈ റിപ്പോർട്ട് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

S. ചെല്ലപ്പനാചാരി
പ്രസിഡന്റ്, വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്

# വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണം വിശേഷാൽ ഗ്രാമസഭകൾ
# സംബന്ധിച്ച വിവരങ്ങൾ

| നിയോജക മണ്ഡല നമ്പർ | നിയോജകമണ്ഡലത്തിന്റെ പേര് | തീയതി | ഗ്രാമസഭായോഗത്തിലെ ഹാജർ | | | |
|---|---|---|---|---|---|---|
| | | | സ്ത്രീ | പുരു. | ആകെ | പട്ടിക ജാതിക്കാർ |
| 1. | കോവളം | 2-10-96 | 95 | 88 | 183 | 7 |
| 2. | പുല്ലൂർകോണം | 13-10-96 | - | 74 | 74- | |
| 3. | മതിപ്പുറം | 3-10-96 | 17 | 89 | 106 | 6 |
| 4. | ടൗൺഷിപ്പ് | 10-10-96 | 3 | 70 | 73 | 5 |
| 5. | ആഫീസ് വാർഡ് | 2-10-96 | 30 | 42 | 72 | 9 |
| 6. | പള്ളിത്തുറ | 1-10-96 | 43 | 46 | 89 | 7 |
| 7 | ടൗൺ വാർഡ് | 6-10-96 | 32 | 48 | 80 | 6 |
| 8. | കോട്ടപ്പുറം | 5-10-96 | 183 | 11 | 194 | 7 |
| 9. | കടയ്ക്കുളം | 28-9-96 | 9 | 64 | 73 | 10 |
| 10. | നെല്ലികുന്ന് | 12-10-96 | 20 | 85 | 105 | 18 |
| 11. | മുല്ലൂർ | 11-10-96 | 33 | 93 | 126 | 22 |
| 12. | കിടാരക്കുഴി | 12-10-96 | 51 | 95 | 146 | 18 |
| 13. | മുക്കോല | 12-10-96 | 32 | 150 | 182 | 75 |
| 14. | വെങ്ങാനൂർ | 2-10-96 | 57 | 111 | 168 | 40 |
| 15. | പറവിളാകം | 6-10-96 | 6 | 98 | 104 | 17 |

28-12-96-ലെ സർക്കാർ ഉത്തരവ് എം. എസ്. 196/61 പ്രകാരം തിരു: കൊച്ചി സംസ്ഥാനത്തിന്റെ കോട്ടുകാൽ പഞ്ചായത്തിൽനിന്നും 1-1-1962ൽ വിഴിഞ്ഞം കേന്ദ്രമാക്കി പഞ്ചായത്ത് ആരംഭിച്ചു. 25 രൂപ പ്രതിമാസവാടകയ്ക്ക് പുല്ലൂർകോണത്ത് ശ്രീ. N. നാഗപ്പന്റെ കെട്ടിടത്തിൽ തുടങ്ങി. തുടക്കത്തിൽ സ്പെഷ്യൽ ആഫീസർക്കായിരുന്നു ഭരണചുമതല. 17-12-1963-ൽ ആദ്യത്തെ ഭരണസമിതി അധികാരമേറ്റു. 25-5-1963-ലാണ് പഞ്ചായത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചത്.

ലോകപ്രശസ്ത വിനോദസഞ്ചാരകേന്ദ്രമായ കോവളവും, പ്രാചീനകാലംമുതൽ പ്രശസ്തമായ വിഴിഞ്ഞം തുറമുഖവും ഉൾപ്പെടുന്ന ഈ പഞ്ചായത്തിലാണ് ജന്മിത്വത്തിനെതിരെയും, ഉച്ചനീചത്വത്തിനെതിരെയും പോരാടിയ മഹാനായ ശ്രീ. അയ്യൻകാളിയും, കോവളം മഹാകവികളായ ശ്രീ. അയ്യിപ്പിള്ള ആശാനും അയ്യൻപിള്ള ആശാനും ജന്മംകൊണ്ടത്. കർഷകരും കർഷകതൊഴിലാളികളും മത്സ്യത്തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന പ്രകൃതിമനോഹരമായ തീരദേശപഞ്ചായത്താണ് വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്.

## മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ

T.M. നീലകണ്ഠപ്പണിക്കർ
P. റൊസാരിയോ ഗോമസ്
N. മധുസൂദനൻനായർ

## മുൻ വൈസ്പ്രസിഡന്റുമാർ

K. കൃഷ്ണൻനാടാർ
A.M.A ഖാദർ
തെന്നൂർക്കോണം ബാബു

ഇപ്പോഴത്തെ ഭരണസമിതി
2-10-95-ന് അധികാരത്തിൽ വന്നു.

# വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട് 1996

| | | |
|---|---|---|
| പഞ്ചായത്തിന്റെ പേര് | - | വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് |
| റവന്യൂ വില്ലേജ് | - | വിഴിഞ്ഞം വില്ലേജ് |
| ജില്ലാ പഞ്ചായത്ത് ഡിവിഷൻ | - | (1) വിഴിഞ്ഞം |
| | | (2) കാഞ്ഞിരംകുളം |
| ബ്ളോക്ക് പഞ്ചായത്ത് ഡിവിഷൻ | | വാഴമുട്ടം |
| | | വിഴിഞ്ഞം |
| | | ഉച്ചക്കട |
| | | വെങ്ങാനൂർ |
| ബ്ളോക്ക് പഞ്ചായത്ത് | - | അതിയന്നൂർ |
| താലൂക്ക് | - | നെയ്യാറ്റിൻകര |
| ജില്ല | - | തിരുവനന്തപുരം |
| അസംബ്ലിമണ്ഡലം | - | കോവളം |
| വിസ്തീർണ്ണം | - | 12.62 ച. കിലോമീറ്റർ |
| ജനസംഖ്യ | - | 42402 |
| വാർഡുകളുടെ എണ്ണം | - | 15 |

**അതിരുകൾ:**

| | |
|---|---|
| വടക്ക് | വെങ്ങാനൂർ പഞ്ചായത്ത് |
| തെക്ക് | അറബിക്കടൽ |
| കിഴക്ക് | കോട്ടുകാൽ പഞ്ചായത്ത് (പുളിംകുടി- ഉച്ചക്കട റോഡ്) |
| പടിഞ്ഞാറ് | തിരുവല്ലം പഞ്ചായത്ത് |

| | |
|---|---|
| പ്രസിഡന്റിന്റെ പേര് | എസ്. ചെല്ലപ്പനാചാരി |
| വൈസ് പ്രസിഡന്റിന്റെ പേര് | റ്റി. നെൽസൺ |

# വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി അംഗങ്ങൾ

| വാർഡ് നമ്പർ | നിയോജക മണ്ഡലത്തിന്റെ പേര് | സംവരണം | അംഗത്തിന്റെ പേര് |
|---|---|---|---|
| 1. | കോവളം | വനിത | എൽ. ലതാസുഗതൻ |
| 2. | പുല്ലൂർകോണം | | പി. പൊടിക്കണ്ണ് |
| 3. | മതിപ്പുറം | | കെ. ഹസ്സൻകണ്ണ് |
| 4. | ടൗൺഷിപ്പ് | | പി. ഷംസുദ്ദീൻ |
| 5. | ആഫീസ് വാർഡ് | വനിത | ഗിരിജാ രാജേന്ദ്രൻ R. |
| 6. | പള്ളിത്തുറ | വനിത | സ്റ്റാൻസി മേന്റസ് R. |
| 7 | ടൗൺ വാർഡ് | | റ്റി. നെൽസൺ |
| 8. | കടയ്ക്കുളം | | മുക്കോല ജി. പ്രഭാകരൻ |
| 9. | കോട്ടപ്പുറം | | പി.ബനഡിക്ട് ലോപ്പസ് |
| 10. | നെല്ലികുന്ന് | വനിത | പ്രസന്ന കമലം K |
| 11. | മുല്ലൂർ | പട്ടികജാതി | സോമൻ P. |
| 12. | കിടാരക്കുഴി | വനിത | മരിയ സലീല M. |
| 13. | മുക്കോല | | മുക്കോല ഉണ്ണി |
| 14. | വെങ്ങാനൂർ | | രാജഗോപാൽ G. |
| 15. | പാറവിളാകം | | ചെല്ലപ്പനാചാരി S. |

# ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം

ഏതൊരു പ്രദേശത്തിനും അതിന്റേതായ ചില പ്രത്യേകതകൾ കാണും. അവിടെ ജീവിച്ചിരുന്ന മുൻതലമുറക്കാർ, ആ തലമുറകളെ നിയന്ത്രിച്ചിരുന്ന വ്യക്തികൾ, ആചാരാനുഷ്ഠാനങ്ങൾ, ഇവയൊക്കെ ഇന്നത്തെ തലമുറകളിലും സ്വാധീനംചെലുത്തും. നമ്മുടെ രാജ്യത്തിനാകെ മാതൃകയാക്കാൻ ഭാവിയിൽ കഴിയുന്ന ഈ മഹത്സംരംഭത്തിന്റെ ആരംഭത്തിൽ നാം കഴിഞ്ഞകാലത്തേക്ക് ഒന്നു എത്തിനോക്കുന്നത് നന്നായിരിക്കും. ആ കഴിഞ്ഞകാലത്തേക്ക് ഒരു ഓട്ടപ്രദക്ഷിണം നടത്താം.

ചരിത്രം ഉറങ്ങുന്ന ഒരു ഭൂപ്രദേശമാണ് വിഴിഞ്ഞം. നൂറ്റാണ്ടുകൾക്ക് മുമ്പ് അസ്തമിച്ച ഒരു സാമ്രാജ്യത്തിന്റെ തലസ്ഥാനം, എത്രയെങ്കിലും നൂറ്റാണ്ടുകൾക്കുമുമ്പേ ചരിത്രരേഖയിൽ സ്ഥാനംപിടിച്ച തുറമുഖം, സാഹിത്യചരിത്രത്തിൽ സ്ഥാനംപിടിച്ച രാമകഥാപ്പാട്ടും, ഭാരതം പാട്ടും രചിച്ച കോവളം കവികളുടെ ജന്മനാട്. അധഃസ്ഥിതവർഗ്ഗങ്ങളുടെ ഉന്നമനത്തിനു വഴികാട്ടിയായ ശ്രീ. അയ്യൻകാളിക്ക് ജന്മം നൽകിയ നാട്. അന്താരാഷ്ട്ര ടൂറിസ്റ്റ് ഭൂപടത്തിൽ സ്ഥാനം പിടിച്ച നാട്, എന്നിങ്ങനെ ഒട്ടനവധി കാര്യങ്ങൾ. ഒരു മലയോര-കടലോരഗ്രാമം. അമ്പലമണികളും, പള്ളിമണികളും, വാങ്കുവിളികളുംകൊണ്ട് മുഖരിതമായ ഒരു ഗ്രാമം. ഇതിന്റെ ഇരുളടഞ്ഞ ഏടുകളിലേക്കും. സമകാലീന ചരിത്രത്തിലേക്കും ഒരു തിരനോട്ടം നടത്തട്ടെ.

## ആയ് രാജവംശം

ചേര, ചോള, പാണ്ഡ്യ സാമ്രാജ്യകാലത്തിനു മുൻപേ നിലനിന്ന ഒന്നാണ് ആയ് രാജ്യം. ചെങ്കോട്ടയ്ക്കടുത്ത് ആയിക്കുടി തലസ്ഥാനമാക്കി വാണരുളിയ ഒരു രാജവംശം കേരളചരിത്രത്തിന്റെ ഇരുളടഞ്ഞ ഏടുകളിൽ കാണാം. അവരുടെ തുറമുഖപട്ടണം, പട്ടാളകേന്ദ്രം എന്നിവയായിരുന്നു വിഴിഞ്ഞം. ആ സാമ്രാജ്യത്തിനെതിരെ നിരന്തരമായ ചോള, പാണ്ഡ്യ ആക്രമണങ്ങൾ നടന്നു. അങ്ങനെ ആയ് രാജ്യത്തിന്റെ വിസ്തൃതി ചുരുങ്ങി. ഒടുവിൽ അവരുടെ തലസ്ഥാനമായി വിഴിഞ്ഞം. വെങ്ങാന്നൂർ ഏലായിൽവച്ച് നടന്ന അവസാന യുദ്ധത്തോടെ ഈ സാമ്രാജ്യം അസ്തമിച്ചു. ചടയൻ, കരുനന്തൻ തുടങ്ങി ഒട്ടനവധി രാജാക്കന്മാരുടെ പേരുകൾ ഈ രാജവംശവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നു. ഇന്നും ആ ചരിത്രസ്മരണകളുമായി ബന്ധപ്പെട്ട് പല സ്ഥലനാമങ്ങളും നിലനിൽക്കുന്നു. കോട്ടപ്പുറം, കുതിരപ്പന്തി, ആനക്കുഴി, തലയ്ക്കോട്, പിറവിളാകം എന്നിവയെപ്പറ്റി ആഴത്തിലുള്ള ചരിത്രപഠനം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പിറവിളാകം തളിയൂർ ക്ഷേത്രത്തിനു സമീപം പുരാതനകാലത്ത് ഗ്രാമസഭകൾ കൂടിയിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

## വിഴിഞ്ഞം ഒരു പ്രാചീന തുറമുഖം

പ്രകൃതിദത്തമായ ഒരു തുറമുഖമായിരുന്നു വിഴിഞ്ഞം. അറബികളും, യൂറോപ്യൻ രാജ്യക്കാരും കടൽയാത്രയിലൂടെ ഈ തീരത്ത് എത്തി. ഇവിടെ അവർ വാണിജ്യബന്ധം ഉറപ്പിച്ചു. ഈ തീരത്തെ ജനങ്ങളുമായി ബന്ധംസ്ഥാപിച്ചു. ഉമ്മിണിത്തമ്പി ദളവയുടെ കാലത്തുപോലും വിഴിഞ്ഞത്തുനിന്ന് ചുങ്കംപിരിച്ച കണക്കുകൾ കണ്ടെത്തിയിട്ടുണ്ട്. പോക്കുമൂസ്സാ എന്ന വർത്തകപ്രധാനി രാജകേശവദാസൻ ദിവാൻജി എന്നിവരുടെ ജീവിതകഥകൾക്ക് ഈ തീരവുമായി ബന്ധമുണ്ട്. കേരള ചരിത്രത്തിൽ വീര ഇതിഹാസം രചിച്ച മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ ഭരണകാലത്ത് വിഴിഞ്ഞത്തിന് സുപ്രധാനമായ സ്ഥാനം ലഭിച്ചിരുന്നു.

ഈ തുറമുഖത്ത് വന്നണഞ്ഞ കപ്പലുകളിലൂടെ പല സഞ്ചാരികളും ഈ പ്രദേശത്തെക്കുറിച്ചുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടുണ്ട്. പണിഞ്ഞിട്ടും പണിഞ്ഞിട്ടും പണിതീരാത്ത ഒരു മീൻപിടിത്ത തുറമുഖം എന്ന ഒരു ആശാകേന്ദ്രമായി നാം മുന്നോട്ടുപോകുന്നു. വിഴിഞ്ഞം തുറമുഖത്തിന്റെ പഴയകാലസ്മരണയ്ക്കായി ഒരു പേരുമാത്രം-"കപ്പൽച്ചാൽ." C.P. രാമസ്വാമി അയ്യരുടെ കാലത്ത് തയ്യാറാക്കി എങ്ങോ നാം കളഞ്ഞ ഒരു അന്താരാഷ്ട്ര തുറമുഖത്തെക്കുറിച്ച് മുതിർന്നവർ ഓർമ്മിക്കുന്നു.

## കോവളം കവികൾ

അയ്യിപ്പിള്ള ആശാൻ, അയ്യനപ്പിള്ള എന്നി ജ്യേഷ്ഠാനുജന്മാർ ഈ പഞ്ചായത്തിലെ 'വാവാടുംതുറ'- ഇന്നത്തെ ആവാടുതുറ, ഹവ്വാബീച്ച്- എന്ന സ്ഥലത്ത് ജീവിച്ചിരുന്നു. അവർ രചിച്ച ഗ്രന്ഥങ്ങളായ രാമകഥാപാട്ടും. ഭാരതം പാട്ടും സാഹിത്യചരിത്രത്തിൽ കാര്യമായ സ്ഥാനം പിടിച്ചിട്ടുണ്ട്. ഇന്നും അദ്ദേഹത്തിന്റെ തറവാട് നിലനിൽക്കുന്നു. 'ചന്ദ്രവളയം' എന്ന സംഗീത ഉപകരണം ഉപയോഗിച്ച് ഭക്തിനിർഭരമായ ഈ കാവ്യങ്ങളിലെ വരികൾ പാടുന്നു. ഇവ റെക്കാർഡ്ചെയ്ത് കൂടുതൽ പഠനങ്ങൾ നടത്തണം.

## കോവളം-ഒരു അന്താരാഷ്ട്ര വിനോദ സഞ്ചാരകേന്ദ്രം

വിനോദസഞ്ചാരികളെ ആകർഷിക്കുന്ന ഒരു കടലോരമാണ് ഈ പഞ്ചായത്തിൽ ഉൾപ്പെട്ട കോവളം. കോവ

ളത്തെ ഒരു അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമാക്കി മാറ്റാൻ മുൻകൈ എടുത്തവരിൽ ഓർമ്മിക്കപ്പെടേണ്ട ഒരു വ്യക്തിയാണ് ഡോ. ഗോദവർമ്മരാജാ അവർകൾ. ഇന്ത്യയിലെ ടൂറിസംവകുപ്പു മന്ത്രിയായിരുന്ന കരൺസിംഗ് ഈ ടൂറിസ്റ്റ് കേന്ദ്രത്തെ I.T.D.C യുടെ കീഴിൽ കൊണ്ടുവന്ന് കൂടുതൽ വികസിപ്പിച്ചു. K.T.D.C.യും ഈ കേന്ദ്രത്തെ വികസിപ്പിക്കുന്നതിന് മുൻകൈ എടുത്തു. ഇവിടെ വരുന്ന വിനോദസഞ്ചാരികളെ നമ്മുടെ നാട്ടിലെ സാംസ്കാരികത്തനിമ കാട്ടാനും, സ്ഥലത്തെ ഉല്പന്നങ്ങൾകൊണ്ട് നിർമ്മിക്കുന്ന കരകൗശലവസ്തുക്കൾ വിറ്റഴിക്കാനും, നമ്മുടെ ഭക്ഷ്യവിഭവങ്ങൾ കൊടുക്കുന്നതിനും, ഉൾനാടൻ കാഴ്ചകൾ കാണിക്കാനും, ഇളനീർ, മറ്റു പഴവർഗ്ഗങ്ങൾ എന്നിവ നൽകാനും വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കാനും കഴിയണം. നാട്ടിലെ തൊഴിലില്ലായ്മയ്ക്ക് ഇതൊരു പരിഹാരമാകും. തീരത്തിന്റെ മനോഹാര്യതയ്ക്ക് മങ്ങലേൽക്കാത്തവിധത്തിൽ ഷോപ്പിംഗ് കോംപ്ലക്സ് ഉണ്ടാകേണ്ടിയിരിക്കുന്നു. ടൂറിസത്തിന്റെ പേരിൽ നമ്മുടെ തനതായ സംസ്കാരത്തിന് കോട്ടം ഉണ്ടാകാതിരിക്കാൻ പ്രത്യേക ശ്രദ്ധവേണം. അനാശാസ്യപ്രവർത്തനങ്ങളെ മുളയിലേ നുള്ളണം. വളരെ ശ്രദ്ധാപൂർവ്വം ദീർഘവീക്ഷണത്തോടുകൂടിയ പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

## ശ്രീ. അയ്യൻകാളി

ഈ മഹാന് ജന്മംനൽകാൻ കഴിഞ്ഞ ഒരു പ്രദേശം എന്ന നിലയിൽ ഈ പഞ്ചായത്ത് ധന്യമായിരിക്കുന്നു. റഷ്യൻ വിപ്ലവത്തിനു മുമ്പേ കർഷകത്തൊഴിലാളികളെ സംഘടിപ്പിച്ച് സമരം സംഘടിപ്പിച്ച ഇദ്ദേഹത്തിന്റെ ജീവിതകാലഘട്ടം 1863 മുതൽ 1941 വരെ ആയിരുന്നു. 1905-ൽ സാധുജന പരിപാലനയോഗം സ്ഥാപിച്ചു. അധഃകൃതവർഗ്ഗ സ്ത്രീകൾക്ക് മാറുമറയ്ക്കാനുള്ള അവകാശം, പൊതുനിരത്തിലൂടെ സഞ്ചരിക്കാനുള്ള അവകാശം, ക്ഷേത്രാരാധനയ്ക്കുള്ള അവകാശം, വിദ്യാഭ്യാസത്തിനുള്ള അവകാശം എന്നിവ അദ്ദേഹം നേടിക്കൊടുത്തു. ഇതെല്ലാം നേടിയത് നീണ്ടുനിന്ന സമരങ്ങളിലൂടെയാണ്. അതിനുവേണ്ടി അദ്ദേഹം സഹിച്ച യാതനകൾക്ക് കണക്കില്ല. ഇരുപത്തിരണ്ടുവർഷക്കാലം ശ്രീമൂലം അസംബ്ലിയിൽ അംഗമായിരുന്നു. ഈ മഹാനെ നേരിൽ കണ്ട് അഭിനന്ദിക്കാൻവേണ്ടി രാഷ്ട്രപിതാവായ ഗാന്ധിജിയും, ആചാര്യ വിനോബഭാവയും ഈ പ്രദേശത്ത് എത്തി എന്നതുകൊണ്ടുതന്നെ ഈ മണ്ണ് അനുഗൃഹീതമാണല്ലോ. അദ്ദേഹത്തെ പുലയരാജാവ് എന്ന് ഗാന്ധിജി വിശേഷിപ്പിച്ചു. മുക്കോലയ്ക്കടുത്ത പെരുങ്കാറ്റുവിളയിലാണ് അദ്ദേഹം ജനിച്ചത്. ജന്മസ്ഥലം സംരക്ഷിക്കപ്പെടാതെ പോയത് ദുഃഖകരമാണ്. അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി ഒരു സ്മൃതിമണ്ഡപം ഉണ്ട്. അദ്ദേഹം സ്ഥാപിച്ച പുതുവൽവിളാകം ലോവർ പ്രൈമറി സ്കൂൾ ഇന്ന് ഒരു അപ്പർ പ്രൈമറി സ്കൂളാണ്. ശ്രീ. അയ്യൻകാളി സ്മാരക യു.പി. എസ്. എന്നാണ് ഇതിന്റെ പേര്. ഈ സ്കൂളിന്റെ ഇന്നത്തെ സ്ഥിതി വളരെ പരിതാപകരമാണ്. സംരക്ഷണം അർഹിക്കുന്ന ഒന്നാണ് ഈ സ്ഥാപനം. ചരിത്രപുരുഷന്റെ ജന്മസ്ഥലം, ശവകുടീരം എന്നിവ ദേശീയസ്മാരകങ്ങളാക്കണം. ജീവിതസമരകഥകൾ വരുംതലമുറയ്ക്ക് മനസ്സിലാക്കാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കണം.

## പുരാവസ്തു സംരക്ഷിതങ്ങൾ

### (i) ഭഗവതിക്ഷേത്രം

ചരിത്രസ്മരണകൾ അയവിറക്കുന്ന രണ്ട് ക്ഷേത്രങ്ങൾ ഈ പഞ്ചായത്തിലുണ്ട്. AD 7-ാംശതകത്തിൽ നിർമ്മിച്ച ഒന്ന് പുല്ലൂർകോണത്താണ്. ചോളശൈലിയിലാണ് നിർമ്മാണം. പുരാവസ്തുവകുപ്പിന്റെ കീഴിലാണ്. നവഗ്രഹവിഗ്രഹങ്ങൾ ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയാണ്.

### (ii) ഗുഹാക്ഷേത്രം

വിഴിഞ്ഞം ജംഗ്ഷനിൽ സ്ഥിതിചെയ്യുന്നു. ചേര ശില്പശൈലി. പ്രതിമാശില്പങ്ങൾ പല്ലവ പാണ്ഡ്യരീതിയെ അനുകരിക്കുന്നു. ഒറ്റപ്പാറയുടെ മധ്യത്തിലുള്ള ഒഴുക്കനായ ഒരു അറമാത്രം. അത് മാത്രം മിനുസപ്പെടുത്തിയിരിക്കുന്നു. പുരാവസ്തുവകുപ്പ് ഏറ്റെടുത്ത് സംരക്ഷിക്കുന്നു.

## ആരാധനാലയങ്ങൾ

ഹിന്ദു, മുസ്ലിം, ക്രിസ്ത്യൻ വിഭാഗങ്ങൾക്ക് അവരുടേതായ ആരാധനാലയങ്ങൾ ഉണ്ട്. പരസ്പരം സ്നേഹബഹുമാനാദരപൂർവ്വം എല്ലാ ആളുകളും ആരാധനാലയങ്ങളെ വീക്ഷിക്കുന്നു. ഓരോ വിഭാഗത്തിന്റേയും ഉത്സവങ്ങൾക്ക് മറ്റുള്ള വിഭാഗക്കാരും പങ്കെടുക്കുന്നു. ഐക്യത്തിന്റേയും സ്നേഹത്തിന്റേയും ദൃശ്യങ്ങൾ ഇവിടെ കാണുന്നു.

## ഹിന്ദുക്ഷേത്രങ്ങൾ

60-ൽ അധികം ഹിന്ദു ആരാധനാലയങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. നീലകേശിമുടിപ്പുര, ചെന്നയ്ക്കൽ, ഇടിവിഴുന്നവിള ദേവീക്ഷേത്രം, പുരവിയിൽ, ഊരുവിളാകം, മുല്ലൂർ മുടിപ്പുര, മുല്ലൂർ ശ്രീകൃഷ്ണസ്വാമി ക്ഷേത്രം, പിറവിളാകം ശിവക്ഷേത്രം, പുല്ലൂർക്കോണം ശ്രീകൃഷ്ണസ്വാമിക്ഷേത്രം, ആവാടുതുറ മുടിപ്പുര, തേരിവിള മുടിപ്പുര, കീഴതിൽ ക്ഷേത്രം, വെങ്ങാനൂർ നെല്ലിവിള ക്ഷേത്രം, കിടാരക്കുഴിചരണമാരി അമ്മൻ കോവിൽ, വിഴിഞ്ഞം മുത്തുമാരി അമ്മൻ കോവിൽ, പനവിളക്കോട്, നെല്ലിക്കുന്ന് യക്ഷി കോവിൽ, അയ്യപ്പ ക്ഷേത്രം എന്നിങ്ങനെ ആ പട്ടിക നീണ്ടുപോകും.

നീലകേശി മുടിപ്പുരയ്ക്ക് 450-ൽ അധികം വർഷം പഴക്കമുണ്ട്. വാഴ്ത്തിമാരാണ് പൂജാരികൾ. ഇവിടത്തെ പറണേറ്റ് മഹോത്സവം ഒരു പ്രാദേശിക ഉത്സവമാണ്.

ഇടിവിഴുന്നവിളക്ഷേത്രത്തിലെ കമ്പക്കെട്ട് വളരെ പ്ര

സിദ്ധമാണ്.

നെല്ലിവിള ഭദ്രകാളിക്ഷേത്രത്തിലെ ഭദ്രകാളിപ്പാട്ട് പ്രസിദ്ധമാണ്.

വിഴിഞ്ഞം മുത്തുമാരി അമ്മൻ കോവിൽ കണ്ണകിയുടെ കഥയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഇവിടത്തെ അമ്മൻ കൊട മഹോത്സവം കെങ്കേമമായി നടത്തുന്നു.

## മുസ്ലീം ആരാധനാലയങ്ങൾ

A.D. 7ാം നൂറ്റാണ്ടിൽ കടൽ കടന്ന് വിഴിഞ്ഞത്ത് എത്തിയ സൂഫിവര്യന്മാർ ഇസ്ലാംമതം പ്രചരിപ്പിച്ചതായി കാണുന്നു. കച്ചവടത്തിന് എത്തിയ അറബികളും ഇക്കാര്യത്തിൽ പ്രവർത്തിച്ചിരിക്കാം. ചേര, ചോള, പാണ്ഡ്യ രാജാക്കന്മാർ അതിനു വേണ്ട സഹകരണവും നൽകിയിട്ടുണ്ട്. ചേരമാൻപെരുമാൾ ഇസ്ലാംമതം സ്വീകരിച്ച് മക്കത്തു പോയ കഥകൾ പ്രസിദ്ധമാണല്ലോ.

## മുഹയ്യിദീൻ പള്ളി

മതിപ്പുറം കോടിയിൽ സ്ഥിതിചെയ്യുന്ന പള്ളി മുഹയ്യിദീന്റെ പാദസ്പർശങ്ങളാൽ ധന്യമായതാണ്. ഇവിടത്തെ ചന്ദനക്കുട മഹോത്സവത്തിന് നാനാഭാഗത്തുനിന്നും ആളുകൾ എത്തുന്നു. മതപഠനത്തിനുള്ള മദ്രസ്സകളും ഇവിടെ ഉണ്ട്. പല സിദ്ധന്മാരുടേയും ഖബറുകൾ ഇവിടെ കാണാം. ഇവയെ ജാതിമതഭേദമെന്യേ എല്ലാവരും ആദരിക്കുന്നു.

## കരിമ്പള്ളിക്കര

കടലിൽനിന്ന് ഒഴുകിവന്ന രണ്ടു സൂഫിവര്യന്മാരുടെ ഉൾപ്പെടെ ഖബറടക്കം നടന്ന സ്ഥലമാണ്. കടലിൽ പോകുന്നവർ ഇതിനെ തങ്ങളുടെ ഒരു രക്ഷകനായി സങ്കല്പിക്കുന്നു, ആരാധിക്കുന്നു.

വിഴിഞ്ഞം ജുമാ അത്ത് പള്ളി, സെൻട്രൽ ജുമാ അത്ത് പള്ളി, കോവളം പള്ളി, ടൗൺഷിപ്പ് നമസ്കാരപള്ളി എന്നിവ മുസ്ലിങ്ങളുടെ ആരാധനാലയങ്ങളാണ്.

## ക്രിസ്ത്യൻ പള്ളികൾ

വിവിധ ക്രിസ്ത്യൻ വിഭാഗങ്ങളുടെ പള്ളികൾ ഈ പഞ്ചായത്തിനകത്തുണ്ട്.

സിന്ധുയാത്രാമാതാവിന്റെ പേരിലുള്ള പള്ളി, സിന്ധുയാത്രാമാതാവിന്റെ പേരിൽ കടൽപ്പുറത്തുള്ള പള്ളിയും കോട്ടപ്പുറത്തെ പുതിയ പള്ളിയും കത്തോലിക്കാവിഭാഗത്തിന്റേതാണ്.

പഴയപള്ളിയുടെ ആനവാതിലിന്റെ കട്ടിളക്കല്ലിൽ കൊത്തിയിരിക്കുന്ന ലത്തീൻ ലിഖിതം "പോർച്ചുഗൽ രാജാവിന്റെ സംരക്ഷണയിൽ ഗോവയിലെ മർക്കാംകരനായ പെരിയ ബഹുമാനപ്പെട്ട ജെ. ആർ. അത്തനേഷ്യാ ബെല്ലോ വികാരിയായിരിക്കുമ്പോൾ 1875 ഒക്ടോബർ മാസം 8-ാം തീയതി പരിശുദ്ധകന്യാമറിയത്തിനു സമർപ്പിക്കപ്പെട്ടു. ഇതിനുമുൻപുണ്ടായിരുന്ന പള്ളിയെക്കുറിച്ച് വ്യക്തമായ വിവരങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.


കടലിൽ പോകുന്നവരുടെ മദ്ധ്യസ്ഥയായ സിന്ധുയാത്രാമാതാവിനെക്കുറിച്ച് ഒരു ഐതിഹ്യം ഉണ്ട്. ഒരു പോർച്ചുഗീസ് കപ്പൽ കടലിൽ യാത്രചെയ്യുകയായിരുന്നു. ശക്തമായ കാറ്റ്. കപ്പൽ കടലിൽ മുങ്ങിത്താഴുന്ന അവസ്ഥ. നാവികർ ഉള്ളുരുകി പ്രാർത്ഥിച്ചു പെട്ടെന്ന് ഇടത്തേക്കയ്യിൽ കുഞ്ഞിനേയും വലത്തേകയ്യിൽ കപ്പലിനേയും ഏന്തി നിൽക്കുന്ന ഒരു മാലാഖ അവിടെ എത്തി. പെട്ടെന്ന് കടൽ ശാന്തമായി. രക്ഷപ്പെട്ട അവരിൽ ഒരു നാവികൻ താൻ കണ്ട മാലാഖയുടെ രൂപം നിർമ്മിച്ചു. അതിനെ ഒരു പെട്ടിയിലാക്കി കടലിൽ ഒഴുക്കി. ഒപ്പം അതിൽ ഒരു കുറിപ്പും വച്ചിരുന്നു. ആ പെട്ടി വിഴിഞ്ഞത്തിന്റെ തീരത്ത് വന്നണഞ്ഞു. ആ കുറിപ്പിന്റെ അടിസ്ഥാനത്തിൽ പള്ളി പണിഞ്ഞു.

C.S.I വിഴിഞ്ഞം, C.S.I മുല്ലൂർ, നെല്ലിക്കുന്ന് കത്തോലിക്കാപള്ളി, എന്നിവയും പ്രധാനപ്പെട്ടവയാണ്.

## ജനവിഭാഗങ്ങൾ പ്രശ്നങ്ങൾ

ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ വിഭാഗങ്ങൾ ഇവിടെ ജീവിക്കുന്നു. ഇവർ പരസ്പരം സൗഹാർദ്ദത്തോടെ കഴിഞ്ഞുവരുന്നു. കൃഷി, മീൻപിടുത്തം, ടൂറിസം, കന്നുകാലിവളർത്തൽ എന്നിവ പ്രധാന തൊഴിലുകളാണ്. തീരപ്രദേശത്തെ ജനസാന്ദ്രത വളരെ അധികമാണ്. തിങ്ങിഞെരുങ്ങിയ വീടുകൾകൊണ്ട് നിറഞ്ഞിരിക്കുന്നു. കടൽക്ഷോഭം വർദ്ധിക്കുമ്പോൾ വിവിധ ഭാഗങ്ങളിൽനിന്ന് മീൻപിടിത്തക്കാർ ശാന്തമായ ഈ തീരത്ത് എത്തുന്നു. കടൽ കാർന്നുതിന്നുകൊണ്ടിരിക്കുന്ന തീരത്ത് നിന്നുതിരിയാൻ ഇടമില്ല. വള്ളവും വലയും കയറ്റിവയ്ക്കാൻ സ്ഥലമില്ല. ഇതിന്റെപേരിൽ വഴക്കുണ്ടാകുന്നു. ഇതുമൂത്ത് ലഹളയാകുന്നു. നിർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കപ്പെടുന്നു. ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ സത്വര നടപടികൾ ഉണ്ടാകണം.

സാക്ഷരതയുടെ കാര്യത്തിൽ വളരെ പിന്നിലാണ് ഈ പഞ്ചായത്ത്. പ്രത്യേക പരിപാടികൾ ഇതിനുവേണ്ടി ആവിഷ്കരിക്കേണ്ടിയിരിക്കുന്നു. മൂന്ന് ഹൈസ്കൂളുകൾ ഉണ്ട്. ഫിഷറീസ്, ടൂറിസം, കൃഷി തുടങ്ങിയ വിഷയങ്ങൾ കൈകാര്യംചെയ്യുന്ന വെക്കേഷണൽ ഹയർസെക്കന്ററികളാക്കി ഇവ മാറ്റേണ്ടതുണ്ട്. തീരപ്രദേശത്തെ വിശേഷിച്ചും മുസ്ലീം സമുദായം തിങ്ങിപ്പാർക്കുന്ന പ്രദേശത്തെ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതുണ്ട്. തീരപ്രദേശത്തെ വിദ്യാലയങ്ങളിലെ കൊഴിഞ്ഞുപോക്ക് നിരക്ഷരത വർദ്ധിപ്പിക്കുന്നു. സത്വര നടപടികൾ സ്വീകരിച്ച് ഇതിനു പരിഹാരം ഉണ്ടാക്കണം. ഈ പ്രദേശത്തെ രണ്ടു ഹൈസ്കൂളുകളുടെ സ്ഥാപകനായ ശ്രീ. വിക്രമൻപിള്ളയേയും മറ്റൊരു ഹൈസ്കൂളിന്റെ സ്ഥാപകരായ മിഷണറിമാരേയും നാം നന്ദിപൂർവ്വം സ്മരിക്കണം.




# പഠന പര്യടനം

പഞ്ചായത്തു വികസന റിപ്പോർട്ടും, പദ്ധതി രേഖകളും തയ്യാറാക്കുന്നതിന്റെ ആദ്യപരിപാടിയായി പഞ്ചായത്തിന്റെ ഭൂപ്രകൃതി, മൺതരം, സസ്യാവരണ പരിസ്ഥിതി പ്രശ്നങ്ങൾ തുടങ്ങിയവ നേരിൽ മനസിലാക്കുന്നതിന് 11-11-96 -ൽ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ, അംഗങ്ങളുടേയും, DRP മാരുടെയും പഠന പര്യടന യാത്ര രാവിലെ 8 മണിയ്ക്ക് കോവളത്തു നിന്നും ആരംഭിച്ച് പഞ്ചായത്തിന്റെ വിവിധ വാർഡുകളിലൂടെ കാൽനടയായി സഞ്ചരിച്ച് വൈകുന്നേരം 5 മണിയ്ക്ക വെങ്ങാനൂരിൽ സമാപിച്ചു. പാഠ പര്യടനത്തിൽ നിന്നും ലഭിച്ച വിവരങ്ങൾ രേഖാ ചിത്രമായി ചുവടെ ചേർക്കുന്നു.

TRANSECT. I

| | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | തീരസമതലം | ചെറിയ | കുന്നിൻ മണ്ട | ചരിവ് | കയറ്റം | താഴ്‌വര | ഉയർന്ന പീഠഭൂമി | ഉയർന്ന പീഠഭൂമി | ചരിവ് | കയറ്റം |
| മൺതരം | മണൽ കലർന്ന മണ്ണ് | ചെമ്മണ്ണ് | ചരൽകലർന്ന കളിമണ്ണ് | ചരൽമണ്ണ് | ചെമ്മണ്ണ് | പശിമരാശി മണ്ണ് | ചരൽമണ്ണ് | ചെമ്മണ്ണ് | വയൽ | ചരൽമണ്ണ് |
| സസ്യാവരണം | തെങ്ങ് | തെങ്ങ് വാഴ | തെങ്ങ് പ്ലാവ്, മാവ് | തെങ്ങ് | തെങ്ങ് | തെങ്ങ് നെല്ല്, പച്ചക്കറി | തെങ്ങ് മരച്ചീനി ഇടവിളകൾ | തെങ്ങ് ഇടവിളകൾ | നെല്ല് വാഴ, പച്ചക്കറി | തെങ്ങ് |
| പരിസ്ഥിതി | ശുദ്ധജല ക്ഷാമം | നെൽപ്പാടം മൂടപ്പെടുന്നു | ജല ക്ഷാമം | മണ്ണൊലിപ്പ് ജലക്ഷാമം വേണ്ടത്ര ജലം ലഭിക്കുന്നില്ല | - ജലക്ഷാമം. | നെൽപ്പാടം മൂടുന്നു | ചെറിയ മണ്ണൊലിപ്പ് | ജലക്ഷാമം | നെൽപ്പാടം മൂടുന്നു | |

TRANSECT. II

| | | | | | |
|---|---|---|---|---|---|
| ഭൂപ്രകൃതി | ഉയർന്ന പീഠഭൂമി | ഉയർന്ന പീഠഭൂമി | ചെറിയ ചരിവ് | താഴ്‌വര | കുത്തനെ കയറ്റം |
| മൺതരം | ചെമ്മണ്ണ് | ചെമ്മണ്ണ് | ചെമ്മണ്ണ് | പശിമരാശിമണ്ണ് | ചരൽകലർന്ന മണ്ണ് |
| സസ്യാവരണം | തെങ്ങ് ഇടവിളകൾ | തെങ്ങ്, മാവ് പ്ലാവ്, ഇടവിളകൾ | തെങ്ങ് ഇടവിളകൾ | നെല്ല്, വാഴ, പച്ചക്കറി | തെങ്ങും ഇടവിളകൾ |
| പരിസ്ഥിതി പ്രശ്നങ്ങൾ | ജലദൗർലഭ്യം | ജലദൗർലഭ്യം | ജലദൗർലഭ്യം | കൃഷിക്ക് വേണ്ടത്ര ജലം ലഭിക്കുന്നില്ല | വേനൽക്കാലത്ത് ജലക്ഷാമം |

# ഭൂപ്രകൃതിയും വിഭവങ്ങളും

വിഭവഭൂപടങ്ങൾ, കൃഷിഭവൻ രേഖകൾ, പഠനപര്യടനം (Transect walk) എന്നിവയിലൂടെ തയ്യാറാക്കിയത്.

വിഴിഞ്ഞം പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം 12.62 Sq. Km. ആണ്. അതിൽ ഏകദേശം 8km. ദൂരം കടൽത്തീരമാണ്.

ഭൂപ്രകൃതിയനുസരിച്ച് വിഴിഞ്ഞം ഗ്രാമപഞ്ചായത്തിനെ അഞ്ചായിത്തിരിക്കാം.

1. തീരപ്രദേശം
2. ഉയർന്ന സമതലം/കുന്നിൻപ്രദേശം
3. ചെരിവ്പ്രദേശം
4. താഴ്‌വരകൾ
5. സമതലപ്രദേശങ്ങൾ

## 1. തീരപ്രദേശം:

പഞ്ചായത്തിലെ ഏകദേശം 8km ദൂരം തീരപ്രദേശമാണ്. സമുദ്രതീരമണലും, ചിലസ്ഥലങ്ങളിൽ പാറക്കെട്ടും അടങ്ങിയതാണ് തീരപ്രദേശം. മറ്റ് കടൽതീരങ്ങളെ അപേക്ഷിച്ച് വിഴിഞ്ഞം പ്രദേശത്തെ തിരക്കടലിന് 20 മീറ്ററോളം ആഴമുണ്ട്. അതുകൊണ്ടാണ് വിഴിഞ്ഞം ഫിഷിംഗ്ഹാർബർ സ്ഥാപിക്കുവാൻ സഹായകമായത്. സമുദ്രനിരപ്പിൽനിന്ന് ഭൂമിയുടെ ഉയരം ശരാശരി 40 മീറ്റർ ആണ്. കോവളം ഭാഗത്ത് കടൽ പൊതുവേ ശാന്തമാണ്. എങ്കിലും ചില അവസരങ്ങളിൽ കടൽക്ഷോഭംമൂലം വീടുകൾ നഷ്ടപ്പെടുന്നു. വിഴിഞ്ഞം ഹാർബറിന് പടിഞ്ഞാറുവശം ശക്തമായ തിരമാലകളുണ്ട്. അവിടെയാണ് തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി സ്ഥാപിച്ചിട്ടുള്ളത്.

## (2) ഉയർന്ന സമതലം/കുന്നിൻപ്രദേശം:

ഈ പ്രദേശം സമുദ്രനിരപ്പിൽനിന്ന്മുപ്പതുമുതൽ 40 മീറ്റർവരെ ഉയരത്തിൽ സ്ഥിതിചെയ്യുന്നു. പാറമണ്ണാണ് ഈ പ്രദേശത്ത് കൂടുതലായുള്ളത്. ഈ പ്രദേശത്ത് മരച്ചീനി വ്യാപകമായി കൃഷിചെയ്തിട്ടുണ്ട്. ഇവിടെ മണ്ണ് കുറവായതിനാൽ മഴവെള്ളം ഊർന്നിറങ്ങുന്നില്ല. മണ്ണു കൂടുതലുള്ള ചിലഭാഗങ്ങളിൽ വാഴയും, പച്ചക്കറികൃഷിയും ചെയ്തുവരുന്നു. തെങ്ങ്, പ്ലാവ്, മാവ് തുടങ്ങിയ വൃക്ഷങ്ങൾ ഈ പ്രദേശങ്ങളിൽ കാണാം.

## (3) ചരിവുപ്രദേശം

താഴ്‌വാരപ്രദേശങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്ന ഈ പ്രദേശം ചരലും, ചെമ്മണ്ണും അടങ്ങിയതാണ്. ഫലഭൂയിഷ്ടിയുള്ള മണ്ണാണ് ഈ പ്രദേശത്തുള്ളത്. വാഴ, മരച്ചീനി, വെറ്റില, കുരുമുളക് എന്നിവ കൃഷിചെയ്തുവരുന്നു. തെങ്ങ്, മാവ്, പ്ലാവ് എന്നീ വൃക്ഷങ്ങൾ നന്നായി വളരുന്ന ഭൂമിയാണ്. കൃഷിചെയ്യാത്ത ഭൂമി ഈ പ്രദേശത്ത് ഇല്ലെന്നുതന്നെ പറയാം. മഴവെള്ളം കനിഞ്ഞിറങ്ങുന്ന പ്രദേശം ആയതിനാൽ പൊതുവേ ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശം അല്ലിത്. ചിലഭാഗങ്ങളിൽ മണ്ണൊലിപ്പ് അനുഭവപ്പെടുന്നു.

## (4) താഴ്‌വരകൾ:

താഴ്‌വരകൾ പൊതുവേ കിഴക്കുനിന്ന് പടിഞ്ഞാറോട്ട് ചരിഞ്ഞുകിടക്കുന്നു. ചിലേടത്ത് കളിമണ്ണ് കൂടുതലായതിനാൽ വെള്ളം ഊർന്നിറങ്ങുന്നില്ല. അതിനാൽ ഈ പ്രദേശത്ത് നീർക്കെട്ട് അനുഭവപ്പെടുന്നു. വർഷംതോറും മഴവെള്ളത്തിലൂടെ ഒഴുകി എത്തുന്ന എക്കൽ അടിയുന്നതിനാൽ മണ്ണിന് ഫലപുഷ്ടി കൂടുതലാണ്. നെൽകൃഷിക്ക് വളരെ യോജിച്ചതാണ് ഈ മണ്ണ്. ചില സ്ഥലങ്ങളിൽ മൂന്നുവിളയും കൃഷിചെയ്യുന്നു. കൂടാതെ പയറുവർഗ്ഗങ്ങളും, പച്ചക്കറികളും, വാഴയും, മധുരക്കിഴങ്ങും, മരച്ചീനിയും കൃഷിചെയ്തുവരുന്നു. അടുത്തകാലത്ത് ഈ പ്രദേശങ്ങൾ നികത്തി എടുക്കുന്ന പ്രവണത ഏറിവരുന്നതായി കാണുന്നു. ഇതിനു കാരണം നെൽകൃഷിയിൽനിന്നുള്ള വരുമാനക്കുറവാണ്.


## 5. സമതലപ്രദേശങ്ങൾ:

വിസ്തൃതിയിൽ ഏറ്റവും കൂടുതൽ വരുന്ന ഭാഗമാണിത്. ഇടക്കിടെ മണൽതിട്ടകളും അവക്കിടയിൽ സമതലപ്രദേശങ്ങളും എന്നതാണ് ഈ പ്രദേശത്തിന്റെ പൊതുസ്വഭാവം. തെങ്ങാണ് പ്രധാന കൃഷിയിനം. കുറച്ചുഭാഗം ചരലോടുകൂടിയ ചെമ്മണ്ണാണ്. ഇവിടെ മരച്ചീനികൃഷി വ്യാപകമായി കാണാം. കൂടാതെ കുരുമുളകും, വാഴയും കൃഷിചെയ്തുവരുന്നു. തെങ്ങ്, മാവ്, പ്ലാവ് തുടങ്ങിയ വൃക്ഷങ്ങൾ ഈ പ്രദേശത്ത് ധാരാളമുണ്ട്.

## ജലവിഭവങ്ങൾ:

പ്രധാനമായും മഴയെ ആശ്രയിച്ചുള്ള കൃഷിസമ്പ്രദായമാണ് നിലവിലുള്ളത്. വർഷത്തിൽ ശരാശരി 2800 മി: മീറ്റർ മഴ ലഭിക്കുന്നു. ജൂൺ, ജൂലൈ മാസത്തിലാണ് മഴ കൂടുതലായി ലഭിക്കുന്നത്. ജനുവരിമാസത്തിലാണ് ഏറ്റവും കുറച്ച് മഴ ലഭിക്കുന്നത്. വേനൽക്കാലത്ത് പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും വരൾച്ച അനുഭവപ്പെടുന്നു.

പഞ്ചായത്തിൽ ആകെ 6 വലിയ കുളങ്ങളുണ്ട്. കുളങ്ങളിൽ ഏറ്റവും വലുത് മുല്ലൂർ തേവർകുളം ആണ്. വെങ്ങാനൂർ ഏലാതോട് ഏകദേശം 3 കിലോമീറ്റർ ദൂരം ഈ പഞ്ചായത്തിലൂടെ ഒഴുകി കടലിൽ എത്തിച്ചേരുന്നു. 14-ാം വാർഡിലൂടെ നെയ്യാർ ഇറിഗേഷൻ പ്രോജക്ടിന്റെ ഒരു കനാൽ ഒഴുകുന്നു. എന്നാൽ ഈ കനാൽകൊണ്ട് കൃഷിക്കാർക്ക് പ്രത്യേകിച്ച് പ്രയോജനം ഒന്നുമില്ല. കൂടാതെ 14-ാം വാർഡിൽതന്നെ "പൊഴുതിൽ" എന്ന സ്ഥലത്ത് ഒരു വലിയ ജലസ്രോതസ്സുണ്ട്. ഇതു ഫലപ്രദമായി ഉപയോഗിക്കുവാൻ നാളിതുവരെ കഴിഞ്ഞിട്ടില്ല.


VIZHINJAM PANCHAYAT
LANDFORM
0 250 500 750 1000m(1 km)
1:12,500
LANDFORM
T1 Flat topped Ridges & Upper slope
T2 Shoulder slope
F1 Flood plains Valleys & Basins
SLOPE
So Flat Level
S1 Gentle (0-5°)
S2 Moderate (5-15°)
S3 Steep (15-27°)
S4 Very steep (>27°)
EROSION
e1 Low
e2 Medium
e3 High
Scarp
Rivers
Ponds & Tanks
Roads
Slope direction
Beach

പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ 15 മീറ്റർ താഴ്ത്തിയാൽ ശുദ്ധജലം കിട്ടുന്നു. കുന്നിൻചരുവുകളിലാണെങ്കിൽ മുപ്പതുമുതൽ 40 മീറ്റർവരെ താഴ്ത്തിയാലേ വെള്ളം കിട്ടുകയുള്ളൂ. മഴക്കാലത്ത് വെള്ളം കിട്ടുമെങ്കിലും വേനൽക്കാലത്ത് കനത്ത കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഏറ്റവും കൂടുതൽ കുടിനീർക്ഷാമം അനുഭവപ്പെടുന്നത് തീരപ്രദേശങ്ങളിലാണ്. വേനൽക്കാലത്ത് പഞ്ചായത്ത് മുൻകൈ എടുത്ത് ലോറികളിൽ കുടിവെള്ളം എത്തിക്കാറുണ്ട്. പഞ്ചായത്തിൽ ആകെ 78 പൊതുകിണറുകളുണ്ട്. ഇതിൽ പലതും ഉപയോഗശൂന്യമാണ്. ശാശ്വതമായ ഒരു ജലവിതരണസംവിധാനം ഉണ്ടായാലേ ഇത് പരിഹരിക്കുവാൻ കഴിയൂ.

സവിശേഷമായ ഭൂപ്രകൃതിയും കാലാവസ്ഥയുംകാരണം മണ്ണ്, ജലം എന്നിവയുടെ സംരക്ഷണത്തിന് വികസനപ്രവർത്തനങ്ങളിൽ അതിപ്രധാനമായ സ്ഥാനമാണുള്ളത്. 2800 മി. മീ. മഴ ലഭിക്കുന്ന നമ്മുടെ പ്രദേശത്ത് കേവലം നാലഞ്ചുമാസത്തെ ഇടവേളയിൽ വെള്ളപ്പൊക്കവും, വരൾച്ചയും മാറിമാറി അനുഭവപ്പെടുന്നു എന്നത് മണ്ണ്-ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തിലേക്ക് വിരൽചൂണ്ടുന്നു.

## ജനപ്രകൃതി:

*അവലംബം: 1991 ലെ കനേഷുകുമാരി കണക്കുകൾ.*

1991 ലെ കനേഷുകുമാരി കണക്കുകൾ പ്രകാരം വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 42402 ആണ്. ഇതിൽ 21597 പുരുഷന്മാരും 20805 സ്ത്രീകളുമാണ്. വീടൊന്നിനെ ശരാശരി 5.38 ആളുകളുമാണ്. ഇവിടുത്തെ ജനസാന്ദ്രത ച:കി: മീറ്ററിന് 3359 ആണ്.

**പട്ടിക**

| വാർഡ് നമ്പർ | ജനസംഖ്യ | | |
|---|---|---|---|
| | പുരുഷൻ | സ്ത്രീകൾ | ആകെ |
| I | 1279 | 1239 | 2518 |
| II | 1532 | 1486 | 3018 |
| III | 1831 | 1703 | 3534 |
| IV | 1281 | 1178 | 2459 |
| V | 2410 | 2239 | 4649 |
| VI | 1259 | 1178 | 2437 |
| VII | 2051 | 2040 | 4091 |
| VIII | 1408 | 1305 | 2713 |
| IX | 1961 | 1955 | 3916 |
| X | 1262 | 1278 | 2540 |
| XI | 1041 | 1067 | 2108 |
| XII | 1288 | 1315 | 2603 |
| XIII | 1300 | 1192 | 2492 |
| XIV. | 1694 | 1630 | 3324 |
| | 21597 | 20805 | 42402 |

14303 പുരുഷന്മാരും 12852 സ്ത്രീകളും സാക്ഷരരാണ്. സാക്ഷരതാനിരക്ക് 64.04 ആകുന്നു. 35.96 ആണ് നിരക്ഷരതാനിരക്ക് തീരദേശവാർഡുകളിലാണ് നിരക്ഷരർ കൂടുതലെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. 15247 പേർ നിരക്ഷരരായുള്ള ഈ പഞ്ചായത്ത് വിദ്യാഭ്യാസപരമായി മുന്നോക്കംനിൽക്കുന്നു. വിദ്യാഭ്യാസയോഗ്യതയുള്ള സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കുറവാണെന്നു കാണുനനു. 15 വയസ്സിനു മേൽ പ്രായമുള്ളവരിൽ 50% ത്തോളം S.S.L.C പാസായവരും, 3000 പേർ ബിരുദധാരികളും, 1500 പേർ ബിരുദാനന്തരബിരുദമുള്ള 1000 ത്തിലധികംപേർ സാങ്കേതിക വിദ്യാഭ്യാസമുള്ളവരും നൂറിലേറെപേർ പ്രൊഫഷണൽ ബിരുദമുള്ളവരുമാണ്. പഞ്ചായത്തിൽ തൊഴിൽരഹിതവേതനം 350 പേർ വാങ്ങുന്നു.

ആകെ ജനസംഖ്യയിൽ 30.19 ശതമാനം അതായത് 12805 പേരാണ് ഏതെങ്കിലും തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നത്. അതിൽ 544 പേർ ഭാഗീക തൊഴിലാളികളാണെന്ന് സെൻസസ് റിപ്പോർട്ട് കാണിക്കുന്നു. എന്നാൽ ഇപ്പോൾ ഭാഗികതൊഴിലാളികളുടെ എണ്ണത്തിൽ സാരമായ വർദ്ധനവുണ്ട്.

**പട്ടിക**


**തൊഴിലെടുക്കുന്നവരുടെ എണ്ണം**

| | സ്ത്രീകൾ | പുരുഷന്മാർ | ആകെ |
|---|---|---|---|
| പ്രധാനതൊഴിലുകൾ | 1534 | 10727 | 12261 |
| ഭാഗികതൊഴിലുകൾ | 190 | 354 | 544 |
| ആകെ | 1724 | 11081 | 12805 |
| തൊഴിൽപങ്കാളിത്തനിരക്ക് | 8.28 | 51.30 | 30.19 |

വിദ്യാഭ്യാസകാര്യത്തിൽ എന്നതുപോലെ തൊഴിൽരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം പുരുഷന്മാരുടേതിനേക്കാൾ കുറവാണ്. കുടുംബമായി ബന്ധപ്പെട്ട് സ്ത്രീകൾ ചെയ്യുന്ന പല ഉല്പാദനപരമായ തൊഴിലുകളും കനേഷുകുമാരി കണക്കെടുപ്പിൽ പരിഗണിക്കുന്നില്ല എന്നതാണ് ഈ വ്യത്യാസത്തിനു കാരണം. എന്നാൽ ഇത് കേവലം നിർവ്വചനത്തിന്റെ ഒരു പ്രശ്നമായി തള്ളിക്കളയാനാവുന്നതല്ല. പ്രത്യക്ഷമായ വരുമാനം നൽകുന്ന തൊഴിലുകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണെന്നുള്ളത് ഗൗരവകരമായ പ്രശ്നമാണ്.

മത്സ്യബന്ധനമാണ് വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ പ്രധാന തൊഴിൽ. ഏകദേശം 35%ത്തോളം പേർ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നു. 7.51% പേരാണ് കൃഷിക്കാരായുള്ളത്. 20.38%ത്തോളം കർഷകത്തൊഴിലാളികളുണ്ട്. കൈത്തറിമേഖല ഉൾക്കൊള്ളുന്ന കുടിൽവ്യവസായം, മറ്റ് വ്യവസായങ്ങൾ എന്നിവയിൽ 8%ത്തോളം പേർ മാത്രമേ ഉള്ളൂ എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 10% ത്തോളം മാത്രമാണ് സർക്കാർ ജീവനക്കാരായുള്ളത്.

മൊത്തം തൊഴിലാളികളിൽ സ്ത്രീകളുടെ എണ്ണം പുരു


VIZHINJAM PANCHAYAT
LANDUSE
0 250 500 750 1000m (1 km)
1:12,500
Population Density
H1 High
H2 Medium
H3 Moderate
H4 Low
Pond
Spring
School
Upper Primary
High School
Sacred groves
Krishi Bhavan
Pump house
Community hall
Anganvadi
Post office
Police station
Market
Be Betel leaf
Pu Pulses
V Vegetables
B Banana
A Arecanut
Co Coconut
T Tapioca
Ca Cashew
P Plantain
P2 Paddy
Mc Mixed crops
Re Reclaimed paddy
Ro Rocky outcrop
Hospital
Kovalam
Avaduthura
Azhakulam
Vizhinjam
Kalluvettankuzhi
Puthalamtankara
Mukkolla
Vengannur
Mulllur
Kidarakuzhi
Uchakkada
PORT

ഷന്മാരുടെ 12.51% മാത്രമാണുള്ളത്.

തൊഴിലെടുക്കാൻ സന്നദ്ധതയും കഴിവും ഉള്ള 69% പേർക്ക് പണിയൊന്നുമില്ലായെന്നതാണ് വസ്തുത. ഇതിൽ 10516 പുരുഷന്മാരും 19081 സ്ത്രീകളും ഉൾപ്പെടുന്നു.

**തൊഴിലാളികളുടെ എണ്ണം വിവിധ മേഖലകളിൽ**

| തൊഴിൽ | പുരുഷൻ | സ്ത്രീ | ആകെ | ശതമാനം |
|---|---|---|---|---|
| കൃഷിക്കാർ | 867 | 55 | 922 | 7.51 |
| കർഷകതൊഴിലാളികൾ | 2204 | 294 | 2498 | 20.38 |
| മൃഗപരിപാലനം മത്സ്യബന്ധനം | 4481 | 14 | 4495 | 36.66 |
| പാറപൊട്ടിക്കൽ | 13 | 14 | 27 | 0.22 |
| കുടിൽവ്യവസായം | 171 | 105 | 276 | 2.26 |
| കുടിലേതരവ്യവസായം | 490 | 194 | 684 | 5.58 |
| നിർമ്മാണതൊഴിലാളി | 278 | 18 | 296 | 2.41 |
| വാണിജ്യം/വ്യവസായം | 907 | 406 | 1313 | 10.71 |
| ഗതാഗതം/ വാർത്താവിനിമയം | 328 | 19 | 347 | 2.83 |
| സർക്കാർജീവന/ മറ്റുള്ള സേവനങ്ങൾ | 988 | 415 | 1403 | 11.44 |
| ആകെ | 10727 | 1534 | 12261 | |

# കൃഷി



## കൃഷി/ജലസേചനം

ജലസേചനത്തിനെ സംബന്ധിച്ചിടത്തോളം വിഴിഞ്ഞം പഞ്ചായത്തു സ്വയംപര്യാപ്തമല്ല. മഴക്കാലത്തു വെള്ളപ്പൊക്കംകൊണ്ടും കൃഷിനാശം സംഭവിക്കുന്നു. വേനലിലാകട്ടെ നെൽകൃഷിയായാലും കരകൃഷിയായാലും വെള്ളംകിട്ടാതെ കർഷകർ വലയുന്നു. വേനൽക്കാലത്തു കുടിവെള്ളത്തിനു ക്ഷാമംതന്നെ.

കൃഷി ഏറിയപങ്കും മഴയെ ആശ്രയിച്ചാണു. വർഷത്തിൽ ശരാശരി 2800 മി.മീ. മഴ ലഭിക്കുന്നു. ഇതിൽ 70% കാലവർഷത്താലാണു ലഭിക്കുക. സാധാരണഗതിയിൽ ഫെബ്രുവരിമുതൽ മേയ്മാസംവരെ മഴ കുറഞ്ഞിരിക്കും. ഈ കാലയളവിൽ ജലദൗർലഭ്യം വളരെയേറെ അനുഭവപ്പെടാറുണ്ട്.

നെയ്യാർ ഇറിഗേഷൻ ജലസേചന പദ്ധതിയിൽ വരുന്ന ഏതാണ്ട് ഒന്നര കി.മി. ദൂരം ഈ പഞ്ചായത്തിലുണ്ട്. വെങ്ങാനൂർ തോട്, മണലികുളം, മുല്ലൂർക്കുളം തുടങ്ങിയ ജലശ്രോതസ്സുകളും ഇറിഗേഷൻ കനാലും കിണറുകളും ചേർന്നു ഒരു പരിധിവരെ കാർഷികമേഖലയിലെ ജലദൗർലഭ്യം പരിഹരിക്കുന്നു.


കാർഷിക ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന ജലശ്രോതസ്സുകളുടെ വിവരം താഴെക്കൊടുക്കുന്നു.

| No. | ജലസ്രോതസ്സ് | എണ്ണം | പ്രയോജനപ്പെടുത്തുന്ന കൃഷിസ്ഥലത്തിന്റെ വിസ്തീർണ്ണം |
|---|---|---|---|
| 1. | ജലസേചനത്തിനുള്ള കിണർ | 200 | 200 ഹെക്ടർ |
| 2. | കുളങ്ങൾ | 6 | 10 ഹെക്ടർ |
| 3. | തോടുകൾ | 1 | 40 ഹെക്ടർ |
| 4 | നെയ്യാർ ഇറി:ചാനൽ | 1.5കി.മി. | 20 ഹെക്ടർ. |

### കൃഷി

അറബിക്കടലിനെ തൊട്ടുരുമ്മി കിടക്കുന്ന വിഴിഞ്ഞം പഞ്ചായത്തിലെ 28 ശതമാനം ജനങ്ങളുടേയും ജീവിതമാർഗ്ഗം കൃഷിയാണ്. വിവിധതരം കൃഷികൾക്കു പറ്റിയ ഭൂപ്രകൃതിയാണ്. ഈ പഞ്ചായത്തിനു കുന്നുകളും, താഴ്വരകളും, നിരന്ന തലങ്ങളും, പാറക്കെട്ടുകളും, വെള്ളമണലുള്ള നീണ്ട പ്രദേശവും വിഴിഞ്ഞത്തിന്റെ പ്രത്യേകതയാണ്. മണ്ണിനങ്ങളുടെ വൈവിദ്ധ്യം പലതരത്തിലുള്ള കാർഷികവിളകൾക്കും അനുയോജ്യമാണ്. മണലും ചരലും കുറഞ്ഞ ചെമ്മണ്ണു [മണൽകലർന്ന ചെമ്മണ്ണു, ചരൽകലർന്ന ചെമ്മണ്ണു] മണൽകലർന്ന പശിമരാശിമണ്ണും, വെട്ടുകൽമണ്ണും എന്നിവ മണ്ണിനങ്ങളിൽപ്പെടുന്നു.

നെൽകൃഷിക്കു പറ്റിയ മണ്ണാണു താഴ്വാരങ്ങളിലുള്ളത്. വിഴിഞ്ഞം വെങ്ങാനൂർ ഏലായിലെ മണൽകലർന്ന പശിമരാശിമണ്ണും ജലം ധാരാളം ഉണ്ടാകുമ്പോൾ നെൽകൃഷിക്കും, വെള്ളം കുറയുമ്പോൾ പച്ചക്കറി, മധുരക്കിഴങ്ങ്, തുടങ്ങിയവയുടെ കൃഷിക്കും പറ്റിയ സാഹചര്യമുണ്ടാക്കുന്നു. ജലദൗർലഭ്യവും കൃഷിച്ചെലവിന്റെ അമിതമായ വർദ്ധനവും കാരണം നെൽകൃഷി കുറഞ്ഞുവരുന്നു. വാഴ, മരച്ചീനി, പച്ചക്കറി തുടങ്ങിയവയുടെ കൃഷി ക്രമേണ കൂടിവരികയാണ്. ഇരുപതു ഹെക്ടർ സ്ഥലത്തു



VIZHINJAM PANCHAYAT
SURFACE MATERIAL
0 250 500 750 1000 Metres (1 K.M)
INDEX
BEACH SAND
CLAYEY SAND
SANDY SOIL
RED LOAMY SOIL
LATERITE / LATERITIC SOIL
ROCK EXPOSED AREAS

ഇപ്പോൾ നൽകൃഷിയുണ്ട്.

മുല്ലൂർ ഏലായാണു എടുത്തുപറയാവുന്ന മറ്റൊരു താഴ്വര. നെല്ലിനു പറ്റിയ മണ്ണാണ്. അവിടെയും നെൽകൃഷി കുറഞ്ഞു. ആവശ്യത്തിനു വെള്ളം കിട്ടാത്തതുകാരണം വാഴയും, മരച്ചീനിയും, തെങ്ങും ഇപ്പോൾ ഏറിയ കൃഷിഭൂമിയും കരസ്ഥമാക്കുന്നു.

ഇനിയൊരു താഴ്വര കടക്കുളം ഏലായാണ്. നാലഞ്ചുവർഷങ്ങൾക്കു മുമ്പുവരെ നെൽകൃഷി ചെയ്തിരുന്നു. ഇപ്പോൾ നെൽകൃഷി തീരെയില്ല വാഴ, മരച്ചീനി, തെങ്ങ് തുടങ്ങിയവ സമൃദ്ധിയായി വളരുന്നു. കുന്നിൻചരിവുകളും നിറഞ്ഞ പീഠതലങ്ങളും തെങ്ങുകൊണ്ടു നിറഞ്ഞു നിൽക്കുന്നു. പഞ്ചായത്തിലെ കാർഷികവരുമാനത്തിന്റെ മുഖ്യപങ്കു തെങ്ങിൽനിന്നാണെന്നു പറയാം. ഇടവിളയായി മരച്ചീനി, വാഴ, പച്ചക്കറി തുടങ്ങിയവ കൃഷിചെയ്യുന്നു. മരച്ചീനിയും, വാഴയും, പച്ചക്കറിയും മറ്റും തനിവിളയായി കൃഷിചെയ്യുന്ന സ്ഥലങ്ങളുമുണ്ട്. ചെറിയതോതിൽ കമുകുകൃഷിയുണ്ട്. കുരുമുളകുകൃഷി ക്രമേണ അഭിവൃദ്ധിപ്പെട്ടുവരുന്നു. മാവ്, പ്ലാവ്, ആഞ്ഞിലി, പുളി തുടങ്ങിയ വൃക്ഷങ്ങളും പഞ്ചായത്തിൽ ധാരാളമുണ്ട്.

മഴക്കാലത്തു വെള്ളപ്പൊക്കക്കെടുതികളും വരൾച്ചകൊണ്ടുള്ള കെടുതികളും സാധാരണമാണ് ജലസേചനസൗകര്യം മെച്ചപ്പെടുത്താനുള്ള സർക്കാർ സഹായം കൃഷിഭവൻവഴിനൽകുന്നുണ്ടെങ്കിലും ഇനിയും ആവശ്യംനിറവേറ്റാൻ പര്യാപ്തമല്ല. നൂറ്റി അമ്പതോളം കിണറുകൾ കുഴിക്കുന്നതിനും, തൊണ്ണൂറോളം പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്. ഇരുപത്തിനാലു പമ്പുസെറ്റുകൾക്ക് ഇനിയും വൈദ്യുതിബന്ധം ലഭിക്കാനുണ്ട്.

തെങ്ങ്, നെല്ല്, വാഴ, പച്ചക്കറികൾ, കുരുമുളക്, ഇഞ്ചി തുടങ്ങിയ വിളകൾക്കൊക്കെ സബ്സിഡിനിരക്കിൽ വളം വിതരണംചെയ്യുന്നു. സമഗ്ര നാളീകേരവികസനപദ്ധതി (CCDP) പ്രകാരം തെങ്ങുകൃഷിക്ക് നല്ല പ്രോത്സാഹനം നൽകിവരുന്നു. തെങ്ങ്, വാഴ, കുരുമുളക് തുടങ്ങിയ നടീൽവസ്തുക്കൾ കാലാകാലങ്ങളിൽ കൃഷിഭവനിൽനിന്നും വിതരണംചെയ്യുന്നു.

പഞ്ചായത്തിലെ മണ്ണിനങ്ങൾ കൃഷിഭവൻവഴി വിതരണംചെയ്ത നടീൽവസ്തുക്കളുടെ വിവരങ്ങൾ സമഗ്രനാളികേരവികസനപദ്ധതിപ്രകാരമുള്ള പ്രവർത്തനങ്ങൾ തുടങ്ങിയവ പട്ടികരൂപത്തിൽ ചേർക്കുന്നു.

| വിള | വിസ്തീർണ്ണം | മൊത്ത ഉല്പാദനം | ഉല്പാദനക്ഷമത (ഹെക്ടറിൽ) |
|---|---|---|---|
| നെല്ല്(ഒന്നാംവിള) | 20Ha | 60,000 kg | 3000 kg |
| നെല്ല്(രണ്ടാംവിള) | 20Ha | 64,000 kg | 3200 kg |
| തെങ്ങ് | 780Ha | 7,80,000 Nuts | 10,000 kg |
| പയർ | 3Ha | 1200 kg | 400 kg |
| എള്ള് | 1Ha | 200 kg | 200 kg |
| പച്ചക്കറികൾ | 11Ha | 4500 kg | 450 kg |
| വാഴ | 17 Ha | 289 Ton | 17 ton |
| മരച്ചീനി | 32Ha | 1280 Ton | 40 Ton |
| കുരുമുളക് | 2Ha | 8 Ton | 4 Ton |
| കമുക് | 1Ha | 25000 Nuts | 25000 Nuts |
| മാവ് | 5Ha | 26000 kg | 4000 kg |
| പ്ലാവ് | 7Ha | 40,000 kg | 5800 kg |
| കശുമാവ് | 1 Ha | 2600 kg | 2600 kg |
| | 900Ha | | |

## വിളപരിക്രമം

മൂന്നാം വിളകാലത്തു നെൽപ്പാടങ്ങളിൽ ഹ്രസ്വകാലവിളകളായ മധുരക്കിഴങ്ങ്, വാഴ, പയർ എന്നിവ കൃഷി ചെയ്യുന്നു.

| നമ്പർ | മണ്ണിനം | വിസ്തീർണ്ണം |
|---|---|---|
| 1. | മണൽമണ്ണ് | 310 ഹെ. |
| 2. | മണൽകലർന്ന മണ്ണ് | 166 ഹെ. |
| 3. | വെട്ടുകൽ മണ്ണ് | 200 ഹെ. |
| 4. | ചരൽകലർന്ന ചെമണ്ണ് | 100 ഹെ. |
| 5. | മണൽകലർന്ന മണ്ണ് | 400 ഹെ. |
| 6. | മണൽകലർന്ന പശിമരാശിമണ്ണ് | 50 |
| | | 1226 ഹെ. |

കൃഷിക്കു പ്രധാന്യമുള്ള സ്ഥലം 900 ഹെക്ടർ

*കൃഷിഭവൻവഴി കഴിഞ്ഞ മൂന്നു വർഷങ്ങളിൽ വിതരണം ചെയ്ത നടീൽവസ്തുക്കളുടെ വിവരം.*

| നമ്പർ-ഇനങ്ങൾ | 1994-95 | 95-96 | 96-97 |
|---|---|---|---|
| 1 തെങ്ങിൻതൈ(നാടൻ) | 500 | 375 | 375 |
| 2 TXD | 75 | 60 | 60 |
| 3 DXT | 25 | 20 | 20 |
| 4 കുരുമുളകു തൈകൾ | 3000 | 8000 | 3500 |
| 5 നെൽവിത്ത് | 600 kg | 600 kg | 500 kg |
| 6 പയറിനങ്ങൾ | 150 | 200 kg | -- |

## കൃഷിഭവന്റെ കീഴിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ

### 1. സമഗ്ര നാളീകേരവികസനപദ്ധതി

സമഗ്ര കേരവികസനം ഉൾക്കൊണ്ടുകൊണ്ടുള്ള പദ്ധതിയാണ് ഇത്. കേരവികസനസമിതിയിലെ അംഗങ്ങൾക്കുള്ള പദ്ധതിയിൻകീഴിൽ ആനുകൂല്യംലഭിക്കുന്നതിനും. പുതിയ കിണർ കുഴിക്കുന്നതിനും പമ്പ്സെറ്റ് സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. സബ്സിഡിനിരക്കിൽ രാസവളം, റോക്കർ സ്പ്രെയർ എന്നിവ വിതരണംചെയ്യുന്നു. കാർഷിക ഉപകരണങ്ങളുടെ സബ്സിഡി നിരക്കിൽ അംഗങ്ങൾക്കു ലഭിക്കുന്നു.

*വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് പ്രധാന കൃഷിയായ തെങ്ങ്കൃഷി സംബന്ധിച്ച വിവരങ്ങൾ*

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | രോഗം ബാധിച്ച തെങ്ങ് | | | | |
|---|---|---|---|---|---|---|
| | | ലീഫ് റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ളീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 17774 | 15 | 25 | 70 | 5 | 115 |
| 2 | 2012 | 20 | 30 | 80 | 8 | 138 |
| 3 | 1283 | 2 | 6 | 8 | 1 | 17 |
| 4 | 1510 | 3 | 5 | 10 | 2 | 20 |
| 5 | 5446 | 10 | 6 | 30 | 6 | 52 |
| 6 | 292 | 1 | 2 | 1 | 1 | 5 |
| 7 | 6585 | 12 | 8 | 35 | 6 | 61 |
| 8 | 2008 | 4 | 2 | 8 | 1 | 15 |
| 9 | 17770 | 18 | 30 | 72 | 16 | 136 |
| 10 | 19229 | 20 | 40 | 82 | 18 | 160 |
| 11 | 22397 | 26 | 32 | 76 | 19 | 153 |
| 12 | 26268 | 36 | 47 | 82 | 18 | 183 |
| 13 | 23854 | 38 | 44 | 80 | 20 | 182 |
| 14 | 25462 | 18 | 70 | 38 | 30 | 156 |
| 15 | 23532 | 36 | 44 | 70 | 18 | 168 |
| ആകെ | 195472 | 259 | 391 | 742 | 169 | 1561 |




| ഇനം | 1994-95 | 95-96 | 96-97 |
|---|---|---|---|
| പുതിയ കിണർ | 20 | 30 | 25 |
| പമ്പ്സെറ്റ് സ്ഥാപിച്ചത് | 15 | 24 | 36 |
| **വളംവിതരണം** | | | |
| 5 തെങ്ങിനുള്ളത് | 320 | 35 | 350 |
| 10 തെങ്ങിനുള്ളത് | 240 | 220 | 225 |
| 20 തെങ്ങ് | 120 | 50 | 75 |

## നിർദ്ദേശങ്ങൾ

1. പൊഴുതിൽ കുഴിയിലെ സ്ഥായിയായിട്ടുള്ള നീരുറവ മെച്ചപ്പെടുത്തി കൃഷിക്കു ഉപയുക്തമാക്കത്തക്ക രീതിയിൽ കുളം കുഴിച്ചു ജലസേചനസൗകര്യം മെച്ചപ്പെടുത്തണം

   മതിലുകളും-കുളവും നവീകരിച്ച് കൃഷിക്ക് ഉപയുക്തമാക്കുക.
2. കിണർ കുഴിക്കുന്നതിനും പമ്പുവാങ്ങുന്നതിനും ഉള്ള സബ്സിഡിവർദ്ധിപ്പിക്കണം
3. സബ്സിഡിക്കുവേണ്ടി ബാങ്കുവായ്പ എടുക്കണം എന്നുള്ള വ്യവസ്ഥ ഒഴിവാക്കണം.
4. മണ്ണുപരിശോധന ഊർജ്ജിതപ്പെടുത്തണം.
5. മണ്ണിന്റെ അമ്ലത കുറയ്ക്കാനാവശ്യമായ കുമ്മായം സൗജന്യനിരക്കിൽ വിതരണംചെയ്യണം.
6. കൃഷിക്കുപയുക്തമായതരത്തിൽ ഫാം റോഡുകൾ നിർമ്മിക്കുക. വെങ്ങാനൂർ വിഴിഞ്ഞം ഏലായിൽ 14-ാം വാർഡിൽ ഫാംറോഡുതീർത്തും ടാർചെയ്യുക.
7. ടില്ലർ ഇറക്കാൻ സൗകര്യത്തിനുള്ള ബണ്ടുറോഡുകളും റാമ്പുകളും (Ramp) നിർമ്മിക്കുക.
8. പച്ചക്കറികൃഷി വ്യാപകമാക്കണം
9. തെങ്ങിനെ ആശ്രയിക്കുന്ന പൂങ്കുലച്ചാഴിയെ നിയന്ത്രിക്കുന്നതിനാവശ്യമായ മാർഗ്ഗം കണ്ടുപിടിച്ചു പ്രാവർത്തികമാക്കുക.
10. തെങ്ങിന്റെ പരിചരണത്തിനും രോഗചികിത്സക്കും സമർത്ഥരായ ഒരു ഗ്രൂപ്പു ചെറുപ്പക്കാരെ പരിശീലിപ്പിച്ചു അവരുടെ സേവനം കർഷകർക്കു ലഭ്യമാക്കുക.
11. തേങ്ങാ, കൊപ്ര, തൊണ്ട്. എന്നിവയുടെ വിപണനത്തിനു സഹകരണസംഘമോ സംഭരണകേന്ദ്രമോ രൂപീകരിക്കുക.
12. തിരുവനന്തപുരം കോർപ്പറേഷൻ, നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി എന്നിവയിൽനിന്നു ജൈവവളം ലഭ്യമാക്കാനുള്ള സാദ്ധ്യത പരിശോധിച്ചു നടപ്പിലാക്കുക.
13. തോടുകളുടെ വശങ്ങൾ കാർഷിക ആവശ്യങ്ങൾക്കു വെട്ടിപ്പിടിക്കുന്നതു തടയുക.
14. തോട്ടിൽനിന്നു മണൽ കോരുന്നതു തടയുക.
15. ഏലായിലെ ചെറിയ പാടങ്ങൾ വിലയ്ക്കെടുത്തു കുളങ്ങൾ നിർമ്മിക്കുക.
16. പുല്ലുകൃഷിക്ക് പ്രാധാന്യംകൊടുക്കുക.
17. കുഴൽകിണർ അനുയോജ്യമായ സ്ഥലങ്ങളിൽ നിർമ്മിച്ച് ഭൂഗർഭജലസമ്പത്ത് ഉപയോഗപ്പെടുത്തുക.
18. തോടുകളിൽ അനുയോജ്യമായ സ്ഥലത്ത് തടയണ നിർമ്മിച്ച് ലിഫ്ട് ഇറിഗേഷൻ പദ്ധതി നടപ്പിലാക്കുക.
19. തെങ്ങുകൾക്ക് പൊതുവിൽ കാണുന്ന മണ്ഡരിയൻ മച്ചിങ്ങാകൊഴിച്ചിൽ ഇവയ്ക്ക് ഫലപ്രദമായ ചികിത്സ ലഭ്യമാക്കുക.
20. ഇൻഷുറൻസിന്റെ പ്രയോജനം രോഗബാധകൊണ്ട് നശിക്കുന്ന തെങ്ങിനും ബാധകമാക്കുക. വെട്ടിമാറ്റുന്ന തെങ്ങിനുള്ള സഹായധനം 500 രൂപയാക്കുക.
21. വാഴയുടെ പോളരോഗം, വണ്ടിന്റെ ആക്രമണം തുടങ്ങിയവക്ക് ഫലപ്രദമായ നിയന്ത്രണമാർഗ്ഗം ലഭ്യമാക്കുക.
22. ചാനൽ ജലം ലഭ്യമാക്കേണ്ട സമയത്ത് അറ്റകുറ്റപ്പണിനിമിത്തം കാലതാമസമുണ്ടാകുന്നത് ഒഴിവാക്കുക. ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ശക്തിപ്പെടുത്തുക. കാഡാപദ്ധതി ഊർജ്ജിതപ്പെടുത്തുക.
23. നടീൽവസ്തുക്കളുടെ വിതരണം കാലവർഷം തുടങ്ങുന്നതോടൊപ്പം നടത്താനുള്ള നടപടി ഉണ്ടാവണം.
24. എലിവർഗ്ഗങ്ങൾ അസാധാരണമായി പെരുകുന്നു. നിയന്ത്രണമാർഗ്ഗങ്ങൾ ഊർജ്ജിതമാക്കണം.
25. കോവളത്ത് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഒരു ഇളനീർ പാർലർ (പന്തൽ) സ്ഥിരമായി പ്രവർത്തിക്കാൻ സൗകര്യമുണ്ടാക്കുക.
26. വെങ്ങാനൂർ (14-ാം വാർഡ്) ഒരു സാമൂഹ്യ ജലസേചന പദ്ധതിക്ക് രൂപകല്പനചെയ്തു എസ്റ്റിമേറ്റ് സഹിതം സമർപ്പിച്ചിരുന്നു. അത് പുനഃപരിശോധിച്ച് അനുമതി വാങ്ങി നടപ്പാക്കണം.
27. വിഴിഞ്ഞം വെങ്ങാനൂർ ഏലായിലെ ഓരിന്റെ ഉപദ്രവം കുറയ്ക്കുന്നതിന് നടപടിയുണ്ടാകണം. പടിഞ്ഞാറെക്കരയിലെ ഓടതെളിക്കുന്ന 2 ലക്ഷം രൂപ ചിലവ് വരുന്ന ഒരു പദ്ധതിക്ക് രൂപംനൽകി നിർവാഴ്ചയ്ക്ക് സൗകര്യമുണ്ടാക്കിയാൽ പ്രശ്നം പരിഹരിക്കപ്പെടാൻ കഴിയും.
28. വെങ്ങാനൂർ തോട്ടിൽ ഉള്ള ക്രോസ് ബാറുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക. ചിലഭാഗങ്ങളിൽ പുതിയവ നിർമ്മിക്കുക.
29. വെങ്ങാനൂർ ഏലായ്ക്ക് കുറുകെയുള്ള നടപ്പാത സഞ്ചാരയോഗ്യമാക്കുക. മൂന്നിടത്തായി മൂന്ന് കോൺക്രീറ്റ് സ്ളാബ് ഇട്ടാൽ മതിയാകും.
30. വെങ്ങാനൂർ വിഴിഞ്ഞം ഏലായുടെ വിളകനൂർനടമുതൽ വാരത്തൽവരെയുള്ള ചതുപ്പുനിലങ്ങൾ മെച്ചപ്പെടുത്താൻ ഓടതെളിക്കുക. ഇത് ഓരിന് പരിഹാരമാകും.
31. വെങ്ങാനൂർ വിഴിഞ്ഞം ഏലായുടെ കിഴക്കേ ബണ്ട് ഫാം റോഡായി വികസിപ്പിക്കുക.

# മത്സ്യബന്ധനവും മൃഗസംരക്ഷണവും



വിഴിഞ്ഞംപഞ്ചായത്തിലെ മുഖ്യതൊഴിൽ മത്സ്യബന്ധനവും അനുബന്ധ തൊഴിലുകളുമാണ്. മൃഗസംരക്ഷണവുമായി ബന്ധപ്പെട്ടുകഴിയുന്നവരും ഒട്ടും കുറവല്ല. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും വലിയ മത്സ്യവിപണനകേന്ദ്രവും വിഴിഞ്ഞംതന്നെയാണ്. മറ്റു കടൽത്തീരങ്ങളെ അപേക്ഷിച്ച് ഏറെ പ്രത്യേകതകൾ വിഴിഞ്ഞം തീരത്തിനുണ്ട്. അതിപുരാതനകാലംമുതൽതന്നെ പ്രകൃതിദത്തമായ ഒരു തുറമുഖം നമുക്ക് കിട്ടിയിട്ടുണ്ട്. ആധുനികരീതിയിൽ ഒരു മത്സ്യബന്ധനതുറമുഖം ഉണ്ടാക്കാൻ തക്കവിധമുള്ള സൗകര്യങ്ങൾ പ്രകൃതിതന്നെ തീർത്തുതന്നിട്ടുണ്ട്. കടൽത്തീരമാണെങ്കിലും കുന്നുകളും പാറകളുംനിറഞ്ഞതാണ് ഈ തീരം ഒരു അന്താരാഷ്ട്ര തുറമുഖമാക്കാൻ അനുയോജ്യമായ എല്ലാ ഘടകങ്ങളും ഒത്തിണങ്ങിയ കടൽത്തീരമെന്ന പ്രസിദ്ധിയും നമുക്കുണ്ട്. ഏറെ ശാന്തമായ കടൽത്തീരവും തെട്ടുതന്നെ തിരമാലയിൽനിന്നും വൈദ്യുതി നിർമ്മിക്കാൻ പ്രാപ്തമായ ശക്തമായ തിരകളുള്ള തീരവും സ്ഥിതിചെയ്യുന്നു. എന്നാൽ സമീപതീരങ്ങളെ അപേക്ഷിച്ച് കടലാക്രമണഭീഷണി തുലോം കുറഞ്ഞ ഒരു തീരപ്രദേശമാണിത്. സർക്കാരിന് കടലുമായി ബന്ധപ്പെട്ട് പല പരീക്ഷണങ്ങൾ നടത്തത്തക്കവിധം അനുയോജ്യമാണ് വിഴിഞ്ഞം കടൽത്തീരം. ഇത്രയൊക്കെ അനുകൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും സമുദ്രസമ്പത്ത് വേണ്ടത്ര ചൂഷണംചെയ്യുന്നതിൽ നാം വിജയിച്ചിട്ടില്ല.

വിദ്യാഭ്യാസരംഗത്ത് വേണ്ടത്ര വിജയിക്കാൻ കഴിയാത്തതിന്റെ പോരായ്മ നമ്മുടെ വികസനപ്രവർത്തനങ്ങളെ പുറകോട്ടടിക്കുന്നു. ആസൂത്രണത്തിന്റേയും അത് നടപ്പിലാക്കുന്നതിൽ ജനകീയ പങ്കാളിത്വം ഇല്ലാത്തതിന്റേയും ഏറ്റവും വലിയ ഉദാഹരണമാണ് വിഴിഞ്ഞം ഹാർബർ പ്രോജക്ടിന്റെ ഇന്നത്തെ സ്ഥിതി.

ആദ്യകാലഘട്ടത്ത് കട്ടമരങ്ങളും, നാടൻവള്ളങ്ങളും നൂൽവലകളും, കയർവലകളും ഉപയോഗിച്ചാണ് മത്സ്യബന്ധനം നടത്തിയിരുന്നത്. എന്നാൽ ഇപ്പോൾ യന്ത്രവൽകൃത ബോട്ടുകൾ നൈലോൺ വലകൾ ഉപയോഗിച്ച് മീൻപിടുത്തം നടത്തുന്നു. പേരിനുമാത്രം കട്ടമരങ്ങളും സാധാരണ വള്ളങ്ങളും ഉപയോഗിക്കുന്നുള്ളൂ.

1948 ൽ അന്നത്തെ തിരു-കൊച്ചി പ്രധാനമന്ത്രിയായിരുന്ന ശ്രീ. T.K. നാരായണപിള്ള 'ചന്ദ്രിക' എന്നുപേരായ ഒരു മത്സ്യബന്ധനകപ്പൽ പരമ്പരാഗത മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനുവേണ്ടി ഉദ്ഘാടനം ചെയ്തു. അത് സ്വതന്ത്ര ഇന്ത്യയിലെ ആദ്യ സംരംഭമായിരുന്നു. അതിനു ശേഷം മീൻ ഉപ്പിട്ടു സൂക്ഷിക്കുന്നതിനുവേണ്ടിയുള്ള ഒരു കേന്ദ്രവും ആരംഭിച്ചു. അതിനുശേഷം വന്ന ഏറ്റവും വലിയ ഒരു സംരംഭമായിരുന്നു ബോട്ട് ബിൽഡിംഗ് യാർഡ്. പല കാരണങ്ങളാലും പ്രസ്തുതകേന്ദ്രം വളരെനാൾ നിലനിന്നില്ല. വളരെപ്പേർക്ക് തൊഴിൽ ലഭിക്കുവാനും ഇവിടെത്തന്നെ ബോട്ടുകൾ നിർമ്മിക്കുവാനും കഴിയുമായിരുന്നു. സംരംഭം പൂർണ്ണമായും നിന്നുപോയി 1958-ലാണ് ആദ്യമായി വിഴിഞ്ഞത്ത് ഐസ്പ്ലാന്റും ഫിഷറീസ് പരിശീലനകേന്ദ്രവും ആരംഭിച്ചത്. പ്രസ്തുത സംരംഭം പൂർണ്ണമായും നശിച്ചിട്ടില്ലെങ്കിലും ആദ്യകാല പ്രതാപമൊന്നും അവകാശപ്പെടാനില്ലാതെ തകർച്ചയുടെ വക്കിലാണ്.

കേരളത്തിലെ ആദ്യത്തെ മുത്തുച്ചിപ്പി വളർത്തൽകേന്ദ്രം വിഴിഞ്ഞത്ത് വളരെ വിപുലമായിത്തന്നെ ആരംഭിച്ചു. വളരെയധികം കെട്ടിടങ്ങളും ഉദ്യോഗസ്ഥന്മാരും തൊഴിലാളികളുമായി ആരംഭിച്ച വ്യവസായം ഇന്ന് നിശ്ശേഷം തകർന്നടിഞ്ഞു. ഏറെ പ്രതീക്ഷകൾ ഉണർത്തിയിരുന്നതും

വമ്പിച്ച വിദേശനാണയം നേടിത്തരുന്നതുമായിരുന്ന പ്രസ്തുത വ്യവസായം ആസൂത്രണത്തിന്റേയും കെടുകാര്യസ്ഥതയുടേയും ബലിയാടായിത്തീർന്നു. അതിനു ശേഷം ആരംഭിച്ച ചിപ്പിവളർത്തൽ കേന്ദ്രവും അധികം നാളുകൾ നീണ്ടുനിന്നില്ല.

ആഴക്കടൽ മത്സ്യബന്ധന ഗവേഷണത്തിനുവേണ്ടി എക്സപ്ലറേറ്റീവ് ഫിഷറീസ് എന്ന ഒരു സ്ഥാപനം ബോട്ട്ബിൽഡിംഗ് യാർഡിനകത്തു സ്ഥാപിച്ചു. ആഴക്കടൽ മത്സ്യബന്ധനത്തിന് ഒരു പൈലറ്റ് പ്രോജക്ട് സ്കീം തയ്യാറാക്കുകയും അതിനുവേണ്ടി 25 അടി നീളമുള്ള ബോട്ടും ഗിൽനെട്ടും ഉപയോഗിക്കാനുള്ള സംരംഭം ഉണ്ടായി.

1968 മുതൽ ഫിഷറീസ് ഡിപ്പാർട്ട്മെന്റിന്റെ കീഴിൽ മത്സ്യോല്പാദന സഹകരണസംഘങ്ങൾ നിലവിൽവന്നു. പ്രസ്തുത സംഘങ്ങൾവഴി വളരെയധികം ബോട്ടുകൾ തൊഴിലാളികൾക്ക് നൽകുകയും ചെയ്തു. അതിനു ശേഷം UNICEF ന്റെ ആഭിമുഖ്യത്തിലും Applied Nutrition Programme അനുസരിച്ചും വിവിധതരം ബോട്ടുകൾ വിഴിഞ്ഞംപ്രദേശത്ത് വിതരണംചെയ്യുകയുണ്ടായി. മത്സ്യത്തൊഴിലാളി ക്ഷേമം മുൻനിറുത്തി നടപ്പിലാക്കിയിരുന്ന ഈ പദ്ധതിയും കെടുകാര്യസ്ഥതയും തൊഴിലാളികളുടെ താല്പര്യക്കുറവുകൊണ്ട് പരിപൂർണ്ണമായി അവസാനിച്ചുപോയി ഇങ്ങനെ പല സംരംഭങ്ങളും പദ്ധതിവിഹിതം എങ്ങനെയെങ്കിലും വിനിയോഗിക്കണമെന്ന താല്പര്യം മാത്രം മുൻനിറുത്തി ഉദ്യോഗസ്ഥന്മാർ നടപ്പിലാക്കിയതുകൊണ്ടാണ് പരാജയപ്പെട്ടുപോയത്.

1970കളിൽ ജപ്പാൻ ഗവൺമെന്റിന്റെ സഹകരണത്തോടുകൂടി 'യമഹ' എൻജിനുകൾ കേരളത്തിൽ സാർവ്വത്രികമായി ഉപയോഗിച്ചുതുടങ്ങി. അങ്ങനെവിഴിഞ്ഞത്തും ഇപ്പോൾ വളരെയധികമായി യമഹ എൻജിൻ ഘടിപ്പിച്ച ബോട്ടുകളാണ് വളരെക്കൂടുതൽ ഉപയോഗത്തിലിരിക്കുന്നത്. ഔട്ട്ബോർഡ് എൻജിൻ ഉപയോഗിച്ചുള്ള ചെറിയതരം ബോട്ടുകളും ഇപ്പോൾ സാധാരണമാണ്. പരമ്പരാഗതമായി ഉണ്ടായിരുന്ന കട്ടമരങ്ങളും നാടൻ വള്ളങ്ങളും യന്ത്രവൽക്കൃത ബോട്ടുകൾക്ക് വഴിമാറിക്കൊടുത്തിരിക്കുന്നു. ഇപ്പോൾ സർക്കാരിന്റെ സഹായത്തോടുകൂടി ആവശ്യമുള്ള മത്സ്യത്തൊഴിലാളികൾക്ക് സഹകരണസംഘങ്ങൾവഴി ബോട്ടുകൾ വിതരണംനടത്തി വരുന്നു. സ്വകാര്യമായി വളരെയധികം ഔട്ട്ബോർഡ് വലകളും പലരും വാങ്ങി പ്രവർത്തനം നടത്തുന്നുണ്ട്. പദ്ധതി നടത്തിപ്പിന്റെ വീഴ്ചയുടെ മറവിൽ സ്വകാര്യവ്യക്തികൾ ബ്രോക്കറേജും പല ഉടമ്പടി വ്യവസ്ഥകളും മത്സ്യബന്ധനമേഖലയിൽ ഇന്നും അടിച്ചേൽപ്പിക്കുന്നു. തൊഴിലാളികളുടെ ഇടയിലുള്ള നിരക്ഷരത പ്രസ്തുത ചൂഷണങ്ങൾക്ക് സഹായമായിത്തീരുന്നു. തൊഴിലാളികളിൽ നല്ലൊരുപങ്കും കൂലിക്ക് മുൻകൂർ അഡ്വാൻസ് കൈപ്പറ്റി പഴയ ചൂഷണവ്യവസ്ഥയിൽ പണിയെടുക്കുന്ന രീതി മാറ്റാൻ ജനകീയാസൂത്രണസെമിനാറുകളും ഗ്രമസഭാ ചർച്ചകളും ഒരു പരിധിവരെ സഹായമാകുമെന്നുള്ള പ്രതീക്ഷ നിലനിൽക്കുന്നു.

മാറ്റത്തിന്റേതായ ചില നീക്കങ്ങൾ ഇപ്പോൾ പ്രവർത്തനപഥത്തിലിരിക്കുന്ന ഫിഷറീസ് ഗ്രാമസംഘങ്ങൾവഴിയുള്ള പ്രവർത്തനങ്ങൾ ജനകീയാസൂത്രണത്തിലൂടെ ത്വരിതപ്പെടുത്തിയാൽ ഒരു പരിധിവരെ മത്സ്യബന്ധനമേഖല സമ്പന്നമാക്കാൻ കഴിഞ്ഞേക്കും. മത്സ്യത്തൊഴിലാളികളുടെ ഇടയിൽചിലകാലങ്ങളിൽ ഉണ്ടാകാറുള്ള തൊഴിൽതർക്കങ്ങളും അതുമൂലമുണ്ടാകുന്ന കലാപങ്ങളും നിശ്ശേഷം ഇല്ലാതാക്കാൻ ബന്ധപ്പെട്ട എല്ലാവരും പ്രവർത്തിക്കേണ്ടതാണ്.

മത്സ്യത്തൊഴിലാളി ക്ഷേമപ്രവർത്തനങ്ങൾക്കും വേണ്ടി മത്സ്യഫെഡ്, മത്സ്യത്തൊഴിലാളി ക്ഷേമകോർപ്പറേഷൻ എന്നിവ ഇന്ന് വിഴിഞ്ഞത്ത് പ്രവർത്തിക്കുന്നു. ഇവ രണ്ടിന്റേയും പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും തൊഴിലാളിക്ഷേമപ്രവർത്തനങ്ങൾ പൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ല.

യന്ത്രവൽക്കൃതബോട്ടുകളുടേയും തൊഴിലാളികളുടേയും എണ്ണത്തിൽ വിഴിഞ്ഞം തെക്കുംഭാഗം വളരെ മുന്നിട്ടുനിൽക്കുന്നു. രണ്ടാമതായി വിഴിഞ്ഞം വടക്കുംഭാഗം നിൽക്കുന്നു. മത്സ്യബന്ധനത്തിനു പുറമേ ചിപ്പിയെടുക്കലുമായി ബന്ധപ്പെട്ട് വളരെ തൊഴിലാളികൾ പ്രവർത്തിക്കുന്നു. തൊഴിൽമേഖല വികസിപ്പിക്കുവാൻ കാര്യമായ പ്രവർത്തനങ്ങളൊന്നും നടത്തിയിട്ടില്ല. വിഴിഞ്ഞത്തെ ചിപ്പി, ശംഖ് വിഭവം കാര്യമായി ചൂഷണംചെയ്യേണ്ട കാര്യങ്ങളും സെമിനാർ ചർച്ചചെയ്യേണ്ടതായിട്ടുണ്ട്.

## വിഴിഞ്ഞം മത്സ്യബന്ധനതുറമുഖം

ഒരിക്കലും പണിതീരാത്ത ഒരു പദ്ധതിയായി വിഴിഞ്ഞം ഹാർബർ പ്രോജക്ട് നിലനിൽക്കുന്നു. എങ്ങനെ എവിടെയൊക്കെയാണ് തടസ്സങ്ങൾ എന്ന് കാര്യമായി ചിന്തിക്കേണ്ട പ്രധാന വിഷയമാണിത്. 1962 ൽ ഇന്നത്തെ ഐസ്പ്ലാന്റിനകത്ത് മുൻ കേന്ദ്രമന്ത്രി ബഹുമാനപ്പെട്ട S.K. പാട്ടീൽ തറക്കല്ലിട്ട പരിപാടി പല പഞ്ചവത്സര പദ്ധതികൾ പിന്നിട്ടിട്ടും കാര്യമായ പുരോഗതിയില്ലാതെ അവശേഷിക്കുന്നു. പണിയുടെ കാര്യത്തിൽ ഏതാനും മാസങ്ങളായി അല്പം പുരോഗതി ഉണ്ടായിട്ടുണ്ടെന്ന കാര്യം മറക്കുന്നില്ല. ആദ്യത്തെ പരിപാടിയായ ബ്രേക്ക് വാട്ടർ പദ്ധതി നോമിനികളെവച്ച് പൂർത്തിയാക്കി. രണ്ടാം ഘട്ടം ബ്രേക്ക് വാട്ടർ പദ്ധതിയും പൂർത്തിയാക്കിയിട്ടുണ്ട്. വെസലുകൾക്കുവേണ്ടിയുള്ള ഉൾജലാശയം എന്ന പദ്ധതി നീണ്ട കാലങ്ങളുടെ കാത്തിരിപ്പിനു ശേഷം ഇപ്പോൾ തുടങ്ങിയിരിക്കുന്നു.

പുനരധിവാസത്തിനുവേണ്ടി തെന്നൂർക്കോണത്തും പുല്ലൂർക്കോണത്തും രണ്ടു ടൗൺഷിപ്പുകൾ നിർമ്മിക്കാനുള്ള പദ്ധതി ഒരുവിധം നടപ്പിൽവന്നിട്ടുണ്ട്. പുല്ലൂർക്കോണം ടൗൺഷിപ്പിലേക്കുള്ള ഒഴിപ്പിക്കൽ ഒരുവിധം പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും തെന്നൂർക്കോണം പുനരധിവാസപദ്ധതി പൂർത്തിയാക്കി കഴിഞ്ഞിട്ടില്ല. നീണ്ടനാളത്തെ

ഇടവേളകളും കാലതാമസവും പുനരധിവാസപദ്ധതികളെയും മറ്റു പദ്ധതികളേയും പിടിച്ചുനിർത്തിയിരിക്കുന്നു. യഥാസമയങ്ങളിൽ സർക്കാർവക വസ്തുക്കൾ സംരക്ഷിക്കാൻ കഴിയാത്തതിനാൽ അനധികൃത കുടിയേറ്റവും ഭൂമികയ്യേറ്റവും വിപുലമാണ്. ഒരിക്കൽ ഒഴിപ്പിച്ച ഭാഗങ്ങൾ വീണ്ടും ഒഴിപ്പിക്കേണ്ട അവസ്ഥ പലപ്പോഴും ഉണ്ടാകാറുണ്ട്. പദ്ധതിക്കനുവദിക്കുന്ന പണത്തിന്റെ ഭൂരിഭാഗവും കെട്ടിടങ്ങളേയും യന്ത്രങ്ങളുടേയും മെയിന്റനൻസുകൾക്ക് ഉപയോഗിക്കുന്നു. ഹാർബർ പ്രൊജക്ടിന്റെ നിയന്ത്രണത്തിലുള്ള റോഡുകളെല്ലാം ഗതാഗതയോഗ്യമല്ലാതായിത്തീർന്നിരിക്കുന്നു. ഹാർബർ പ്രോജക്ടിന്റെ നടത്തിപ്പിനു വേണ്ടിയുള്ള ഓഫീസ് മറ്റു സ്ഥലങ്ങളിലേക്ക് മാറ്റുമ്പോൾ പ്രതികരിക്കാൻ കഴിയാത്ത അവസ്ഥയും ഉണ്ടായിട്ടുണ്ട്.

വിഴിഞ്ഞം ഹാർബറിനെ ചുറ്റിപ്പറ്റി പല അനുബന്ധ വ്യവസായങ്ങളും കൊമേഴ്സ്യൽ ഹാർബർ പ്രൊജക്ടും വരാൻപോകുന്നതായി വാർത്തകൾ ഉള്ളതല്ലാതെ യാതൊരു പ്രവർത്തനങ്ങളും നടക്കുന്നതായി അറിവില്ല. ഇപ്പോൾ തുടരുന്ന പദ്ധതികൾ സമയബന്ധിതമായി തീർക്കാനും പുതിയ പദ്ധതികൾ ത്വരിതപ്പെടുത്താനും പഞ്ചായത്ത് വികസനസെമിനാറിന്റെ പ്രവർത്തനങ്ങൾ സഹായകമാകുമെന്നു പ്രതീക്ഷിക്കുന്നു.

ലഭ്യമായ കണക്കനുസരിച്ച് വിഴിഞ്ഞംപഞ്ചായത്തിൽ 4000 പേർ മത്സ്യബന്ധനം മുഖ്യ തൊഴിലായി സ്വീകരിച്ചവർ ഉണ്ട്. സീസൺകാലങ്ങളിൽ മറ്റു പ്രദേശങ്ങളിൽനിന്നും വിഴിഞ്ഞത്തുവരുന്നവർ നിരവധിയുണ്ട്.

ഭാഗികമായി മത്സ്യബന്ധനവുമായി ബന്ധപ്പെട്ടവർ 2500 ആണ്. മത്സ്യവിപണനം, വലനന്നാക്കൽ, മത്സ്യസംസ്കരണം എന്നിവയുമായി ബന്ധപ്പെട്ട് അയ്യായിരത്തിലധികം പേർ പ്രവർത്തിക്കുന്നു. 700 യന്ത്രവൽക്കൃത ബോട്ടുകളും 300 യന്ത്രം ഘടിപ്പിച്ച നാടൻ വള്ളങ്ങളും ഉള്ളതായിട്ടാണ് അനൗദ്യോഗികകണക്ക്. ചിപ്പിയെടുക്കലും വിപണനുമായി ബന്ധപ്പെട്ട് വിഴിഞ്ഞം പഞ്ചായത്തിന്റെ കടലൽത്തീരം മുഴുവൻ പ്രവർത്തിക്കുന്ന നിരവധി തൊഴിലാളികളുണ്ട്.

മത്സ്യബന്ധനമേഖലയുമായി ബന്ധപ്പെട്ട് നടന്ന ഗ്രാമസഭചർച്ചകളിൽ പ്രധാനപ്പെട്ടവ താഴെപ്പറയുന്നവയാണ്.

1. ആഴക്കടൽമത്സ്യബന്ധനത്തിന് വിദേശികൾക്ക് ലൈസൻസ് നിഷേധിക്കുക.
2. മത്സ്യബന്ധനത്തിനുപയോഗിക്കുന്ന ഇന്ധനങ്ങൾ സഹകരണസംഘങ്ങൾവഴി നടപ്പിലാക്കുക.
3. മത്സ്യത്തൊഴിലാളികൾക്കും വിപണനം നടത്തുന്നവർക്കും യാത്രാസൗകര്യം വർദ്ധിപ്പിക്കുക.
4. മത്സ്യക്കച്ചവടക്കാരേയും അപകട ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക.
5. മത്സ്യസംരക്ഷണത്തിന് സ്റ്റോറേജുകൾ വിപുലമാക്കുക.
6. മത്സ്യത്തൊഴിലാളികൾക്ക് ഭവനവായ്പകൾ നടപ്പിലാക്കുക. വാർദ്ധക്യകാല പെൻഷൻ വർദ്ധിപ്പിക്കുക.
7. മത്സ്യത്തൊഴിലാളിപെൻഷൻ വർദ്ധിപ്പിക്കുകയും കൃത്യമായി നൽകാനുള്ള സംവിധാനവും ഉണ്ടാക്കുക.
8. മൺസൂൺകാലത്ത് ആഴക്കടൽ മത്സ്യബന്ധനം നിരോധിക്കുക.
9. മത്സ്യത്തൊഴിലാളികൾക്ക് വിദ്യാഭ്യാസസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
10. രാത്രികാല മത്സ്യബന്ധനത്തിനുവേണ്ടി തെരുവുവിളക്കുകൾ സ്ഥാപിക്കുക.
11. കുളിസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
12. മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുക.
13. കരിമ്പള്ളിക്കരഭാഗത്ത് ഒരു പാലം നിർമ്മിക്കുക.
14. ഉപ്പളങ്ങളും ചെമ്മീൻവളർത്തൽകേന്ദ്രങ്ങളും നിർമ്മിക്കുക.
15. മത്സ്യസഹകരണസംഘടനകളുടേയും മത്സ്യഫെഡ്ഡിന്റേയും പ്രവർത്തനം വർദ്ധിപ്പിക്കുക.
16. സ്ത്രീകൾക്ക് കൈത്തൊഴിലുകൾക്ക് സൗകര്യം ഉണ്ടാക്കുക.
17. മറൈൻ ഫിഷറീസ് ഓഫീസ് തുറക്കുക.
18. തൊഴിൽ ഉപകരണങ്ങൾ വാങ്ങാനുള്ള സൗകര്യവും വായ്പകിട്ടാനുള്ള അവസരവും ഉണ്ടാക്കുക.
19. ട്രോളിംഗ് ബോട്ടുകൾ മറ്റു വലകൾ നശിപ്പിക്കാതിരിക്കാനും കലാപങ്ങൾ ഉണ്ടാക്കാതിരിക്കാനും ശ്രദ്ധിക്കുക.
20. സ്വയംതൊഴിൽസൗകര്യങ്ങൾ ഉണ്ടാക്കുക.
21. മത്സ്യബന്ധനോപകരണഫാക്ടറി സ്ഥാപിക്കുക
22. വായ്പാസൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
23. മത്സ്യത്തൊഴിലാളിമേഖലകളിലെ പ്രൈമറിസ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുക.
24. വനിതാ മത്സ്യത്തൊഴിലാളികൾക്ക്, വനിതാസഹകരണസംഘങ്ങൾ ഉണ്ടാക്കുക.
25. മത്സ്യത്തൊഴിലാളികൾക്കായി ഫിഷർമെൻകോളനികൾ സ്ഥാപിക്കുക. കരിമ്പള്ളിക്കര ഭാഗത്ത് കടൽക്ഷോഭംമൂലം വീടുകൾ നഷ്ടമായവർക്ക് ഭവനപദ്ധതി നടപ്പിലാക്കുക. കടൽഭിത്തികെട്ടി സംരക്ഷിക്കുക.

## മൃഗസംരക്ഷണം

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ 300റോളം കുടുംബങ്ങൾ കന്നുകാലിവളർത്തൽ മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുണ്ട്. ആയിരത്തോളംപേർ ഭാഗികമായി ഈ രംഗത്തുണ്ട്. പശുക്കളേയും ആടുകളേയുമാണ് പ്രധാനമായി വളർത്തുന്നത്. സങ്കരയിനം പശുക്കളാണ് കൂടുതൽ. എരുമ, കാള എന്നിവ അപൂർവ്വമാണ്. പശുക്കൾക്ക് കൃത്രിമ ബീജസങ്കലനമാണ് കൂടുതൽപേരും ആശ്രയിക്കുന്നത്. പശു, ആട്

ഇവയ്ക്ക് ശ്വാസകോശസംബന്ധമായും, ധാതുലവണങ്ങ ളുടെ അഭാവംമൂലവും ഉണ്ടാകുന്ന രോഗങ്ങളും വന്ധ്യത, ത്വക്ക്രോഗങ്ങൾ, കുളമ്പുരോഗം, പകർച്ചവ്യാധികൾ മുത ലായവയും സാധാരണമാണ്. കന്നുകാലിരോഗങ്ങൾക്കും, ബീജസങ്കലനത്തിനുമായി മൃഗാശുപത്രിയുടേയോ, ICDP സബ്സെന്ററുകളുടേയോ സേവനം വേണ്ടത്ര ലഭ്യമല്ലാത്ത തിനാൽ കന്നുകാലികൃഷിക്കാർ ഈ രംഗത്തു പ്രവർത്തി ക്കുന്ന വ്യക്തികളെയാണ് സമീപിക്കുന്നത്. മേച്ചിൽസ്ഥ ലങ്ങൾ ഇല്ലാത്തതിനാൽ വീട്ടുവളപ്പിൽ തൊഴുത്ത് കെട്ടി വളർത്തുന്നു.

മിക്ക വീടുകളിലും കോഴികളെ വളർത്തുന്നുണ്ട്. എന്നാൽ കോഴിവസന്തപോലുള്ള രോഗങ്ങൾവന്ന്, പ്രതി രോധനടപടികളുടെ അഭാവംമൂലം വർഷംതോറും നല്ലൊ രുശതമാനം കോഴികൾ നഷ്ടപ്പെടുന്നു. അടുക്കളയിലെ ആഹാരാവശിഷ്ടങ്ങൾ ആഹാരമായി നൽകിയാണ് പ്ര ധാനമായും കോഴിവളർത്തുന്നതെങ്കിലും കോഴിത്തീറ്റയും ഉപയോഗിക്കാറുണ്ട്. കോഴിത്തീറ്റയുടെ ദൗർലഭ്യവും വില വർദ്ധനവും കോഴിവളർത്തൽ അനാകർഷമാക്കി. മുട്ടക്കോ ഴിവളർത്തൽ വ്യവസായികമായി പഞ്ചായത്ത് പ്രദേശത്ത് ആരംഭിച്ചിട്ടില്ല. ഇറച്ചിക്കോഴിവളർത്തൽ ചെറുകിട വ്യവ സായമായി നടത്തുന്നു. ഏഴ് യൂണിറ്റുകൾ ഈ പഞ്ചായ ത്തിലുണ്ട്. പ്രൈവറ്റ് മേഖലയിൽ പ്രവർത്തിക്കുന്ന ഒരു ഹാച്ചറിയൂണിറ്റും ഉണ്ട്. താറാവ് ഈ പഞ്ചായത്തിൽ അ പൂർവ്വമാണ്. പാവപ്പെട്ടവരുടെ പശുവായ ആട്, ഇടത്തര ക്കാർ പ്രധാനമായും വളർത്തുന്നു. എന്നാൽ മുട്ടനാടുക ളുടെ അഭാവം ആടുവളർത്തലിനെ പ്രതികൂലമായി ബാ ധിക്കുന്നു. അപൂർവ്വമായിട്ടെങ്കിലും വീടുകളിൽ പട്ടികളെ വളർത്തുന്നു. അലഞ്ഞുതിരിഞ്ഞു നടക്കുന്ന തെരുവുനാ യ്ക്കളുടേയും പേപ്പട്ടികളുടേയും ശല്യം ഉണ്ടാകാറുണ്ട്. വളർത്തുനായ്ക്കളെ പ്രധിരോധകുത്തിവയ്പ്പിന് വിധേയ മാക്കാറില്ല. പച്ചപ്പുല്ല്കൃഷി വളരെ അപൂർവ്വമാണ്. പച്ച പ്പുല്ലും, വയ്ക്കോലും മറ്റു പ്രദേശങ്ങളിൽനിന്നു കൊണ്ടു വരുന്നു. വയ്ക്കോൽ, പൊതുവേ തമിഴ്നാട്ടിൽനിന്നും കൊ ണ്ടുവരുന്നു. മുട്ടയും ഇറച്ചിയും പഞ്ചായത്ത്പ്രദേശത്ത് ധാ രാളമായി ഉപയോഗിക്കാറുണ്ടെങ്കിലും ഇവ തമിഴ്നാട്ടിൽ നിന്നും വരുന്നവയാണ് കൂടുതലും. അടുത്തകാലത്ത് ആരം ഭിച്ച ഒരു മൃഗാശുപത്രിയും, ഒരു ICDP സബ്സെന്ററുമാ ണ് പഞ്ചായത്തുപ്രദേശത്തുള്ളത്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തും സേവനം ലഭിക്കുന്നില്ല.

പാലുല്പാദനത്തിനു മാത്രമല്ല, പഞ്ചായത്തുപ്രദേശത്തെ കൃഷിയുടെ ആവശ്യത്തിന് വളം ലഭിക്കുന്നതും കന്നുകാ ലികളിൽനിന്നുമാണ്. എങ്കിലും കൃഷിക്കുവേണ്ടി ചാണകം മറ്റു പ്രദേശങ്ങളിൽനിന്നും കൊണ്ടുവരുന്നു. വീട്ടാവശ്യത്തി ന് ഉപയോഗിക്കുന്ന 50തോളം ഗോബർ ഗ്യാസ് പ്ലാന്റ് പഞ്ചായത്ത്പ്രദേശത്ത് ഉണ്ടെന്നു കണക്കാക്കുന്നു. നാല് മിൽക്ക് സൊസൈറ്റികളും, മിൽമയുടെ 3 ക്ഷീരവിപണന യൂണിറ്റും പഞ്ചായത്ത്പ്രദേശത്ത് പ്രവർത്തിക്കുന്നു.

**മിൽക്ക്സൊസൈറ്റികളുടെ പാൽശേഖരണവും വിപ ണനവും സംബന്ധിച്ച വിവരങ്ങൾ**

ഒരു മാസത്തെ കണക്ക്

| മിൽക്ക് സൊസൈറ്റി (Apcos) | ആകെ സംഭരിച്ചത് ലിറ്റർ | പ്രാദേശിക വില്പന ലിറ്റർ | ഡയറിക്ക് അയച്ചത് ലിറ്റർ |
|---|---|---|---|
| പുല്ലൂർക്കോണം | 7379 | 2234 | 5145 |
| നെല്ലിക്കുന്ന് | 9533 | 2780 | 6753 |
| വെഞ്ഞാനൂർ | 16114 | 6954 | 9160 |
| പനവിള | 17360 | 1611 | 15749 |
| ആകെ | 50386 | 13579 | 36807 |

സമഗ്രമായ ആസൂത്രണത്തിന്റെ പിൻബലമുണ്ടെങ്കിലേ പാൽ, മുട്ട, മാംസം, ജൈവവളം ഉല്പാദനമേഖലയിൽ വേ ണ്ടത്ര സ്വയംപര്യാപ്തത കൈവരിക്കാൻ നമുക്കു കഴിയൂ.

**ഗ്രാമസഭകളിലെ ആവശ്യങ്ങളും, പ്രധാന പ്രശ്നങ്ങളും**

- പുതിയതായി ആരംഭിച്ച മൃഗാശുപത്രിയിൽനിന്ന് വേ ണ്ടത്ര സേവനം ലഭിക്കുന്നില്ല. എല്ലാ കർഷകർക്കും എ ത്തിച്ചേരാൻ പറ്റുന്ന സ്ഥലത്തല്ല ആശുപത്രി സ്ഥിതിചെ യ്യുന്നത്.
- മൃഗസംരക്ഷണത്തിനുള്ള ഔദ്യോഗിക സംവിധാനങ്ങൾ അപര്യാപ്തമാണ്.

കോഴിത്തീറ്റ കുറഞ്ഞവിലക്ക് ലഭിക്കുന്നില്ല.

ക്ഷീരോല്പാദനവിതരണകേന്ദ്രങ്ങൾ എല്ലാ വാർഡുക ളിലും സ്ഥാപിക്കുക. ധനകാര്യസ്ഥാപനങ്ങൾ കന്നുകാ ലികൃഷിക്ക് വായ്പനൽകാൻ താല്പര്യം കാണിക്കുന്നില്ല. കാ ലിത്തീറ്റക്ക് സബ്സിഡി ഏർപ്പെടുത്തണം.

ICDP സബ്സെന്ററുകൾ എല്ലാ വാർഡുകളിലും ആ രംഭിക്കണം. പനവിള മിൽക്ക് സൊസൈറ്റിയോടനുബന്ധി ച്ച് മൃഗാശുപത്രി ആരംഭിക്കണം. കന്നുകാലികൾക്ക് ഇൻ ഷ്വറൻസ് സംവിധാനം വ്യാപകമാക്കുകയും ലളിതമാക്കു കയും ചെയ്യുക. നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാ ക്കുക. നല്ലയിനം വർഗ്ഗശുദ്ധിയുള്ള പശുക്കളേയും, കന്നു കളെയും ലഭ്യമാക്കുക. മുട്ടക്കോഴികളെ ലാഭകരമായി വളർ ത്താൻ കഴിയുന്നില്ല.

മാതൃകകാലിത്തൊഴിത്തിന് നൽകുന്ന സബ്സിഡി വാർ ഡുതലത്തിൽ ലഭ്യമാക്കുക. കിടാരക്കുഴിയിൽ ഒരു പാൽ സൊസൈറ്റിയും, ഹോസ്പിറ്റലും ആരംഭിക്കുക.

കന്നുകാലികളെ വാങ്ങുന്നതിന് വായ്പകൾ കുറഞ്ഞ പലിശക്ക് ലഭ്യമാക്കുക. പച്ചപ്പുല്ല് ഉല്പാദനത്തിന് വിത്തും, വളവും സൗജന്യനിരക്കിൽ ലഭ്യമാക്കുക.

വയ്ക്കോൽ കുറഞ്ഞവിലക്ക് ലഭിക്കുന്നില്ല.

ഇറച്ചിക്കോഴിവളർത്തലിന് ധനസഹായം നൽകുക. ക്ഷീ രവികസനവകുപ്പിന്റെ യൂണിറ്റ് പഞ്ചായത്തിൽ സ്ഥാപി ക്കണം. കന്നുകുട്ടികളെയും, ആട്ടിൻകുട്ടികളേയും സൗജ

ന്യനിരക്കിൽ നൽകുക, വായ്പ ലഭ്യമാക്കുക. പശുക്കളെ വാങ്ങാൻ പലിശരഹിതവായ്പകൾ അനുവദിക്കുക. പഞ്ചായത്ത്തലത്തിൽ ക്ഷീരവിപണനഭവൻ സ്ഥാപിക്കുക.

ഡയറിഫോമുകൾ സ്ഥാപിക്കുക. തെരുവുനായ്ക്കളേയും, പേപ്പട്ടികളേയും കാലാകാലങ്ങളിൽ നശിപ്പിക്കുക. ഗോബർഗ്യാസ് പ്ലാന്റുകൾക്ക് വേണ്ടത്ര പ്രചാരവും, ധനസഹായവും നൽകുക.

## വിദ്യാഭ്യാസം

### ചരിത്രപശ്ചാത്തലം

പൗരാണികകാലംമുതലേ രാജരാജേന്ദ്രചോളപട്ടണമെന്നപേരിൽ അറിയപ്പെട്ടിരുന്ന സ്ഥലമാണ് വിഴിഞ്ഞം. ആയ രാജവംശത്തിലെ മാറൻചടയൻ എന്ന രാജാവ് ജടിലപരാന്തകൻ എന്ന നാമം സ്വീകരിച്ച് ഭരണം നടത്തിയിരുന്ന കാലത്തെ തലസ്ഥാനനഗരിയും വിഴിഞ്ഞമായിരുന്നു. പൗരാണികകാലത്തേ ആയോധനകല ഉൾപ്പെടെയുള്ള സാംസ്കാരിക വിദ്യാഭ്യാസ മേഖലയിൽ ഉന്നതസ്ഥാനം നിലനിർത്തിയിരുന്നു എങ്കിലും, രാജാധികാരങ്ങളുടെ കാലഘട്ടംമുതൽ പിന്നീടങ്ങോട്ടുള്ള കാലം വിദ്യാഭ്യാസ സാംസ്കാരിക മേഖലയിൽ പിൻതള്ളപ്പെടുകയാണ് ചെയ്തത്. ദക്ഷിണനളന്ദ എന്നറിയപ്പെടുന്ന കാന്തളൂർശാലയുടെ പ്രാന്തപ്രദേശങ്ങളായിരുന്നു ഈ പ്രദേശം വിദ്യാഭ്യാസ, സംസ്കാരിക നവോത്ഥാനത്തിനുവേണ്ടി കാത്തിരിക്കുന്നു.

### ഇപ്പോഴത്തെ സ്ഥിതിവിവരം

പടിഞ്ഞാറുഭാഗം മുഴുവനും കടലോരപ്രദേശവാർഡുകൾ ഉൾക്കൊള്ളുന്ന ഒരു ഗ്രാമ പഞ്ചായത്താണു വിഴിഞ്ഞം. ഈ പ്രദേശം ഇന്നു മറ്റേതൊരു പഞ്ചായത്തിനെക്കാളും വിദ്യാഭ്യാസരംഗത്തു വളരെയധികം പിന്നിലാണു. ഇതിനു കാരണമെന്താണെന്നും പരിഹാരമാർഗ്ഗങ്ങളെന്താണെന്നും കണ്ടുപിടിക്കുന്നത് ഉചിതമാണ്. തീരപ്രദേശങ്ങളിലെ പരമ്പരാഗത തൊഴിലവസരങ്ങൾ കാലാവസ്ഥാനുസൃതമായി ഉണ്ടാകുമ്പോൾ തുച്ഛമായ സാമ്പത്തിക ലാഭത്തിനുവേണ്ടി ക്ലാസ്സുകൾ ഉപേക്ഷിച്ചുപോകുവാൻ തയ്യാറാകുന്നു. കുട്ടികളെ നിയന്ത്രിക്കുവാൻ രക്ഷകർത്താക്കൾ തയ്യാറാകാത്തതും വേണമെങ്കിൽ മുകളിൽ പറയപ്പെട്ടതിന് ഒരു കാരണമായിപ്പറയാം. ആത്മീക വിദ്യാഭ്യാസമേഖലകൾക്കു നൽകുന്നത്ര പ്രാധാന്യം ഭൗതികവിദ്യാഭ്യാസത്തിനും നൽകുന്നില്ല എന്നതു മറ്റൊരു കാരണമായിത്തോന്നുന്നു. ആയതിനാൽ ഭൗതിക-ആത്മീക വിദ്യാഭ്യാസങ്ങൾ തുല്യമാക്കി കൊണ്ടുപോകുന്നതിന് സഹായിക്കുമാറ് ഒരു തീവ്രയത്ന ബോധവൽക്കരണപരിപാടി ഈ പഞ്ചായത്തിലെ തീരപ്രദേശങ്ങളിലെ രക്ഷകർത്താക്കൾക്കുവേണ്ടിയിരിക്കുന്നു.

ഗവൺമെന്റുമേഖലയിൽ ഒരു ഹൈസ്കൂളില്ലാത്ത പഞ്ചായത്താണ് വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്. കോളേജുകൾ അധികവും ഈ പഞ്ചായത്തിൽനിന്നു വളരെ അകലെയാണു സ്ഥിതിചെയ്യുന്നത്. പൊതുമേഖലയിൽ തൊഴിൽപരമായ വിദ്യാഭ്യാസകേന്ദ്രങ്ങൾ ഒന്നുംതന്നെ ഈ പഞ്ചായത്തിലില്ല. സാക്ഷരതാപ്രവർത്തനങ്ങളുടെ കാര്യത്തിൽ വളരെ മുന്നിലായിരുന്നു എങ്കിലും ഉദ്ദേശിച്ച നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്ന ദുഃഖസത്യം നിലനിൽക്കുന്നു.

ഈ പഞ്ചായത്തിൽ ഉള്ള മൂന്നു ഹൈസ്കൂളുകളും പ്രൈവറ്റ് മേഖലയിലാണ്. 1920 ൽ വെങ്ങാനൂർ ശ്രീ. വിക്രമൻപിള്ള സ്ഥാപിച്ച ഇംഗ്ലീഷ് മിഡിൽസ്കൂളാണു ഇന്നുകാണുന്നതരത്തിൽ വെങ്ങാനൂർ ബോയ്സ് ഹൈസ്കൂൾ, വെങ്ങാനൂർ ഗേൾസ്ഹൈസ്കൂൾ എന്നിവയായി രൂപാന്തരപ്പെട്ടത്. S.S.L.C. വിജയശതമാനങ്ങളിൽ റാങ്ക് ഉൾപ്പെടെ ക്രമമായി നല്ല വിജയശതമാനം നിലനിറുത്തുവാൻ കഴിഞ്ഞിട്ടുള്ള സ്കൂളാണ് വെങ്ങാനൂർ ഗേൾസ്ഹൈസ്കൂൾ-ബോയ്സ് ഹൈസ്കൂളും തീരെ മോശമല്ല.

വിഴിഞ്ഞം ബിന്ധുയാത്രാമാതാ ദേവാലയത്തിനടുത്ത് വെള്ളയമ്പലം ബിഷപ്പിന്റെ ആശീർവാദത്തോടെ വിഴഞ്ഞം ക്രിസ്ത്യൻ ഇടവക മാനേജ്മെന്റായി തീരപ്രദേശ പുരോഗതി ലക്ഷ്യമാക്കി സ്ഥാപിച്ച മിഡിൽ സ്കൂളാണ് ഇന്നു കാണുന്ന സെന്റ്മേരീസ് ഹൈസ്കൂളായി മാറിയത്. S.S.L.C. പരീക്ഷക്കു ഭേദപ്പെട്ട വിജയശതമാനം നിലനിറുത്തുവാനുള്ള ശ്രമം തുടരുന്നുണ്ട് എന്നു മനസ്സിലാക്കാം.

ഉന്നത വിദ്യാഭ്യാസമേഖലക്കു വളരെയധികം പ്രചോദനവും കലാ, കായിക, സാംസ്കാരിക രംഗങ്ങളിലെ ഈ ഗ്രാമത്തിലെ പുരോഗതിക്കും ഈ സ്കൂളുകൾ നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്.

ഈ വിദ്യാലയങ്ങളിലെ പൂർവ്വവിദ്യാർത്ഥികൾ കേരളത്തിലും, ഇന്ത്യയിലും, ലോകത്തിന്റെ ചിലഭാഗങ്ങളിലും ഔദ്യോഗികമായി ഉന്നത സ്ഥാനങ്ങൾ അലങ്കരിക്കുന്നവരാണ്.

ഈ ഗ്രാമപഞ്ചായത്തിൽ രണ്ട് അപ്പർപ്രൈമറി സ്കൂളുകളാണുള്ളത്. ഒന്ന് പ്രൈമറിമേഖലയും മറ്റൊന്ന് ഗവൺമെന്റ്മേഖലയിലും.

"പുലയരാജാവെന്നു" രാഷ്ട്രപിതാവായ മഹാത്മാഗാന്ധി വിശേഷിപ്പിച്ച അധകൃതവർഗ്ഗ സമുദായ ഉദ്ധാരകനേതാവായിരുന്ന ശ്രീ. അയ്യങ്കാളി സ്വസമുദായത്തിലെകുട്ടികളുടെ വിദ്യാഭ്യാസപുരോഗതിക്കുവേണ്ടി സ്ഥാപിച്ച വെങ്ങാനൂർ പുതുവൽവിളാകം അപ്പർപ്രൈമറി സ്കൂളാണു പ്രൈവറ്റ്മേഖലയിലെ ഏക U.P. സ്കൂൾ.

ശ്രീ. നാരായണൻ നാടാർ പനവിള ലേവർ പ്രൈമറി സ്കൂളായി സ്ഥാപിച്ച് സർ. സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാൻജിയായിരുന്ന കാലത്ത് തുച്ഛമായ തുക വിട്ടുകൊടുത്ത പ്രസ്തുത സ്കൂളാണ് പിൽക്കാലത്ത് പന

1996-97 വിദ്യാഭ്യാസവർഷത്തെ കണക്കനുസരിച്ച് അൺ എയ്ഡഡ് സ്കൂളുകൾ ഒഴിച്ചു ഗവൺമെന്റുമേഖലയിലും, പ്രൈവറ്റ്മേഖലയിലുമായി ഒന്നാം സ്റ്റാന്റേർഡ്മുതൽ 10-ാം സ്റ്റാന്റേർഡുവരെ മൊത്തം സ്കൂളിൽപഠിക്കുന്ന കുട്ടികളുടെ എണ്ണം 9000 ആണ് 4531 ആൺകുട്ടികളും 4469 പെൺകുട്ടികളുമാണ്. അതിൽ ഹരിജൻ കുട്ടികളുടെ എണ്ണം 1170 മാത്രമാണ്. 597 ആൺകുട്ടികളും 573 പെൺകുട്ടികളും ഇതിൽ തോറ്റുപഠിക്കുന്നകുട്ടികൾ 465 ഉം ഹരിജൻകുട്ടികൾ 82 മാണ്. ഓരോവർഷവും ഇടയ്ക്കുവച്ച് പഠനം നിറുത്തിപോകുന്നവരുടെ എണ്ണം കൂടിവരുന്നു എന്നു പറയാതിരിക്കുവാൻ വയ്യ. ഇത് കൂടുതൽ ബാധിക്കുന്നത് തീരപ്രദേശങ്ങളിലെ സ്കൂളുകളിലാണ്. ഇത് ഹൈസ്കൂൾ വിദ്യാഭ്യാസത്തേയും സാരമായി ബാധിക്കുന്നു. ഈ സ്കൂൾവർഷം വിവിധ സ്റ്റാൻഡേർഡുകളിൽനിന്നും 163 ഓളം കുട്ടികൾ പഠിത്തം നിറുത്തി പോയവരുണ്ട്. ഇതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി അപഗ്രന്ഥിച്ചു പരിഹാരമാർഗ്ഗം കണ്ടുപിടിക്കേണ്ടതാണ്

1991-92 മുതൽ 95-96 വരെയുള്ള S.S.L.C വിജയശതമാനക്കണക്ക് താഴെപറയുംപ്രകാരമാണ്.

| വർഷം | സ്കൂളിന്റെ പേര് | | |
|---|---|---|---|
| | ബോയ്സ് HS വെങ്ങാനൂർ | ഗേൾസ് HS വെങ്ങാനൂർ | സെന്റ്മേരീസ് വിഴിഞ്ഞം |
| 1991-92 | 37% | 43% | 36% |
| 92-93 | 37.75% | 43% | 39% |
| 93-94 | 37.94% | 45% | 38% |
| 94-95 | 40.96% | 49% | 46% |
| 95.-96 | 8.35% | 50% | 52% |

വിള ഗവൺമെന്റ് അപ്പർപ്രൈമറി സ്കൂളായി മാറിയത്.

ഈ പഞ്ചായത്തിൽ 9 ലോവർ പ്രൈമറി സ്കൂളുകൾ ഉള്ളതിൽ ഒരൊറ്റ L.P. സ്കൂൾ ഒഴികെ ബാക്കി 8ഉം ഇന്നു ഗവ: മേഖലയിലാണ് പ്രവർത്തിക്കുന്നത്. ശ്രീ. നീലകണ്ഠ വിലാസം L.P. സ്കൂൾ കോവളം, ശ്രീ. സരസ്വതിവിലാസം L.P. സ്കൂൾ വിഴിഞ്ഞം തെരുവ്, വെങ്ങാനൂർ മുടിപ്പുരനട L.P. സ്കൂൾ, മുല്ലൂർ കൃഷ്ണവിലാസം L.P. സ്കൂൾ, മുല്ലൂർ ലക്ഷ്മീവിലാസം L.P. സ്കൂൾ, L.V.L.P. സ്കൂൾ ശ്രീ. പൊന്നയ്യൻനാടാർ സ്ഥാപിച്ചു. പിന്നീട് സർക്കാരിന് കൈമാറി. കിടാരക്കുഴി L.P. സ്കൂൾ ആദ്യകാലത്തെ മാനേജ്മെന്റ് സ്കൂളായി ആരംഭിച്ചു എങ്കിലും പിന്നീടു മുകളിൽപറഞ്ഞിരിക്കുന്ന തരത്തിൽ സർ. സി.പി. രാമസ്വാമി അയ്യർ തിരുവിതാംകൂർ ദിവാൻജിയായിരുന്ന കാലത്തു മാനേജുമെന്റിനു തുച്ഛമായ തുകനൽകി ഗവൺമെന്റിലേക്കു ഏറ്റെടുത്ത സ്കൂളുകളാണ്. ഇവയെ ഇന്ന് സറണ്ടർ സ്കൂളുകളെന്നു പറയപ്പെടുന്നു. ബാക്കിയുള്ള ഹാർബർ ഏര്യാ ഗവ: L.P.S., വിഴിഞ്ഞം ഗവ: L.P.S. ഇവ സ്ഥാപിച്ചതു ഗവൺമെന്റാണ്. ഇന്നു ഗവൺമെന്റുമേഖലയിൽ പ്രവർത്തിക്കുന്ന വിഴിഞ്ഞം കോട്ടപ്പുറം സെന്റ്മേരീസ് L.P.S., ക്രിസ്ത്യൻ ഇടവക മാനേജ്മെന്റാണ് സ്ഥാപിച്ചത്. ഇന്നും പ്രൈവറ്റ് സ്കൂളായിത്തന്നെ നിലനിൽക്കുന്നു.

മറ്റു പഞ്ചായത്തുകളിൽ ഉള്ളതുപോലെ അൺ എയിഡഡ് സ്കൂളുകൾ നമ്മുടെ പഞ്ചായത്തിലില്ലെങ്കിലും മറ്റൊന്നിന്റെ ബ്രാഞ്ചായി പ്രവർത്തിക്കുന്ന രണ്ടു വിദ്യാപീഠങ്ങളുണ്ട്. രണ്ടും മുക്കോലക്കും, കിടാരക്കുഴിക്കും ഇടയ്ക്കുള്ള ഭാഗങ്ങളിലാണ് വരുന്നത് (1) ട്രോൾസ്റ്റോയി മെമ്മോറിയൽ പബ്ലിക് സ്കൂൾ (2) ശാന്തിനികേതൻ പബ്ലിക് സ്കൂൾ ഉച്ചക്കടയിൽ സുന്ദർ പബ്ലിക്സ്കൂൾ എന്ന പേരിൽ ഒരു സ്കൂൾ പ്രവർത്തിക്കുന്നു.

**വിദ്യാലയവിവരങ്ങൾ**

**ഹൈസ്കൂൾ വിഭാഗം V-ാം സ്റ്റാൻഡേർഡ് മുതൽ**

| സ്കൂളിന്റെ പേര് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ | അദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 1. ഹൈസ്കൂൾ ഫോർ ബോയ്സ് വെങ്ങാനൂർ പ്രൈവറ്റ് | 1685 | - | 1685 | 52+7 |
| 2. ഹൈസ്കൂൾ ഫോർ ഗേൾസ് | - | 1816 | 1816 | 62 |
| 3. സെന്റ്മേരീസ് ഹൈസ്കൂൾ വിഴിഞ്ഞം (പ്രൈവറ്റ്) | 530 | 568 | 1098 | 41 |

# അപ്പർ പ്രൈമറി വിഭാഗം

**ഒന്നാം സ്റ്റാൻഡേർഡു മുതൽ**

| | സ്കൂളിൻെറ പേര് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | അദ്ധ്യാപക രുടെ എണ്ണം |
|---|---|---|---|---|---|
| 1. | ശ്രീ. അയ്യങ്കാളി സ്മാരക U.P സ്കൂൾ വെങ്ങാനൂർ (പ്രൈവറ്റ്) | 205 | 156 | 361 | 19 |
| 2. | ഗവ: UPS മുല്ലൂർ പനവിള | 237 | 164 | 401 | 17 |

# പ്രൈമറി വിഭാഗം

| | സ്കൂളിൻെറ പേര് | ആൺ കുട്ടികൾ | പെൺ കുട്ടികൾ | ആകെ | അദ്ധ്യാപക രുടെ എണ്ണം |
|---|---|---|---|---|---|
| 1. | ഗവ:S N V LPS കോവളം | 116 | 129 | 245 | 9 |
| 2. | ഹാർബർ ഏര്യാ ഗവ: LPS വിഴിഞ്ഞം | 324 | 311 | 635 | 18 |
| 3. | വെങ്ങാനൂർ മുടിപ്പുര നട ഗവ: LPS | 194 | 172 | 366 | 8+1 |
| 4 | ഗവ: SV LPS വിഴിഞ്ഞം തെരുവ് | 219 | 236 | 455 | 10+1 |
| 5 | ഗവ: LPS വിഴിഞ്ഞം | 240 | 213 | 453 | 15 |
| 6. | സെന്റ്മേരീസ് LPS വിഴിഞ്ഞം (പ്രൈവറ്റ്) | 499 | 454 | 953 | 14 |
| 7. | ഗവ: KV LPS മുല്ലൂർ | 65 | 66 | 131 | 4 |
| 8. | ഗവ: LVLPS മുല്ലൂർ | 122 | 128 | 250 | 9 |
| 9. | ഗവ: LPS കിടാരക്കുഴി 5-ാം സ്റ്റാൻഡേർഡുവരെ | 58 | 57 | 115 | 5 |

| | സ്കൂളിന്റെ പേര് | വിസ്തീർണ്ണം | ആഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി | മൂത്രപ്പുര | കക്കൂസ് | പാചകപ്പുര | വൈദ്യുതി | കളി സ്ഥലം | കുടി വെള്ളം | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **ഹൈസ്ക്കൂൾ വിഭാഗം** | | | | | | | | | | | |
| 1 | ഹൈസ്കൂൾ ഫോർ ബോയ്സ്,വെങ്ങാനൂർ | 3+3 ഏക്കർ | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | കിണർ പൈപ്പ് |
| 2 | ഹൈസ്കൂൾ ഫോർ ഗേൾസ്, വെങ്ങാനൂർ | 3+1 1/2 ഏക്കർ | Do | Do | Do | Do | Do | Do | Do | Do | Do | Do | കിണർ |
| 3 | സെന്റ്മേരീസ് ഹൈസ്കൂൾ, വിഴിഞ്ഞം | 3+1 1/2 ഏക്കർ | Do | Do | Do | Do | Do | Do | Do | Do | Do | Do | |
| | | **അപ്പർ പ്രൈമറി വിഭാഗം** | | | | | | | | | | | |
| 4 | ഗവ:UPS മുല്ലൂർ പനവിള | 50+20 സെന്റ് | ഉണ്ട് | ഇല്ല | ഭാഗികം | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | പൈപ്പ് കിണർ |
| 5 | പുതുവൽവിളാകം UP സ്കൂൾ (പ്രൈവറ്റ്) | 36.5 സെന്റ് | Do | Do | ഇല്ല | ഭാഗികം | Do | ഇല്ല | താല്ക്കാലികം | ഇല്ല | ഇല്ല | ഉണ്ട് | കിണർ |
| | | **ലോവർ പ്രൈമറി വിഭാഗം** | | | | | | | | | | | |
| 6 | ഗവ:SNVLPS കോവളം | 62+48 സെന്റ് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | |
| 7 | ഹാർബർ ഏര്യ ഗവ: LPS വിഴിഞ്ഞം | 46.25+ 5 സെന്റ് | ഉണ്ട് | Do | ഇല്ല | Do | Do | Do | Do | ഇല്ല | ഉണ്ട് | ഉണ്ട് | |
| 8 | മുടിപ്പുര നട ഗവ:LPS വെങ്ങാനൂർ | 30+30 സെന്റ് | ഉണ്ട് | Do | Do | Do | Do | Do | Do | ഉണ്ട് | ഉണ്ട് | Do | |
| 9 | ഗവ:LPSവിഴിഞ്ഞംതെരുവ് | 50 സെന്റ് | ഉണ്ട് | Do | Do | ഇല്ല | Do | Do | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | |
| 10 | ഗവ:LPSവിഴിഞ്ഞം | 1 ഏക്കർ 50 സെന്റ് | Do | Do | ഉണ്ട് | Do | Do | Do | Do | ഉണ്ട് | ഉണ്ട് | Do | |
| 11 | സെന്റ് മേരിസ് LPS വിഴിഞ്ഞം (പ്രൈവറ്റ്) | 40 സെന്റ് | Do | Do | ഇല്ല | ഇല്ല | Do | Do | Do | ഉണ്ട് | ഉണ്ട് | Do | |
| 12 | ഗവ:KVLPSമുക്കോല | 50+40 സെന്റ് | Do | Do | ഇല്ല | ഇല്ല | Do | Do | Do | ഇല്ല | ഇല്ല | Do | |
| 13 | ഗവ:LPSമുക്കോല | 92.5+50 | Do | Do | ഉണ്ട് | ഉണ്ട് | ഉപയോഗ ശൂന്യം | ഇല്ല | Do | Do | Do | Do | |
| 14 | ഗവ:LPS കിടാരക്കുഴി | 48.5+30സെന്റ് | Do | Do | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | Do | Do | Do | Do | |

വിഴിഞ്ഞം പഞ്ചായത്തിൽ പൊതു മേഖലയിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ കുറവാണ്. ഹരിജൻ ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെങ്ങാനൂരിലെ ഹരിജൻ വെൽഫയർ നഴ്സറി സ്കൂളും, ബ്ലോക്കിന്റെ കീഴിൽ പ്രവർത്തിക്കുന്ന വെങ്ങാനൂരിലെ വിപിൻ നഴ്സറി സ്കൂളും വിഴിഞ്ഞം പഞ്ചായത്താഫീസിനടുത്തു പ്രവർത്തിക്കുന്ന പഞ്ചായത്തു നഴ്സറി സ്കൂളും മാത്രമാണ് പൊതുമേഖലയിലെ നഴ്സറി സ്കൂളുകൾ ഇവ നല്ല പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുന്നവയാണ്. ഈ പഞ്ചായത്തിലെ എൽ.പി സ്കൂളുകളിൽ പ്രീപ്രൈമറി ക്ലാസ്സുകളില്ല. ഇന്നത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ഇവ അത്യാവശ്യ ഘടകമാണ്.

ഈ പഞ്ചായത്തിൽ ഏകദേശം പത്തിലധികം പാരലൽകോളേജുകൾ പ്രവർത്തിക്കുന്നു. ഇന്നത്തെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുവാൻ ഇവ നിർണ്ണായകമായ പങ്കു വഹിക്കുന്നു എന്നു പറയാതിരിക്കാൻ വയ്യ.

## ഗ്രാമ സഭകളിൽ നിന്നു ഗ്രൂപ്പു ചർച്ചയിൽ വന്ന നിർദ്ദേശങ്ങൾ പൊതുവായി

(1) പഠന നിലവാരം മെച്ചപ്പെടുത്തുവാൻ മുന്നറിയിപ്പില്ലാതെ പഞ്ചായത്തുസമിതി സ്കൂളുകൾ സന്ദർശിച്ചു കാണുന്ന പോരായ്മകൾ രേഖപ്പെടുത്തി അവ പരിഹരിക്കുവാൻ വേണ്ട നിർദ്ദേശം നൽകേണ്ടതാണ്.

(2) മേൽ പറഞ്ഞിരിക്കുന്ന ലോവർ പ്രൈമറി സ്കൂളുകളിൽ ഭൗതീക സാഹചര്യം ഉള്ള സ്കൂളുകളെ അപ്പർ പ്രൈമറി സ്കൂളുകളാക്കി മാറ്റി ഉപരി പഠനത്തിന് വളരെ ദൂരെ പോകുന്ന പിഞ്ചു കുഞ്ഞുങ്ങളെ പിന്തിരിപ്പിക്കുവാൻ സാഹചര്യം ഉണ്ടാക്കേണ്ടതാണ്.

(3) സെക്കണ്ടറി വിദ്യാഭ്യസം കഴിഞ്ഞു പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ കോളേജ് വിദ്യാഭ്യാസത്തിനു വളരെ ദൂരം യാത്ര ചെയ്യുന്നതു അവസാനിപ്പിക്കുവാൻ പൗരാണി കാലത്തേ രാജതലസ്ഥാനമായിരുന്ന ഈ പ്രദേശത്തു അയ്യൻകാളിയുടെ പേരിൽ ആർട്ട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുക.

(4) തൊഴിൽ പരമായ വിദ്യഭ്യാസ മേഖല പരിപോഷിപ്പിക്കുന്നതിനു സങ്കേതിക വിദ്യാഭ്യാസ പരിശീലന കേന്ദ്രങ്ങൾ തുടങ്ങേണ്ടതാണ്. അവയിൽ കംപ്യൂട്ടർ, ടൈപ്പ്റൈറ്റിംഗ്, മെക്കാനിക്കൽ എൻജിനീയറിംഗ്, ആട്ടോമൊബൈൽ എൻജിനീയറിംഗ്, ഫിഷർമെന്റ് ട്രയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് മുതലായവ ആരംഭിക്കേണ്ടതാണ്.

(5) സ്ത്രീകൾക്ക് തൊഴിൽപരമായ വിദ്യാഭ്യാസം നൽകുന്നതിനു സാധിക്കുന്ന തരത്തിൽ ടൈലറിംഗ്, ഗാർമെന്റ് മേക്കിംഗ് മുതലായ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കണം.

(6) ഒരു വാർഡിൽ 2 നഴ്സറി സ്കൂൾ എന്ന സമ്പ്രദായം നടപ്പിൽ വരുത്തുകയും അവയ്ക്കു പ്രൈമറി സ്കൂൾ വിദ്യാഭ്യാസത്തിനു സഹായിക്കുമാറ് ഒരു ഏകീകൃത സിലബസ്സും ഉണ്ടായിരിക്കേണ്ടതുമാണ്.

(7) ആധുനിക വിദ്യാഭ്യാസ രീതിക്കു സഹായകമായ തരത്തിൽ അദ്ധ്യാപകർക്കുള്ള ഇൻസർവ്വീസ്സു കോഴ്സ്പോലുള്ള പരിശീലനം നൽകുക.

(8) എല്ലാ പ്രൈമറി സ്കൂളിലും പ്രീപ്രൈമറി വിദ്യാഭ്യാസം ആരംഭിക്കുവാൻ തക്ക നടപടികൾ സ്വീകരിക്കേണ്ടതാണ്.

(9) പുതിയ അൺ എയിഡ്സ് സ്കൂളുകൾ ആരംഭിക്കുവാൻ പ്രോത്സാഹനം ലഭിക്കാതിരിക്കുന്നതിനു നിലവിലുള്ള സ്കൂളുകളിലുള്ള അദ്ധ്യായന നിലവാരം മെച്ചപ്പെടുത്തുവാൻ തക്ക സാഹചര്യം സൃഷ്ടിക്കേണ്ടതാണ്.

(1) പാഠ പുസ്തകങ്ങൾ സ്കൂൾ തുറക്കുന്നതിനു മുമ്പു സ്കൂളുകളിൽ എത്തിക്കുക.

(2) അദ്ധ്യാപക നിയമനം സ്കൂൾ വർഷാരംഭത്തിൽ തന്നെ പൂർത്തിയാക്കുക.

(3) പഠനോപകരണങ്ങൾ യഥാ സമയം എത്തിക്കുക.

(4) ലൈബ്രറി, ലാബട്ടറി ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ ശ്രമം നടത്തുക.

(5) പ്രൈമറി ക്ലാസ്സുകൾ കുട്ടികൾക്കു ആകർഷകമാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുക.

10. അദ്ധ്യാപക രക്ഷകർത്ത്യ സംഘടനയുടെ പ്രവർത്തനം ശക്തമായി സ്കൂൾ പുരോഗതിയിൽ കാഴ്ച വയ്ക്കുവാൻ ശ്രമിക്കുക.

11. അപ്പർ പ്രൈമറി സ്കൂളുകളാക്കുവാൻ ശ്രമം നടത്തുന്ന കോവളം SNVLPS; ഹാർബർ ഏര്യാ LPS, വിഴിഞ്ഞം ഗവ:LPS, മുല്ലൂർ LVLPS എന്നിവയ്ക്കു മുൻതൂക്കം നൽകുക

12. സമർത്ഥരായ നിർദ്ധന കുട്ടികൾക്ക് പഠന ചെലവിനു വേണ്ടുന്ന സഹായം നൽകുക.

13. സാക്ഷരതാ വിദ്യാഭ്യാസം മെച്ചപ്പെടുത്തുവാൻ തക്ക ശ്രമങ്ങൾ നടത്തുക.

14. ആരോഗ്യ പരിപാലനം, വ്യക്തിശുചിത്വം പരിസര മലിനീകരണം എന്നിവയ്ക്കു ബോധവൽക്കരണം സ്കൂളുകളിൽ നടത്തുക.


15. ചുറ്റും മതിലുകളില്ലാത്ത സ്കൂളുകൾ, ആവശ്യത്തിന് ഫർണീച്ചറുകൾ ഇല്ലാത്ത സ്കൂളുകൾ, കുടിവെള്ളം, മൂത്രപ്പുര, കക്കൂസ് ഇവയില്ലാത്ത സ്കൂളുകൾ ഇവകൾക്കു മുൻഗണനാ ക്രമത്തിൽ പരിഹാരം നൽകുക.

## കുടിവെള്ളവും, പൊതുജനാരോഗ്യവും

വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിലെ പ്രധാന കുടിവെള്ള സ്രോതസ്സ് കിണറുകളാണ് 70% കുടുംബങ്ങളും സ്വന്തം കിണറുകളെ ആശ്രയിക്കുന്നു. 14% പൊതുടാപ്പുകളെയും, 12% സ്വന്തം ടാപ്പുകളെയും 4% പൊതു കിണറുകളെയും ആശ്രയിക്കുന്നു. താഴ്‌വര പ്രദേശം കഴിച്ചുള്ള ഭാഗങ്ങളിൽ 40 ഉം 50 മീറ്റർ ആഴത്തിൽ കുഴിച്ചാൽ മാത്രമേ ജലം ലഭിക്കുകയുള്ളൂ. വേനൽ കാലമായാൽ മിക്ക കിണറുകളും വറ്റിപോവുകയും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവപ്പെടുകയും ചെയ്യുന്ന പാറകെട്ടുകൾ നിറഞ്ഞ ഒന്നാം വാർഡിൽ കിണർകുഴിയ്ക്കുവാൻ വളരെ ബുദ്ധിമുട്ടാണ്. 275 പൊതുടാപ്പുകളും 78 പൊതു കിണറുകളും പഞ്ചായത്ത് സംരക്ഷിച്ചു വരുന്നു. 1432 വാട്ടർ ടാപ്പ് ഹൗസ് കണക്ഷനുകൾ ഉണ്ട്. ശുദ്ധജല വിതരണ സംവിധാനം പൊതുവേ കുറവാണ്. വിഴിഞ്ഞം തെരുവ് സ്ക്കൂളിന് സമീപവും, കോട്ടപ്പുറത്തും സ്ഥാപിച്ചിട്ടുള്ള പമ്പ് ഹൗസിൽ നിന്നുമാണ് ശുദ്ധജല വിതരണ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ളത്. മുല്ലൂർ, മുക്കോല, കിടാരക്കുഴി, വെങ്ങാനൂർ വാർഡുകളിൽ ശുദ്ധ ജലം ലഭ്യമാക്കുന്നത് സമീപ പഞ്ചായത്തുകളിലെ സ്രോതസ്സുകളിൽ നിന്നുമാണ്. പൊതുടാപ്പുകൾ പലതും നോക്കുകുത്തികളായി നിലകൊള്ളുന്നു. പൊതു കിണറുകൾ പലതും ഉപയോഗ ശൂന്യമായ നിലയിലാണ്. ഏതാനും കുഴൽകിണറുകൾ സ്ഥാപിച്ചിട്ടുണ്ടെങ്കിലും അവ പ്രവർത്തന രഹിതമാണ്. വേനൽകാലത്ത് വിഴിഞ്ഞം പഞ്ചായത്ത് പ്രദേശത്ത് പ്രത്യേകിച്ചും തീരദേശ പ്രദേശത്ത് ടാങ്കർ ലോറികളിലാണ് കുടിവെള്ളം എത്തിക്കുന്നത്. കഴിഞ്ഞ ഏതാനും വർഷമായി ഇത് തുടർന്നു വരുന്നു. മൂന്ന് ലക്ഷം രൂപയോളം വർഷംതോറും ഇപ്രകാരം ജലവിതരണത്തിന് പഞ്ചായത്ത് തുക ചെലവഴിച്ചിട്ടുണ്ട്, ഇതിനു പുറമേ സ്വകാര്യ വ്യക്തികളും ലോറികളിൽ വെള്ളം എത്തിക്കുന്നുണ്ട്. മുക്കോലയിൽ നിർമ്മിച്ചു വരുന്ന റൂറൽ വാട്ടർ സപ്ലൈ പ്രവർത്തനക്ഷമമാകുമ്പോൾ ശുദ്ധജലക്ഷാമം ഏറെകുറെ പരിഹരിക്കുവാൻ കഴിയുമെന്നാണ് പഞ്ചായത്ത് പ്രതീക്ഷിക്കുന്നത്.

## ഗ്രാമസഭകളിൽ ഉയർന്ന പ്രശ്നങ്ങളും ആവശ്യങ്ങളും

- എല്ലാ വാർഡുകളിലും ശുദ്ധ ജലക്ഷാമം അനുഭവപ്പെടുന്നു.
- പൊതുകിണറുകൾ ഉപ യോഗശൂന്യമായി കിടക്കുന്നു.
- കുഴൽകിണറുകൾ പ്രവർത്തിക്കുന്നില്ല.
- പൊതുടാപ്പുകളിൽ നിന്ന് ജലം ലഭിക്കുന്നില്ല.
- കുളങ്ങളും, പൊതുസ്രോതസ്സുകളും സംരക്ഷിക്കാറില്ല.
- ജല ലഭ്യത അനുസരിച്ചു മാത്രം കിണറുകൾ നിർമ്മിക്കുക.
- പൊതുകിണറുകൾ കാലാകാലങ്ങളിൽ മെയിന്റൻസ് ചെയ്തു പ്രവർത്തനക്ഷമമാക്കുക.
- കോവളം വാർഡിലെ വയ്ക്കോൽ കുളവും, വയലിൻ കരകുളവും മെയിൻൻസ് ചെയ്തു ഉപയോഗപ്രദമാക്കുക
- പുല്ലൂർക്കോണത്ത് ഒരു ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുക.
- സ്വന്തമായി കിണർ കുഴിക്കാൻ തയ്യാറാകുന്നവരെ ധനസഹായം നൽകി പ്രോത്സാഹിപ്പിക്കുക.
- പനവിളവരെയും തോട്ടം നാഗർക്ഷേത്രം വരെയും ഉള്ള ഭാഗങ്ങളിൽ മുക്കോല വാട്ടർ സപ്ലൈ സ്കീമിൽ നിന്ന് ജലം വിതരണം ചെയ്യണം.
- നെല്ലികുന്ന് നന്ദി കുളം ബീച്ചുറോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കണം.
- തോട്ടം നാഗർ ക്ഷേത്രത്തിൽ സമീപമുള്ള കുളം വൃത്തിയാക്കി ഉപയോഗ പ്രദമാക്കുക.
- തേവർ കുളത്തിൽ നിന്നും വെള്ളം പമ്പു ചെയ്ത് ശുദ്ധീകരിച്ച് സമീപ പ്രദേശത്ത് കുടിവെള്ളം നൽകുക.
- കൊല്ലതിൽ കുഴിയിലുള്ള ജലസ്രോതസ്സ് ഉപയോഗപ്പെടുത്തി ചെറു കിട ജല വിതരണ പദ്ധതി നടപ്പിലാക്കുക.
- കോവളം ശാസ്താക്ഷേത്രത്തിനു സമീപമുള്ള പഞ്ചായത്തുകുളം നന്നാക്കി ഉപയോഗ പ്രദമാക്കണം.
- II-ാം വാർഡിൽ തോട്ടിക്കോട് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുക.
- വർഷങ്ങളോളം പൈപ്പുവെള്ളം കിട്ടാത്ത ഉപഭോക്താക്കളിൽ നിന്ന് പണം ഈടാക്കുന്ന സമ്പ്രദായം നിർത്തലാക്കുക.
- വാർഡ് VII-ൽ പൈപ്പുലൈൻസ്ഥാപിച്ച് ടാപ്പ് ഇടുക
- വാർഡ് VI-ൽ പൈപ്പുലൈൻസ്ഥാപിച്ച് ടാപ്പ് ഇടുക
- വാർഡ് X-ൽ പനവിള, കരിക്കത്തി കുഴി പൈപ്പുലൈൻസ്ഥാപിച്ച് ടാപ്പ് ഇടുക.
- വാർഡ് XII-ൽ വട്ടവിള, കിടാരക്കുഴി ഭാഗങ്ങളിൽ ലൈൻ സ്ഥാപിച്ച് ടാപ്പുകൾ സ്ഥാപിക്കുക.


VIZHINJAM PANCHAYAT
DEPTH TO WATER TABLE
0 250 500 750 1000 Metres(1K·M)
INDEX
DEPTH IN METERS
> 40
30 — 40
20 — 30
10 — 20
5 — 10
<5

- വാർഡ് V-ൽ ഠൗൺഷിപ്പ്ഭാഗത്തും, തീരദേശ ഭാഗത്തും പുതിയ ലൈൻ സ്ഥാപിച്ചു ടാപ്പ് ഇടുക.
- വാർഡ് I-ൽ മേലെ അമ്പലത്തിൽ മുസ്ലീം കോളനിയിലും, നീലകണ്ഠാ മെമ്മോറിയൽ കോളനിയിലും, വട്ടവിള, മൊട്ടവിള വരെയും പൈപ്പ്ലൈൻ സ്ഥാപിച്ച് ടാപ്പ് ഇടുക.
- വാർഡ് XIII-ൽ കരയടിവിള, വട്ടവിള, തോട്ടുമുക്ക്, കൈതവിളാകം IHDP കോളനി, ദേവനിവിളാകം, പിച്ചോട്ടു കോണം, ചിറയ്ക്കോട് കുളം, നടപ്പാത, ഭഗവതിക്ഷേത്രം, പിച്ചോട്ടു കോണം, മുക്കോല, മുടുപാറവിള, പൈപ്പു ലൈൻ സ്ഥാപിച്ച് ടാപ്പ് ഇടുക.
- വാർഡ് III-ൽ വലിയപറമ്പ്, ലബ്ബവിളാകം, വലിയവിളാകം, ഹാർബർറോഡ്, മേൽവിളാകം, പഴയപള്ളി, മതിപ്പുറം, പുളിമൂട്ടുവിളാകം, താഴെവീട്ടുവിളാകം, പൈപ്പ്ലൈൻ സ്ഥാപിച്ച് ടാപ്പ് ഇടുക.
- വാർഡ് XI- തലയ്ക്കോട് ശ്രീകൃഷ്ണ സ്വാമിക്ഷേത്രം വാലൻവിള ലക്ഷംവീടു കോളനി വരെ പൈപ്പ് ലൈൻ സ്ഥാപിച്ച് ടാപ്പ് ഇടുക.
- വാർഡ് XI-ൽ മുക്കോല കാഞ്ഞിരംവിള ലക്ഷംവീടു കോളനി. നെല്ലികുന്ന് ബീച്ച് റോഡിൽ കടപ്പുറം വരെ, നെല്ലികുന്ന് പനവിള കോട് വരെ പൈപ്പ്ലൈൻ സ്ഥാപിച്ച് ടാപ്പ് ഇടുക.
- വാർഡ് VIII-ൽ ഒന്നാംവിള, ചരുവിള, കരുമ്പള്ളിക്കര, ഫിലോമിനപള്ളി, ഇവിടങ്ങളിൽ പൈപ്പുലൈൻ സ്ഥാപിച്ച് ടാപ്പ് ഇടുക.

## പൊതുജനാരോഗ്യം

വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിലെ ഏകദേശം 65% ഭവനങ്ങൾക്കും കക്കൂസ്സ് ഉണ്ട്. എന്നാൽ തീരദേശ വാർഡുകളിൽ കക്കൂസ്സ് കുറവാണ്. ചപ്പ് ചവറുകൾ പൊതു സ്ഥലങ്ങളിൽ ഓടകളിലും കൂട്ടിയിട്ടുന്ന പ്രവണത കണ്ടുവരുന്നു. വെങ്ങാനൂർ പഞ്ചായത്ത് അതിർത്തിയിൽ സ്ഥിതി ചെയ്യുന്ന വിഴിഞ്ഞം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ സേവനമാണ് അടുത്തകാലംവരെ വിഴിഞ്ഞം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിച്ചുകൊണ്ടിരുന്നത്. മുക്കോലയിൽ 1996ൽ പ്രവർത്തനം ആരംഭിച്ച പ്രൈമറി ഹെൽത്ത് സെന്ററാണ് പഞ്ചായത്തിന്റെ അധീനതയിൽ വരുന്നത്. 22 സ്വകാര്യ ചികിത്സാകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. വാർഡ്-ൽ XII വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഒരു ഹോമിയോ ആശുപത്രിയുണ്ട്. വാർഡ് VII-ൽ ഒരു മിഡ്വൈഫ് സെന്ററും വാർഡ് IX-ൽ ഒരു സബ്സെന്ററും ഉണ്ട്.

പഞ്ചായത്ത് പ്രദേശത്ത് ആലോപതി, അയുർവേദം, ഹോമിയോ, സിദ്ധ, നാട്ടുചികിത്സാകേന്ദ്രങ്ങൾ നിരവധിയുണ്ട്. പൊതുജനങ്ങൾ എല്ലാ ചികിത്സാ രീതികളും ഉപയോഗപെടുത്താറുണ്ട്.

വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിലെ ജനന നിരക്ക് 7.2 ഉം പൊതു മരണ നിരക്ക് 4.2 ഉം ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെ കുറവാണ്. ഗർഭിണികളുടെ മരണവും ചാപിള്ള ജനനവും അപൂർവ്വമാണെങ്കിലും ശിശു മരണ നിരക്ക് 38.8 ആണ്. ഇത് സംസ്ഥാന ശരാശരിയെക്കാൾ വളരെ കൂടുതലാണ്. കുട്ടികളിൽ മിതമായ പോഷ

***വിഴിഞ്ഞം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് 1995-ൽ നടത്തിയ സർവ്വേ പ്രകാരം 639 അംഗ വൈകല്യം ബാധിച്ചവരുണ്ടെന്നു കണ്ടെത്തി പ്രായഘടന അനുസരിച്ച് വൈകല്യമുള്ളവരുടെ വിവരം ചുവടെ ചേർക്കുന്നു.***

| 10 വയസ്സു വരെയുള്ളവർ | | 10-18 | | 18-25 | | 25-45 | | 45-60 | | 80- ന്മേൽ | | ആകെ | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| 37 | 34 | 73 | 47 | 28 | 14 | 79 | 76 | 88 | 61 | 90 | 12 | 395 | 244 |

ണക്കുറവ് അനുഭവപ്പെടുന്നു. കുട്ടികളുടെ പ്രായ ഘടന ആരോഗ്യ സംബന്ധമായ മറ്റു വിവര ങ്ങളും ചുവടെ ചേർക്കുന്നു.

1-2 വയസ്സുവരെ പ്രായമുള്ള കുട്ടികൾ - 844

2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ -1118

3-5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ -2557

പഞ്ചായത്തിലെ ആകെ ഗർഭിണികളുടെ എണ്ണം -327

ഇവയിൽ പ്രത്യേക പരിചരണം ആവശ്യമുള്ളവരുടെ എണ്ണം -104

മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം -357

1995-'96 വർഷത്തെ ആകെ ജനനം -309

1995-'96 ചാപ്പിള്ള ജനനങ്ങൾ -1

1995-'96 ഒരു വയസ്സിന് താഴെ മരിച്ച കുട്ടികളുടെ എണ്ണം -12

1-3 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം -17

3-6 വയസ്സുവരെ മരിച്ച കുട്ടികളുടെ എണ്ണം -24

ഗർഭ സംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീക ളുടെ എണ്ണം ഇല്ല

1995-'96 ലെ മറ്റു മരണങ്ങളുടെ എണ്ണം -129

അതിസാരം, ചെങ്കണ്ണ്, വയറൽഫിവർ, വാത രോഗം, മലമ്പനി തുടങ്ങിയവയാണ് സാധാരണ യായി കണ്ടുവരുന്ന രോഗങ്ങൾ. ആശുപത്രി റിക്കാർഡുകൾ പ്രകാരം കൂടുതൽ ആളുകളും ജലജന്യ രോഗങ്ങളും വായുജന്യരോഗങ്ങളു മായാണ് ആശുപത്രികളെ സമീപിക്കുന്നത്. ഇതിൽ നിന്നും ലഭിക്കുന്ന കുടിവെള്ളം ശുദ്ധമല്ലായെന്നും പരിസര ശുചീകരണം കുറവാണെന്നും മനസ്സി ലാക്കാം. മഴക്കാലത്തെ തീരദേശ വാർഡുകളിൽ അതിസാരം പടർന്നു പിടിക്കാറുണ്ട്. ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ ആരോഗ്യ പ്രവർ ത്തകരോടൊപ്പം F.E.C പ്രവർത്തകരായും M.S.S പ്രവർത്തകരായും നിരവധി സ്ത്രീകൾ പ്രവർത്തി ക്കുന്നുണ്ട്.

## പ്രധാന പ്രശ്നങ്ങൾ

റോഡുകളും പൊതുനിരത്തുകളും വൃത്തി യാക്കുന്നില്ല.

കക്കൂസുകൾ ഇല്ലാത്ത ധാരാളം വീടുകൾ ഉണ്ട്. തീരദേശ വാർഡുകളിൽ മാലിന്യങ്ങൾ നീക്കം ചെയ്യാറില്ല, ചപ്പുചവറുകൾ നിക്ഷേപിക്കുന്നതിന് സംവിധാനം ഇല്ല.

സബ് സെന്ററുകൾ വളരെ കുറവാണ്.

കോവളത്ത് ടൂറിസ്റ്റുകൾക്ക് വൈദ്യസഹായം വേണ്ടത്ര ലഭിക്കുന്നില്ല.

കോവളത്ത് റസ്റ്റോറന്റുകളിൽ നിന്നുമുള്ള വേസ്റ്റുകൾ കുമിഞ്ഞുകൂടി ചീഞ്ഞു നാറുന്നു.

കോവളത്ത് ടൂറിസ്റ്റുകൾക്ക് ആവശ്യമായ പൊതു കക്കൂസുകൾ ഇല്ല.

തീരദേശ വാർഡുകളിൽ പ്രതിരോധ കുത്തി വയ്പുകൾ നടത്താറില്ല.

തീരദേശ വാർഡുകളിൽ പകർച്ചവ്യാധികൾ ഉണ്ടാ കാറുണ്ട്.

മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനിട യിൽ പരിക്കുകളും, ചതവുകളും പറ്റുന്നു, ആയുർ വേദ ചികിത്സ ലഭ്യമല്ല.

അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഐസ് പ്ലാന്റുകളും, മത്സ്യ സംസ്കരണ സ്ഥാപനങ്ങളും പുറത്തുവിടുന്ന മലിനജലം പരിസര മലിനീകരണം സൃഷ്ടിക്കുന്നു.

പല വാർഡുകളിലും പേപ്പട്ടി ശല്യം ഉണ്ട്.

മുക്കോലയിലെ പ്രൈമറി ഹെൽത്ത് സെന്ററിൽ സ്ഥിരമായി ഡോക്ടർ ഇല്ല. ആശുപത്രി കുറച്ചു സമയം മാത്രം പ്രവർത്തിക്കുന്നു.

നെല്ലികുന്ന് കടപ്പുറത്ത് ചിപ്പിയുടെ അവശിഷ്ടം അടിഞ്ഞു കൂടുന്നു.

കുടുംബക്ഷേമ പ്രവർത്തകർ ഗൃഹ സന്ദർശനം നടത്താറില്ല.

XII-ാം വാർഡിൽ പ്രവർത്തിക്കുന്ന ഹോമിയോ ആശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുക, വെങ്ങാനൂർ, മുക്കോല, കിടാരക്കുഴി തെന്നൂർ ക്കോണം കേന്ദ്രങ്ങളിൽ റോഡ് ശുചീകരണം നടത്താറില്ല.

വെങ്ങാനൂർ, വിഴിഞ്ഞം മാർക്കറ്റുകളിൽ ചപ്പു ചവറുകളും മാലിന്യങ്ങളും കൂടിക്കിടന്ന് പരിസരം മലിനമാക്കുന്നു.

സർക്കാർ ആശുപത്രികളിൽ അത്യാവശ്യ മരുന്നു കൾ പോലും ലഭ്യമല്ല.

കിണറുകൾ വൃത്തിയാക്കാൻ ബ്ലീച്ചിംഗ് പൗഡർ ലഭ്യമല്ല.

വിഴിഞ്ഞം തെരുവിലെയും, ജംഗ്ഷനിലെയും ഓടകൾ മലിനമാണ്. ചപ്പുചവറുകൾ നിറഞ്ഞു കിടക്കുന്നു. ഓടകൾ മൂടപ്പെട്ടിരിക്കുന്നു. മഴ ക്കാലത്തെ വെള്ളം റോഡിലൂടെ പായുന്നു.

വിഴിഞ്ഞം FTC യുടെ ഭാഗത്തും, ചന്തയുടെ ഭാഗത്തും, കോട്ടപ്പുറത്തും കിണറിനോടനുബന്ധി ച്ചുള്ള ഓടയിലും വെള്ളം കെട്ടികിടന്ന് കൊതുകു ശല്യം ഉണ്ടാക്കുന്നു. ഈ ഭാഗങ്ങൾ ശുചീകരി ക്കാറില്ല.

കൊട്ടപ്പുറം വാട്ടർടാങ്കിന്റെ ചുറ്റും മലമൂത്ര വിസർജ്ജനം നടത്തുന്നു.

കരിമ്പള്ളിക്കര, കോട്ടപ്പുറം ചർച്ച് ഭാഗം, പള്ളിത്തുറ ഇവിടങ്ങളിൽ ജനങ്ങൾ തിക്കി പാർക്കുന്നതിനാൽ കക്കൂസുകൾ നിർമ്മിക്കാൻ കഴിയുന്നില്ല.

# ആരോഗ്യ രംഗത്തെ സർക്കാർ സ്ഥാപനങ്ങൾ

| SL NO | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | സ്ഥാപനപരമായ പ്രശ്നങ്ങൾ |
|---|---|---|---|---|---|---|
| 1 | വിഴിഞ്ഞം പ്രൈമറി ഹെൽത്ത് സെന്റർ (ന്യൂ മുക്കോല) | പ്രാഥമിക ആരോഗ്യ കേന്ദ്രം അലോപ്പതി (സർക്കാർ) | സ്വന്തം | 6 | 1996 | കെട്ടിടം ഫർണിച്ചർ ഉദ്യോഗസ്ഥർ എന്നിവയുടെ കുറവ് അനുഭവപ്പെടുന്നു. |
| 2 | ഗവ:ഹോമിയോ ഡിസ്പൻസറി വിഴിഞ്ഞം | ഹോമിയോ | വാടക | 4 | | കെട്ടിടം ഫർണിച്ചർ എന്നിവയുടെ കുറവ് അനുഭവപ്പെടുന്നു. |
| 3 | മിഡ്‌വൈഫ് സെന്റർ കോട്ടപ്പുറം വിഴിഞ്ഞം | പൊതു ജനാരോഗ്യ കേന്ദ്രം | | | | |
| 4 | സബ് സെന്റർ മുല്ലൂർ | | | | | |

# ആരോഗ്യ രംഗത്തെ സ്വകാര്യ സ്ഥാപനങ്ങൾ

| SL NO | സ്ഥാപനത്തിന്റെ പേര് | ഇനം | കെട്ടിടം സ്വന്തം/ വാടക | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിച്ച വർഷം | |
|---|---|---|---|---|---|---|
| 1. | റോയൽ ദന്താശുപത്രി | അലോപ്പതി | വാടക | 1 | 1985 | |
| 2. | ആരോഗ്യമാതാ കായ സിദ്ധമർമ്മ വൈദ്യശാല | സിദ്ധ | വാടക | 3 | 1994 | |
| 3 | വി.വി.ആശുപത്രി | അലോപ്പതി | വാടക | 8 | 1994 | |
| 4 | ജി.പി.ആശുപത്രി | ആയുർവേദം | വാടക | 2 | 1991 | |
| 5 | ശ്രീകുമാർ കായസിദ്ധ മർമ്മ വൈദ്യശാല തെന്നൂർക്കോണം | സിദ്ധ | വാടക | 3 | 1994 | |
| 6 | ആർ.കെ.ഹോമിയോ ക്ലിനിക്ക് | ഹോമിയോ | വാടക | 1 | 1995 | |
| 7 | ഗീതാഞ്ജലി ആശുപത്രി | അലോപ്പതി | സ്വന്തം | 5 | 1993 | |
| 8 | ദേവിക്ലിനിക്ക് | അലോപ്പതി | വാടക | 1 | 1991 | |
| 9 | എഡിസൻസ് സിദ്ധ വൈദ്യശാല പന നിന്നവിള | സിദ്ധ | വാടക | 2 | 1995 | |
| 10 | ശ്രീഭാർഗ്ഗവ വിലാസം വൈദ്യശാല | ആയുർവേദം | സ്വന്തം | 1 | 1989 | |
| 11 | ഭാർഗ്ഗവ വിലാസം വൈദ്യശാല പയറുംമൂട് | ആയുർവേദം | സ്വന്തം | 5 | 1980 | |
| 12 | തോളൂർ ആര്യവൈദ്യ ശാല, വിഴിഞ്ഞം | അലോപ്പതി | വാടക | 1 | 1995 | |
| 13 | സുധാ വിലാസം സിദ്ധ മർമ്മ ചികിത്സാലയം | സിദ്ധ | വാടക | 1 | 1958 | |
| 14 | എൻഗുരു സിദ്ധ മർമ്മ ചികിത്സാലയം ടൗൺഷിപ്പ് | സിദ്ധ | വാടക | 1 | 1996 | |
| 15 | ഷിഹ ഹോമിയോ ക്ലിനിക്ക് ടൗൺഷിപ്പ് | ഹോമിയോ | വാടക | 1 | 1995 | |
| 16 | ഗാന്ധി സ്മാരക കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, വെങ്ങാനൂർ | അലോപ്പതി | സ്വന്തം | 8 | 1975 | |
| 17 | ലാൽ ഹോസ്പിറ്റൽ വെങ്ങാനൂർ | അലോപ്പതി | സ്വന്തം | 3 | 1995 | |
| 18 | ദന്താശുപത്രി തിയേറ്റർ ജംഗ്ഷൻ | അലോപ്പതി | വാടക | 1 | 1991 | |
| 19 | ശ്രീകൃഷ്ണ ഹോസ്പിറ്റൽ വിഴിഞ്ഞം | അലോപ്പതി | വാടക | 4 | 1980 | |
| 20 | എ.ആർ. ചാരിറ്റബിൾ ഹോസ്പിറ്റൽ,വിഴിഞ്ഞം | അലോപ്പതി | വാടക | 5 | 1987 | |
| 21 | ഷാരോൺ ഹോമിയോ ക്ലിനിക്ക് | ഹോമിയോ | വാടക | 1 | 1990 | |
| 22 | ഉപാസന ഹോസ്പിറ്റൽ കോവളം | അലോപ്പതി | വാടക | 2 | | |

ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ എന്നിവയുടെ പരിസരവും, പാചകപ്പുരകളും മാലിന്യങ്ങളും രോഗാണുക്കളും നിറഞ്ഞതാണ്. ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്ന പ്രവണത ഉണ്ട്.

## സാധ്യതകൾ/ പരിഹാര നിർദ്ദേശങ്ങൾ

റോഡുകളും പൊതു നിരത്തുകളും, ഓടകളും കൃത്യമായി ശുചീകരണം നടത്താൻ പഞ്ചായത്ത് നടപടികൾ സ്വീകരിക്കുക. ക്ലീൻ സിറ്റി ഗ്രീൻസിറ്റി പോലുള്ള പരിപാടികൾ പൊതുജനപങ്കാളിത്വത്തോടെ നടപ്പാക്കുക.

കക്കൂസ് ഇല്ലാത്ത നിർദ്ധനങ്ങൾക്ക് കക്കൂസ് നിർമ്മിച്ചു നൽകുക, മറ്റുള്ളവർക്ക് കക്കൂസ് നിർമ്മാണത്തിന് ലോൺ സൗകര്യം ഏർപ്പെടുത്തുക.

തീരദേശ വാർഡുകളിൽ പത്തുവീടിന് ഒരു ഡസ്റ്റ് ബിൻ എന്ന രീതിയിലും മറ്റ് പൊതു സ്ഥലങ്ങളിലും ഡസ്റ്റ് ബിൻ സ്ഥാപിക്കുക. അവയിൽ നിന്നും കൃത്യമായി മാലിന്യങ്ങൾ നീക്കം ചെയ്യുക.എല്ലാ വാർഡുകളിലും സബ് സെന്ററുകൾസ്ഥാപിക്കുക.

കോവളത്ത് ട്യൂറിസ്റ്റുകൾക്കായി പൊതു കക്കൂസുകൾ സ്ഥാപിച്ച് നല്ല രീതിയിൽ പരിപാലിക്കുനുള്ള നടപടി ഉണ്ടാക്കുക.

നിലവിലുള്ള ആരോഗ്യ പ്രവർത്തകരെ ഉപയോഗപ്പെടുത്തി പ്രതിരോധ കുത്തിവെയ്പ്പുകൾനടത്തുകയും. തീരദേശ വാർഡുകളിൽ പകർച്ചവ്യാധികൾ തടയുന്നതിനുള്ള മാർഗ്ഗങ്ങൾ പഠിപ്പിക്കയും ചെയ്യുക.

മത്സ്യത്തൊഴിലാളികൾക്കായി ഒരു ആയുർവേദാശുപത്രി സ്ഥാപിക്കുക.

ഐസ് പ്ലാന്റുകളും മത്സ്യസംസ്കരണ സ്ഥാപനങ്ങളിലെയും ലൈസൻസിംഗ് വ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുക.

അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ കാലാകാലങ്ങളിൽ നശിപ്പിക്കുക.

മുക്കോല പ്രൈമറി ഹെൽത്ത് സെന്റർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കുക, വാർഡ് പണിത്, കിടക്കകൾ നിർമ്മിച്ച്, 24 മണിക്കൂറും പ്രവർത്ത നമുള്ളതാക്കുക, ഡോക്ടറുടെ സേവനം എല്ലാ സമയത്തും ലഭ്യമാക്കുക. ആശുപത്രിക്കു വേണ്ടുന്ന ഫർണിച്ചർ, വെള്ളം, വെളിച്ചം, ആവശ്യ മരുന്നുകൾ ഇവ പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കുക.

സർക്കാർ ആശുപത്രികളെ ധർമ്മാശുപത്രികളാക്കി മാറ്റുക. പ്രൈവറ്റ് മാർക്കറ്റുകളിലെ ലൈസൻസിംഗ് വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പു വരുത്തുക. കിണറുകൾ കാലാകാലങ്ങളിൽ ബ്ലീച്ചിംഗ് നടത്തി, ശുദ്ധജലമാണെന്ന് ഉറപ്പു വരുത്തുക, ബ്ലീച്ചിംഗ് പൗഡർ ലഭ്യമാക്കുക, കിണറുകൾക്ക് അടപ്പ് നിർബന്ധമാക്കുക, പെപ്പു വെള്ളവും ശുദ്ധമാണെന്ന് ഉറപ്പു വരുത്തുക. ഓടകൾ കൃത്യമായി മെയിൻറൻസ് ചെയ്ത് സ്ലാബിടുക, റോഡിലും ഓടകളിലും മാലിന്യങ്ങൾ കൊണ്ടിടുന്ന ഹോട്ടലുകളെയും മറ്റുള്ളവരെയും കർശനമായി നേരിടുക. ഓടകൾ മൂടുന്ന രീതിയിലുള്ള മതിൽ നിർമ്മാണവും, മറ്റു നിർമ്മാണ പ്രവർത്തനങ്ങളും കർശനമായി തടയുക.

കൊതുകു നിവാരണ മാർഗ്ഗങ്ങൾ കൃത്യമായി നടത്തുക.

പൊതു സ്ഥലങ്ങളിലെ മലമൂത്ര വിസർജ്ജന നിരുത്സാഹപ്പെടുത്തുക

തീരദേശവാർഡുകളിൽ കരിമ്പള്ളിക്കര, കോട്ടപ്പുറം ചർച്ച്, പള്ളിത്തുറ, തുലവിള ഭാഗങ്ങളിൽ അനുയോജ്യമായ സ്ഥലത്ത് പൊതുജനപങ്കാളിത്തത്തോടെയും, മറ്റു സംഘടനകളുടെ സഹകരണത്തോടെയും പൊതു കക്കൂസുകളും സ്ഥാപിക്കുക അവ നല്ല രീതിയിൽ പരിപാലിക്കുന്നതിന് അവരെ തന്നെ ചുമതലപ്പെടുത്തുക.

ഹോട്ടലുകൾ, റസ്റ്റോറന്റുകൾ ഇവയുടെ ലൈസൻസിംഗ് വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുക. ആരോഗ്യ വകുപ്പു ഉദ്യോഗസ്ഥൻമാരുടെ സേവനം ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ നിന്നും മിന്നൽ പരിശോധന നടത്തി ആരോഗ്യ സംബന്ധമായ വ്യവസ്ഥകൾ പാലിക്കാത്തതും ലൈസൻസ് ഇല്ലാത്തതുമായ ഹോട്ടലുകളും, റസ്റ്റാറന്റുകളും അടച്ചു പൂട്ടുക. ഇവർക്കെതിരെ നിയമ നടപടി സ്വീകരിക്കുക.

ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് തടയുന്നതിനുള്ള പരിശോധനാ സമ്പ്രദായം ശക്തിപ്പെടുത്തുക. പിടിക്കപ്പെടുന്ന കേസ്സുകൾ നിയമ നടപടിക്ക് വിധേയമാക്കുക.

FEC, MSS പ്രവർത്തകർക്ക് സേവനം മാനിച്ച് പ്രോത്സാഹനം നൽകുക.

ഹോമിയോ ആശുപത്രിക്ക് സ്വന്തം കെട്ടിടം നിർമ്മിച്ചു നൽകുക.

പ്രധാന ജംഗ്ഷനുകൾ കൃത്യമായി ശുചീകരണം നടത്താൻ പഞ്ചായത്ത് ശുചീകരണ പ്രവർത്തകരെ നിയോഗിക്കുക. അറവുശാലകളിലെ വേസ്റ്റുകൾ കുഴിച്ചുമൂടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.

## വ്യവസായം:

അറബിക്കടലിന്റെ മടിത്തട്ടിൽ ഉറങ്ങി ഉണർന്ന്, വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന വിഴിഞ്ഞം ഗ്രാമം വ്യാവസായിക വികസന രംഗത്ത് ഇന്നും ശൈശവാവസ്ഥയിലാണ്. ഈ വ്യവസായിക ശിശുവിന്റെ ആരോഗ്യകരമായ വളർച്ച ഉറപ്പുവരുത്തണമെങ്കിൽ നാം ഉണർവ്വോടെ ഒത്തൊരുമിച്ച് പ്രവർത്തിച്ചേതീരൂ. ചരിത്ര

മുറങ്ങുന്ന ഈ ഗ്രാമം രണ്ടുമൂന്നു ദശാബ്ദ ങ്ങൾക്കപ്പുറം ആയ് രാജ വംശത്തിന്റെ തല സ്ഥാനവും വ്യവസായ, വാണിജ്യ കേന്ദ്രവു മായിരുന്നുവെന്നത് ഒരു ചരിത്രസത്യം മാത്രം.

അതിദ്രുതമായ വികസനത്തിനായി ദാഹിച്ചു നില്ക്കുന്ന പ്രദേശമാണ് വിഴിഞ്ഞം ഗ്രാമം. വിശാലമായ തീരദേശം (കടൽത്തീരം) ഉൾപ്പെട്ട ഈ മേഖലയിലാണ് അന്താരാഷ്ട്ര പ്രശസ്തമായ കോവളം ടൂറിസ്റ്റ് കേന്ദ്രം സ്ഥിതി ചെയ്യുന്നത്. കൂടാതെ നിർമ്മാണം പുരോഗമി യ്ക്കുകയും അന്തിമഘട്ടത്തിലേക്കു നീങ്ങിക്കൊ ണ്ടിരിക്കുന്നതുമായ വിഴിഞ്ഞം മത്സ്യബന്ധന തുറമുഖവും ഇവിടെത്തന്നെയാണ്. വ്യാവസാ യിക വികസനത്തിന് ആവശ്യമായ പ്രകൃതി ദത്തമായ സൗകര്യങ്ങളും, വിഭവശേഷിയും (മനുഷ്യവിഭവം ഉൾപ്പെടെ) കൊണ്ട് സമ്പുഷ്ടവും അനുഗ്രഹീത വുമായ ഈ പ്രദേശത്തിന്റെ വ്യാവസായിക വളർച്ചയെ ത്വരിതിപ്പിയ്ക്കേണ്ടത് ഒരു ജനകീയ ആവശ്യമാണ്. കേരളത്തിന്റെ വ്യാവസായി ഭൂപടത്തിൽ സ്ഥായിയായ ഒരു സ്ഥാനം നേടിയെടുക്കേണ്ടതിനായി നമുക്ക് കൂട്ടായി യത്നിക്കാം.

1991- ലെ കാനേഷ്മാരിക്കണക്കനുസ രിച്ച് വ്യവസായ മേഖലയിൽ മൊത്തം 960 പേർ തൊഴിൽ ചെയ്യുന്നു. ഇതിൽ കുടിൽ വ്യവസായ രംഗത്ത് 171 ആണുങ്ങളും 105 സ്ത്രീകളും, കുടിൽ വ്യവസായം അല്ലാത്തവയിൽ 490 പുരുഷന്മാരും 194 സ്ത്രീകളും പണി യെടുക്കുന്നു. പക്ഷേ, ഇപ്പോഴത്തെ സ്ഥിതി യനുസരിച്ച് വ്യവസായത്തൊഴിലാളികളുടെ എണ്ണത്തിൽ തുലോം വർദ്ധനവ് ഉണ്ടായിട്ടു ണ്ടെന്നു മനസ്സിലാക്കാവുന്നതാണ്. പഞ്ചാ യത്തിലേയും മറ്റു മാർഗ്ഗങ്ങളിലൂടെ ശേഖരിച്ച സ്ഥിതി വിവരക്കണക്കുകളിൽ നിന്നും ഇത് വ്യക്തമാണ്. വേതന സേവന വ്യവസ്ഥക ളിലും പുരോഗതി വന്നിട്ടുണ്ട്.

വികസന സാദ്ധ്യതകൾ അനവധി ഉണ്ടെങ്കിലും ഇപ്പോഴും ഈ പ്രദേശം വ്യാവസാ യികമായി വളരെ പിന്നോക്കം തന്നെയാണ്. പൊതു മേഖലാ വ്യവസായരംഗം പരിശോധി ച്ചാൽ ഇവിടെ നിലവിലുള്ള ഏകസ്ഥാപനം, തീര പ്രദേശത്തോട് തൊട്ടു സ്ഥിതി ചെയ്യുന്ന K.S.R.T.C ഡിപ്പോയാണ്. ഇവിടെ 350 ജീവന ക്കാർ പണിയെടുക്കുന്നു. ഇതിൽ 200-റോളം ജീവനക്കാർ വിഴിഞ്ഞത്തും സമീപ പ്രദേശ ങ്ങളിലുമായി സ്ഥിരതാമസക്കാരാണ്.

കൈത്തറി വ്യവസായ രംഗത്ത് ഏഴ് (7) കൈത്തറി വ്യവസായ സഹകരണ സംഘങ്ങൾ പ്രവർത്തിയ്ക്കുന്നു. ഇവയിൽ ഒന്നുരണ്ടെണ്ണം കടലാസ് സംഘടനകളാണെ ങ്കിലും ബാക്കിയുള്ളവ പ്രവർത്തക്ഷമം തന്നെയാണ്. ഇവയിലെല്ലാമായി 200-ൽപരം തൊഴിലാളികൾ ഉപജീവനം നടത്തുന്നു.

നാല് (4) ക്ഷീര വ്യവസായ സഹകരണ സംഘങ്ങളും പ്രവർത്തിക്കുന്നു. 20 ആളുകൾ നേരിട്ടും നൂറോളം കുടുംബങ്ങൾ പരോക്ഷ മായും ജീവിതമാർഗ്ഗം കണ്ടെത്തുന്നു. പാൽ ശേഖരിച്ച് വികരണം നടത്തുന്ന പ്രസ്തുത വ്യവസായ സഹകരണ സംഘങ്ങൾക്ക് ഈ മേഖലയിൽ ഇനിയും കൂടുതൽ കാര്യക്ഷമമായും വിപുലമായും പ്രവർത്തിയ്ക്കുവാൻ സാദ്ധ്യതകൾ ഉണ്ട്.

സ്വകാര്യ ഉടമയിലുള്ള അനവധി ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തി ച്ചുവരുന്നു. ഇവയിൽ മൂന്നു (3) തടിയറുപ്പു മില്ലുകളും, ഒൻപത് (9) എണ്ണയാട്ടു മില്ലുകളും നാല് (4) വെൽഡിംഗ് വർക്ക് ഷാപ്പുകളും, നാല് (4) ടൂവീലർ വർക്ക് ഷാപ്പുകളും എട്ട് (8) വള്ളം നിർമ്മാണ യൂണിറ്റുകളും, അഞ്ച് (5) ഔട്ട്ബോർഡ് എഞ്ചിൻ റിപ്പയറിംഗ് യൂണിറ്റു കളും മൂന്നു (3) തടി കടച്ചിൽ യൂണിറ്റുകളും, അഞ്ച് (5) അച്ചടി ശാലകളും, അഞ്ച് (5) ഐസ് പ്ലാന്റുകളും അഞ്ച് (5) കല്യാണ മണ്ഡ പങ്ങളും രണ്ട് (2) സിനിമാ തിയേറ്ററുകളും ഒരു വിധം നന്നായി പ്രവർത്തിക്കുന്നു. രണ്ടു പവ്വർ മില്ലുകൾ ഉണ്ടായിരുന്നവയിൽ ഒന്നു മാത്രമേ ഇപ്പോൾ പ്രവർത്തിയ്ക്കുന്നുള്ളൂ. രണ്ടു (2) മീൻ കച്ചവട സ്ഥാപനങ്ങളും നിലവിലുണ്ട്. ഇവിയിലെല്ലാമായി 200-ൽപരം ആളുകൾ തൊഴിൽ ചെയ്യുന്നു.

കൂടാതെ കല്ലുവെട്ടാൻ കുഴി കേന്ദ്രീകരിച്ച് വിഴിഞ്ഞം പള്ളിച്ചൽ റോഡിനരുകിലായി അടുത്തടുത്ത് രണ്ടു വലിയ സ്വകാര്യ നെല്ലു കുത്തു മില്ലുകൾ ഒപ്പം അരി മൊത്തക്കച്ചവട സ്ഥാപനങ്ങളും പ്രവർത്തിച്ചു വരുന്നു. ഇവ യിൽ 20-ൽ അധികം തൊഴിലാളികൾ പണി യെടുക്കുന്നു.

വിഴിഞ്ഞം പഞ്ചായത്ത് ഓഫീസിനു അല്പം മുകളിലായി വിഴിഞ്ഞം തിരുവനന്തപുരം റോഡിനു അഭിമുഖമായി സ്ഥിതി ചെയ്യുന്ന ആബാദ്എന്റർപ്രൈസസ് എന്ന സ്ഥാപനം വികസിച്ചു കൊണ്ടിരിക്കുന്ന സാമാന്യം ഭേദ പ്പെട്ട ഒരു സ്വകാര്യ മത്സ്യസംഭരണ, സംസ് ക്കരണ കയറ്റുമതി വ്യവസായ സ്ഥാപനമാണ്. ഈ സ്ഥാപനത്തിൽ മത്സ്യ സംഭരണത്തിനും സംസ്ക്കരണത്തിനുമായ 100-ൽ അധികം തൊഴിലാളികൾ ദിവസകൂലിക്ക് പണിയെ ടുക്കുന്നു. പരിസ്ഥിതി മലിനീകരണം ഇവിടെ ഒരു പ്രശ്നമാണ്. ഇത് പരിഹരിക്കുന്നതിന് ശാശ്വ തമായ നിവാരണ മാർഗ്ഗങ്ങൾ ഉണ്ടാക്കണം.

കിടാരക്കുഴിയിൽ ഇരുമ്പുവല നിർമ്മി ക്കുന്ന ബൈജു എന്റർ പ്രൈസസ് എന്നൊരു സ്ഥാപനവും പ്രവർത്തിക്കുന്നുണ്ട്. 25-ൽ അധികം ആളുകൾ അവിടെ സ്ഥിരമായി ജോലി ചെയ്യുന്നു. വളരെയധികം വികസന സാദ്ധ്യത കളും തൊഴിൽ അവസരങ്ങൾ ലഭ്യതയും ഉള്ള

ഈ സ്ഥാപനം വിപുലീകരിക്കേണ്ടതാണ്.

തെന്നൂർക്കോണത്ത് ഖാദിബോർഡിന്റെ കീഴിലുള്ള ഒരു നെയ്ത്ത്ശാലയും വിമൻസ് ഇൻഡസ്ട്രിയൽ ട്രെയിനിംഗ് സെന്ററും നിലവിലുണ്ട്. അത് ഇപ്പോൾ പൂട്ടിക്കിടക്കുകയാണ്. അൻപതിലധികം സ്ത്രീകൾ ജോലിചെയ്തിരുന്ന ഈ സ്ഥാപനത്തിൻെറ പ്രവർത്തനം പുനസ്ഥാപിച്ച് കാര്യക്ഷമമായി നടത്താനുള്ള നടപടികൾ ഉണ്ടാക്കണം.

മുകളിൽ പ്രസ്താവിച്ചവ, കൂടാതെ ലഭ്യമായ രേഖകളും മറ്റു സ്ഥിതി വിവരക്കണക്കുകളും അനുസരിച്ച് വിഴിഞ്ഞം ഗ്രാമ പഞ്ചായത്ത് ഏരിയയിൽ 51 വ്യാപാര വ്യവസായ സ്ഥാപനങ്ങളും, 47 ഹോട്ടൽ വ്യവസായ സ്ഥാപനങ്ങളും, 67 സാധാരണ കടകളും, മറ്റു 13 കടകളും ഉൾപ്പെടെ മൊത്തം 178 സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ഇവയിലെല്ലാമായി 500-ൽ അധികം ആളുകൾ ഉപജീവനം നടത്തുന്നുണ്ട്. ഇവിയിൽ ഹോട്ടൽ വ്യവസായത്തിന് ടൂറിസം മേഖലയുമായി ബന്ധപ്പെടുത്തിയാൽ വൻമ്പിച്ച വികസന സാദ്ധ്യതകൾ തുറന്നു കിട്ടും. അതുപോലെ മത്സ്യബന്ധന തുറമുഖം പണിപൂർത്തിയാവുമ്പോൾ മുകളിൽ പ്രസ്താവിച്ച എല്ലാത്തരം വ്യവസായങ്ങൾക്കും അനുകൂലമായ വികസന സാദ്ധ്യതകൾ വർദ്ധിക്കുന്നതായിരിക്കും.

ആദ്യം പ്രതിപാദിച്ച 15-ൽപ്പരം വ്യവസായങ്ങൾ പരിശോധിച്ചാൽ അവയെല്ലാംതന്നെ വൻപിച്ച വികസന സാദ്ധ്യതകൾ ഉള്ള വ്യത്യസ്ഥ ചെറുകിട വ്യവസായങ്ങളെ പ്രതിനിധാനം ചെയ്യുന്നുവെന്ന് മനസ്സിലാക്കാം. ചെറുകിട മേഖലയെ പ്രോത്സാഹിപ്പിച്ച് ഉല്പാദനവും ഉല്പാദന ക്ഷമതയും ഉയർത്തുന്നതിനായി ഗ്രാമതലത്തിൽ ബഹുജനങ്ങൾക്ക് മേൽക്കൈയുള്ള ഒരു ജനകീയ പ്രസ്ഥാനത്തിന് രൂപം നല്കേണ്ടതതുണ്ട്. വ്യവസായ സംരംഭകർക്ക് ഉണ്ടാക്കുന്ന (വ്യവസായ വികസനത്തിന് വിഘാതമായിരിയ്ക്കുന്ന) സാമ്പത്തിക പ്രശ്നങ്ങൾ, ബ്യൂറോക്രാറ്റിക് പ്രതിബന്ധങ്ങൾ, വ്യക്തമായ നിയമ സഹായത്തിന്റെ അഭാവം, ഇവ തരണം ചെയ്ത് വ്യവസായ വികസനം ത്വരിതപ്പെടുത്തുന്നതിന് മേൽപ്പറഞ്ഞ ജനകീയ പ്രസ്ഥാനം അല്ലെങ്കിൽ കർമ്മ സമിതികൾക്ക് കഴിയണം. എങ്കിൽ മാത്രമേ നാം ആഗ്രഹിക്കുന്ന വിധത്തിലുള്ള വ്യാവസായിക വികസനം സാദ്ധ്യമാകൂ.

ഭൂരിഭാഗം ജനങ്ങളും കൃഷിയും, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകൾ ചെയ്ത് ജീവിക്കുന്നവരാകയാൽ, കാർഷിക വിഭവങ്ങളെയും മത്സ്യ സമ്പത്തിനേയും അടിസ്ഥാനമാക്കിയുള്ള വ്യവസായങ്ങൾ കൂടുതലായി തുടങ്ങിയും, നിലവിലുള്ളവ പ്രോത്സാഹിപ്പിച്ചും, ഉല്പന്നങ്ങൾക്ക് മൂല്യ വർദ്ധന വരുത്തിയും പഞ്ചായത്തിലെ ജനങ്ങളുടെ ജീവിത നിലവാരം ഗണ്യമായി ഉയർത്താവുന്നതാണ്.

വ്യവസായങ്ങളുടെ കാര്യത്തിൽ വിഴിഞ്ഞം ഏറ്റവും പിന്നോക്കം നില്ക്കുന്ന പഞ്ചായത്തുകളിൽ ഒന്നാണ്. അഭ്യസ്ഥവിദ്യരും, വിവിധ തൊഴിലുകളിൽ പരിശീലനം നേടിയവരുമായ അനേകം പേർ ഈ പ്രദേശത്ത് തൊഴിലില്ലാത്തവരായി അലയുന്നുണ്ട്. ഈ അവസ്ഥയ്ക്ക് പരിഹാരം കാണാൻ വ്യവസായ വികസനം കൊണ്ട് കഴിയണം.

അന്താരാഷ്ട്ര ടൂറിസ്റ്റ് മേഖലയുടേയും വിഴിഞ്ഞം മത്സ്യബന്ധന തുറമുഖത്തിന്റെയും പ്രാധാന്യം കണക്കിലെടുത്ത്കൊണ്ട്, വിഴിഞ്ഞത്തിന്റെ സമഗ്രമായ വ്യാവസായിക വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നിർദ്ദേശിക്കുന്നു. വിവിധ ഗ്രാമ സഭകളുടെ ചർച്ചയിൽ നിന്നും ഉരിത്തിരിയുന്നതും, ദ്വിതീയ വിവര ശേഖരണം, ട്രാൻസെക്ട് വാക്ക് മുതലായവയിലൂടെ മനസ്സിലാക്കിയതുമായ പ്രാദേശിക സാദ്ധ്യതകൾ കണക്കിലെടുത്തു കൊണ്ടും രൂപം നല്കിയ നിർദ്ദേശങ്ങളാണ് താഴെ സമർപ്പിച്ചിരിക്കുന്നത്.

☞ പ്രമ്പരാഗത കുടിൽ വ്യവസായങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന 300-റോളം കുടുംബങ്ങൾ ഈ ഗ്രാമ പഞ്ചായത്തിലുണ്ട്. പരമ്പരാഗത തൊഴിലുകൾ പൊതുവേ ക്ഷയോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. പനയോല, കൈതയോല, എന്നിവ കൊണ്ടുള്ള പായ, വട്ടി, കുട്ട മറ്റു കൗതുക വസ്തുക്കൾ എന്നിവ ഉണ്ടാക്കുന്നവരും, ചൂരൽ ക്കൊണ്ട് വട്ടി, കുട്ട, കസേര ഇവ നിർമ്മിക്കുന്ന തൊഴിലാളികളും, സംഘടിതരല്ലാത്തതിനാലും, വൻപിച്ച വിപണന സാദ്ധ്യത കണ്ടെത്താൻ കഴിയാത്തതിനാലും അസംസ്കൃത വസ്തുക്കളായ പനയോല, കൈതയോല, ചൂരൽ ഇവ യഥാസമയം ലഭ്യമാകാത്തതിനാലും അർദ്ധ പട്ടിണിയിൽ കഴിയുകയാണ്. ഇതിനൊരു പരിഹാരം ഉണ്ടാക്കണമെങ്കിൽ ലാഭകരവും സുഗമവുമായി അസംസ്കൃത സാധനങ്ങൾ സ്വരൂപിൽ പുതിയ വിപണി കണ്ടെത്തൽ, വിപണ ശൃംഖലകൾ സൃഷ്ടിക്കൽ, ചെറിയ യന്ത്ര സംവിധാനങ്ങൾ ആവശ്യമെങ്കിൽ അവ ലഭ്യമാക്കൽ എന്നിവയ്ക്കെല്ലാമായി, പ്രത്യേക പരമ്പരാഗതത്തൊഴിലുമായി ബന്ധപ്പെട്ട കുടുംബങ്ങളുടെ കണക്കെടുത്ത് അവരെ കൂട്ടിയോജിപ്പിച്ച്, ഒരു പരമ്പരാഗത കൈത്തൊഴിൽ സഹകരണ സംഘം രൂപവല്ക്കരിയ്ക്കേണ്ടതാണ്. അങ്ങനെയായാൽ പ്രസ്തുത പരമ്പരാഗത കൈത്തൊഴിൽ സഹകരണ സംഘത്തിന് ഫലപ്രദമായി പ്രവർത്തിക്കുവാനും, ഗ്രാമ പഞ്ചായത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തിക വ്യാവസായിക വികസനത്തിന് പങ്കാളികളാകാനും സാധിയ്ക്കും. ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയ്ക്കോ, പഞ്ചായത്തു തലത്തിൽ രൂപീകരിയ്ക്കുന്ന വ്യാവസായിക വികസന സമിതിയ്ക്കോ മേൽപറഞ്ഞ വിധത്തിലുള്ള സഹകരണ സംഘം രൂപീകരിക്കുന്നതിന് മേൽനോട്ടം വഹിക്കാവുന്നതാണ്.

☞ വ്യവസായ സംരംഭകരുടെ സൗകര്യാർത്ഥം വിവിധ ചെറുകിട വ്യവസായ യൂണിറ്റുകളുടെ സമാഹാരമായ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപി

ക്കുക. ഇത് വിഴിഞ്ഞം കേന്ദ്രീകരിച്ചോ കോവളം തീരത്തുള്ള പഞ്ചായത്ത് സ്ഥലത്തിലോ സ്ഥാപിക്കാവുന്നതാണ്. അവിടെ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതോടൊപ്പം നവസംരംഭകർക്കായുള്ള പരിശീലന കേന്ദ്രവും തുടങ്ങണം.

☞ വനിതകൾക്കായി പിക്കിൾസ് നിർമ്മാണം, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ചെറുകിട പ്ലാസ്റ്റിക് ഉല്പന്നങ്ങളും കൗതുക വസ്തുക്കളും നിർമ്മിച്ച് വിപണനം ചെയ്യുന്നതിനുള്ള സഹകരണ വ്യവസായ യൂണിറ്റുകൾ ഒന്നിലധികം സ്ഥലങ്ങളിൽ സ്ഥാപിക്കുക.

☞ വെങ്ങാനൂരോ, മുക്കോലയോ കേന്ദ്രമാക്കി ഒരു കൊപ്ര സംഭരണ സംസ്ക്കരണ വ്യവസായ ശാല സ്ഥാപിക്കുക. അനുബന്ധമായി തൊണ്ടു ശേഖരണ യൂണിറ്റും, തൊണ്ടു സംസ്ക്കരിച്ച് കയർ നിർമ്മിക്കുന്നതിനുള്ള ഒരു കയർ വ്യവസായ യൂണിറ്റും സ്ഥാപിക്കുക. ഒപ്പം കയർ വിവിധ ഉല്പന്നങ്ങൾ ഉണ്ടാക്കി പ്രദർശിപ്പിച്ച് വിറ്റഴിക്കുന്നതിനുള്ള ഒരു കേന്ദ്രവും സ്ഥാപിക്കണം.

☞ കോവളം വാർഡിൽ പഞ്ചായത്ത് അധീനതയിലുള്ള കുതിരക്കുളം എന്ന സ്ഥലത്ത്, പഞ്ചായത്ത് വകയായി ഒരു ടൂറിസ്റ്റ് ബംഗ്ലാവും ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിക്കുക. അതോടൊപ്പം വിവിധ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ നിർമ്മാണ യൂണിറ്റും സ്ഥാപിക്കണം.

☞ മത്സ്യതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ താല്പര്യ സംരക്ഷണത്തിനായി ഒരു പൊതു മേഖലാ ഉടമയിൽ മത്സ്യ സംഭരണ സംസ്ക്കരണ വിപണന കയറ്റുമതി വ്യവസായ ശാല സ്ഥാപിക്കുക. കൊഞ്ച്, ചിപ്പി, കണവ ഇവ ശേഖരിച്ച് സംസ്ക്കരിച്ച് വിദേശത്ത് കയറ്റിയയച്ച് വിദേശനാണ്യം നേടുന്നതിന് ഇതുമൂലം സാധിയ്ക്കും.

☞ ഔട്ട്ബോർഡ് എഞ്ചിൻ ഘടിപ്പിച്ച് മീൻ പിടിയ്ക്കുന്ന വള്ളം നിർമ്മിയ്ക്കുന്ന ഒരു വൻകിട യൂണിറ്റ് വിഴിഞ്ഞത്ത് സ്ഥാപിക്കുക. ഒപ്പം മത്സ്യബന്ധനത്തിനാവശ്യമായ വിവിധ തരം വലകൾ, മറ്റു മീൻപിടിത്ത ഉപകരണങ്ങൾ ഇവ വൻതോതിൽ നിർമ്മിച്ച് വിതരണം ചെയ്യുന്ന തിനുള്ള ഉല്പാദന വിതരണ വ്യവസായ ശൃംഖലകൾ സ്ഥാപിക്കുക.

☞ ഗവ: ഉടമയിൽ ഒരു ബോട്ട് ബിൽഡിംഗ് യാർഡ് സ്ഥാപിക്കുക. തുറമുഖ വികസനം സാക്ഷാത്ക്കരിക്കപ്പെടുമ്പോൾ പ്രസ്തുത ബോട്ട് യാർഡ് ഒരു വൻ വ്യവസായമായി രൂപം പ്രാപിയ്ക്കുന്നതായിരിയ്ക്കും. ഒപ്പം ഒരു റിപ്പയറിംഗ് യൂണിറ്റും സ്ഥാപിക്കണം. ധാരാളം തദ്ദേശ വാസികൾക്ക് ഇത് തൊഴിലവസരങ്ങൾ ഒരുക്കിക്കൊടുക്കും.

☞ ഗവ: അധീനതയിലുള്ള ഐസ് പ്ലാന്റിന്റെ പ്രവർത്തനം പുന:രാരംഭിക്കുകയും പുതുതായി കൂടുതൽ ഐസ് പ്ലാന്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

☞ ടൂറിസം ഹോട്ടൽ മേഖലയിൽ ദിനം പ്രതി ആയിരക്കണക്കിനു കോഴിമുട്ട ഉപയോഗിക്കപ്പെടുന്നു. ഇവ ഇപ്പോൾ വിദൂരസ്ഥലങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുകയാണ് പതിവ്. ഇതിനൊരു പരിഹാരമായി, തമിഴ്നാട്ടിലെ "നാമക്കൽ" മാതൃകയിൽ കോഴി വളർത്തലിനും മുട്ട ഉല്പാദനത്തിനും, വിപണനത്തിനുമായി ഒരു വലിയ പൗൾട്രി വ്യവസായകേന്ദ്രം ആരംഭിക്കണം. കുറെയേറെപ്പേർക്കു ഉപജീവനത്തിനു തൊഴിലും, മുട്ട കയറ്റിയയച്ച് വൻമ്പിച്ച ആദായവും ഇതുമൂലം സാദ്ധ്യമാകും.

☞ ചെമ്മീൻ കൃഷിയ്ക്ക് അനുയോജ്യമായ പാടശേഖരങ്ങളും പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ നിലവിലുണ്ട്. ഈ സൗകര്യങ്ങളെ ഉപയോഗപ്പെടുത്തി ശാസ്ത്രീയമായി ചെമ്മീൻ കൃഷി ചെയ്യുന്നതിനും ആദായകരമായ വിധം ഉല്പാദനം നടത്തി സംസ്ക്കരിച്ച് വിപണനം ചെയ്യുന്നതിനുമായി ഒരു വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.

☞ എട്ടുകിലോ മീറ്ററിലധികം കടൽത്തീരമുള്ള വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിൽ, നീണ്ടു പരന്ന വിശാലമായ കടൽത്തീരങ്ങളുണ്ട്. ഇതിൽ കടയ്ക്കുളം, നെല്ലിക്കുന്ന്, കോവളം എന്നീ കടൽത്തീരങ്ങളിൽ ഏതെങ്കിലും ഭാഗത്ത് ഉപ്പളം സ്ഥാപിച്ച് വ്യാവസായികാടിസ്ഥാനത്തിൽ ഉപ്പു നിർമ്മിച്ച് വിപണനം ചെയ്യുവാനും, തത്ദ്വാരാ തദ്ദേശിയർക്ക് മെച്ചപ്പെട്ട തൊഴിലുകൾ ലഭിക്കാനും സാധിക്കും.

☞ കൈത്തറിത്തൊഴിലാളികളെ പുനരുദ്ധരിക്കുന്നതിനായി പവ്വർമില്ലുകൾ സ്ഥാപിക്കണം.

☞ വെള്ളമരം സംസ്ക്കരിച്ച് ഒരു തീപ്പെട്ടി നിർമ്മിക്കുന്ന തീപ്പെട്ടി കമ്പനി സ്ഥാപിക്കണം. ഒട്ടേറെ വനിതകൾക്ക് ഇതുമൂലം തൊഴിൽ ലഭിക്കും.

☞ മെഴുകുതിരി നിർമ്മാണം, സോപ്പു നിർമ്മാണം, റബ്ബർ ചെരുപ്പ് നിർമ്മാണം, ഇവയുടെ കുടുംബ യൂണിറ്റുകൾ സ്ഥാപിക്കണം. അവ ശേഖരിച്ച് വിപണി കണ്ടെത്തി വിറ്റഴിക്കാനുള്ള ഏജൻസികൾക്കും രൂപം നല്കണം.

☞ കെട്ടിട നിർമ്മാണ തൊഴിലാളികൾക്കായി ഹോളോ ബ്രിക്സ് നിർമ്മിച്ച് വിതരണം ചെയ്യുന്ന വ്യവസായ യൂണിറ്റ് സ്ഥാപിക്കണം.

☞ ക്ഷീര വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ക്ഷീര സംഭരണ കേന്ദ്രവും വിവിധ ക്ഷീരോല്പന്നങ്ങൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിനുമായി ഒരു ക്ഷീരോല്പന്ന വിപണന വ്യവസായ കേന്ദ്രം സ്ഥാപിക്കണം.

☞ ടൂറിസം മേഖലയിൽ വിറ്റഴിക്കുന്നതിനായി പര്യാപ്തമായ വിധം ആകർഷകങ്ങളായ കരകൗശല വസ്തുക്കളും, ഇതര കൗതുക വസ്തുക്കളും

ദന്തങ്ങളും, തടിയും ഉപയോഗിച്ചുള്ളവ) നിർമ്മിച്ച് വിറ്റഴിക്കുന്നതിനായുള്ള ഉല്പാദക, വിപണന കേന്ദ്രം സ്ഥാപിക്കുക.

☞ സ്വർണ്ണ തൊഴിലാളികൾക്കായി സ്വർണ്ണം, മുത്ത്, പവിഴം, വെള്ളി ഇവ ഉപയോഗിച്ച് വിവിധ തരം ആഭരണങ്ങളും, കൗതുക വസ്തുക്കളും നിർമ്മിച്ച് ടൂറിസ്റ്റ് മേഖലയിൽ വിറ്റഴിക്കുന്നതിനായി ഒരു സ്വർണ്ണത്തൊഴിലാളി സഹകരണ സംഘം ഉപകരണങ്ങളും മെഷീനുകളും വാങ്ങുന്നതിന് വായ്പ നല്കുകയും, അവർ നിർമ്മിക്കുന്ന ആഭരണങ്ങളും മറ്റും വാങ്ങി പ്രദർശിപ്പിച്ച് വില്പന നടത്തുന്നതിനുമായുള്ള ഒരു ഷോറൂം സ്ഥാപിക്കണം. ഇതിന് കോവളം ടൂറിസ്റ്റ് മേഖലയിൽ വൻമ്പിച്ച വ്യാവസായിക സാദ്ധ്യതകൾ ഉണ്ട്.

☞ വിഴിഞ്ഞം, കോവളം കടൽത്തീരത്ത് വ്യാപകമായ തൊതിൽ മോണോസൈറ്റും, ഇൽമ നൈറ്റും തോറിയവും കലർന്ന കരിമണ്ണ് ഉണ്ട്. ഈ മണൽ ശേഖരിച്ച് അതിൽനിന്നും മോണോ ഡെറ്റും, ഇൽമറ്റെറ്റും, തോറിയവും വേർതിരിക്കുന്ന ഒരു ഫാക്ടറി സ്ഥാപിക്കണം. തദ്ദേശവാസികളുടെ തൊഴിലില്ലായ്മയ്ക്ക് ഇതുമൂലം വലിയൊരു പരിഹാരം കാണാൻ സാധിയ്ക്കും.

നമ്മുടെ ഗ്രാമ പഞ്ചായത്തിന് അനുയോജ്യമായ ചെറുതും വലുതുമായ വ്യവസായ സംരംഭങ്ങൾ ചൂണ്ടിക്കാണിക്കുവാനുള്ള ഒരു എളിയ ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. വ്യവസായങ്ങളുടെ ആരംഭത്തിനും നിലനില്പിനും ആധാരമായ സ്ഥല ലഭ്യത പ്രകൃതി വിഭവങ്ങൾ ജല ലഭ്യത, വൈദ്യുതി, വിപണം കണ്ടെത്തൽ എന്നിവ വിലയിരുത്തി ആവശ്യമായ സഹായ സഹകരണം സംരംഭകർക്ക് നല്കുവാനായി വ്യവസായ വികസന സമിതികൾ രൂപികരിയ്ക്കേണ്ടതാണ്. പരസ്പരം ബന്ധമുള്ള വ്യവസായ യൂണിറ്റുകൾ കഴിയുന്നത്ര അടുത്തടുത്തു സ്ഥിതി ചെയ്യുന്നതായിരിക്കും നല്ലത്.

വ്യവസായ വികസന സമിതി രൂപീകരിക്കുമ്പോൾ അതിൽ പഞ്ചായത്തിലെ പ്രതിനിധികൾ, വ്യവസായികൾ, വ്യവസായം, ഗ്രാമവികസനം, വൈദ്യുതി എന്നിവയിലെ സർക്കാർ ഉദ്യോഗസ്ഥർ തുടങ്ങിയവർ ഉൾപ്പെട്ടിരിക്കണം. പ്രാദേശിക വ്യവസായ സംരംഭങ്ങൾക്ക് മതിയായ പ്രോത്സാഹനം നല്കുക എന്നതാണ് സമിതിയുടെ പ്രഥമവും പ്രധാനവുമായ ലക്ഷ്യം. ഉല്പാദന വിപണന രംഗം സമൂഹത്തിന്റെ മൊത്തത്തിലുള്ള താല്പര്യ സംരക്ഷണത്തിനു ബാദ്ധ്യതപ്പെട്ടിരിക്കുന്നതു പോലെ തന്നെ മതിയായ സംരക്ഷണവും അർഹിക്കുന്നു. വ്യവസായ സംരംഭകർക്ക് ആവശ്യമായ തൊഴിൽ വിദ്യാഭ്യാസവും എത്തിച്ചുകൊടുക്കേണ്ടത് വ്യവസായ വികസന സമിതികൾതന്നെയാണ്.

ലാഭകരവും, സുഗമവുമായ വിധത്തിൽ അസംസ്കൃത സാധനങ്ങൾ സ്വരൂപിക്കുക, പുതിയ പുതിയ വിപണികൾ കണ്ടെത്തുക, വിപണന ശൃംഖലകൾ സൃഷ്ടിക്കുക, അനുയോജ്യമായ സാങ്കേതിക വിദ്യയും യന്ത്രങ്ങളും തെരഞ്ഞെടുക്കുക, തുടങ്ങിയ ഒട്ടനവധി മേഖലകളിൽ വ്യവസായ സംരംഭകർക്ക് സഹായ് ഹസ്തം നീട്ടുവാനുള്ള സ്ഥിരം സംവിധാനം പ്രാവർത്തികമാക്കണം.

മേൽപ്പറഞ്ഞ വ്യാവസായിക വികസനം ഗ്രാമ പഞ്ചായത്തിന്റെ മുഖചരായമാറ്റുന്ന പ്രക്രിയ നടക്കുമ്പോൾ പരിസ്ഥിതി മലിനീകരണവും തുടർന്നുള്ള ദുരിതങ്ങളും ഉണ്ടാകാതെ നോക്കേണ്ട ചുമതല വികസന സമിതിയ്ക്കുണ്ടായിരിക്കും.

വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിന്റെ സമഗ്രമായ വികസനം വിഭാവനം ചെയ്യുന്ന നിർദ്ദേശങ്ങളാണ് മുകളിൽ പ്രതിപാദിച്ചിട്ടുള്ളത്. വ്യവസായ പദ്ധതികൾ രൂപ കല്പന ചെയ്ത് പ്രവർത്തി പഥത്തിലൂടെ പടിപടിയായി വികസിക്കുമ്പോൾ, നമ്മുടെ ഗ്രാമം വികസ്വര മേഖലയിൽ നിന്നും വികസിത മേഖലയിലേയ്ക്ക് എത്തിച്ചേരും. അത്തരത്തിൽ നമ്മുടെ വികസന സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കപ്പെടുമ്പോൾ വിഴിഞ്ഞം ഗ്രാമ പഞ്ചായത്ത് കേരളത്തിന്റെയെന്നല്ല മറിച്ച് ഇൻഡ്യയുടെതന്നെ, ഒരു പക്ഷേ, ലോകത്തിന്റെ തന്നെ വ്യാവസായിക ഭൂപടത്തിൽ സ്ഥാനം നേടുന്ന കാലം വിദൂരമല്ല. ചരിത്രമുറങ്ങുന്ന വിഴിഞ്ഞം ഗ്രാമത്തിന്റെ ഭാവി വ്യാവസായിക ചരിത്രം രചിക്കാനുള്ള പ്രയാണത്തിൽ നമുക്ക് അണിചേർന്ന് പ്രവർത്തിക്കാം.

## ഗതാഗതം, ഊർജ്ജം, മാർക്കറ്റ്

വിഴിഞ്ഞം പഞ്ചായത്തിൽ താരതമ്യേന മെച്ചപ്പെട്ട റോഡു ഗതാഗതമാണുള്ളത്. വാണിജ്യ മേഖല കൂടിയായ വിഴിഞ്ഞത്ത് മതിയായ തരത്തിലുള്ള ഗതാഗത സൗകര്യമില്ലയെന്നത് ഒരു പോരായ്മതന്നെയാണ്. യാത്രാ സൗകര്യത്തിന് ജനങ്ങൾ ഉറ്റുനോക്കുന്ന വിഴിഞ്ഞം KSRTC ഡിപ്പോയിലെ അശാസ്ത്രീയമായ ഷെഡ്യൂൾ പരിഷ്ക്കാരവും, മറ്റു സാങ്കേതിക കാരണങ്ങളും, യാത്രാക്ലേശം ദുരിതപൂർണ്ണമാക്കുന്നുണ്ട്. ഇതു മൂലം സമാന്തര സർവ്വീസുകളാണ് ലാഭം കൊയ്യുന്നത്. പഞ്ചായത്തിൽ ആകെ 58.979 km ദൂരത്തിൽ റോഡുകളുണ്ട്. ഇതിൽ പഞ്ചായത്തിന്റെ കീഴിലുള്ളറോഡ് ദൈർഘ്യം 19.190 km ആണ്. റോഡുകളുടെ വീതിക്കുറവും, ഓവു ചാലുകളില്ലന്നതും, നടപ്പാതകളില്ലെന്നതും കുറവു തന്നെയാണ്. ഇതൊക്കെ പരമാവധി പൊരുത്തപ്പെട്ടുകൊണ്ടായിരിക്കണം ഗതാഗത സൗകര്യത്തെക്കുറിച്ച് ചിന്തിക്കേണ്ടത്.

ഗ്രാമവികസനരംഗത്ത്, ഗ്രാമീണ റോഡുകളുടെ നിർമ്മാണത്തിന് ലഭിച്ച പ്രാധാന്യം നാളിതുവരെ മറ്റൊരു മേഖലയ്ക്കും ലഭിച്ചിട്ടില്ല. പരിസ്ഥിതിക്ക് ദോഷം വരാത്ത തരത്തിലുള്ള വികസനമായിരിക്കണം ഈ രംഗത്ത് വേണ്ടത് നീർച്ചാലുകളേയും, വെള്ളക്കെട്ടുപ്രദേശങ്ങളേയും ഇല്ലാതാക്കുന്ന തരത്തിലുള്ള റോഡു നിർമ്മാണം നിരുത്സാഹപ്പെടുത്തേണ്ടതുണ്ട്. എങ്കിലും പഞ്ചായത്തിന്റെ കഴിഞ്ഞ ഏതാനും വർഷത്തെ ചിലവിനം

## റോഡുകളെ സംബന്ധിച്ച വിവരങ്ങൾ

| | റോഡിന്റെ സ്വഭാവം | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | ടാർ | | | | |
| വാർഡ് | കച്ച | പക്ക | മെറ്റൽ | പഞ്ചായത്ത് | PWD | NH | മറ്റുള്ളവ | ആകെ |
| I | 1.600 | - | - | 2.300 | 2.000 | - | - | - |
| II | 2.100 | - | - | 0.800 | - | - | - | - |
| III | 1.300 | - | - | - | - | - | - | - |
| IV | 2.200 | - | - | - | - | - | - | - |
| V | 2.670 | - | - | 0.700 | 2.000 | - | - | - |
| VI | 1.640 | - | - | - | - | - | 0.150 | - |
| VII | 3.200 | - | - | - | 1.000 | - | - | - |
| VIII | 2.100 | - | - | - | - | - | - | - |
| IX | 2.450 | - | - | 2.300 | - | - | - | - |
| X | 4.600 | - | - | 1.600 | - | - | - | - |
| XI | 3.800 | - | - | 1.550 | - | - | - | - |
| XII | 2.900 | - | 1.200 | 2.800 | - | - | - | - |
| XIII | 4.300 | - | - | 2.200 | - | - | - | - |
| XIV | 3.720 | - | 1.600 | 1.000 | 2.000 | - | - | - |
| XV | 2.600 | - | - | 1.840 | 2.000 | - | - | - |

പരിശോധിച്ചാൽ എസ്റ്റാബ്ലിഷ്മെൻറ് ഒഴിച്ചുള്ള വയിൽ മുഖ്യചിലവിനം റോഡ് നിർമ്മാണത്തിനും, അറ്റകുറ്റപ്പണികൾക്കു വേണ്ടിയായിരിക്കും എന്നത് നിസ്സംശയമാണ്. ആ നിലക്ക് ഈ മേഖലയിലെ വികസന പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം വളരെയധികം പ്രാധാന്യ മർഹിക്കുന്നു..

## സാധ്യത

1. പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിൽ വന്നു പോകുന്ന സിറ്റിബസ്സുകൾ വിഴിഞ്ഞം ഗാരേജു മായി ബന്ധപ്പെടുത്തി യാത്രാക്ലേശത്തിന് പരിഹാരമുണ്ടാക്കണം.
2. മതിയായ റോഡു സൗകര്യമില്ലാത്ത വാർഡുകളിൽ സുഗമമായ നടപ്പാതസൗകര്യ മുണ്ടാക്കണം.
3. എല്ലാറോഡുകൾക്കും ഓടകൾ നിർമ്മിക്കാനുള്ള സന്നദ്ധ പ്രവർത്തനം സജീവമാക്കണം.
4. ബഹുജന സഹകരണത്തോടുകൂടി റോഡുകളുടെ അറ്റകുറ്റപ്പണി നടത്താൻ പരിപാടി.
5 റോഡ് സംരക്ഷണത്തിന് പ്രാദേശിക ജനകീയ സമിതികൾക്ക് രൂപം കൊടുക്കണം.

### A. *ഗ്രാമ സഭകളിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങൾ*

**അടിയന്തിരമായി പൂർത്തിയാക്കേണ്ട റോഡുകൾ**

1. മുക്കോല നെല്ലിക്കുന്ന് ബീച്ച് റോഡ്
2. കിടാരക്കുഴി മുതൽ കുന്നന്നൂർ നടവരെയുള്ള പുതിയ റോഡ്
3. കൈതവിള 1 HDP കോളനിയിലേക്ക് പോകുന്നതിന് വിഴിഞ്ഞം പൂവ്വാർ റോഡിൽ നിന്നാരംഭിക്കുന്ന ഭാഗത്ത് വീതിക്കൂട്ടാൻ അഡ്വാൻസ് പൊസിഷനിൽ എടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയാക്കുക.
4. നെല്ലിക്കുന്ന് മണലി റോഡ്
5. തേവരുകുളം കലുങ്കുവരെയുള്ള റോഡ് കൃഷി സംരക്ഷിക്കുന്നതിന് ഓടകെട്ടണം.

ഏറെ വർഷം പഴക്കമുള്ളതും, ഏറെ ഗതാഗത തിരക്ക് അനുഭവപ്പെടുന്നതുമായ, വിഴിഞ്ഞം പാലം, പുതുക്കിപ്പണിത്, രണ്ടു വരി ഗതാഗതത്തിന് അനുയോജ്യമായ സംവിധാനമുണ്ടാക്കണം.

### B. *ടാർ-റീടാർ ചെയ്യേണ്ട റോഡുകൾ*

1. S.V.L.P.S മുതൽ ശിവക്ഷേത്രം വരെയുള്ള റോഡ് (ടാർ)
2. IB റംസാൻകുളം റോഡ് (റി- ടാർ)
3. കാഞ്ഞിരം വിള ലക്ഷം വീട് റോഡ് (ടാർ)
4. നെല്ലിക്കുന്ന് തുണ്ടം റോഡ് 1 km (ടാർ)
5. തോട്ടം നഗർക്ഷേത്രം 250 m (ടാർ)
6. ആമ്പൽക്കുളം ഭഗവതിനട റോഡ് (ടാർ)
7. വാലൻവിള ലക്ഷം വീട് കോളനി മുല്ലൂർ റോഡ് (ടാർ)
8. പയറുമൂട് തലക്കോട് റോഡ് (ടാർ)
9. കിടാരക്കുഴി സഹകരണ ബാങ്ക് തലക്കോട് വഴി 40 വർഷം പഴക്കമുള്ള മുല്ലൂർ റോഡ് (ടാർ)
10. ദീപ് റോഡ് (ടാർ)
11. കിടാരക്കുഴി ശാന്തിപുരം റോഡ് (റി- ടാർ)
12. കിടാരക്കുഴി മുടിപ്പുര വട്ടവിള റോഡ് (ടാർ)
13. ഇടിവിഴുന്നവിള റോഡ് (ടാർ)
14. മണലി റോഡ് (ടാർ)
15. മുടുപാറവിള റോഡ് (ടാർ)
16. തെന്നൂർക്കോണം പിറവിളാകം റോഡ് (ടാർ)
17. പിച്ചോട്ടുക്കോണംറോഡ് പാലം കെട്ടി (ടാർ)
18. നീലകേശി കിടാരക്കുഴി Road (ടാർ)
19. ഭഗവതിനട പിച്ചോട്ടുകൊണം റോഡ് (ടാർ)
20. കരുകിൽവിള ഏലാ റോഡ് (ടാർ) തൈവിളാകം
21. CSI ചർച്ച് മുതൽ നാഗ രാജക്ഷേത്രം റോഡ് (ടാർ)
22. ചരിവുവിള പിച്ചോട്ടുകൊണം റോഡ് (ടാർ)
23. ഗേൾസ് ഹൈസ്കൂൾ പഞ്ചായത്തതിർത്തി വരെയുള്ള റോഡ് ചാനൽ ബണ്ട് കെട്ടി (ടാർ)
24. പഴവിള ലൂഥറൻ ചർച്ചവരെയുള്ള റോഡ് (ടാർ)
25. പഴവിള പാറയരുകോണം റോഡ് (ടാർ)
26. നീലകണ്ഠാ മെമ്മോറിയൽ റോഡ് (ടാർ)
27. വേലായുധാ മെമ്മോറിയൽ റോഡ് (ടാർ)
28. നെല്ലികുന്ന് നെല്ലിവിള റോഡ് (ടാർ)
29. നെട്ടത്താന്നി തേവർകുളം റോഡ് (റീ ടാർ)
30. ഞാറവിള പിച്ചോട്ടുകൊണം റോഡ് (ടാർ)
31. വെങ്ങാനൂർ ചരുവിള റോഡ് (ടാർ)
32. മണ്ണകല്ല് മദ്രസ്സ റോഡ് (ടാർ)
33. വടുവചാല് പമ്പുഹൗസ് റോഡ് (ടാർ)
34. പനയറകുഴി ആമ്പകുളം റോഡ് (ടാർ)
35. പുല്ലൂർകോണം വാർഡിൽ ഔൺഷിപ്പുള്ള 3 കിലോമീറ്റർ റോഡ് (ഇട റോഡുകൾ) (ടാർ)
36. തെന്നൂർക്കോണം ഔൺഷിപ്പ് ഇട റോഡുകൾ (ടാർ)
37. ഞാറവിള മൊട്ടവിള റോഡ് (ടാർ)
38. വയ്ക്കോൽകുളം റോഡ് (ടാർ)

## ഓട വൈദ്യുതി വേണ്ടുന്ന റോഡുകൾ

1. വിഴിഞ്ഞം തെരുവ് മുതൽ വിഴിഞ്ഞം ജംഗ്ഷൻ വരെ (ഓട)
2. തീയേറ്റർ ജംഗ്ഷൻ മുതൽ വിഴിഞ്ഞം ജംഗ്ഷൻ വരെ (ഓട)
3. ഠൗൺഷിപ്പ് റോഡ് (ഓട) കടലോര പ്രദേശവുമായി ബന്ധിപ്പിക്കണം
4. കമ്മ്യൂണിറ്റി ഹാൾ കരിമ്പള്ളിക്കര റോഡ് (ഓട വൈദ്യുതി)
5. S.V.L.P.S ശിവക്ഷേത്രം റോഡ് (വൈദ്യുതി)
6. നീലകണ്ഠാ മെമ്മോറിയൽ റോഡ് (ഓട)
7. G.V രാജ റോഡ് (ഓട)
8. കുഴിയം വിള റോഡ് (ഓട,വൈദ്യുതി)
9. പയറുംമൂട് നെട്ടത്താത്തി റോഡ് (വൈദ്യുതി)
10. പനവിളയിൽ നിന്ന് നഴ്സറി റോഡ് (വൈദ്യുതി)
11. സിസിലിപുരം റോഡിൽ നിന്ന് നാഗരാജ ക്ഷേത്രം റോഡ് (വൈദ്യുതി)
12. നെല്ലിവിളക്ഷേത്രം വെണ്ണിയൂർ (വൈദ്യുതി)
13. ചരുവിള കുന്താലംവിള ഹരിജൻ കോളനി നാഗരാജക്ഷേത്രം വരെ (വൈദ്യുതി)
14. മുക്കോല പഞ്ചവടി റോഡ് (വൈദ്യുതി) 15. കിടാരക്കുഴി ജംഗ്ഷൻ അമ്മൻകോവിൽ ഭാഗത്ത് (ഓട)
16. മുക്കോല മുടു പാറവിള റോഡ് (വൈദ്യുതി)
17. പിച്ചോട്ടുകോണം ഭഗവതിക്ഷേത്രം (വൈദ്യുതി)
18. പിച്ചോട്ടുകോണം തോട്ടുമുക്കു (ഓട)
19. കരയടിവിള തൊട്ടുമുക്കു (ഓട)
20. ഞാറവിള കൈതവിളാകം റോഡ് (ഓട)
21. കിടാരക്കുഴി മണലി റോഡ് (ഓട)
22. നെല്ലികുന്നു ബീച്ച്റോഡ് ( ഓട, വൈദ്യുതി)
23. മുക്കോല കുഴിപള്ളം (വൈദ്യുതി)
24. നെല്ലികുന്നു പനവിളകൊട് (വൈദ്യുതി)
25. നെല്ലിക്കുന്നു മാവുനിന്ന കുഴി വരെ (വൈദ്യുതി)
26. തോപ്പു മുതൽ കുരുവിതോട്ടം വരെ (വൈദ്യുതി)
27. നെട്ടത്താന്നി തേവരുകുളം (ഓട)
28. വാലൻവിള ലക്ഷം വീട് കോളനി റോഡ് (ഓട, വൈദ്യുതി)
29. ഉച്ചക്കട ഗാന്ധിനഗർറോഡ് (ഓട, വൈദ്യുതി)
30. കിടാരക്കുഴി കുന്നന്നൂർ റോഡ് (ഓട, വൈദ്യുതി)
31. കിടാരക്കുഴി മരുതു നിന്ന വിളറോഡ് (ഓട)
32. കുരുകിൽവിള റോഡ് (ഓട, വൈദ്യുതി)
33. ചരുവിള ഗാന്ധി ഗ്രാം· റോഡ് (ഓട)
34. വെങ്ങാനൂർ നിലകേശി റോഡ് (ഓട)
35. തുണ്ടം ബീച്ചു റോഡ് (ഓട, വൈദ്യുതി)
36. നെല്ലികുന്ന് ഭദ്രകാളിക്ഷേത്രം റോഡ് (ഓട)
37. പനവിള തോട്ട റോഡ് (ഓട)
38. നെല്ലികുന്ന് കാഞ്ഞിരംവിള മണലി റോഡ് (ഓട, വൈദ്യുതി)
39. നെല്ലികുന്ന് ബീച്ച് റോഡ് (ഓട, വൈദ്യുതി)
40. തേരിയിൽ നടപ്പാത (വൈദ്യുതി)
41. ആവാട്ടു തുറക്ഷേത്രം റോഡ് (വൈദ്യുതി)
42. മൊട്ടവിള റോഡ് (സൈഡ് വാൾ)
43. കിടാരക്കുഴി ഇഞ്ചുപുല്ലുവിള റോഡ് (വൈദ്യുതി)
44. ഇടിവീഴുന്ന വിളക്ഷേത്രം നടറോഡ് (വൈദ്യുതി)
45. ശാന്തിപുരം കോട്ടുകാൽ പഞ്ചായത്ത് ആഫീസ് (വൈദ്യുതി)
46. ഒസാംവിള, ചരുവിള, കരുമ്പള്ളിക്കര, ഫിലോമിന പള്ളിക്ക് സമീപ പ്രദേശവും (വൈദ്യുതി)
47. കരുമ്പളിക്കര, ചരുവിള, ഒസാംവിള, തുലവിള ഫിലോമിന പള്ളി സമീപം (ഓട സ്ലാബ്)
48. പഴവിള പറയരുകോണം റോഡ് (വൈദ്യുതി)
49. കിടാരക്കുഴി ഊരവിളാകം റോഡ് (വൈദ്യുതി)

### *D. ശ്രമദാനം വഴി - നിർമ്മിക്കാവുന്നവ*

1. നെല്ലിവിള കുരുവിതോട്ടം
2. പനവിളക്കോട് ക്ഷേത്രം, ശാന്തിപുരം ബീച്ച് റോഡ്
3. നെല്ലിവിള കുഴിപ്പള്ളം രാജരാജേശ്വരിക്ഷേത്രം റോഡ്
4. നെല്ലിക്കുന്ന് മാവുനിന്നകുഴി കുരുവിത്തോട്ടം റോഡ്
5. തോട്ടം തുണ്ട് റോഡ്
6. പനവിള കരിക്കത്തി പുളികുടി കരിക്കത്തി തോട്ടം
7. മുല്ലൂർ കലിങ്കുനട തോട്ടം റോഡ്
8. ആമ്പൽകുളം റോഡ് കടലോരവുമായി ബന്ധിപ്പിക്കുക
9. ആമ്പൽക്കുളം റോഡ്, പുളിമൂട്ടിൽനിന്നും ഠൗൺഷിപ്പുമായി ബന്ധിപ്പിക്കുക.
10. നെട്ടത്താന്നി പള്ളിനട
11. വാഴവിള ഹിന്ദുദേവാലയം ബന്ധിപ്പിക്കുന്ന റോഡ്
12. മാന്തോട്ടം പുരയിടം അതിരിൽകൂടി വയലിലേക്കുള്ള നടപ്പാത
13. ഗേൾസ് ഹൈസ്കൂൾ മുതൽ പഞ്ചായത്ത തിർത്തി വരെയുള്ള റോഡ്
14. നാഗരാജ ക്ഷേത്രംറോഡ് തച്ചൻ വിളാകവുമായി ബന്ധിപ്പിക്കണം.
15. നെല്ലിവിള കടയ്ക്കുളം റോഡ്
16. നീലകേശി ട്രാൻസ്ഫോമർ മുതൽ ചരുവിള വയൽക്കരയുള്ള റോഡ്
17. തെന്നൂർകോണം ഞാറവിള റോഡ്
18. കുന്നന്നൂർബണ്ടു റോഡ്
19. വാലൻവിള ലക്ഷംവീട് റോഡ്
20. വിളക്കന്നൂർക്ഷേത്രം മുതൽ നീലകേശി വരെ
21. G.V. രാജറോഡ് മുതൽ തേരിയിൽ വരെ
22. നെല്ലികുന്ന് പനവിളക്കോട് റോഡ്

## ഊർജ്ജം

ഊർജ്ജത്തെ സംബന്ധിച്ച് അശാസ്ത്രീയമായ കാഴ്ചപ്പാടാണ് ജനങ്ങൾക്കുള്ളത്. ചെറുകിടവ്യവസായങ്ങളുടെയും, കാർഷികമേഖലയിലെയും ഊർജ്ജസ്രോതസ്സ് എന്ന നിലയിൽ വൈദ്യുതി വളരെയധികം പ്രാധാന്യമർഹിക്കുന്നു. ഇൻഡ്യയിലെ തന്നെ പ്രതീക്ഷ ആയിമാറിയ തിരമാലയിൽ നിന്ന് വൈദ്യുതി ഉൽപാദിപ്പിക്കുന്ന പദ്ധതി വിജയിച്ചിട്ടില്ലാത്ത സ്ഥിതിയ്ക്ക് പുതിയ സംരംഭങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടതുണ്ട്.

വരുമാനത്തിന്റെ 3 ലക്ഷത്തോളം രൂപ തെരുവുവിളക്ക് കത്തിക്കുന്ന വകയിൽ ചിലവഴിക്കുന്നുണ്ടെങ്കിലും അധികൃതരുടെ അനാസ്ഥമൂലം തെരുവുവിളക്കുകൾ യഥാസമയം കത്താതിരിക്കുന്നത് സ്ഥിരം സ്വഭാവമായി മാറുകയാണ്. കൂടാതെ പ്രക്ഷേപണം വിതരണസമ്പ്രദായത്തിലെ അപാകതയും, വോൾട്ടേജ് ക്ഷാമവും സാമൂഹിക അസ്വസ്ഥതകൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. യഥാസമയം, ലൈനുകളിൽ മുട്ടിക്കിടക്കുന്ന മരചില്ലകൾ മുറിച്ചുമാറ്റിയും, ട്രാൻസ്ഫോർമറുകളുടെ ക്ഷമത ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പരിശോധിച്ചും ഉറപ്പുവരുത്തേണ്ടതാണ്.

ആകെ വൈദ്യുതിയുടെ 55% ഗാർഹിക ആവശ്യത്തിനാണ് ഉപയോഗിക്കുന്നത്. കാർഷിക മേഖലയിലെ വൈദ്യുത ഉപഭോഗത്തെ അപേക്ഷിച്ച് വ്യാവസായികമേഖലയിലെ ഉപഭോഗം ഇരട്ടിയാണ്.

പാചകാവശ്യത്തിനായി ഭൂരിഭാഗം ജനങ്ങളും വിറകിനെയാണ് ആശ്രയിക്കുന്നത്. അശാസ്ത്രീയമായ രീതിയിലുള്ള അടുപ്പുകൾ ഉപയോഗിക്കുന്നതു കാരണം ധാരാളം ഊർജ്ജനഷ്ടമുണ്ടാകുന്നു. ഇതൊഴിവാക്കുന്നതിന്, ശാസ്ത്രീയമായതും മെച്ചപ്പെട്ടതും, ക്ഷമതയുള്ളതുമായ അടുപ്പുകളുടെ വിതരണവും, ബോധവൽക്കരണവും അത്യാവശ്യമാണ്.

ഗാർഹികാവശ്യത്തിന് വിറകിനെന്നപോലെ മണ്ണെണ്ണയ്ക്കും പാചകത്തിനും ഏറെ പ്രാധാന്യമുണ്ട്. ന്യായവില ഡിപ്പോകൾ വഴി ഗാർഹികാവശ്യങ്ങൾക്ക് വിതരണം ചെയ്യുന്ന മണ്ണെണ്ണയുടെ അളവ് ഉപഭോക്താക്കളുടെ മൊത്തം ആവശ്യത്തിനും താഴെയായതിനാൽ, അധികവില കൊടുത്ത് മണ്ണെണ്ണ വാങ്ങേണ്ടിവരുന്നു. അതിനാൽ ഈ രംഗത്ത് ഗുണപരമായ മാറ്റം കൂടിയേ മതിയാകൂ.

## സാദ്ധ്യതകൾ

1. തിരമാലയിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതി ത്വരിതപ്പെടുത്തി പഞ്ചായത്ത് പ്രദേശത്തെ വൈദ്യുതിക്ഷാമം പരിഹരിക്കാം.
2. തെരുവു വിളക്കുകളിൽ 40% ഇളക്കി മാറ്റിയിട്ടുണ്ട്.അവ പുനസ്ഥാപിക്കണം. പഞ്ചായത്ത് വൈദ്യുതി ബോർഡുകളുമായിട്ട് ജോയിന്റ് ഇൻസ്പെക്ഷൻ നടത്തണം.
3. ഗാഹികാവശ്യത്തിനു വേണ്ടി പുകയില്ലാത്ത ഇന്ധന ക്ഷമത കൂടിയ അടുപ്പുകൾ (അനെർട്ട്, പരിഷത് etc വഴി) ലഭ്യമാക്കുകയും, ഉപയോഗിക്കുന്നതിനു വേണ്ട പരിശീലനം നൽകി പുകയില്ലാത്ത പഞ്ചായത്തായി പ്രഖ്യാപിക്കാം.
4. കന്നുകാലി വളർത്തുന്ന കർഷകർക്ക്, ബയോഗ്യാസ് നിർമ്മിക്കുന്നതിന് നിലവിലുള്ളതിനെക്കാൾ ആകർഷകമായ സബ്സിഡിയും പ്രചരണവും നൽകുക.
5. പഞ്ചായത്ത് പ്രദേശത്തെ വൈദ്യുതികരിക്കാത്ത വീടുകൾ കണ്ടെത്തി യുദ്ധകാലാടിസ്ഥാനത്തിൽ വൈദ്യുതീകരിക്കുക.
6. വിറകുല്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യ വനവൽക്കരണം.
7. ഊർജ്ജലാഭമുള്ള വൈദ്യുതി വിളക്കുകളുടെ പ്രചരണം.
8. വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷശാഖകൾ മുറിച്ചു മാറ്റുന്നതിനുള്ള പ്രവർത്തനം ത്വരിതപ്പെടുത്തുക.
9. പാചക വാതകം ലഭ്യമാക്കുന്നതിനുള്ള സംവിധാനം.

### *ഗ്രാമസഭയിൽ നിന്നുള്ള നിർദ്ദേശങ്ങൾ*

a. നെല്ലിവിളക്ഷേത്രം വെണ്ണിയൂർ ഭാഗത്ത് തെരുവ് വിളക്ക്
b. ചരിവുവിള ക ൗതാലൻവിള ഹരിജൻ കോളനി വൈദ്യുതികരിക്കുക.
c. പ്രധാന ജംഗ്ഷനുകളിൽ Sodium Vapour lamb
d. നെല്ലിക്കുന്ന് ജംഗ്ഷനിൽ ട്രാൻസ്ഫോർമർ
c. നെല്ലിവിള കടയ്ക്കളം ഭാഗത്ത് ട്രാൻസ്ഫോർമർ
f. തോട്ടം (നെല്ലികുന്ന്) Transformer
g. ലോൺ വ്യവസ്ഥയിൽ ഗ്യാസ് അടുപ്പുകൾ എത്തിക്കണം

h. 11-ാം വാർഡിലെ ലക്ഷം വീട് കോളനി വൈദ്യുതീകരിക്കണം.
i. മീറ്റർ റീഡിംഗ് നടത്തുന്നതിൽ ഉദ്യോഗസ്ഥർ വരുത്തുന്ന വീഴ്ച മൂലം കുടിശ്ശിക തുക ഒരുമിച്ച് അടക്കാൻ നിർബന്ധിതമാകുന്ന അവസ്ഥ ഒഴിവാക്കുക.

# മാർക്കറ്റ്

വാണിജ്യമേഖലകൂടിയായ വിഴിഞ്ഞത്ത് നല്ല രീതിയിലുള്ള മാർക്കറ്റിംഗ് സമ്പ്രദായം നിലവിലില്ല. തുറമുഖരംഗത്തും, അനുബന്ധവ്യവസായങ്ങൾക്കും സാദ്ധ്യതയുള്ള മേഖലയായതുകൊണ്ട് ആധുനിക സജ്ജീകരണങ്ങളോടുകൂടിയ മാർക്കറ്റ് പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. നല്ല മാർക്കറ്റിന്റെ അഭാവം മൂലമാണ് കാർഷിക ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ഉപഭോക്താക്കൾ സാധനങ്ങൾ വാങ്ങുന്നതിനും വളരെ ദൂരെയുള്ള മാർക്കറ്റിനെ ആശ്രയിക്കുന്നത്. അതിനാൽ കർഷകരുടെയും മത്സ്യ തൊഴിലാളികളുടെയും താല്പര്യത്തിനനുസരിച്ചുള്ള വിപണന സംതുലനാവസ്ഥയാണ് ഈ പഞ്ചായത്തിനാവശ്യം.

വെങ്ങാനൂർ വിഴിഞ്ഞം, മുക്കോല എന്നീ സ്വകാര്യമാർക്കറ്റുകളാണ് പഞ്ചായത്തതിർത്തിയിലുള്ളത്, മാർക്കറ്റിംഗിന്‌വേണ്ട സൗകര്യങ്ങളോ, സംവിധാനങ്ങളോ ഈ മാർക്കറ്റുകളിൽ ഇല്ല. ഇത് പരിഹരിച്ചുകൊണ്ട് വിപണന സമ്പ്രദായം മെച്ചപ്പെടുത്താൻ കഴിയും.

## സാദ്ധ്യത

1. പഞ്ചായത്ത് കേന്ദ്രത്തിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ (ചുറ്റുമതിൽ, വേണ്ടുന്ന ഷെഡുകൾ ഉൾപ്പെടെ) പൊതു മാർക്കറ്റ് ഉണ്ടാവണം.
2. മാർക്കറ്റുകളിൽ അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ യഥാസമയം നീക്കം ചെയ്ത് സംസ്കരിക്കുന്നതിനുള്ള സംവിധാനം.

*ഗ്രാമസഭയിൽ നിന്നുയർന്നു വന്ന നിർദ്ദേശങ്ങൾ*

1. ആറാം വാർഡിൽ ആഴ്ച ചന്ത ആരംഭിക്കണം.
2. രണ്ടാം വാർഡിൽ പൊതു മാർക്കറ്റ്.
3. മുക്കോല മാർക്കറ്റ് പഞ്ചായത്ത് ഏറ്റെടുക്കണം.
4. തുണ്ടം തോട്ടം ഭാഗത്ത് ദിവസ ചന്ത.
5. കോവളം ഒന്നിൽ പൊതു ചന്ത വേണം.
6. പന്ത്രണ്ടാം വാർഡിൽ പൊതു ചന്ത.

## ഭവനനിർമ്മാണം, സാമൂഹ്യക്ഷേമം

വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിൽ 12733 കെട്ടിടങ്ങളുള്ളതിൽ 8659 കെട്ടിടങ്ങൾക്കാണ് നികുതി ഉള്ളത്. നികുതി ഒഴിവുള്ള കെട്ടിടങ്ങളിൽ 4074 എണ്ണം വളരെ മോശപ്പെട്ടതോ കൂടിലുകളായോ കാണം. പുറമ്പോക്കിൽ അധിവസിക്കുന്നവരായി 15 കുടുംബങ്ങൾ ഉണ്ട്. തീരദേശ വാർഡുകളിൽ ഒരു വീട്ടിൽ തന്നെ മൂന്നോ, നാലോ കുടുംബങ്ങൾ ഉള്ളതായി ഗ്രാമ സഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.ഗൾഫ് വരുമാനത്തിന്റെ സ്വാധീനം വിഴിഞ്ഞം ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് കെട്ടിട നിർമ്മാണ രംഗത്ത് വളരെ സ്വാധീനം ചെലുത്തുന്നു. സമ്പാദ്യത്തിന്റെ നല്ലൊരു പങ്ക് ഉപയോഗിച്ച് വൻകെട്ടിടങ്ങൾ നിർമ്മിക്കുന്നതായി കാണാം. കോവളം വാർഡിൽ ടൂറിസവുമായി ബന്ധപ്പെട്ട് കൂടുതൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നു. പാടം നികത്തി കെട്ടിട നിർമ്മാണം നടത്തുന്ന പ്രവണത ഇവിടില്ല.

1991 - ലെ കാനേഷുമാരി കണക്ക് പ്രകാരം ഓരോ വാർഡിലുമുള്ള വീടുകളുടെയും, കുടുംബങ്ങളുടെ വിവരം

**പട്ടിക**

| വാർഡ് | താമസമുള്ള കെട്ടിടങ്ങളുടെ എണ്ണം | കുടുംബങ്ങളുടെ എണ്ണം |
|---|---|---|
| 1 | 499 | 530 |
| 2 | 470 | 522 |
| 3 | 608 | 614 |
| 4 | 437 | 438 |
| 5 | 919 | 942 |
| 6 | 330 | 339 |
| 7 | 671 | 742 |
| 8 | 445 | 451 |
| 9 | 791 | 791 |
| 10 | 552 | 552 |
| 11 | 461 | 461 |
| 12 | 530 | 538 |
| 13 | 501 | 501 |
| 14 | 662 | 673 |
| ആകെ | 7876 | 8094 |

1992-ലെ ഐ. ആർ.ഡി.പി. സർവ്വേ പ്രകാരം വീടുകൾ ആവശ്യമായ കുടുംബങ്ങളുടെ എണ്ണം 1625 ആണെന്നു കണ്ടെത്തിയിട്ടുണ്ട്. പഞ്ചായത്ത് റിക്കോർഡുകൾ പ്രകാരം 93-94 - ൽ 27- ഉം 94-95 ൽ 67- ഉം, 95 - 96 - ൽ 189 ഉം പുതിയ കെട്ടിടങ്ങൾ പൂർത്തിയാക്കിയിരുന്നു. ഇതിനു പുറമേ ബ്ളോക്കിന്റെയും, പഞ്ചായത്തിന്റെ ജെ. ആർ. വൈ ഐ. എ. വൈ പദ്ധതി പ്രകാരം 89 കെട്ടിടങ്ങളും പണിതിട്ടുണ്ട്. എങ്കിലും 1250 തോളം പേർക്ക് ഇനിയും പാർപ്പിടം ആവശ്യമാണെന്ന് കാണാം.

ചെലവുകുറഞ്ഞ കെട്ടിട നിർമ്മാണത്തിന് ഈ പഞ്ചായത്ത് പ്രദേശത്ത് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. കെട്ടിട നിർമ്മാണ സാമഗ്രികൾ വേണ്ടത്ര പഞ്ചായത്തിനുള്ളിൽ ലഭ്യമല്ലയെങ്കിലും പുതിയതായി നിർമ്മിക്കുന്ന കെട്ടിടങ്ങൾ വർഷം തോറും കൂടുന്നു. **പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള കെട്ടിടങ്ങളുടെ സ്ഥിതി**

| ഒന്നിൽ കൂടുതൽ നിലയുള്ളത് | കോൺക്രീറ്റ് | ഓട് | ഓല | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 203 | 1874 | 4973 | 5074 | 209 | 12733 |

**പഞ്ചായത്തിൽ നിന്നും കഴിഞ്ഞ മൂന്നുവർഷകാലം കെട്ടിട നിർമ്മാണത്തിനായി നൽകിയിട്ടുള്ള ലൈസൻസുകളുടെ എണ്ണവും ലഭിച്ച ലൈസൻസ് ഫീസും**

| വർഷം | ലൈസൻസുകളുടെ എണ്ണം | ലൈസൻസ് ഫീസ് |
|---|---|---|
| 93 - 94 | 139 | 13290 |
| 94 - 95 | 127 | 17407 |
| 95-96 | 207 | 19722 |

നൽകിയിട്ടുള്ള ലൈസൻസുകളിൽ 80 ശതമാനവും കോൺക്രീറ്റ് കെട്ടിടങ്ങളുടെ നിർമ്മിതിക്കാണ്. ഇതിൽ നിന്നും സാധാരണക്കാർപോലും ചെലവു കൂടിയ കെട്ടിട നിർമ്മാണ രീതിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് കാണാം. വിഴിഞ്ഞത്ത് ഒരു ഹോളോബ്രിക്സ് നിർമ്മാണ യൂണിറ്റ് ഉണ്ട് പഞ്ചായത്ത് പ്രദേശത്ത് ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ ഒന്നും ഇല്ല. കോൺട്രാക്റ്റ്സമ്പ്രദായം വീടുനിർമ്മാണരംഗത്ത് പൊതുവേ ഇല്ല. പരമ്പരാഗത വാസ്തുശില്പ ശൈലിയും, ദുർവ്യയം ഒഴിവാക്കിയുള്ള ചിലവുകുറഞ്ഞ നിർമ്മാണശൈലിയും പഞ്ചായത്ത് പ്രദേശത്ത് വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. കെട്ടിടനിർമ്മാണ തൊഴിലാളികളെ വേണ്ടത്ര ലഭ്യമാണെങ്കിലും ഉയർന്ന കൂലിനിരക്കാണ് ഉള്ളത്.

### പ്രശ്നങ്ങൾ

- ഭവനരഹിതരും, ഭൂരഹിതരും ധാരാളം ഉണ്ട്. കെട്ടിടനിർമ്മാണത്തിനായി ഭൂമിയുടെ ദൗർലഭ്യം, വിലക്കയറ്റം ലക്ഷംവീട് കോളനികളുടെ ശോചനിയാവസ്ഥ. മത്സ്യത്തൊഴിലാളി വീടുകളുടെ ശോചനിയാവസ്ഥ ഹൗസിംഗ്സൊസൈറ്റികളില്ല.
- വായ്പകൾ ലഭിക്കാൻ വളരെ ബുദ്ധിമുട്ട് അനുഭവ

പ്പെടുന്നു. ചെറിയ കെട്ടിടങ്ങൾ വയ്ക്കുന്നതിനുപോലും അനുമതി ലഭിക്കാൻ വളരെ പ്രയാസം അനുഭവപ്പെടുന്നു. മത്സ്യത്തൊഴിലാളികളുടെ വീടുനിർമ്മാണത്തെയും, സമുദ്രതീര ടൂറിസ്റ്റ് കോട്ടേജ് നിർമ്മാണത്തേയും, തീരദേശ ദൂരപരിധി തടസ്സപ്പെടുത്തുന്നു. പ്രധാന റോഡുവികസനത്തെപ്പോലും തടസ്സപ്പെടുത്തുന്ന രീതിയിൽ ഭൂപരിധി പാലിക്കാതെയും, ലൈസൻസ് ഇല്ലാതെയും കെട്ടിടനിർമ്മാണം നടക്കുന്നു.

- മതിലുകളുടെ ആധിക്യം
- ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കാൻ വിദഗ്ദ്ധ സഹായം ലഭിക്കുന്നില്ല.
- വീടുകൾ കൂടുന്നു. കൃഷിഭൂമി കുറയുന്നു.

## സാദ്ധ്യതകൾ

- ഭൂരഹിതർക്കും, നിർദ്ധനർക്കുമായി പ്രത്യേക ഭവനനിർമ്മാണപദ്ധതി ഉണ്ടാക്കണം
- കെട്ടിടനിർമ്മാണ സാമഗ്രഹികളുടേയും, വസ്തുവിന്റേയും വില നിയന്ത്രിക്കാൻ കഴിയണം
- ലക്ഷംവീട്കോളനി വീടുകളും മത്സ്യത്തൊഴിലാളി കോളനിവീടുകളും പുനരുദ്ധരിക്കുക.
- ഹൗസിംഗ് സൊസൈറ്റി ആരംഭിക്കാനുള്ള നടപടി. വായ്പകൾ യഥാസമയം ലഭ്യമാക്കാൻ നടപടി ഉണ്ടാക്കുക ലൈസൻസിങ് സുതാര്യമാക്കൽ തീരദേശ ദൂരപരിധി ഒഴിവാക്കാൻവേണ്ട നടപടി റോഡുവികസനത്തേയും, ഗതാഗതത്തേയും തടസ്സപ്പെടുത്തുന്ന നിർമ്മാണത്തെ കർശനമായി നേരിടുക.
- മതിലുകൾക്കു പകരം ജൈവവേലി പ്രചരിപ്പിക്കുക അതുമൂലം പ്രയോജനമാകും.
- പഞ്ചായത്തിൽ നിർമ്മിതികേന്ദ്രം സ്ഥാപിച്ച് ചെലവു കുറഞ്ഞ നിർമ്മാണരീതിയും, നിർമ്മാണ സാമഗ്രികളും ലഭ്യമാക്കുക. കൃഷിഭൂമികളിൽ കെട്ടിടനിർമ്മാണം നിരോധിച്ച് ഹൗസിംഗ്കോളനികൾക്ക് പ്രാധാന്യംനൽകുക. കെട്ടിടമില്ലാത്ത കൃഷി ഓഫീസ്, വില്ലേജ് ഓഫീസ്, മൃഗാശുപത്രി, ഹോമിയോ ആശുപത്രി, മുല്ലർ VEO ഓഫീസ് തുടങ്ങിയവയ്ക്ക് കെട്ടിടം നിർമ്മിക്കാനുള്ള നടപടി.
- സ്ഥലപരിമിധിമൂലം ബുദ്ധിമുട്ടുന്ന പഞ്ചായത്ത് ആഫീസിൽ എക്സ്റ്റൻഷൻഹാൾ, ട്രഷറിയിൽ പെൻഷൻ വാങ്ങാനായി വരുന്ന വൃദ്ധജനങ്ങൾക്കായി പഞ്ചായത്ത് ആഫീസിനോട് ചേർന്ന് വെയിറ്റിങ്ഷെഡും, ഇരിപ്പിടങ്ങളും.

## സാമൂഹ്യക്ഷേമം

1992 ഐ.ആർ.ഡി.പി സർവ്വേപ്രകാരം 3244 കുടുംബങ്ങൾ ദാരിദ്രരേഖക്ക് താഴെ കഴിയുന്നവരായി കണ്ടെത്തി.

**പട്ടിക**

| വാർഡ് | ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾ |
|---|---|
| 1 | 190 |
| 2 | 241 |
| 3 | 222 |
| 4 | 180 |
| 5 | 557 |
| 6 | 85 |
| 7 | 245 |
| 8 | 134 |
| 9 | 268 |
| 10 | 256 |
| 11 | 183 |
| 12 | 206 |
| 13 | 204 |
| 14 | 273 |
| ആകെ | 3244 |

1992-93 മുതൽ 1995-96 വരെ 257 കുടുംബങ്ങൾക്ക് ബ്ളോക്ക്മുഖാന്തരം ധനസഹായം നൽകിയിട്ടുണ്ട്.

ബ്ളോക്ക്മുഖാന്തരം ഗ്രാമീണ വനിതാ ശിശുവികസന പരിപാടി (DWCRA)യിൽ 96 ൽ ചൂരൽ ഫർണിച്ചർ നിർമ്മാണത്തിന്റെ ഒരു യൂണിറ്റ് തുടങ്ങി പ്രവർത്തിച്ചുവരുന്നു.

ഗ്രാമീണയുവതീയുവാക്കൾക്കൾക്ക് ചെറുകിട വ്യവസായങ്ങൾ തുടങ്ങുന്നതിന് സാങ്കേതികവും ഭരണപരവുമായ പരിശീലനം നൽകുന്ന പദ്ധതിയിൽ (ട്രൈസം) 92-96 വരെ 16 പേർക്ക് പരിശീലനം നൽകിയിട്ടുമുണ്ട്.

റവന്യൂവകുപ്പുവഴി സർക്കാർ നടത്തിവരുന്ന വിവിധ സഹായപദ്ധതികൾ ഈ പഞ്ചായത്തിലെ ദരിദ്രരായ കുടുംബങ്ങൾക്ക് ചെറിയ ആശ്വാസം പകരുന്നു. വിവിധ ധനസഹായങ്ങൾ കൈപ്പറ്റുന്നവരുടെ പട്ടിക ചുവടെ ചേർക്കുന്നു.

| വിവിധ ധനസഹായങ്ങൾ | ലഭിക്കുന്നവരുടെ എണ്ണം |
|---|---|
| വിധവാപെൻഷൻ | 253 |
| വികലാംഗപെൻഷൻ | 120 |
| വാർദ്ധക്യപെൻഷൻ | 197 |
| അവശകലാകാര/ സാഹിത്യപെൻഷൻ | 5 |
| ക്ഷയരോഗപെൻഷൻ | 202 |
| കുഷ്ഠരോഗപെൻഷൻ | 100 |
| കർഷകതൊഴിലാളിപെൻഷൻ | 600 |
| തൊഴിലില്ലായ്മവേദനം | 350 |

ഇതിനുപുറമേ വിവിധ ക്ഷേമനിധികളിലും പഞ്ചായത്തിലെ തൊഴിലാളികൾ അംഗങ്ങളായിട്ടുള്ളതും വിവിധ ആനുകൂല്യങ്ങൾ കൈപ്പറ്റുന്നവരുമാണ്. എങ്കിലും വിവിധ പ്രശ്നങ്ങൾ ഈ രംഗത്തു ഉള്ളതായി കാണുന്നു.

### പ്രശ്നങ്ങൾ

- IRPP ലിസ്റ്റിൽ ഉൾപ്പെടുത്താൻ അർഹതയുള്ള കുടുംബങ്ങൾ ഇനിയും ഉണ്ട്. DWCRA യൂണിറ്റുകൾ വേണ്ടത്ര പ്രചാരം നൽകിയിട്ടില്ല, ജനങ്ങൾക്കുവേണ്ട അറിവ് ലഭിച്ചിട്ടില്ല.
- ട്രൈസം പരിശീലനം കൂടുതൽപേർക്ക് നൽകണം. വിവിധ പെൻഷനുകളുടേയും, ക്ഷേമനിധികളെക്കുറിച്ചും പൊതുജനങ്ങൾക്ക് പൂർണ്ണമായും അറിവില്ല.
- പെൻഷനുകൾ യഥാസമയം ലഭിക്കുന്നില്ല.
- വിവിധ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിൽ ഇടനിലക്കാർ തട്ടിപ്പുനടത്തുന്നു.

### സാദ്ധ്യതകൾ

- IRPP ലിസ്റ്റിൽ അർഹതയുള്ളവരെ ഇനിയും ഉൾപ്പെടുത്തുക. DWCRA യൂണിറ്റുകൾക്കു വേണ്ടത്ര പ്രചാരം നൽകി കൂടുതൽ യൂണിറ്റുകൾ ആരംഭിക്കാൻ സഹായം ലഭ്യമാക്കുക.
- ട്രൈസം പരിശീലനം കൂടുതൽപേർക്കു നൽകുകയും വ്യവസായസംരംഭകർക്ക് സഹായം നൽകുകയും ചെയ്യുക.
- വിവിധ പെൻഷനുകളെക്കുറിച്ചും, ക്ഷേമനിധികളെക്കുറിച്ചും ഗ്രാമസഭകളിലൂടെയും, മറ്റുരീതികളിലും കൂടുതൽ പ്രചാരം നൽകുക.
- ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് ഗ്രാമസഭകളെ ഉപയോഗപ്പെടുത്തുക.
- ഈ പഞ്ചായത്തിൽ 22 അംഗൻവാടികളും, ഏതാനും മഹിളാസമാജങ്ങളും പ്രവർത്തിക്കുന്നുണ്ട്. ശിശുക്ഷേമ കൗൺസിലിന്റെ കീഴിൽ പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കോട്ടപ്പുറത്ത് 1977 മുതൽ ഒരു ബാലവാടി പ്രവർത്തിച്ചുവരുന്നു. ഇപ്പോൾ 40 കുട്ടികൾ അവിടെയുണ്ട്. പതിനൊന്നിനപരിപാടിയിൽ പണികഴിപ്പിച്ച പഞ്ചായത്ത് നേഴ്സറിസ്കൂൾ 1991 മുതൽ നല്ലരീതിയിൽ പ്രവർത്തിച്ചുവരുന്നു. 60 കുട്ടികൾ ഇവിടെ പഠനം നടത്തുന്ന പട്ടികജാതി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ ഒരു നേഴ്സറിയും, ബ്ലോക്കിന്റെ കീഴിലുള്ള വിപിൻ നേഴ്സറിയും പ്രവർത്തിക്കുന്നു. കൂടുതൽ ബാലവാടികളും, നേഴ്സറികളും സ്ഥാപിക്കേണ്ടതാണ്. വൃദ്ധമന്ദിരങ്ങൾ സ്ഥാപിക്കണമെന്നും ഗ്രാമസഭാ റിപ്പോർട്ടുകൾ ആവശ്യപ്പെടുന്നു.

## സംസ്കാരം

അതിപുരാതനകാലംമുതൽക്കുതന്നെ വളരെ ഉയർന്ന സാംസ്കാരിക തനിമ നിലനിർത്തിപ്പോന്ന പ്രദേശമാണ് ഗ്രാമപഞ്ചായത്ത് ഉൾപ്പെടുന്ന വിഴിഞ്ഞം പ്രദേശം. ചോഴവംശ രാജധാനി എന്ന ഒറ്റ വിശേഷണം മതിയാകും വിഴിഞ്ഞം പ്രദേശത്തിന്റെ സാംസ്കാരികൗന്നത്യം മനസ്സിലാക്കുവാൻ.

നൂറ്റാണ്ടുകളുടെ സാംസ്കാരിക പാരമ്പര്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ അതിനെ രണ്ടായി തരംതിരിക്കുന്നതാവും ഉചിതം. പുരാതനവും ആധുനികവും. നൂറ്റാണ്ടുകളുടെ പരിവർത്തനമാണ് ഇത്തരത്തിലുള്ള ഒരു തരംതിരിവിന് വഴിവെച്ചിട്ടുള്ളത്.

ഒരു രാജധാനിക്കുണ്ടാകേണ്ട എല്ലാ സവിശേഷതകളോടുംകൂടിയ ഭൂപ്രകൃതിയാണ് വിഴിഞ്ഞം പ്രദേശത്തിനുള്ളത്. B.C.യോടടുത്ത കാലംമുതൽക്കുള്ള അതിപുരാതന സംസ്കാരത്തിന്റെ സവിശേഷതകളെക്കുറിക്കുന്ന ചില സൂചനകളൊഴികെ മറ്റൊക്കെയും അന്യംനിന്നുപോയിരിക്കുകയാണ്. പ്രകൃതിജന്യ തുറമുഖമായ വിഴിഞ്ഞം തുറയ്ക്ക് അഭിമുഖമായി സ്ഥിതിചെയ്യുന്ന നവഗ്രഹപ്രതിഷ്ഠാക്ഷേത്രവും Vാം വാർഡിൽ സ്ഥിതിചെയ്യുന്ന ഗുഹാക്ഷേത്രവും അതിപുരാതനക്ഷേത്രകലകളുടെ ഉത്തമോദാഹരണങ്ങളാണ്.

ആധുനികതയുടെപേരിൽ ഇന്ന് പഞ്ചായത്തിൽ നിലവിലുള്ള ക്ഷേത്രങ്ങൾ, മുസ്ലീംപള്ളികൾ, ക്രിസ്ത്യൻപള്ളികൾ, ഗ്രന്ഥശാലകൾ മുതലായ സ്ഥാപനങ്ങൾ വഴിക്കാണ് മുഖ്യമായും സാംസ്കാരിക പ്രവർത്തനങ്ങൾ നടക്കുന്നത്.

42000 ൽപ്പരം ജനസംഖ്യയുള്ള പഞ്ചായത്തിൽ വ്യത്യസ്ത മതവിഭാഗങ്ങളായ ഹിന്ദുക്കളും, മുസ്ലീങ്ങളും, ക്രിസ്ത്യാനികളും ഉണ്ട്. മുസ്ലീങ്ങളും ക്രിസ്ത്യാനികളും തീരദേശത്തോടടുത്തും മറ്റുള്ളവർ കരപ്രദേശങ്ങളിലുമായി കേന്ദ്രീകരിച്ചിരിക്കുന്നുവെങ്കിലും ഇവർ ഇടകലർന്ന് ജീവിക്കുകയും ക്രയവിക്രയങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്ന ഒരു വ്യവസ്ഥയാണിന്നുള്ളത്. ഇവർ പഞ്ചായത്തിന്റെ സാമ്പത്തിക സാംസ്കാരിക പ്രവർത്തനങ്ങളിൽ പരസ്പരപൂരകങ്ങളായി വർത്തിക്കുന്നു.

വലുതും ചെറുതുമായി അനേകം ക്ഷേത്രങ്ങളും തെക്കതുകളും, കാവുകളും, മുസ്ലീംപള്ളികളും ക്രിസ്ത്യൻപള്ളികളും ഉള്ള പഞ്ചായത്തിൽ ഇവയുടെ ആഭിമുഖ്യത്തിൽ അരങ്ങേറപ്പെടുന്ന ഉത്സവാഘോഷങ്ങളാണ് പ്രധാന സാംസ്കാരിക സംഭവങ്ങൾ. മുത്താരമ്മൻ ക്ഷേത്ര ഉത്സവം, കോവളം, വെങ്ങാനൂർ പറണേറ്റ്, നെല്ലിവിള ക്ഷേത്ര ഉത്സവം, ഇടിവിഴുന്ന ക്ഷേത്രോത്സവം, ശ്രീകൃഷ്ണക്ഷേത്ര ഉറിയടി, മുഹിയുദ്ദീൻ പള്ളിയിലെ ചന്ദനക്കുടം, വിഴിഞ്ഞം സിന്ധുയാത്രമാതാപള്ളിയിലെ വാർഷികോത്സവം തുടങ്ങിയ ആഘോഷങ്ങൾ വളരെ പ്രാധാന്യത്തോടെ കൊണ്ടാടപ്പെടുന്നവയാണ്. കൂടാതെ ദേശീയോത്സവമായ ഓണം മത ആഘോഷങ്ങളായ ബക്രീദ്, റംസാൻ, ക്രിസ്മസ് മുതലായവയും ജനങ്ങൾ വളരെ ഉത്സാഹപൂർവ്വം കൊണ്ടാടുന്നു.

സാംസ്കാരികതലത്തിൽ നാടൻ കലകൾക്കും അനുഷ്ഠാനകലകൾക്കും ഉള്ള പ്രാധാന്യം കുറച്ചു കാണുവാൻ കഴിയുന്നതല്ല. ഭദ്രകാളിപ്പാട്ട്, ഉറിയടി, നാഗപ്പാട്ട്, തുള്ളൽ, കുത്തിയോട്ടം മുതലായവ ക്ഷേത്രങ്ങളെ കേന്ദ്രീകരിച്ചും, ദഹറാമുട്ടുകളി മുഹിയുദ്ദീൻപള്ളിയിലെ ചന്ദനക്കുടത്തോടനുബന്ധിച്ചും നടത്തപ്പെടുന്നു. വെങ്ങാനൂർ K.P.M.S പരിശീലനക്കളരി നടത്തുന്ന കാക്കാരിശ്ശിനാടകം വളരെ പഴയ ഒരു കലാശില്പംകൂടിയാണ്. ചിങ്ങമാസവിളവെടുപ്പുത്സവമായ ഓണത്തിന് പുലികളി, കോലുകളി, നാടൻ പന്തുകളി, തുമ്പിതുള്ളൽ മുതലായവ നടത്തപ്പെടുന്നു. തലമുറകളുടെ സംസ്കാരം കൈമാറ്റംചെയ്യുന്നത് പ്രധാനമായും ലിഖിതങ്ങൾ, ശില്പങ്ങൾ, ചിത്രങ്ങൾ മുതലായവയിലൂടെയാ

ണ്. പഞ്ചായത്തിൽ പനയറക്കുഴി, മേലതിൽവിള പുത്തൻ വിളാകം മുതലായ സ്ഥലങ്ങളിൽ സ്ഥിതിചെയ്യുന്ന തെക്ക തുകളിലെ ചുമർചിത്രങ്ങൾ ഈ വസ്തുത സാധൂകരിക്കും വിധം ഉള്ളതാണെന്നു കാണാം.

ഒരു പ്രദേശത്തിന്റെ സാംസ്കാരികോന്നമനത്തിന് ഗ്രന്ഥശാലകൾക്കും, കായിക സ്ഥാപനങ്ങൾക്കുമുള്ള സ്ഥാനം വളരെ വലുതാണ്. ചെറുതും വലുതുമായി ഏഴോളം ഗ്രന്ഥശാലകൾ പഞ്ചായത്തിലുണ്ട്. പഞ്ചായ ത്തിന്റെ സാക്ഷരതാനിലവാരം ഉയർത്തുന്നതിൽ ഈ ഗ്ര ന്ഥശാലകളൊക്കെയും വളരെ പ്രധാനപങ്കുവഹിക്കുന്നു. ഒട്ടനവധി കായിക സ്ഥാപനങ്ങളും ഇത്തരം പ്രവർത്തന ങ്ങൾക്ക് വളരെയധികം സംഭാവനകൾ നൽകുന്നു. ഈ സംഘടനകളുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന വാർ ഷികോത്സവങ്ങൾ ജാതിമത വർഗ്ഗ ചിന്താഗതികൾ മറന്ന് ഒരുമിക്കുന്നതിനും പ്രവർത്തിക്കുന്നതിനുമുള്ള അവസരങ്ങൾ പ്രദാനംചെയ്യുന്നു.

പത്രങ്ങൾ, മാസികകൾ, റേഡിയോ, ടി.വി തുടങ്ങി യവ പഞ്ചായത്തിൽ കൂടുതൽ പ്രചാരമുള്ള സാംസ്കാ രിക വിനിമയ മാദ്ധ്യമങ്ങളാണ്. പഞ്ചായത്തിലെ 30% ത്തോ ളം പേർ പത്രംവായിക്കുന്നു. ഗ്രന്ഥശാലകളിലൂടെയുള്ള പത്ര പുസ്തക പ്രചാരത്തിന് പുറമേയാണിത്. 90 ശതമാ നം ജനങ്ങളും റേഡിയോയുടേയും 55% ത്തോളം ജനങ്ങൾ ടി.വി.യുടേയും ഗുണഭോക്താക്കളാണ്. VIII, XIV, XI, XIII വാർഡുകളിലെ റേഡിയോ കിയോസ്ക്കുകൾ റേഡി യോയുടെ പ്രചാരണത്തിന് ആക്കംകൂട്ടിയ സ്ഥാപനങ്ങ ളാണ്. പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ T.V കിയോ സ്ക്കുകളും വിവിധ ഭാഗങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. മാദ്ധ്യമ പ്രചാരണത്തിന്റെ ആധുനിക മാതൃകയായ കേബിൾ ടി. വി സമ്പ്രദായം പഞ്ചായത്തിൽ മൂന്ന് യൂണിറ്റുകളായി പ്ര വർത്തിക്കുന്നു.

മേൽ വിവരിച്ച സ്ഥാപനങ്ങളെ കൂടാതെ പഞ്ചായ ത്തിന് മുതൽക്കൂട്ടായി പ്രവർത്തിക്കുന്ന നിരവധി പൊതു താല്പര്യപ്രസ്ഥാനങ്ങളും നിലവിലുണ്ട്. വെങ്ങാനൂർ ഗാന്ധി സ്മാരക ആശുപത്രി, T.S.S. Society, N.S.S കരയോഗം S.N.D.P യോഗം, തമിഴ് വിശ്വബ്രഹ്മ സമാജം Kerala Katholic Youth Movement (KCYM) യുവധ്വനി Charuvila Youth Movement, കേരള വിശ്വകർമ്മ മഹാസഭ, വിഴി ഞ്ഞം വടക്കുംഭാഗം, തെക്കുംഭാഗം ജമാ അത്ത് കേരളാ നാടാർ സമാജം, കേരളാ പുലയർ മഹാസമാജംപോലുള്ള മറ്റ് സംഘടനകൾ മുതലായവ ഇത്തരത്തിൽ പ്രാധാന്യമർ ഹിക്കുന്ന പ്രസ്ഥാനങ്ങളാണ്.

നമ്മുടെ സാംസ്കാരിക മൂല്യങ്ങൾക്കൊപ്പം വളർന്നു വന്ന സാംസ്കാരികാംശമായ വിനോദസഞ്ചാരത്തിന് വി ഴിഞ്ഞം വലിയ സംഭാവനകൾ നൽകുന്നു. ഇന്ത്യയിലെ തന്നെ മികച്ച തീരങ്ങളിൽ ഒന്നായ കോവളം പഞ്ചായ ത്തിന്റെ ഒപ്പം കേരളത്തിന്റെതന്നെയും സംസ്കാരത്തെ പു റംലോകത്തിന് പരിചയപ്പെടുത്തുന്ന ഒരു കവാടമായി വർ ത്തിക്കുന്നു. ഇതിന്റെ വളർച്ചയുടെ ഭാഗമായി പുളിങ്കുടി തീരത്തേയും വിനോദസഞ്ചാര വികസനം വ്യാപിച്ചുവരുന്നു.

ഇത്തരത്തിൽ കലാ സാംസ്കാരികരംഗത്ത് പഴമയി ലും ഒപ്പം ആധുനികതയുടെ കുത്തൊഴുക്കിലും അതിന്റെ സ്ഥാനം ഊട്ടിയുറപ്പിച്ച പ്രദേശമാണ് വിഴിഞ്ഞം എന്ന് ന മുക്ക് മനസ്സിലാക്കാം.

സാംസ്കാരികമായി വളരെ ഉയർന്ന നിലവാരം പു ലർത്തുന്ന ജനങ്ങളാണ് വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ അധിവസിക്കുന്നവർ എന്നു പറഞ്ഞുവല്ലോ. എന്നാൽ നിർ ഭാഗ്യമെന്നു പറയട്ടെ 1962-ലെ വിഴിഞ്ഞം പഞ്ചായത്ത് രൂപീകരണത്തിനു ശേഷം മൂന്നു പ്രാവശ്യം സാമൂഹികാ സ്വാസ്ഥ്യം പഞ്ചായത്ത് നേരിടുകയുണ്ടായി. കാലാകാല ങ്ങളായി നാം തുടർന്നുവരുന്ന പൈതൃകങ്ങൾക്കുണ്ടായ മൂല്യത്തകർച്ചയാണ് ഇതിനുണ്ടായ കാരണം എന്നു കരു തുന്നു. വർദ്ധിച്ചുവരുന്ന ജനസംഖ്യ, സ്ഥലപരിമിതി, നി രക്ഷരത ഇവ ഇത്തരം തകർച്ചകൾക്ക് ആക്കംകൂട്ടുകയും ചെയ്യുന്നു.

പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ കു റഞ്ഞുവരുന്ന കാര്യക്ഷമതയും ഇതിന് പ്രധാനകാരണമാ ണ്.

ഇവ കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും പുനഃരേകീകരണത്തിന് അവസരങ്ങൾ ഒരുക്കുകയും ചെ യ്യുന്നതിനാണ് നാമിന്ന് പ്രാധാനമായും പ്രാമുഖ്യം നൽ കേണ്ടത് എന്ന് പറയേണ്ടിയിരിക്കുന്നു. ഇനിയും ഇത്തരം പ്രവണതകളെ വേരോടെ നശിപ്പിക്കുവാൻ നാം ഉണർ ന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

നമ്മുടെ സംസ്കാരത്തെ വില്പനച്ചരക്കാക്കി മാറ്റിക്കൊ ണ്ട് വിനോദസഞ്ചാരം പഞ്ചായത്തിൽ വഴിവിട്ടരീതിയിൽ വളർന്നുവരുന്നു. സംസ്കാരത്തിന്റെ അമിത ചൂഷണം അ തിന്റെ തകർച്ചക്കേ വഴിവയ്ക്കുകയുള്ളൂ. വിനോദസഞ്ചാ രത്തിന്റെ മറവിൽ വളരുന്ന മയക്കുമരുന്ന് വില്പനയും ഉപ യോഗവും യുവതലമുറയെ തകർക്കുകയാണ്. ഒപ്പം പ്ര കൃതിയോട് അല്പംപോലും ദയകാട്ടാതെ തീരദേശത്തെ മലി നസമാക്കുന്ന പ്രവണതയും മാറ്റേണ്ടതാണ്. നമുക്കിന്ന് ലഭ്യ മായ പ്രകൃതി പൂർവ്വികരിൽനിന്നും കൈമാറ്റപ്പെട്ട ഒന്നാ ണ്. വരും തലമുറകൾക്കായി അതു സംരക്ഷിക്കുക എന്ന സാമാന്യ മര്യാദ നാം പാലിച്ചേ മതിയാവൂ. ഈ രംഗങ്ങ ളിൽ കലാസാംസ്കാരിക സന്നദ്ധപ്രവർത്തകർക്കും പ്ര സ്ഥാനങ്ങൾക്കും നൽകാൻകഴിയുന്ന സംഭാവനകൾ മു ന്നിൽക്കണ്ട് പ്രവർത്തിക്കുകയും ഇത്തരം വ്യക്തികളേയും സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ട താണ്.

## സാംസ്കാരികാവശ്യങ്ങൾ

1. സാക്ഷരതാപ്രവർത്തനം ഊർജ്ജിതമാക്കുക
2. ഗ്രന്ഥശാലകളിൽനിന്ന് സ്ത്രീകൾക്കാവശ്യമായ പുസ്ത കങ്ങൾ വീട്ടിൽ എത്തിക്കുക.
3. മദ്യവിപത്ത്, മയക്കുമരുന്ന്, എയ്ഡ്സ് ഇ വയ്ക്കെതിരെ ബോധവൽക്കരണം നടത്തുക.
4. T.V കിയോസ്ക്കുകൾ സ്ഥാപിക്കുക.
5. വാർഡുതലത്തിൽ പൊതുജനവിദ്യാഭ്യാസപരിപാടി കൾ സംഘടിപ്പിക്കുക.
6. ഗ്രന്ഥശാലകൾ കൂടുതൽ സ്ഥാപിക്കുക. അവയു ടെ.പ്രവർത്തനം കാര്യക്ഷമമാക്കുക.
7. കായിക വിനോദ ആവശ്യങ്ങൾ മുന്നിൽക്കണ്ട് കൂ ടുതൽ കളിസ്ഥലങ്ങൾ സ്ഥാപിക്കുക (ഇത് എല്ലാ ഗ്രാമസഭകളുടേയും പൊതുവായ ഒരു ആവശ്യമാണ്).
8. പ്രവർത്തനരഹിതമായ റേഡിയോ കിയോസ്ക്കുകൾ പ്രവർത്തിപ്പിക്കുക.

പഞ്ചായത്തിലെ സാംസ്കാരിക സ്ഥാപനങ്ങളുടെ സ്ഥിതിവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് | ക്ഷേത്രങ്ങൾ | മുസ്ലീംപള്ളികൾ | ക്രിസ്ത്യൻപള്ളികൾ |
|---|---|---|---|
| I | അയ്യിപ്പിള ക്ഷേത്രം<br>ശാസ്താക്ഷേത്രം<br>ആവാടുതുറ ദേവീക്ഷേത്രം<br>ഗണപതിക്ഷേത്രം<br>തേരിവിള ഭദ്രകാളിക്ഷേത്രം<br>പാൽക്കുളം തമ്പുരാൻക്ഷേത്രം | കോവളം മുസ്ലീംപള്ളി | |
| II | ഭഗവതിക്ഷേത്രം | | |
| III | | മുഹിയ്യദ്ദീൻപള്ളി<br>വിഴിഞ്ഞം പഴയപള്ളി. | |
| IV | | നമസ്കാര പള്ളി | |
| V | പുരാതന ഗുഹാക്ഷേത്രം<br>ശ്രീകൃഷ്ണക്ഷേത്രം | ടൗൺഷിപ്പ് പള്ളി | |
| VI | | | സിന്ധുയാത്രമാതാ പഴയപള്ളി |
| VII | | | ക്രിസത്യൻപള്ളി |
| VIII | | കരിംപള്ളിക്കര പള്ളി | |
| IX | രാജ രാജേശ്വരിക്ഷേത്രം<br>പനവിളകോട് ദേവാലയം | മുസ്ലീംപള്ളി | R.C. ചർച്ച് |
| X | ചാമുണ്ടേശ്വരി ക്ഷേത്രം, തുണ്ടംക്ഷേത്രം<br>മല്ലൂർ മുടിപ്പുര, തോട്ടം നാഗർക്ഷേത്രം | | മുക്കോല C.S.I പള്ളി |
| XI | ശ്രീകൃഷ്ണസ്വാമീക്ഷേത്രം<br>നാഗർക്ഷേത്രം | | |
| XII | ഇടിവിഴുന്നവിളദേവീക്ഷേത്രം<br>ചാമുണ്ടേശ്വരിക്ഷേത്രം | | സെന്റ്ജോസഫ് ചർച്ച് |
| XIII | ചിറയ്ക്കോടു ഭഗവതിക്ഷേത്രം<br>മുടുപാറവിള ക്ഷേത്രം | | |
| XIV | നീലകേശി, തൈവിളാകം നാഗർക്ഷേത്രം,<br>ചെന്നയ്ക്കൽ, ചന്ദനമാരിയമ്മൻകോവിൽ,<br>വിളകന്നൂർ ഭഗവതിക്ഷേത്രം<br>നെല്ലിവിള ക്ഷേത്രം | | C.S.I. ടൗൺ ചർച്ച് |
| XV | മുത്തുമാരിയമ്മൻ ക്ഷേത്രം<br>ശിവക്ഷേത്രം, പിറവിളാകം | വടക്കുംഭാഗം ജുമാ അത്ത് പള്ളി,<br>സെൻട്രൽ ജുമാ അത്ത് പള്ളി | ലൂഥറൻ ചർച്ച്<br>C.S.I. ചർച്ച് |

| വാർഡ് | ഗ്രന്ഥശാലകൾ | കായികസ്ഥാപനങ്ങൾ | മറ്റുള്ളവ |
|---|---|---|---|
| I | | സെഞ്ച്വറി സ്പോർട്സ് & ആർട്സ് ക്ലബ്ബ്<br>ബിസ്മില്ല സ്പോർട്സ് & ആർട്സ്<br>ടെൻസ്റ്റാർ ക്ലബ്<br>ടിപ്പുസുൽത്താൻ സ്പോർട്സ് | Lion's Club<br>കോവളം നെറ്റീവ് അസോസിയേഷൻ<br>ഹോട്ടൽ & റെസ്റ്റോറന്റ്<br>അസോസിയേഷൻ |
| II | H.N.S.M ലൈബ്രറി | ബിസ്മില്ല സ്പോർട്സ് & ആർട്സ്<br>ടെൻസ്റ്റാർ ക്ലബ്<br>ടിപ്പുസുൽത്താൻ സ്പോർട്സ്<br>& ആർട്സ്<br>അൽബുക്കിൻ ക്ലബ്ബ് | കോവളം നെറ്റീവ് അസോസിയേഷൻ<br>ഹോട്ടൽ & റെസ്റ്റോറന്റ്<br>അസോസിയേഷൻ |
| VI | റെച്ചൻസ് ലൈബ്രറി | | |
| V | ആസാദ് സ്മാരക<br>വായനശാല | | |
| VIII | | പാരഡൈസ് സ്പോർട്സ് & ആർട്സ് | T.S.S. സൊസൈറ്റി<br>P.C.O.,<br>K.C.Y.M,<br>യുവധ്വനി,<br>ചരുവിള യൂത്ത്മൂവ്മെന്റ് |
| XI | പഞ്ചായത്ത് ഗ്രന്ഥശാല | | പയറുംമൂട് ജനസേവാസംഘം<br>പഞ്ചായത്ത് സാംസ്കാരിക<br>നിലയം |
| XII | സഹൃദയാനന്ദ ഗ്രന്ഥശാല | ശാന്തിപുരം നവഭാരത്<br>കാമരാജ് സ്പോർട്ട് & ആർട്സ് | Y.D.M. കളരിസംഘം |
| XIII | C.V. സ്മാരക ഗ്രന്ഥശാല. | തപസ്യ മുക്കോല | മുക്കോല റസിഡന്റ്സ്<br>അസോസിയേഷൻ |
| XIV | ജവഹർ സ്മാരക വായനശാല | സന്ധ്യ വെങ്ങാനൂർ<br>ഹരിശ്രീ സ്പോർട്സ് & ആർട്സ്<br>ദേവി സ്പോർട്സ് & ആർട്സ്<br>അഡിഡാസഡ് ഫുട്ബാൾ ക്ലബ്ബ്,<br>അയ്യൻകാളി സ്മാരക കായിക കലാസമിതി | വിവേകാനന്ദ കൾച്ചറൽ സെന്റർ<br>അക്ഷയ ചാരിറ്റബിൾ<br>സൊസൈറ്റി. |
| XV | നെഹ്റു സ്മാരക ഗ്രന്ഥശാല | A.K.G. സ്മാരക സ്പോർട്സ് & ആർട്സ് | ദേശാഭിമാനി ചിൽഡ്രൻസ്<br>റേഡിയോ ക്ലബ്ബ്. |

9. കേരളോത്സവം കൂടുതൽ കാര്യക്ഷമമായി നടത്തുക. ഇത് വാർഡുകളിൽ പ്രവർത്തിക്കുന്ന ചെറുകലാകായിക സംഘങ്ങൾക്ക് ഒരുമിച്ച് പ്രവർത്തിക്കുവാനുള്ള അവസരം സാദ്ധ്യമാക്കും. ഒപ്പം പഞ്ചായത്തുതലത്തിൽ നടത്തപ്പെടുന്ന മേളകളും കാര്യക്ഷമമാക്കുക.
10. പൊതുജനാരോഗ്യം, ശുചീകരണം കലകൾ ഇവയെക്കുറിച്ച് ബോധവൽക്കരണപരിപാടികൾ സംഘടിപ്പിക്കുക.
11. സാംസ്കാരികനിലയങ്ങൾ എല്ലാ വാർഡുകളിലും സ്ഥാപിക്കുക.
12 രണ്ടാംവാർഡിൽ ഹാർബർ വകുപ്പ് ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലം ഗ്രൗണ്ടാക്കി ഉപയോഗപ്പെടുത്താൻ നടപടി സ്വീകരിക്കുക.
13. B.C. യോടടുത്ത കാലത്തു തുടങ്ങുകയും അവ്യക്തമെങ്കിലും സംഭവബഹുലം എന്നുതന്നെ വിശേഷിപ്പിക്കാവുന്ന നൂറ്റാണ്ടുകളിലൂടെ പിന്നിട്ട് അവസാനത്തിൽ തിരുവിതാംകൂർ വർമ്മ രാജവംശത്തിലൂടെ പകർന്നുനൽകപ്പെട്ട വർത്തമാന കാല സംസ്കാരം വരുംതലമുറകൾക്കായി പുത്തനുണർവിന്റെയും പരസ്പര സഹകരണത്തിന്റേയും സമ്പന്നമായ ഒരു സാംസ്കാരിക പൈതൃകം കൈമാറുന്നതിൽ ഗ്രാമ പഞ്ചായത്ത് പ്രതിജ്ഞാബദ്ധമാണ്.

## വനിത

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ ജനസംഖ്യയിൽ 49% സ്ത്രീകളാണ്. എന്നാൽ പട്ടികജാതിക്കാരിൽ സ്ത്രീകൾ പുരുഷന്മാരെ അപേക്ഷിച്ച് കൂടുതലാണെന്ന് കാണുന്നു. മൊത്തം ജനസംഖ്യയിൽ 1000 പുരുഷന്മാർക്ക് 980 സ്ത്രീകൾ വരും. ഇത് സംസ്ഥാന ശരാശരിയേക്കാളും ജില്ലാ ശരാശരിയേക്കാളും കുറവാണ്. വിദ്യാഭ്യാസകാര്യത്തിൽ സ്ത്രീകളുടെ എണ്ണം പുരുഷന്മാരെ അപേക്ഷിച്ചു കുറവാണെന്ന് കണക്കുകൾ കാണിക്കുന്നു.

**പട്ടിക**

സാക്ഷരർ (1991-ലെ കാനേഷുമാരി കണക്ക്)

| വാർഡ് | പുരുഷന്മാർ | സ്ത്രീകൾ |
|---|---|---|
| 1 | 977 | 834 |
| 2 | 911 | 779 |
| 3 | 992 | 832 |
| 4 | 504 | 482 |
| 5 | 1145 | 975 |
| 6 | 733 | 643 |
| 7 | 1355 | 1152 |
| 8 | 1168 | 990 |
| 9 | 1674 | 1608 |
| 10 | 993 | 947 |
| 11 | 805 | 798 |
| 12 | 947 | 902 |
| 13 | 828 | 774 |
| 14 | 1271 | 1136 |
| ആകെ | 14303 | 12852 |

തൊഴിൽ പങ്കാളിത്തത്തിൽ പുരുഷന്മാരെക്കാൾ പിന്നിലാണ്. സ്ത്രീതൊഴിലാളികളിൽ ഭൂരിഭാഗവും ഭാഗിക തൊഴിലാളികളാണ്. കാർഷികരംഗം, അദ്ധ്യാപനം, കെട്ടിടനിർമ്മാണം, കൈത്തറി എന്നി മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം ഉണ്ട്. പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവാണ്. വനിതകളുടെ മാത്രമായുള്ള മൂന്ന് തൊഴിൽസ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. തൊഴിൽരഹിതരുടെ കാര്യത്തിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം വളരെ കൂടുതലാണ്.

**പട്ടിക**

തൊഴിൽരഹിതർ (1991 കാനേഷുമാരി കണക്ക്)

| വാർഡ് | പുരുഷൻ | സ്ത്രീ |
|---|---|---|
| 1 | 573 | 998 |
| 2 | 821 | 1448 |
| 3 | 931 | 1695 |
| 4 | 583 | 1018 |
| 5 | 1221 | 2047 |
| 6 | 691 | 1182 |
| 7 | 1033 | 1969 |
| 8 | 614 | 1269 |
| 9 | 923 | 1792 |
| 10 | 566 | 1168 |
| 11 | 487 | 969 |
| 12 | 598 | 1002 |
| 13 | 632 | 1133 |
| 14 | 843 | 1475 |
| ആകെ | 10516 | 19081 |

253 സ്ത്രീകൾക്ക് വിധവ പെൻഷൻ ലഭിക്കുന്നുണ്ട്.

വനിതകളുടെ മേൽനോട്ടത്തിൽ കഴിയുന്ന കുടുംബങ്ങൾ 2% ഉണ്ട്.

വനിതാസഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല. പെൺകുട്ടികൾക്കു മാത്രമായി വെങ്ങാനൂർ വാർഡിൽ ഒരു ഹൈസ്കൂൾ ഉണ്ട്. ചൂരൽ ഫർണിച്ചറുമായി ഒരു DWCRA യൂണിറ്റ് പ്രവർത്തിക്കുന്നു. തൊഴിൽരംഗങ്ങളിൽ സ്ത്രീകൾക്ക് പുരുഷന്മാരെക്കാൾ വളരെ കുറഞ്ഞ കൂലിയാണ് ലഭിക്കുന്നത്. റേഷൻകടകളിലും, ചന്തകളിലും, മാവേലി സ്റ്റോറുകളിലും സാധനങ്ങൾ വാങ്ങാൻ സ്ത്രീകളാണ് കൂടുതലും പോകുന്നത്. പുരുഷന്മാരെക്കാൾ കൂടുതൽ സ്ത്രീകൾ രോഗാതുരരും, ആശുപത്രികളെ അഭയംതേടുന്നവരുമാണ്. പുരുഷന്മാരുടെ മദ്യപാനംമൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾ ഉണ്ട്. കൂടുതലും മത്സ്യചൊഴിലാളി മേഖലയിലാണ് ഇത്. സ്ത്രീധനവിപത്ത് നിലവിലുണ്ട്. ഇതിന്റെ പേരിൽ പീഡനമനുഭവിക്കുന്ന സ്ത്രീകളുമുണ്ട്.

വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 22 അങ്കണവാടികൾ പ്രവർത്തിക്കുന്നു. 7 എണ്ണത്തിനു മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. അങ്കണവാടികളിൽ സ്ത്രീകൾക്കും, കുട്ടികൾക്കും വേണ്ടത്ര പരിചരണം ലഭിക്കുന്നില്ല. ഏതാനും വനിതാസമാജങ്ങളും പഞ്ചായത്തിൽ ഉണ്ട്. ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്ന രീതിയിൽ ഫലപ്രദമായി പ്രവർത്തിക്കുന്നില്ല. ആരോഗ്യ, ശുചീകരണ രംഗങ്ങളുമായി ബന്ധപ്പെട്ട് ഏതാനും FEC, MSS പ്രവർത്തകർ പഞ്ചായത്തുപ്രദേശത്തുണ്ട്.

### ഗ്രാമസഭകളിൽ ഉയർന്ന പ്രശ്നങ്ങൾ

- വനിതാസഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല.
- ചാരായം നിരോധിച്ചു എങ്കിലും പുരുഷന്മാർ കൂടുതൽ തുക മുടക്കി വിദേശമദ്യം സേവിക്കുന്നു.
- വിധവാപെൻഷൻ കാര്യമായി ലഭിക്കാറില്ല.
- സ്ത്രീകൾക്ക് തൊഴിൽപരിശീലനം ലഭിക്കുന്നില്ല.

- തൊഴിൽസംരംഭകർക്ക് സഹായം ലഭിക്കുന്നില്ല.
- പൊതുരംഗത്ത് വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്.
- FEC, MSS പ്രവർത്തകർക്ക് ആനുകൂല്യങ്ങൾ ഒന്നും ലഭിക്കുന്നില്ല.
- തയ്യൽ പഠിച്ചവർ ഉണ്ട്. തയ്യൽ മെഷീൻ ഇല്ല.
- സ്ത്രീധനപീഡനം അനുഭവിക്കുന്നു.
- സ്ത്രീകൾക്കും കുട്ടികൾക്കും ആശുപത്രിയിൽ വേണ്ട ശ്രദ്ധ ലഭിക്കുന്നില്ല.
- തീരദേശവാർഡുകളിൽ സ്ത്രീകൾ പ്രാഥമിക ആവശ്യങ്ങൾക്ക് വളരെ ബുദ്ധിമുട്ടുന്നു.
- അങ്കണവാടികൾക്ക് സ്വന്തം കെട്ടിടങ്ങൾ ഇല്ല.
- അങ്കണവാടിയിലെ കുട്ടികൾക്ക് കളിക്കോപ്പുകൾ ഒന്നുംതന്നെയില്ല.
- മഹിളാസമാജങ്ങൾ കൂടുതൽ സ്ഥാപിക്കണം; പ്രവർത്തനം മെച്ചപ്പെടുത്തണം.

### സാദ്ധ്യതകൾ

വനിതാസഹകരണസംഘങ്ങൾ കൂടുതൽ ആരംഭിക്കുന്നതിനുള്ള നടപടി, സമ്പൂർണ്ണ മദ്യനിരോധനം, മദ്യപാനികൾക്ക് കടുത്ത ശിക്ഷ നൽകുക. വിധവാപെൻഷനും, മറ്റു സഹായങ്ങളും കൃത്യമായി നൽകാനുള്ള നടപടി, തൊഴിൽപരിശീലനങ്ങൾ നൽകി, കൂടുതൽ DWCRA യൂണിറ്റുകൾ സ്ഥാപിക്കുക, വനിതകൾ കൂടുതൽ പൊതുരംഗത്തുവരുന്നതിന് കൂടുതൽ പ്രചരണം നൽകുക, യോഗങ്ങളും, മറ്റ് സാംസ്കാരിക പ്രവർത്തനങ്ങളും സന്ധ്യയ്ക്കു മുൻപ് പൂർത്തിയാക്കുക, സ്ത്രീകൾക്ക് കൂടുതൽ അവസരങ്ങൾ നൽകുക, വനിതാ MSS, FEC പ്രവർത്തകർക്ക് പ്രതിഫലം നൽകുക, അർഹരായ വനിതകൾക്ക് തയ്യൽ മെഷീൻ വാങ്ങുന്നതിന് സഹായം, സ്ത്രീകൾക്കും, കുട്ടികൾക്കുമായി വനിതാ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുക. തീരദേശത്ത് സ്ത്രീകൾക്കായി പൊതു കക്കൂസ് നിർമ്മിക്കുക, അതിന്റെ സംരക്ഷണം അവരെത്തന്നെ ഏല്പിക്കുക, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുക, ബഹുജനപങ്കാളിത്തം തേടുക. കുട്ടികൾക്ക് ആവശ്യത്തിന് അങ്കണവാടികളിൽ കളിക്കോപ്പുകൾ നൽകുക, മഹിളാ സമാജങ്ങൾ കൂടുതൽ സ്ഥാപിക്കാനും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുവാൻ നടപടി എടുക്കുക.

## സഹകരണമേഖല

സഹകരണ സംഘങ്ങളും ജനകീയപ്രസ്ഥാനംതന്നെയാണ്. ഗ്രാമതലവികസനപ്രവർത്തനങ്ങളിൽ സജീവപങ്കാളിത്തം വഹിക്കേണ്ട ഒരു മേഖലയാണ് സഹകരണം. കാർഷികവും അതുമായി ബന്ധപ്പെട്ട അനുബന്ധമേഖലകളിലും ഗ്രാമീണജനതയെ പങ്കാളികളാക്കുന്നതിന് സഹകരണസംഘങ്ങൾ പ്രതിജ്ഞാബദ്ധമാണ്. ഉല്പാദന, വിതരണ സംസ്കരണ പ്രവർത്തനങ്ങൾക്കു വേണ്ട വായ്പാസംവിധാനങ്ങൾ ഒരുക്കുന്നതിനും ആയത് യഥാസമയം ഗ്രാമീണജനങ്ങൾക്ക് എത്തിച്ചുകൊടുക്കുന്നതിനും സഹകരണ സംഘങ്ങളെ സജ്ജമാക്കേണ്ടിയിരിക്കുന്നു. സഹകരണ സ്ഥാപനങ്ങളുടെ ഇപ്പോഴത്തെ പ്രവർത്തനത്തിൽ ഏറിയ പങ്കും ഉല്പാദനമേഖലയ്ക്ക് ആവശ്യമായ ഹ്രസ്വകാല വായ്പാ വിതരണവുമായി ബന്ധപ്പെട്ടിരിക്കുന്നു. അവയുടെ പ്രവർത്തനം വൈവിധ്യകരമാക്കുകയും വികസനമേഖലകളിലേക്ക് കൂടുതൽ വ്യാപിക്കേണ്ടത് അത്യാവശ്യമാണ്.

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ 14-ാംവാർഡിൽ പ്രവർത്തിക്കുന്ന വെങ്ങാനൂർ സർവ്വീസ് സഹകരണ ബാങ്കാണ് ഇന്നാട്ടിലെ ആദ്യത്തെ സഹകരണ ബാങ്ക്. 1926-ൽ സ്ഥാപിതമായ ടി സംഘത്തിന്റെ പ്രവർത്തന മേഖല കൂടുതലും വെങ്ങാനൂർ പഞ്ചായത്ത് പ്രദേശമാണ്. വിഴിഞ്ഞം പഞ്ചായത്തിലെ 14-ാംവാർഡിൽ മാത്രമേ ടി സംഘത്തിന്റെ സേവനം ലഭിക്കുന്നുള്ളൂ. പ്രസ്തുത ബാങ്കിൽ 4044 അംഗങ്ങളുണ്ട്. ബാങ്കിന്റെ കീഴിൽ ഓണക്കാലത്ത് നിത്യോപയോഗസാധനങ്ങളും, പച്ചക്കറികളും വിതരണം നടത്തുന്ന ഒരു സഹകരണ മാവേലി സ്റ്റോറും, ഒരു വളം ഡിപ്പോയും, ഒരു നോട്ട്ബുക്ക് വിതരണകേന്ദ്രവും ഉണ്ട്.

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ 12-ാംവാർഡിൽ പ്രവർത്തിക്കുന്ന കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്കിന്റെ സേവനമാണ് പഞ്ചായത്തിൽ കൂടുതൽ പ്രദേശങ്ങളിൽ ലഭിക്കുന്നത്. 4545 അംഗങ്ങൾ ഉള്ള ടി ബാങ്ക് 8-2-1946-ൽ സ്ഥാപിതമായി. കാർഷിക അഭിവൃദ്ധിക്കായി ഹ്രസ്വകാല, മധ്യകാല, ദീർഘകാല കാർഷികവായ്പകൾ നൽകിയിട്ടുണ്ട്. ഇതിനുപുറമേ സാധാരണ വായ്പ, ഐ. ആർ. ഡി.പി., ഹൗസിംഗ് വായ്പകളും നൽകുന്നു. ഓണക്കാലത്ത് ഓണച്ചന്തയും നടത്തുറുണ്ട്. കൂടാതെ വളം ബിസിനസ്, ലേലച്ചിട്ടികൾ, ലഘുസമ്പാദ്യപദ്ധതി എന്നിവ ഈ ബാങ്ക് നടത്തിവരുന്നു. ഒരു ഹരിജൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റി നാമമാത്രമായി നിലവിലുണ്ട്.

പാൽസംഭരണവും, വിതരണവും നടത്തുന്ന നാല് പാൽസൊസൈറ്റികളും 8 കൈത്തറി നെയ്ത്ത് സഹകരണസംഘങ്ങളും 3 മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങും പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്നു. അതത് മേഖലകളിൽ ടി സംഘങ്ങൾ സാമാന്യം നല്ല പ്രവർത്തം നടത്തുന്നതായി കാണുന്നു. ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് അനുസരിച്ചു പ്രവർത്തിക്കുന്ന മറ്റ് സന്നദ്ധസംഘടനകളും തിരുവനന്തപുരം ജില്ലാ സഹകരണബാങ്കിന്റെ വിഴിഞ്ഞം ശാഖയും പ്രവർത്തിക്കുന്നുണ്ട്.

പൊതുമേഖലാ ബാങ്കുകളോട് കാണിക്കുന്ന രീതിയിലുള്ള സമീപനം സഹകരണബാങ്കുകളോട് ആൾക്കാർ കാണിക്കാറില്ല. ഗുണഭോക്താക്കൾ വാങ്ങുന്ന വായ്പതുകകൾ തിരിച്ചടയ്ക്കുന്നതിനുള്ള കാലതാമസം ബാങ്കിന്റെ നല്ലരീതിയിലുള്ള പ്രവർത്തനത്തെ ബാധിക്കുന്നു. സർക്കാരിന്റെ

ബാങ്കായി റിസർവ്വ് ബാങ്കിനെ കാണുന്നരീതിയിൽ ഗ്രാമീണരുടെ ബാങ്കായി സഹകരണബാങ്കുകളെ മാറ്റേണ്ടിയിരിക്കുന്നു. പൊതുമേഖലാബാങ്കുകളിലെ നിക്ഷേപങ്ങളിൽ 40 ശതമാനത്തിനു താഴെ മാത്രമേ ഗ്രാമപ്രദേശങ്ങളിൽ വായ്പ നൽകാറുള്ളൂ. എന്നാൽ ഗ്രാമീണർ നിക്ഷേപങ്ങൾ സഹകരണബാങ്കുകളിലാക്കിയാൽ മുഴുവൻ തുകയും ഗ്രാമീണജനതയുടെ ഉന്നമനത്തിനുപയോഗിക്കാനും അതിലൂടെ ഗ്രാമവികസനം സാദ്ധ്യമാക്കുകയും ചെയ്യാം. കാർഷിക ആവശ്യങ്ങൾക്ക് സഹകരണബാങ്കുകൾ ധാരാളം വായ്പകൾ നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ആവശ്യങ്ങൾക്ക് ഈ വായ്പ പ്രയോജനപ്പെടുത്താതിരുന്നതിനാൽ കാർഷിക രംഗത്ത് അഭിവൃദ്ധി കൈവരിക്കാൻ സാദ്ധ്യമായില്ല എന്നു മാത്രമല്ല പണം തിരിച്ചടയ്ക്കാൻ കർഷകർക്ക് കഴിയാതെവരികയും അതുമൂലം കർഷകർക്കോ സംഘങ്ങൾക്കോ പുരോഗതി കൈവരിക്കാൻ സാദ്ധ്യമായില്ല.

## വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന സഹകരണസ്ഥാപനങ്ങളുടെ വിവരം

1. വെങ്ങാനൂർ സർവ്വീസ് സഹകരണ ബാങ്ക്
2. കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്ക്
3. ഹരിജൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റി.

### കൈത്തറി

1. ഉച്ചക്കട ഹാന്റ്‌ലൂം വീവേഴ്സ് സഹകരണ സംഘം
2. വട്ടവിള " "
3. മുല്ലൂർ " "
4. മുട്ടക്കാട് " "
5. തച്ചൻവിളാകം" "
6. കോവളം " "
7. പിറവിളാകം കൈത്തറി സഹകരണസംഘം
8. ഗൗരി പോളിസ്റ്റർ ഹാന്റ്‌ലൂം വീവേഴ്സ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി.

### ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ

1. പുല്ലൂർക്കോണം ക്ഷീരസംഘം
2. പനവിള "
3. വെങ്ങാനൂർ "
4. നെല്ലിക്കുന്ന് "

### മത്സ്യസഹകരണസംഘങ്ങൾ

1. വിഴിഞ്ഞം സൗത്ത് ഫിഷർമെൻ സഹകരണസംഘം
2. വിഴിഞ്ഞം നോർത്ത് I "
3. വിഴിഞ്ഞം നോർത്ത് II "

### പ്രശ്നങ്ങളും ആവശ്യങ്ങളും

- സഹകരണസംഘങ്ങൾ കൃഷിക്കാരുടെ ആവശ്യങ്ങൾ അനുസരിച്ചുള്ള സ്കീമുകൾ തയ്യാറാക്കുന്നതിൽ വേണ്ടത്ര താല്പര്യം കാണിക്കുന്നില്ല.
- കർഷകർക്ക് വായ്പ ആവശ്യമായ സമയത്ത് ആവശ്യമായ തോതിൽ ലഭ്യമാക്കാൻ സംഘങ്ങൾക്ക് കഴിയുന്നില്ല. ഇത് കർഷകരെ അമിതപലിശയ്ക്ക് വായ്പ വാങ്ങുന്നതിന് നിർബന്ധിക്കപ്പെടുന്നു.
- മിക്ക അംഗങ്ങളും വായ്പകൾ ദുർവിനിയോഗം ചെയ്യുന്നു. കാർഷികമേഖലയിലാണ് ഈ പ്രവണത കണ്ടുവരുന്നത്.
- സങ്കുചിതമായ കക്ഷിരാഷ്ട്രീയത്തിനടിസ്ഥാനത്തിലാണ് മിക്ക സംഘങ്ങളും അംഗങ്ങളെ ചേർക്കുന്നത്. സഹകരണതത്ത്വങ്ങളെക്കുറിച്ച് മിക്ക അംഗങ്ങളും ബോധവാന്മാരല്ല
- വെങ്ങാനൂർ സർവ്വീസ് സഹകരണബാങ്കിനെ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്കായി ഉയർത്തണം.
- കിടാരക്കുഴി സർവ്വീസ് സഹകരണ ബാങ്ക് നല്ലരീതിയിൽ പ്രവർത്തിക്കുന്നില്ല. കൂടുതൽ മെച്ചപ്പെട്ടരീതിയിൽ നടത്തണം.
- പഞ്ചായത്തിന്റെ പൊതുവായ വികസനപദ്ധതികളിൽ സഹകരണസംഘങ്ങൾ സഹകരിക്കുന്നില്ല.
- ഹരിജൻ കോ- ഓപ്പറേറ്റീവ് സൊസൈറ്റിയെ പുനരുജ്ജീവിപ്പിക്കണം.
- കർഷകർക്ക് ഉല്പന്നങ്ങൾ നല്ലവിലയ്ക്ക് സമയത്ത് വിൽക്കാൻ കഴിയാത്തതുകാരണം വായ്പ തിരിച്ചടയ്ക്കാൻ വിഷമം നേരിടുന്നു. ഇതിന് പരിഹാരമായി വായ്പാ-വിപണന സംയോജന പദ്ധതി നടപ്പിലാക്കാവുന്നതാണ്.
- കൈത്തറിനെയ്ത്ത് സഹകരണ സംഘങ്ങൾ നെയ്ത്തു തൊഴിലാളികളെ ചൂഷണം ചെയ്യുന്നത് അവസാനിപ്പിക്കണം.
- കിടാരക്കുഴി സർവ്വീസ് സൊസൈറ്റിയോട് ബന്ധപ്പെടുത്തി നാളികേര സംഭരണകേന്ദ്രം ആരംഭിക്കണം.
- കയർ, കുട്ട, വട്ടി, പായ്, ചൂരൽ, ഹോളോ ബ്രിക്സ് എന്നിവ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ സഹകരണമേഖലയിൽ ആരംഭിക്കണം.
- തുന്നൽപണി, മെഴുകുതിരി, തീപ്പെട്ടി, എംബ്രോയ്ഡറി ഇവ നിർമ്മിക്കുന്നതിനുള്ള സഹകരണസംഘങ്ങൾ തുടങ്ങണം.
- തെന്നൂർക്കോണത്തുണ്ടായിരുന്ന ഖാദിബോർഡിന്റെ നെയ്ത്തുശാലയുടെ പ്രവർത്തനം പുനരാരംഭിക്കണം.
- സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് സീക്രസി ഇല്ല.

## സാദ്ധ്യതകൾ

- കർഷകർക്ക് ആവശ്യമായ സമയത്ത് ആവശ്യമായ തോതിൽ വായ്പകൾ ലഭ്യമാക്കുവാനും, കൃഷിക്കാരുടെ ആവശ്യങ്ങൾക്കനുസൃതമായ സ്കീമുകൾ ഉണ്ടാക്കാനും സംഘങ്ങൾ സജ്ജമാകണം. ആവശ്യങ്ങൾ
- സംഘങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെക്കുറിച്ച് അംഗങ്ങളെ ബോധവാന്മാരാക്കുകയും, ആവശ്യക്കാരെ മാത്രം അം

ഗങ്ങളായി ചേർക്കുകയും ചെയ്യുക.

- വായ്പ യഥാർത്ഥ ഉദ്ദേശ്യങ്ങൾക്കുതന്നെ വിനിയോഗിക്കുന്നുവെന്ന് സംഘം ഉറപ്പുവരുത്തേണ്ടതും. ദുർവിനിയോഗം ചെയ്യുന്ന അംഗങ്ങളിൽനിന്ന് കാലാവധിക്കുമുമ്പുതന്നെ വായ്പ തിരിച്ചീടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്.
- സർവ്വീസ് സഹകരണ ബാങ്കുകളെ ഫാർമേഴ്സ് ബാങ്കുകളാക്കാനുള്ള ശ്രമങ്ങൾ
- കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വേഗം വിറ്റഴിക്കുന്നതിനും വായ്പകൾ യഥാസമയം തിരിച്ചടയ്ക്കുന്നതിന് സഹായകരമായരീതിയിൽ വായ്പ-വിപണന സംയോ
    - ജനപദ്ധതി സംഘങ്ങളിൽ നടപ്പിലാക്കുക.
- കൈത്തറിസഹകരണസംഘങ്ങളിലെയും, പാൽസൊസൈറ്റികളിലെയും ചൂഷണം തടയാൻ നടപടി. ജനകീയ ഇടപെടൽ
- കിടാരക്കുഴി സർവ്വീസ് സൊസൈറ്റിയിൽ നാളികേര സംഭരണകേന്ദ്രം തുടങ്ങുന്നതിനുള്ള നടപടി
- വിവിധോദ്ദേശ സഹകരണസംഘങ്ങൾ സ്ഥാപിച്ച് കരകൗശല ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിച്ചും വിപണനത്തിനുള്ള ഉദ്യമം
- ക്ഷീരവികസന സഹകരണ സംഘങ്ങൾ സ്ഥാപിച്ചാൽ പാലുല്പന്നങ്ങൾ വിറ്റഴിക്കാൻ സൗകര്യമുണ്ടാകുകയും കന്നുകാലി വളർത്തലിന് താല്പര്യമുണ്ടാക്കുകയും ചെയ്യും.
- വനിതകളുടെ ഉല്പാദനസഹകരണ സംഘങ്ങൾ സ്ഥാപിച്ചാൽ റെഡിമെയ്ഡ് ഗാർമെന്റ്, മെഴുകുതിരി, തീപ്പെട്ടി നിർമ്മാണത്തിന് കൂടുതൽ സാദ്ധ്യത ഉണ്ടാകും.
- തെന്നൂർക്കോണത്തുണ്ടായിരുന്ന ഖാദിബോർഡിന്റെ നെയ്ത്തുശാല പുനരാരംഭിക്കാൻ പഞ്ചായത്ത് സമിതിയുടെ ആത്മാർത്ഥമായ ഇടപെടൽ, ഇല്ലെങ്കിൽ പ്രസ്തുത സ്ഥലം മറ്റ് ഏതെങ്കിലും യൂണിറ്റ് ആരംഭിക്കാൻ നടപടി.
- സഹകരണ ബാങ്കുകളിലെ നിക്ഷേപകർക്ക് സുരക്ഷ ഉറപ്പുവരുത്താൻ ജീവനക്കാരുടെ ആത്മാർത്ഥമായ ശ്രമം, അംഗങ്ങളോട് സൗമ്യമായ സമീപനം.
- സാങ്കേതികവിദ്യയടക്കമുള്ള യോഗ്യതകൾ സമ്പാദിച്ച അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ധാരാളം ഈ പഞ്ചായത്തിലുണ്ട്. ഇവരെ സംഘടിപ്പിച്ച് ഒരു ലേബർ കോൺട്രാക്ട് സൊസൈറ്റി രൂപീകരിക്കുകയും പഞ്ചായത്ത് വർക്കുകൾ ഈ സൊസൈറ്റിയെ ഏല്പിക്കാവുന്നതുമാണ്.
- സഹകരണ ബാങ്കുകളോടു ചേർന്ന് മാവേലി സ്റ്റോറുകൾ സ്ഥാപിച്ച് നിത്യോപയോഗസാധനങ്ങളും, പഞ്ചായത്ത് പ്രദേശത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും വിതരണം ചെയ്യാവുന്നതാണ്.
- സഹകരണമേഖലയിൽ ആർട്സ് ആൻഡ് സയൻസ് കോളേജും സാങ്കേതിക സ്ഥാപനങ്ങളും സ്ഥാപിക്കാവുന്നതാണ്
- അമിതവില കൊടുത്ത് മായം ചേർന്ന സാധനങ്ങൾ വാങ്ങാൻ നിർബന്ധിതരാകുന്ന ഉപഭോക്താക്കൾക്ക് ആശ്വാസകരമാവുംവിധം വാർഡുതോറും കൺസ്യൂമർ സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.
- സഹകരണസംഘങ്ങളിലെ ചോർച്ചയും, ദുർവ്യയവും ഒഴിവാക്കാൻ സോഷ്യൽ ഓഡിറ്റിംഗ് നടപ്പാക്കുക. ജനറൽ ബോഡികൾ ചടങ്ങാക്കാതെ മുഴുവൻ അംഗങ്ങളെയും പങ്കെടുപ്പിക്കുക.

## പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം

വിഴിഞ്ഞം പഞ്ചായത്തിലെ പട്ടികജാതിക്കാരുടെ ചരിത്രം മഹാനായ ശ്രീ. അയ്യൻകാളിയുടെ ചരിത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഹരിജൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസസ്വാതന്ത്ര്യം നിഷേധിച്ചിരുന്നതിനാൽ 1904-ൽ ഹരിജനങ്ങൾക്കായി വെങ്ങാനൂരിൽ ഒരു പ്രത്യേക സ്കൂൾ ആരംഭിച്ചു. പ്രസ്തുത സ്കൂൾ ഇന്ന് ശ്രീ. അയ്യൻകാളി സ്മാരക യു.പി. എസ്. എന്ന് അറിയപ്പെടുന്നു. ഹരിജനങ്ങളുടെ നാനാവിധ പുരോഗതി ലക്ഷ്യമാക്കി 1905-ൽ സാധുജന പരിപാലനസംഘം സ്ഥാപിച്ചു.

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ വെങ്ങാനൂർ നിയോജകമണ്ഡലത്തിലെ പട്ടികജാതിക്കാരിൽ ഭൂരിഭാഗവും വിദ്യാഭ്യാസപരമായും സാമ്പത്തികമായും വളരെ മുന്നേറിയിട്ടുണ്ട്. ടി വാർഡിൽ പട്ടികജാതി കുടുംബങ്ങളിൽ ഒരാൾക്കെങ്കിലും സർക്കാർ ഉദ്യോഗം ലഭിച്ചിട്ടുണ്ട്. പൊലീസ് സൂപ്രണ്ടുമാർ, ലക്ചററർമാർ, ഗസറ്റഡ് ഉദ്യോഗസ്ഥർ, മറ്റ് ഉയർന്ന ഉദ്യോഗസ്ഥർ ഇക്കൂട്ടത്തിലുള്ളത് ഇവിടത്തെ പ്രത്യേകതയാണ്. ഇവർ മിക്കവാറും ശ്രീ. അയ്യൻകാളി കുടുംബബന്ധമുള്ളവരാണ്. കേരളത്തിലെ ഏറ്റവും പ്രബുദ്ധരായ പട്ടികജാതിക്കാർ ഈ ഭാഗത്താണെന്ന് കാണാം.

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ സാമൂഹ്യപദവി വളരെ ഉയർന്നിട്ടുണ്ട്. ഇവർ മുഖ്യധാരയുടെ ഭാഗമായി മാറിക്കഴിഞ്ഞു. ജാതിപരമായ ഉച്ചനീചത്വം ഇന്ന് നിലവിലില്ല. ഈ വിഭാഗക്കാരുടെ വീടുകളിൽ, വിവാഹച്ചടങ്ങുകൾക്കും, മറ്റ് ആഘോഷങ്ങൾക്കും മറ്റ് സമുദായക്കാർ പങ്കെടുക്കുകയും അവരുടെ വീടുകളിൽനിന്ന് ഭക്ഷണം കഴിക്കാറുമുണ്ട്. ബഹുജനസംഘടനകളിലും, രാഷ്ട്രീയപാർട്ടികളിലും ഇവർ അംഗങ്ങളാണെങ്കിലും നേതൃത്വത്തിൽ കുറവാണ്. അഭ്യസ്തവിദ്യരായ യുവതീയുവാക്കൾ ധാരാളം ഉണ്ട്. എങ്കിലും ദാരിദ്ര്യവും, പട്ടിണിയും, വിദ്യാഭ്യാസപിന്നോക്കാവസ്ഥയും അപൂർവ്വമായെങ്കിലും നിലവിലുണ്ട്. കരയിടിവിള കോളനിഭാഗത്തെ കുട്ടികൾ കൃത്യമായി സ്കൂളിൽ പോകുന്നില്ലായെന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ കാണിക്കുന്നു. പട്ടികജാതിക്കാരായ വനിതകൾക്ക് സാമാന്യവിദ്യാഭ്യാസം ലഭിച്ചിട്ടുണ്ടെങ്കിലും അവർ സംഘടിതരോ, തൊഴലുള്ളവരോ അല്ല. പട്ടികജാതി/പട്ടികവർഗ്ഗക്കാർ പ്രധാനമായും കൃഷിപ്പണികളിലും, പാറപ്പണികളിലും, മത്സ്യബന്ധനത്തിലും ഏർപ്പെട്ടിരിക്കുന്നു. കോവളം നിയോജകമണ്ഡലത്തിൽ നിലകണ്ഠ കോളനിയിലും, മൊട്ടവിള കോളനിയിലും മത്സ്യത്തൊഴിലാളികളായ ഹരിജനങ്ങൾ ഉണ്ട്.

**പട്ടിക**

1991–ലെ കാനേഷുമാരി കണക്കു പ്രകാരം വിഴിഞ്ഞം ഗ്രാമപഞ്ചായത്തിലെ പട്ടികജാതി/പട്ടികവർഗ്ഗക്കാരെ സംബന്ധിച്ച കണക്ക്

| വാർഡ് | പട്ടികജാതി | | | പട്ടികവർഗ്ഗം | | |
|---|---|---|---|---|---|---|
| നമ്പർ | പുരുഷന്മാർ | സ്ത്രീകൾ | ആകെ | പുരുഷന്മാർ | സ്ത്രീകൾ | ആകെ |
| I. | 206 | 206 | 412 | -- | -- | |
| II. | 88 | 90 | 178 | -- | -- | |
| III. | -- | -- | -- | -- | -- | |
| IV. | -- | -- | -- | -- | -- | |
| V. | 13 | 8 | 21 | -- | -- | |
| VI. | 9 | 9 | 18 | -- | -- | |
| VII. | 175 | 177 | 352 | -- | -- | |
| VIII. | 154 | 157 | 311 | -- | -- | |
| IX. | 457 | 500 | 957 | -- | -- | |
| X. | 48 | 42 | 90 | -- | -- | |
| XI. | 259 | 266 | 525 | -- | -- | |
| XII. | 9 | 14 | 23 | -- | -- | |
| XIII. | 121 | 116 | 237 | -- | -- | |
| XIV. | 343 | 327 | 670 | 12 | 13 | 25 |
| ആകെ | 1882 | 1912 | 3794 | 12 | 13 | 25 |

പഞ്ചായത്തിന്റ ജനസംഖ്യയുടെ 9% പട്ടികജാതി/പട്ടികവർഗ്ഗക്കാരാണ്.

1992–ലെ IRDP സർവ്വേപ്രകാരം 419 പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായി കാണുന്നു. 1992 മുതൽ 1996 മാർച്ച് വരെ 124 കുടുംബങ്ങൾക്ക് സാമ്പത്തികസഹായം ലഭിക്കുകയും, ദാരിദ്ര്യരേഖയ്ക്ക് മുകളിലെത്തിയതായി കണക്കാക്കുന്നു. 1992–93 മുതൽ 1995–96 വരെ 11 പട്ടികജാതിക്കാർക്ക് ട്രൈസം പരിശീലനം അതിയന്നൂർ ബ്ളോക്ക് മുഖാന്തരം നൽകിയിട്ടുണ്ട്.

**വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ പട്ടികജാതിക്കാർ അധിവസിക്കുന്ന അംഗീകൃത കോളനികൾ**

| | |
|---|---|
| കരിമ്പള്ളിക്കര | IX |
| ഇഞ്ചിപുല്ലുവിള | XI |
| കരയടിവിള | XIII |
| നെടിയവിള | XIII |
| പിച്ചോട്ടുകോണം | XIII |
| കൈതവിളാകം | XIII |
| തച്ചൻവിളാകം | XIV |
| പിറവിളാകം | XIII |
| പഴവിള | XV |

പഞ്ചായത്തിലെ ലക്ഷംവീടുകോളനികളിലും പട്ടികജാതിക്കാർ നല്ലൊരുഭാഗം അധിവസിക്കുന്നു.

**പട്ടികജാതിക്കാർ ഭാഗികമായി അധിവസിക്കുന്ന ലക്ഷംവീടുകോളനികൾ**

| | |
|---|---|
| മുണ്ടപ്ലാവിള | II |
| കാഞ്ഞിരംവിള | IX |
| വാലൻവിള | XI |

ഇതിനു പുറമേ **പട്ടികജാതിക്കാർ പ്രധാനമായും അധിവസിക്കുന്ന പ്രദേശങ്ങൾ**

| | |
|---|---|
| നീലകണ്ഠകോളനി | I |
| മൊട്ടവിള | I |
| പുല്ലൂർക്കോണം | II |
| പ്ലാവിള കോളനി | XI |
| കുഴിവിളാകം കോളനി | XI |
| ലേല പുരയിടം | XIV |
| ചരുവിള കോളനി | XIV |
| താന്നിവിള കോളനി | IX |
| കുഴിപ്പള്ളം കോളനി | IX |

## പ്രശ്നങ്ങൾ

- വീടില്ലാത്ത പട്ടികജാതി കുടുംബങ്ങൾ ഉണ്ട്. മുക്കോല കാഞ്ഞിരംവിള ലക്ഷംവീടു കോളനിയിൽ പഞ്ചായത്ത് പൊതുകിണറിനു ചുറ്റുമായി 5 കുടുംബങ്ങൾ

കുടിൽ കെട്ടി താമസിക്കുന്നു.

- വസ്തുവും വീടുമില്ലാത്ത പട്ടികജാതിക്കാർ ഉണ്ട്. വാലൻവിള ലക്ഷംവീടു കോളനിയിൽ 25 വർഷം പഴക്കമുള്ള കെട്ടിടങ്ങൾ ജീർണ്ണിച്ച് നശിക്കാറായിരിക്കുന്നു.
- പട്ടികജാതി കോളനികളും, പട്ടികജാതിക്കാർ താമസിക്കുന്ന മറ്റു പ്രദേശങ്ങളും ഭാഗികമായി മാത്രം വൈദ്യുതീകരിച്ചിട്ടുണ്ട്.
- വൈദ്യുതി എത്താത്ത പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശവും ഉണ്ട്.
- കോളനികളിൽ കുടിവെള്ളപ്രശ്നം രൂക്ഷമാണ്.
- കിണറുകളിൽ ജലം ലഭ്യമല്ല. പൈപ്പ്ലൈൻ ഉള്ള പ്രദേശങ്ങളിലും കൃത്യമായി വെള്ളം കിട്ടാറില്ല.
- വാലൻവിള കോളനിയിൽ തലചുമടായി വളരെ അകലെനിന്നും വെള്ളംകൊണ്ടുവരുന്നു.
- കാഞ്ഞിരവിള ലക്ഷംവീടുകോളനി കിണറും, കരയടിവിള കോളനി കിണറും വെള്ളം ഇല്ലാതെ ഉപയോഗശൂന്യമായി കിടക്കുന്നു.
- കോളനിഭാഗങ്ങളിലേക്കുള്ള റോഡുകൾ അപര്യാപ്തവും സഞ്ചാരയോഗ്യമല്ലാത്തവയുമാണ്.
- റോഡില്ലാത്ത പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശവും ഉണ്ട്.
- അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ഇല്ല.
- സാമ്പത്തികബുദ്ധിമുട്ടുകാരണം സ്കൂൾ വിദ്യാഭ്യാസം പൂർത്തീകരിക്കുന്നില്ല.
- പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിലും, കോളനികളിലും അങ്കണവാടികളോ, നേഴ്സറികളോ ഇല്ല. ഇവർക്ക് നേഴ്സറി വിദ്യാഭ്യാസം ലഭിക്കുന്നില്ല.
- പട്ടികജാതി സ്ത്രീകൾക്കിടയിൽ തൊഴിലില്ലായ്മ രൂക്ഷമാണ്.
- കോളനിവീടുകളിൽ കക്കൂസ് ഇല്ലാത്തതും, പൊതുകക്കൂസ് ഇല്ലാത്തതും കാരണം പരിസരം വൃത്തിഹീനം.
- സാമ്പത്തികപ്രയാസം കാരണം വീടുകൾ ഓലകെട്ടി മേയാൻ കഴിയാറില്ല.
- അർഹമായ ആനുകൂല്യങ്ങൾ ലഭിക്കാൻ തടസ്സങ്ങൾ ഉണ്ട്.
- പട്ടികജാതിക്കാർക്ക് ശ്മശാനങ്ങൾ ഇല്ലാത്തതുകാരണം വളരെ പ്രയാസം അനുഭവപ്പെടുന്നു.
- പട്ടികജാതിക്കാരായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കാൻ സമുദ്രതീരത്ത് സ്ഥലം ലഭിക്കുന്നില്ല.
- അനർഹർ ആനുകൂല്യങ്ങൾ നേടുന്നതും, ആനുകൂല്യങ്ങൾ ലഭിക്കുന്ന കാര്യത്തിന് ഉപയോഗിക്കാത്ത പ്രവണതയും കാണുന്നുണ്ട്.
- കാലാകാലങ്ങളിൽ സർക്കാറും, ധനകാര്യസ്ഥാപനങ്ങളും പട്ടികജാതിക്കാർക്ക് നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾ അറിയാറില്ല.
- ലക്ഷംവീടുകോളനികൾക്ക് പട്ടയം ലഭിച്ചിട്ടില്ല.

## സാദ്ധ്യതകൾ

- വസ്തുവും വീടുമില്ലാത്ത പട്ടികജാതിക്കാർക്ക് അവ നൽകുക.
- വീടുവയ്ക്കാൻ ധനസഹായം നൽകുക.
- ലക്ഷംവീടുകോളനി വീടുകൾ പുനരുദ്ധരിക്കുക. കാലാകാലങ്ങളിൽ മെയിന്റൻസ് നടത്തുക.
- കോളനികളും, വീടുകളും വൈദ്യുതീകരിക്കുക.
- കോളനികളിലെ പൈപ്പ്ലൈനിൽ കൃത്യമായി വെള്ളം ലഭ്യമാക്കുക.
- വാലൻവിളകോളനിയിലേക്ക് പൈപ്പ്ലൈൻ കൊണ്ടുവന്ന് കുടിവെള്ളക്ഷാമം പരിഹരിക്കുക.
- ജലം ലഭിക്കാത്ത പട്ടികജാതിക്കാർ താമസിക്കുന്ന പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിച്ച് ജലം എത്തിക്കുക.
- കാഞ്ഞിരംവിള കോളനിയിൽ കിണർ കൈയേറി താമസിക്കുന്നവരെ മാറ്റിപ്പാർപ്പിച്ച് കിണർ ഉപയോഗപ്രദമാക്കുക, പൈപ്പ്ലൈൻ സ്ഥാപിക്കുക.
- കരയടിവിള കിണർ ഉപയോഗപ്രദമാക്കുക.
- കോളനിഭാഗത്തേക്കുള്ള റോഡുകൾ സഞ്ചാരയോഗ്യമാക്കുക.
- വാലൻവിള കോളനി റോഡും, കാഞ്ഞിരംവിള കോളനി റോഡ്, കരയടിവിള കോളനി റോഡ്, പഴവിള ലൂഥറൻ ചർച്ച് റോഡ്, പഴവിള പറയരുകോണം റോഡ് എന്നിവ ടാർചെയ്യുക.
- പട്ടികജാതിക്കാർ താമസിക്കുന്ന ഭാഗത്തേക്ക് പുതിയ റോഡുകൾ നിർമ്മിക്കുക.
- കൈതവിളാകം കോളനിയിൽ പടിക്കെട്ട് ഉണ്ടാകണം.
- കൈതവിളാകം കോളനി റോഡിൽ മദ്ധ്യഭാഗത്തു നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി റോഡ് സഞ്ചാരയോഗ്യമാക്കുക.
- അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായം നൽകുക.
- ട്രൈസം പരിശീലനം നൽകി ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സഹായം നൽകുക.
- കൈതവിളാകം I.H.D.P. കോളനിയിൽ ആരംഭിച്ചരീതിയിൽ പട്ടികജാതി വനിതകൾക്കായി DWCRA യൂണിറ്റുകൾ ആരംഭിക്കുക.
- കോളേജ്തലത്തിൽ നൽകുന്നതുപോലുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ പ്രൈമറിതലം മുതൽ നൽകി സ്കൂൾ വിദ്യാഭ്യാസത്തെ പട്ടികജാതിക്കാർക്കിടയിൽ വ്യാപിപ്പിക്കുക.
- പട്ടികജാതി കോളനികളിൽ അങ്കണവാടികളോ നേഴ്സറികളോ ആരംഭിക്കുക.
- കോളനികളിൽ പൊതുകക്കൂസ് ഉണ്ടാക്കുക.

- കക്കൂസ് ഇല്ലാത്ത കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുക.
- വീടുകൾ ഓലമേയുന്നതിനോ, ഓടുമേയുന്നതിനോ സഹായം നൽകുക.
- ആനുകൂല്യങ്ങൾ ലഭിക്കാനുള്ള പ്രയാസങ്ങൾ നീക്കം ചെയ്യുക.
- പട്ടികജാതിക്കാർക്ക് ശ്മശാനം നിർമ്മിക്കുക. പുല്ലൂർകോണത്ത് സർക്കാർ അനുവദിച്ച ശ്മശാനം മതിൽ കെട്ടി വേർതിരിച്ചു നൽകുക.
- പട്ടികജാതിക്കാരായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ സൂക്ഷിക്കാൻ സ്ഥലവും ഷെഡും ലഭ്യമാക്കുക.
- ആനുകൂല്യങ്ങൾ നൽകേണ്ടവരെ ഗ്രാമസഭയിൽവച്ച് മാനദണ്ഡമനുസരിച്ച് തെരഞ്ഞെടുക്കുക.
- ആനുകൂല്യങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നുവെന്ന് പരിശോധന നടത്തക ഉറപ്പുവരുത്തുക.
- കോളനികളിൽ സാംസ്കാരികനിലയങ്ങൾ സ്ഥാപിച്ച്, പത്രം, ടിവി. ഇവ ലഭ്യമാക്കുക.
- പട്ടികജാതി വനിതകൾക്കായി തയ്യൽപരിശീലനം നൽകി തയ്യൽമെഷീൻ നൽകുക.
- കോഴിവളർത്തൽ, ആടുവളർത്തൽ എന്നിവയ്ക്ക് ധനസഹായം നൽകുക.
- പട്ടികജാതിക്കാർക്കായി ക്ഷീരസൊസൈറ്റി സ്ഥാപിക്കണം.
- പട്ടികജാതിക്കാർക്കുള്ള ആനുകൂല്യങ്ങളും ക്ഷേമപ്രവർത്തനങ്ങളും ഗ്രാമസഭകളിലൂടെയും അല്ലാതെയും അവരെ ബോധവാന്മാരാക്കുക.
- കോളനിനിവാസികൾക്ക് പട്ടയം നൽകാനുള്ള നടപടി ഉണ്ടാകണം.

## പൊതുവിതരണസമ്പ്രദായം

വിഴിഞ്ഞം ഗ്രാമപഞ്ചായത്തിൽ 30 പൊതുവിതരണ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. പൊതുജനങ്ങൾക്കാവശ്യമായ റേഷൻ സാധനങ്ങൾ വേണ്ടസമയത്ത് തൃപ്തികരമായി ലഭ്യമാകുന്നില്ല. വിഴിഞ്ഞത്ത് പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ലക്സിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നുണ്ട്. റേഷൻകടകൾ വഴിയുള്ള മണ്ണെണ്ണവിതരണം തൃപ്തികരമല്ലെന്ന അഭിപ്രായമുണ്ട്.

നിലവിലുള്ള റേഷൻസംവിധാനത്തെ മെച്ചപ്പെടുത്തണം. വാർഡുകൾതോറും കൺസ്യൂമർ സ്റ്റോറുകൾവ സ്ഥാപിക്കണം. റേഷൻകടകളിൽ പഞ്ചായത്ത് സമിതി പരിശോധന നടത്തി അളവുതൂക്കങ്ങളിലെ വെട്ടിപ്പ് തടയണം. കൂടുതൽ മാവേലിസ്റ്റോറുകൾ സ്ഥാപിക്കണം.

## വിഭവസമാഹരണം

വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് അനുസ്യൂതം വികാസം പ്രാപിച്ചുകൊണ്ടിരിക്കുന്നു. 1995-96-ലെ കണക്കുപ്രകാരം പഞ്ചായത്തിന്റെ മൊത്തം വരവ് 2155861 രൂപയും മൊത്തം ചെലവ് 2696922 രൂപയുമാണ്. 94-95 വർഷത്തിൽ നീക്കിയിരിപ്പ് തുക ഉണ്ടായിരുന്നതിനാലാണ് 541061 രൂപ അധികചെലവാക്കാൻ കഴിഞ്ഞത്. 95-96-ലെ വരവ് ചെലവിനങ്ങൾ താഴെ ചേർക്കുന്നു.

| വരവ് | | | |
|---|---|---|---|
| ഇനം | ഡിമാന്റുതുക | വരവ് തുക | ബാക്കി |
| A തനത് നികുതി | | | |
| 1. കെട്ടിടനികുതി, | 926714 | 722099 | 204615 |
| 2. തൊഴിൽനികുതി | 560180 | 397987 | 162193 |
| 3. വിനോദനികുതി | 36350 | 36350 | |
| 4. അധികവിനോദനികുതി | 23352 | 23352 | |
| 5. പ്രദർശന നികുതി | 3916 | 3916 | |
| 6. സർചാർജ്ജ് " | 979 | 979 | |
| B മറ്റ് വരവുകൾ | | | |
| 1. ചന്തവരവ് | 2250 | 2250 | |
| 2. ലൈസൻസ് ഫീസ് | 38589 | 38589 | |
| C. വസ്തു കൈമാറ്റ നികുതി | 355397 | 355397 | |
| D. അൺ ടൈഡ് ഫണ്ടും മറ്റു ഗ്രാന്റുകളും | 526520 | 526520 | |
| E. ഡെപ്പോസിറ്റ് | 10702 | 10702 | |
| F. മറ്റു വരവുകൾ | 37720 | 37720 | |
| ആകെ | 2522669 | 2155861 | 366808 |

| ചെലവ് | |
|---|---|
| ഇനം | തുക |
| എസ്റ്റാബ്ലിഷ്മെന്റ് | 804938 |
| കറന്റ് ചാർജ്ജ് (തെരുവുവിളക്കുകൾ) | 302491 |
| വൈദ്യുതീകരണം (റോഡ്) | 51740 |
| മെയിന്റനൻസ് (റോഡ്) | 506266 |
| കിണറും മറ്റ് ശുചീകരണ പ്രവർത്തനങ്ങളും | 94614 |
| സാമൂഹ്യക്ഷേമം, പുരമേയൽ പ്രകൃതിക്ഷോഭം, ഫാമിലി പ്ലാനിംഗ് | 131600 |
| വിദ്യാഭ്യാസം | 42849 |
| മറ്റുചെലവുകൾ | 762423 |
| ആകെ | 2696922 |

ഇതിനുപുറമേ 95-96ൽ ജെ.ആർ.വൈ. വിഹിതമായി 256700 രൂപ ലഭിച്ചിട്ടുള്ളതും ടി തുക ചെലവുചെയ്തിട്ടുള്ളതുമാണ്. ജെ.ആർ.വൈ. പ്രത്യേകം അക്കൗണ്ടായി സൂക്ഷിക്കുന്നു.

പ്രധാന ചെലവിനമായ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് കഴിഞ്ഞാൽ മാരാമത്തുപണികൾക്കാണ് കൂടുതൽ തുക ചെലവുചെയ്തിട്ടുള്ളത്. തെരുവ് വിളക്ക് കറന്റ്ചാർജ്ജിനത്തിൽ മൂന്നുലക്ഷത്തോളം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും അതിന്റേതായ പ്രയോജനം ലഭിക്കുന്നില്ല. രാത്രിയിൽ വൈദ്യുതദീപങ്ങൾ നാമമാത്രമായി പ്രവർത്തിക്കുകയും പ്രധാന തെരുവുകളും ജംങ്ഷനുകളും ഇരുട്ടിലാകുന്ന സ്ഥിതിയുമാണ് കാണുന്നത്. പ്രത്യക്ഷ ഉല്പാദനമേഖലയിലും പഞ്ചായത്തിന് ആസ്തികൾ ഉണ്ടാക്കുന്ന രംഗത്തും അടുത്തകാലത്തൊന്നും പ്രവൃത്തികൾ ചെയ്തിട്ടില്ല.

വരവ് ഇനത്തിൽ കെട്ടിടനികുതിയും, തൊഴിൽനികുതിയും പൂർണ്ണമായി പിരിച്ചെടുത്തിട്ടില്ല. ടി തുകയിൽ വർഷങ്ങളായുള്ള കുടിശ്ശിക ഉൾപ്പെടുന്നതായി പഞ്ചായത്ത് രജിസ്റ്ററുകൾ കാണിക്കുന്നു. പഞ്ചായത്തുപ്രദേശത്ത് അഞ്ഞൂറോളം കച്ചവടസ്ഥാപനങ്ങൾ ഉണ്ടെന്നു കണക്കാക്കുന്നു. എന്നാൽ 95-96ൽ 178 സ്ഥാപനങ്ങൾമാത്രമാണ് ലൈസൻസ് എടുത്തിട്ടുള്ളത്. ടി ഇനത്തിൽ 6565 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്. 95-96 ലെ ഡി ആന്റ് ഓ ലൈസൻസ് സംബന്ധിച്ചുള്ള പട്ടിക ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ ഇനം | എടുത്ത ലൈസൻസിന്റെ എണ്ണം |
|---|---|
| വ്യാപാരം, വ്യവസായം | 51 |
| ഹോട്ടലുകൾ | 47 |
| സാധാരണ കടകൾ | 67 |
| മറ്റുള്ളവ | 13 |
| ആകെ | 178 |
| ലഭിച്ച ഫീസ് | 6565 രൂപ |

വിഴിഞ്ഞം പഞ്ചായത്തു പ്രദേശത്ത് വേണ്ടുവോളം ധനകാര്യസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റേതായ നേട്ടം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭിക്കുന്നില്ലായെന്ന പരാതി ഉണ്ട്. വാണിജ്യ ബാങ്കുകളിൽ നിക്ഷേപങ്ങൾ ധാരാളം ലഭിക്കുന്നുയെങ്കിലും വായ്പകളും മറ്റും വളരെ കുറച്ചുമാത്രം അനുവദിക്കുന്നു.പൊതു ആസ്തികൾ സൃഷ്ടിക്കുന്നതിൽ ബാങ്കുകൾ പഞ്ചായത്തിനെ സഹായിക്കാറില്ല.

**പഞ്ചായത്തുപ്രദേശത്തെ പ്രധാന ധനകാര്യസ്ഥാപനങ്ങൾ**

| |
|---|
| സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ വിഴിഞ്ഞം ശാഖ |
| " " " വെങ്ങാനൂർ ശാഖ |
| ഫെഡറൽ ബാങ്ക്കോവളം ശാഖ |
| തിരു. ജില്ലാ കോ ഓപ്പറേറ്റീവ് ബാങ്ക് വിഴിഞ്ഞം ശാഖ |
| സർവ്വീസ് സഹകരണ ബാങ്ക് കിടാരക്കുഴി |
| സർവ്വീസ് സഹകരണ ബാങ്ക് വെങ്ങാനൂർ |
| ഫിനാൻഷ്യൽ എന്റർപ്രൈസസ് വിഴിഞ്ഞം ശാഖ |

ഇവർയ്ക്കു പുറമേ പ്രൈവറ്റ് മേഖലയിൽ മുത്തൂറ്റ് ബാങ്ക്, പതിനഞ്ചോളം സ്വകാര്യ ചിട്ടിസ്ഥാപനങ്ങളും, പണമിടപാട് സ്ഥാപനങ്ങളും പ്രവർത്തിക്കുന്നു. വാണിജ്യ ബാങ്കുകളും മറ്റു സ്ഥാപനങ്ങളുടെ കർശനമായ നിയമങ്ങളും, ചട്ടങ്ങളും സാധാരണ ജനത്തെ വളരെ ബുദ്ധിമുട്ടിക്കുകയും സമയത്തിന് സഹായം ലഭിക്കാതെവരുന്നതിനാൽ സ്വകാര്യ പണമിടപാടുസ്ഥാപനങ്ങളെ അഭയംപ്രാപിക്കുന്നു.

വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിലുള്ള 200 ഓളം ആളുകൾ ഇപ്പോൾ ഗൾഫ് മേഖലയിൽ ഉള്ളതായി കണക്കാക്കുന്നു. ഏകദേശം അത്രത്തോളംപേർ ഗൾഫിൽനിന്നും മടങ്ങി നാട്ടിൽ താമസമാക്കിയിട്ടുമുണ്ട്. എന്നാൽ ഗൾഫ് പണത്തിന്റെ സ്വാധീനം കാർഷിക-വ്യവസായിക മേഖലയിൽ തീരെയില്ല. ടി തുക ഉപയോഗിച്ചു ഉല്പാദനപരമായ വ്യവസായങ്ങളോ ചെറുകിട യൂണിറ്റുകളോ തുടങ്ങിയിട്ടില്ല. 90 ശതമാനം ആൾക്കാരും തുക ബാങ്കിൽ നിക്ഷേപിച്ചു വെറുതേ ഇരിക്കുകയോ, സ്വകാര്യപണമിടപാടുസ്ഥാപനങ്ങൾ നടത്തുകയോ ചെയ്യുന്നു. ടി തുക ഉല്പാദനമേഖലയിൽ മൂലധനമാക്കാനും, അതിലൂടെ പഞ്ചായത്തുപ്രദേശത്തെ വികസനത്തിനും തൊഴിലില്ലായ്മക്കും ഒരു ചെറിയ അളവുവരെയെങ്കിലും പരിഹാരം കാണാൻ ശ്രമിക്കേണ്ടതുമാണ്.

## പ്രധാന പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

★ വിഴിഞ്ഞം പഞ്ചായത്തിന്റെ വരുമാനമാർഗ്ഗങ്ങളിൽ പ്രധാനമായ കെട്ടിടനികുതി, തൊഴിൽനികുതി, ലൈസൻസ് ഫീസ് എന്നിവ കൃത്യമായും പിരിഞ്ഞുകിട്ടുന്നില്ലായെന്ന വിവരമാണ് മനസ്സിലാക്കുന്നത്. ഇവ കൃത്യമായും പിരിച്ചെടുക്കുന്നതിന് പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

★ കെട്ടിടനിർമ്മാണത്തിനുവേണ്ടി 'ട്രിഡ'യിൽ നൽകുന്ന അപേക്ഷകൾ പല കാരണങ്ങൾ പറഞ്ഞ് നിരസിക്കുന്നു. ഇത് അനധികൃത കെട്ടിടനിർമ്മാണത്തിന് കാരണമാവുകയും അതുവഴി പഞ്ചായത്തിനു ലഭിക്കേണ്ട വരുമാനം നഷ്ടമാവുകയും ചെയ്യുന്നു. ഇത് ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

★ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിച്ചുവരുന്ന എല്ലാ സ്ഥാപനങ്ങൾക്കും നിർബ്ബന്ധമായും ലൈസൻസ് ഏർപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

★ പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ പടമിടപാടുസ്ഥാപനങ്ങൾ, ഐസ്പ്ലാന്റ്, പീലിംഗ്ഷെഡ് മുതലായവയിൽനിന്നും പഞ്ചായത്തിന് യാതൊരു വരുമാനവും ലഭിക്കുന്നില്ല. ഇവയ്ക്ക് ലൈസൻസും മറ്റു നികുതികളും ഏർപ്പെടുത്തി പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

★ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ ബാ

ങ്കുകളുടെ നിക്ഷേപത്തിന്റെ ഭൂരിഭാഗവും നമ്മുടെ പ്രദേശത്തുനിന്നും ലഭിക്കുന്നുവെങ്കിലും അതിന്റെ പ്രയോജനം ഈ പ്രദേശത്തിന് ലഭിക്കുന്നില്ല. അവയുടെ നിക്ഷേപത്തിന്റെ ഒരു നിശ്ചിത ശതമാനം ഈ പ്രദേശത്തിന്റെ വികസനത്തിനുവേണ്ടി പഞ്ചായത്തിന് പലിശരഹിത വായ്പയായി ലഭിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കണം.

★ പഞ്ചായത്ത്വകയായി തുടങ്ങാൻ ഉദ്ദേശിക്കുന്ന ദിവസചന്തയുടെ പണി എത്രയും വേഗം പൂർത്തിയാക്കി അവിടെ സ്റ്റാളുകളും മറ്റ് അനുബന്ധസൗകര്യങ്ങളും ഏർപ്പെടുത്തിയാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിക്കും

★ അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കോവളത്ത് പഞ്ചായത്ത്വക സ്ഥലത്ത് വിദേശിയരെമാത്രം ലക്ഷ്യംവച്ചു കൊണ്ടല്ലാതെ തദ്ദേശിയർക്കുകൂടി പ്രയോജനകരമായ രീതിയിൽ ടൂറിസ്റ്റ് ബംഗ്ലാവ്പോലുള്ള സ്ഥാപനങ്ങൾ പണിയുകയോ മറ്റു വകുപ്പുമായി കരാറിലേർപ്പെട്ട് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയോ ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

★ നമ്മുടെ പഞ്ചായത്തിൽനിന്നും ദൂരെദേശങ്ങളിലേക്ക് കച്ചവടത്തിനായി മത്സ്യംകൊണ്ടുപോകുന്നവർക്ക് പഞ്ചായത്തിന്റെ വകയായി ബസ്സ് ഏർപ്പെടുത്തുകയും അതിന് പ്രതിഫലമായി ഒരു നിശ്ചിത ഫീസ് ഈടാക്കുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാം.

★ നമ്മുടെ പഞ്ചായത്തിലേയും സീസൺസമയങ്ങളിൽ മത്സ്യബന്ധനത്തിനായി ഈ ദേശത്തുവരുന്ന എല്ലാ യന്ത്രബോട്ടുടമകളുടേയും പേര് പഞ്ചായത്തിൽ രജിസ്റ്റർചെയ്യുന്നതിനും, അവരിൽനിന്നും ഒരു നിശ്ചിത തുക നികുതിയായി പഞ്ചായത്തിന് ലഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചാൽ വരുമാനം വർദ്ധിപ്പിക്കാം.

★ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി വരുന്ന മതിപ്പുതുകയുടെ ഒരു നിശ്ചിത ശതമാനം ശ്രമദാനംവഴിയും മറ്റ് അനാവശ്യചെലവുകൾ ഒഴിവാക്കിയും സ്വരൂപിക്കുകയാണെങ്കിൽ അത്രയും തുക പഞ്ചായത്തിന്റെ വരുമാനമായിമാറും.

★ ജെ.ആർ.വൈ പോലുള്ള സ്കീമുകളിൽ അതിന് ചെലവഴിക്കുന്ന പണത്തിന്റെ തോതനുസരിച്ചു യഥാർത്ഥ പ്രയോജനം ലഭിക്കുന്നില്ല. പ്രസ്തുത സ്കീമുകൾ നടപ്പിലാക്കുമ്പോൾ അതാത് പ്രദേശത്തെ ഗുണഭോക്താക്കളുടെ യോഗംചേർന്ന് ആ പ്രദേശത്തുള്ള കൺവീനറെ തെരഞ്ഞെടുത്ത് പണിചെയ്യിപ്പിക്കുക. ഇടത്തട്ടുകാരേയും, കോൺട്രാക്ടർമാരേയും ഒഴിവാക്കുക.

★ കോൺട്രാക്ട് അടിസ്ഥാനത്തിൽ നൽകുന്ന പ്രവർത്തികൾ പഞ്ചായത്തിൽത്തന്നെ ലേബർ കോൺട്രാക്ട് സൊസൈറ്റി നവീകരിച്ച് പ്രസ്തുത സൊസൈറ്റിക്ക് നൽകാവുന്നതാണ്.

★ ഓരോവർഷത്തേയും പദ്ധതികൾ നിശ്ചിത സമയത്തിനുള്ളിൽത്തന്നെ പൂർത്തിയാക്കുക, കാലതാമസം വരുത്തി കോൺട്രാക്ടറുടെ താല്പര്യപ്രകാരം എസ്റ്റിമേറ്റ് കൂട്ടുന്ന പ്രവണത തടയുക.

★ പഞ്ചായത്തുവക വസ്തുക്കളും, പുറമ്പോക്കുകളും വേണ്ടത്ര സംരക്ഷിക്കുന്നില്ല. പുറമ്പോക്കുകൾ സ്വകാര്യ വ്യക്തികൾ കൈക്കലാക്കുന്നു.

★ പഞ്ചായത്ത്രാജ് ആക്ട് 209 വകുപ്പിൽ പറയുന്ന പരസ്യത്തിൻമേലുള്ള നികുതിയും, 265 വകുപ്പിൽ പറയുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങളും 269ൽ പറയുന്ന സ്വകാര്യ ആശുപത്രികളുടേയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും ഫീസും ഏർപ്പെടുത്തിയാൽ വരുമാനം വർദ്ധിപ്പിക്കാം.

★ ഓട്ടോറിക്ഷ, ടാക്സി, മിനിലോറി സ്റ്റാന്റുകൾ ഉണ്ടാക്കി ഫീസ് ഏർപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാം.

★ പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന വെയിറ്റങ്ഷെഡ്, പൊതു കക്കൂസ്, മൂത്രപ്പുര എന്നിവ പ്രമുഖ വ്യാപാരസ്ഥാപനങ്ങളേയും, ബാങ്കുകളേയുംകൊണ്ട് സ്പോൺസർചെയ്യിക്കുന്നതാണ്.

★ നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും, ക്രമക്കേടുകൾ കണ്ടെത്തുന്നതിനും ജീവനക്കാരുടെ എണ്ണം അപര്യാപ്തമാണ്. പുതിയ ജോലികൾ പഞ്ചായത്തിനെ ഏൽപ്പിക്കുന്നു എന്നാൽ സ്റ്റാഫിനെ നിയമിക്കുന്നില്ല. നിലവിലുള്ള സ്റ്റാഫുകൾ ടി ജോലികൾ ചെയ്യുമ്പോൾ നികുതിപിരിവ് നടക്കുന്നില്ല. കൂടുതൽ സ്റ്റാഫിനെ നിയമിക്കുക. വാർഡുകളിൽ നിശ്ചിത ദിവസങ്ങളിൽ കളക്ഷൻപോയിന്റുകൾ തുറക്കുക, ജപ്തി പ്രോസിക്യൂഷൻ കർശനമായി നടപ്പാക്കുക.

★ അനധികൃത കെട്ടിടങ്ങളിൽ റോഡുവികസനത്തിന് തടസ്സമാകാത്തവയ്ക്ക് പഞ്ചായത്ത് ആക്ടും, കെട്ടിടനിർമ്മാണ നിയമമനുസരിച്ച് സർക്കാർ അനുമതിയോടെ പിഴ ഈടാക്കി കെട്ടിടനിർമ്മാണത്തിൽ കൂടുതൽ തുക സംഭരിക്കാം.

## ടൂറിസം

വിഴിഞ്ഞം ഗ്രാമ പഞ്ചായത്തിൽ ഏകദേശം 8 കിലോമീറ്റർ ദൂരം കടൽത്തീരമാണ്. ഇതിൽ ഏറ്റവും മനോഹര തീരമായ കോവളം ഇന്ന് ലോകപ്രശസ്ത ടൂറിസ്റ്റ്കേന്ദ്രമാണ്. കോവളത്തിന്റെ ഭൂമിശാസ്ത്രഘടന സവിശേഷമാണ്. മലകളുംമലഞ്ചരിവുകളും തീർത്തുകൊണ്ട് പരന്നുകിടക്കുന്ന അതിവിശാലമായൊരു പാറക്കൂട്ടത്തിനു മുകളിൽ മേൽമണ്ണിന്റെ നേരിയൊരു പാളി. പച്ചവീശിയ നീലിമയാർന്നതും മികച്ച ഘടനയുമുള്ള കൃഷ്ണശിലയുടെ ഇനത്തിൽപ്പെടുന്നവയാണ് കോവളത്തെ പാറകൾ. കടലിലേക്കും ഏറെ ദൂരം നീണ്ടുപോകുന്ന ഈ പാറക്കെട്ട് കടലിനു മുകളിൽ

ഇടയ്ക്കിടെ തലയുയർത്തിനിൽക്കുന്നു. ഉയർന്നുനിൽക്കുന്ന ഈ പാറക്കെട്ടുകളുടെ പ്രതിരോധമാണ് കോവളം കടൽത്തീരത്തെ ശാന്തവും സുരക്ഷിതവുമാക്കുന്നത്. തീരത്തിലെ ഫലഭൂയിഷ്ടമായ മണ്ണിൽ തഴച്ചുനിൽക്കുന്ന തെങ്ങിന്റെ പച്ചപ്പ് കടലിനെ ആശ്ലേഷിക്കുന്നു.

നൂറ്റാണ്ടുകൾക്കു മുമ്പ് ഈ സ്ഥലം ഭാഷാസാഹിത്യത്തിന്റെ ചരിത്രത്തിൽ അക്ഷയഭാസമായി പരിലസിച്ചിരുന്നത് കോവളം മഹാകവികളുടേയും പാട്ടുപ്രസ്ഥാനത്തിന്റേയും ജന്മദേശം എന്നനിലയിലായിരുന്നു. അത് വിഴിഞ്ഞം ലൈറ്റ്ഹൗസ് സ്ഥിതിചെയ്യുന്ന കുറുങ്കല്ലിനും, കടലിലേക്ക് തള്ളിനിൽക്കുന്ന ഇടക്കല്ലിന്റേയും ഇടയിൽ പ്രശാന്തമായ ഒരു തീരം– ആവാടുതുറപ്രദേശം. പുരാതന കാലംമുതൽ പിതൃബലിക്ക് വാവുനാളിൽ പുണ്യസ്നാനം നടത്തുന്ന കടവ്- വാവാടുംതുറ ഉള്ളതുകൊണ്ടാണ് ഈ സ്ഥലത്തിന് ആവാടുതുറ എന്ന് പേരുണ്ടായത്. ആവാടുതുറ ഇപ്പോൾ ഹവ്വാബീച്ച് എന്നാണ് അറിയപ്പെടുന്നത്.

തെങ്ങുകൾകൊണ്ട് സമൃദ്ധമായിരുന്നു കോവളം ഗ്രാമം. രോഗപ്രതിരോധശേഷിയുള്ള ബലിഷ്ഠമായ തെങ്ങുകൾ ഇവിടെ ഇടതൂർന്ന് വളർന്നിരുന്നു. തെങ്ങ് കൃഷിയും പരിചരണവും, തേങ്ങാപറിക്കൽ, കള്ളുചെത്ത്, കൊപ്രായാട്ടി എണ്ണയെടുക്കൽ, തൊണ്ടുതല്ലൽ, ചകിരിപിരി, കയർ നിർമ്മാണം തുടങ്ങിയ ജോലികളായിരുന്നു ഈ ഗ്രാമത്തിന്റെ സമ്പദ്ഘടനയിൽ ഏറ്റവും പ്രധാനം. 60കളുടെ മദ്ധ്യത്തിൽ യൂറോപ്പിയൻ ഹിപ്പികളാണ് കോവളത്ത് തങ്ങളുടെ പറുദീസ കണ്ടെത്തുന്നത്. ആദ്യഘട്ടത്തിൽ വിദേശികൾ വല്ലപ്പോഴുമേ കോവളത്തെത്തിയിരുന്നുള്ളൂ. അവർ ഇവിടുത്തെ കുടുംബങ്ങളോടൊപ്പമാണ് താമസിച്ചിരുന്നത്. കുറഞ്ഞവിലക്ക് നല്ല ഭക്ഷണം, നല്ല താമസസൗകര്യം, നല്ല മദ്യം, നല്ല മയക്കുമരുന്ന് എല്ലാം സുലഭമായിരുന്നു കോവളത്ത്. ഈ ഘട്ടത്തിലാണ് ടൂറിസ്റ്റ്കച്ചവടത്തിൽനിന്ന് വിദേശനാണ്യം കൊയ്തുകൂട്ടുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഇടപെടൽ ഉണ്ടാകുന്നത്. കോവള ടൂറിസ്റ്റ് വികസനത്തിൽ ഡോക്ടർ ഗോദവർമ്മരാജയുടെ സാന്നിദ്ധ്യം പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. ആദ്യകാലത്ത് രാജഹോട്ടൽ, നീലാഹോട്ടൽ എന്നീ സ്വകാര്യഹോട്ടലുകളാണ് സ്ഥാപിതമായത്. തുടർന്ന് ഇന്ത്യൻ ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഒരു പഞ്ചനക്ഷത്രഹോട്ടലും, കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ഒരു ത്രിനക്ഷത്രഹോട്ടലും തുടങ്ങി. ഐ.ടി.ഡി.സി യുടെ അശോക്ഹോട്ടലിനു മുൻവശത്തെ കടലോരം അന്യർക്ക് പ്രവേശനമില്ലാത്ത പൂർണ്ണമായും അടച്ചുകെട്ടപ്പെട്ട ഒരു മേഖലയാക്കിമാറ്റി പഞ്ചനക്ഷത്ര ടൂറിസം കോവളത്തിനുമേൽ അടിച്ചേൽപ്പിക്കപ്പെട്ടു.

1987 ഓടെ ഓരോ സീസണിലും കോവളത്തെത്തുന്ന വിദേശ ടൂറിസ്റ്റുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. വിദേശ ടൂറിസ്റ്റുകൾ കൂടുതൽകാലം താമസിക്കുന്ന പ്രദേശമായിമാറി കോവളം. ഹവ്വാബീച്ചിലെ നഗ്നത പ്രസിദ്ധമായതോടെ കോവളത്തെത്തുന്ന ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണവും വർദ്ധിച്ചു. ഇവരിൽ അപൂർവ്വം ചിലരേ ഒരു രാത്രിയെങ്കിലും ഇവിടെ താമസിക്കാറുള്ളൂ. ഇവർ ബീച്ചിൽ കുറച്ചുസമയം കറങ്ങിനടന്ന് മാലിന്യങ്ങൾ ബീച്ചിൽ നിക്ഷേപിച്ച് പാറപ്പുറത്ത് മലമൂത്രവിസർജ്ജനംനടത്തി കടലോരമാകെ മാലിന്യപ്പെടുത്തുന്നു. സാമാന്യജനത്തിന് താമസിക്കുന്നതിനോ, പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനോ ഉള്ള സംവിധാനങ്ങൾ നാളിതുവരെയും ഉണ്ടായിട്ടില്ല.

**കഴിഞ്ഞ 5വർഷക്കാലം കോവളത്തെത്തിയ ടൂറിസ്റ്റുകളുടെ വിവരം.**

| വർഷം | വിദേശ ടൂറിസ്റ്റുകൾ | സ്വദേ ടൂറിസ്റ്റുകൾ | ആകെ |
|---|---|---|---|
| 1990 | 40674 | 76683 | 117357 |
| 1991 | 40189 | 83814 | 124003 |
| 1992 | 45819 | 92092 | 137911 |
| 1993 | 44850 | 97787 | 142637 |
| 1994 | 28184 | 26044 | 54228 |

1980– ഓടെ കൗതുകവസ്തുക്കളും, പരവതാനികളും മറ്റും വിൽക്കുന്നതിനായി നിരവധി കാശ്മീരികച്ചവടക്കാർ തങ്ങളുടെ കുടുംബങ്ങളോടൊപ്പം ഇവിടെ താമസമുറപ്പിച്ചുതുടങ്ങി. കാശ്മീരികളെക്കൂടാതെ പഞ്ചാബികളും, ബോംബേക്കാരും ധാരാളം വ്യവസായ ഗ്രൂപ്പുകളും വ്യക്തികളും കോവളത്തും പരിസരപ്രദേശങ്ങളിലുമായി വസ്തുവകകൾ വാങ്ങിക്കൂട്ടി വലിയവലിയ ഹോട്ടലുകൾ പണിതു. സ്ഥലത്തിന്റെ വില കുത്തനെ ഉയർന്നു. നാട്ടുകാരായ ചെറിയ ഹോട്ടൽ ഉടമകളും വിദേശികൾക്ക് വസ്തുക്കൾ വാങ്ങിക്കൊടുക്കുന്ന ദല്ലാളുകളായി മാറിയിരിക്കുന്നു. വിദേശനാണ്യനിയന്ത്രണ നിയമത്തിലെ കടമ്പകൾ നീക്കംചെയ്തതോടെ വിദേശികൾ ഭൂമിവാങ്ങി നിർമ്മാണപ്രവർത്തനങ്ങൾ നടത്തിവരുന്നു.

വിദേശ ടൂറിസ്റ്റുകളെ തൃപ്തിപ്പെടുത്തി എങ്ങനെയും വിദേശനാണ്യം നേടുക എന്ന ലക്ഷ്യമേ സർക്കാരിനുള്ളൂ. നാടൻ കലാരൂപങ്ങൾ പ്രദർശിപ്പിച്ച് വിദേശ ടൂറിസ്റ്റുകളെ രസിപ്പിക്കുക ഒരു സാധാരണ പരിപാടിയാണ്. ടൂറിസം വാരമായി കൊണ്ടാടുന്ന ഓണക്കാലത്ത് നാടൻ കലാരൂപങ്ങളിൽ വിദഗ്ദ്ധരായ കലാകാരന്മാരെ നഗരത്തിൽ കൊണ്ടുവന്ന് ടൂറിസ്റ്റുകൾക്കു മുമ്പിൽ പ്രദർശിപ്പിക്കുന്നു. ഈ കലാരൂപങ്ങളുടെ അർത്ഥമെന്തെന്ന് അറിയാത്ത ടൂറിസ്റ്റു

കൾ ഈ കാടന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ തങ്ങൾ എത്രത്തോളം പുരോഗമിച്ചിരിക്കുന്നുവെന്ന് ആത്മസംതൃപ്തിയടയുന്നു.

കോവളത്തെ ടൂറിസത്തിന്റെ ഇരുണ്ടമുഖം വ്യഭിചാരവും, മയക്കുമരുന്നുമാണ് അധോലോകസ്വഭാവം ഇവയ്ക്കുള്ളതുകൊണ്ട് പുറംലോകത്ത് പെട്ടെന്ന് അറയില്ല. ഇത് വിദേശിയെ മാത്രമല്ല സ്വദേശികളേയും കീഴ്പ്പെടുത്തുന്നു. കോവളം കടലോരത്ത് നിഴൽവീണുകിടക്കുന്ന മുക്കിലും മൂലയിലും വിളറിയ കണ്ണുകളും മുഖവുമായി വെള്ളക്കാരായ ഉപഭോക്താക്കളെത്തേടി അലഞ്ഞുനടക്കുന്ന മയക്കുമരുന്നടിമകളായ ചെറുപ്പക്കാരെ കാണാം. മയക്കുമരുന്നു വ്യാപാരത്തോടുള്ള സർക്കാരിന്റെ സമീപനം തികച്ചും കപടമാണ്. വേണ്ടത്ര മയക്കുമരുന്ന് കിട്ടാതെവന്നാൽ വിദേശികൾ വേറെ മേച്ചിൽപ്പുറങ്ങൾതേടി പോകുമെന്ന് അവർക്കറിയാം.

ഏതു കടൽത്തീരവും ഒരു പൊതുസ്വത്താണ്. കീഴ്വഴക്കപ്പ് അനുസരിച്ചും നിയമപരമായും കുട്ടികൾക്ക് കളിക്കാനും, മുതിർന്നവർക്ക് വന്നിരുന്ന് വിശ്രമിക്കുവാനും, ശുദ്ധവായു ശ്വസിക്കാനും കടൽത്തിരകൾകണ്ട് ആസ്വദിക്കാനുമുള്ള സ്ഥലമാണ്. എന്നാൽ കോവളം കടൽത്തീരം ടൂറിസ്റ്റുകൾക്കുമാത്രം കെട്ടിയടക്കപ്പെട്ടതായി തീർന്നിരിക്കുന്നു. ഒരു സാധാരണക്കാരന് കോവളത്ത് ഒരുഗ്ലാസ് ചായയോ ഒരു കാപ്പിയോ കുടിക്കാനാവില്ല. ടൂറിസ്റ്റുകൾക്കു മാത്രമേ ഇവിടുത്തെ വിലനിലവാരം താങ്ങാനാവൂ.

സ്വദേശികൾക്ക് കുറഞ്ഞനിരക്കിൽ താമസിക്കുന്നതിനോ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനോ സംവിധാനങ്ങളില്ല. സാധാരണ കുട്ടികൾക്കു വേണ്ട പാർക്കുകളോ കളിക്കോപ്പുകളോ അവിടില്ല. എല്ലാ വാതിലുകളും പുറംരാജ്യക്കാർക്കായി തുറന്നിടുകയും സ്വന്തം നാട്ടുകാരെ മാറ്റിനിർത്തുകയും ചെയ്തിരിക്കുന്നു. നാട്ടുകാർക്ക് പ്രാഥമികമായ സ്വാതന്ത്ര്യംപോലും നിഷേധിക്കപ്പെടുമ്പോൾ വിദേശികൾ അതിരുകളില്ലാത്ത സ്വാതന്ത്ര്യം ആസ്വദിക്കുന്നു. കോവളത്തെ ടൂറിസം വികസിപ്പിച്ചത് സർക്കാരാണെന്ന് ഒരുകൂട്ടർ വാദിക്കുമ്പോൾ തങ്ങളാണ് ടൂറിസം വികസിക്കുന്നതിന് കാരണമെന്ന് നാട്ടുകാർ അവകാശപ്പെടുന്നു.

## ടൂറിസംമേഖലയിലെ പ്രധാന പ്രശ്നങ്ങളും ആവശ്യങ്ങളും

കോവളത്ത് സാമാന്യ ജനങ്ങൾക്ക് താമസിക്കുന്നതിനോ പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനോ ഉള്ള സൗകര്യങ്ങൾ ഇല്ല, ആയതുകൊണ്ട് പൊതു കക്കൂസുകളും, കുറഞ്ഞചെലവിൽ താമസിക്കുന്നതിനുള്ള സൗകര്യങ്ങളും ലഭ്യമാക്കുക.

കരകൗശലവസ്തുക്കൾക്ക് വമ്പിച്ച വിപണനസാദ്ധ്യതയുള്ളതിനാൽ കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിന് പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് സെന്ററും വിപണനത്തിനുള്ള സൗകര്യങ്ങളും ലഭ്യമാക്കണം.

കോവളത്തെ ടൂറിസം ആകർഷകമാക്കുന്നതിനായി ചിൽഡ്രൻസ് പാർക്ക്, റോപ്പ്വേ ഇവ സ്ഥാപിക്കുക.

കടൽകക്ക, കടൽ ഉല്പന്നങ്ങൾ ഉപയോഗിച്ചുള്ള കൗതുകവസ്തുക്കൾ നിർമ്മിച്ച് വില്പനനടത്തുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുക.

പഞ്ചായത്തുവക ഗസ്റ്റ്ഹൗസ് ആധുനിക സൗകര്യങ്ങളോടെ സ്ഥാപിക്കുക.

കോവളം മേഖലയിലെ പ്രത്യേകിച്ചു കടൽതീരത്തെ മാലിന്യങ്ങൾ നിർമ്മാർജ്ജനംചെയ്യുന്നതിനായി ശുചീകരണം ഊർജ്ജിതമാക്കുകയും, ഇൻസിറേറ്റുകൾ സ്ഥാപിക്കുകയും ചെയ്യുക.

കോവളത്തെ ബീച്ചുറോഡുകൾ വൈദ്യുതീകരിച്ച് പേപ്പർലാമ്പുകൾ സ്ഥാപിക്കുക.

കോവളംഭാഗത്ത് ധാരാളം കയർതൊഴിലാളികൾ ഉള്ളതിനാലും കയറിനും കയർ ഉല്പന്നങ്ങൾക്കും, വമ്പിച്ച വിപണനസാദ്ധ്യത ഉള്ളതിനാലും ആറ്റിൽ പുതവൽ ഭാഗത്ത് ഒരു കയർഫാക്ടറി സ്ഥാപിക്കുക.

ടൂറിസത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് നിലകണ്ടമാറിയാൽ റോഡും, വേലായുധാ മെമ്മോറിയൽ റോഡും ടൂർചെയ്യുക.

പാലസ്ജംഗ്ഷൻമുതൽ പള്ളിവരെയുള്ള റോഡിൽ സ്ട്രീറ്റ്ലൈറ്റ് സ്ഥാപിക്കുക.

യുവതലമുറയുടെ ഭാവി സുരക്ഷിതമാക്കാൻ മയക്കുമരുന്ന് ഉപഭോഗത്തിനെതിരേയും, എയ്ഡ്സ് നിർമ്മാർജ്ജനത്തിനുമായി ബോധവൽക്കരണക്ലാസുകൾ നടത്തുക.

ടൂറിസ്റ്റ് ഇൻഫർമേഷൻ സെന്റർ ആരംഭിക്കുക. കോവളം-കന്യാകുമാരി, സമുദ്രാഹോട്ടൽ-തിരുവനന്തപുരം, ബസ്സർവ്വീസുകൾ പുനരാരംഭിക്കുക

തിരുവനന്തപുരം റെയിൽവേസ്റ്റേഷനിൽനിന്നും കോവളംവരേയും കന്യാകുമാരിയുമായി ബന്ധിപ്പിക്കുന്ന തീരദേശ ടൂറിസ്റ്റ് റെയിൽവേലൈൻ സ്ഥാപിക്കുക.

ശംഖുമുഖം, വേളി, കോവളം ജലഗതാഗതം നടപ്പിലാക്കുക. ലൈഫ്ഗാഡുകളുടെ എണ്ണം വർദ്ധിപ്പിച്ചും, കാലഹരണപ്പെട്ട രക്ഷാപ്രവർത്തനങ്ങൾ മാറ്റി പുതിയവ നൽകുകയും ചെയ്യുക. വഴിവാണിഭക്കാരുടെ കച്ചവടം നിയന്ത്രിക്കുക. അനധികൃത കുടിയേറ്റം അവസാനിപ്പിക്കുക. ടൂറിസംപ്രദേശത്ത് പരിശീലനംനൽകി പരിചയസമ്പന്നരായ അനിതാഗാർഡുകളെ നിയമിക്കുക.

ഭൂപ്രകൃതിയെ വികൃതമാക്കുന്നരീതിയിലുള്ള നിർമ്മാണങ്ങൾകാരണം ടൂറിസ്റ്റുകളെ ഇതരസ്വച്ഛമായ ഭൂപ്രകൃതിയുള്ള പ്രദേശംതേടി പോകാൻ പ്രേരിപ്പിക്കുന്നു. തനത്രീതി നിലനിർത്തിക്കൊണ്ടുള്ള വികസനം നടപ്പിലാക്കുക.

# വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ വിവിധ ആഫീസുകളും, സ്ഥാപനങ്ങളും.

1. പഞ്ചായത്ത് ആഫീസ്
2. പോസ്റ്റ് ഓഫീസ്-വിഴിഞ്ഞം
3. ,, കോട്ടപ്പുറം
5. മുല്ലൂർ
6. വെങ്ങാനൂർ
7. ഫെഡറൽ ബാങ്ക് സർവ്വീസ്
8. കോ-ഓപ്പറേറ്റീവ് ബാങ്ക്-വെങ്ങാനൂർ
9. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ-വെങ്ങാനൂർ
10. ,, " വിഴിഞ്ഞം
11. ജില്ലാ സഹകരണ ബാങ്ക്-വിഴിഞ്ഞം
12. സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- വിഴിഞ്ഞം
13. ഗവ: എൽ.വി.എൽ.പി.എസ്-മുല്ലൂർ
14. ഗവ: കെവി. എൽ.പി.എസ്- മുല്ലൂർ
15. സെന്റ്മേരീസ് എൽ.പി.എസ്- കോട്ടപ്പുറം
16. എസ്.എൻ.വി. എൽ.പി.എസ്-കോവളം
17. യു.പി.എസ് മുല്ലൂർ-പനവിള
18. സെന്റ് മേരീസ് ഹൈസ്കൂൾ-കോട്ടപ്പുറം
19. ഗവ: എൽ.പി.എസ്-വിഴിഞ്ഞം
20. ഗവ: എസ്.വി. എൽ.പി.എസ്-വിഴിഞ്ഞം
21. ഗവ: എൽ.പി.എസ്- കീടാരക്കുഴി
22. ഗവ: എസ്.എ. എൽ.പി.എസ്-വിഴിഞ്ഞം
23. ബി.എച്ച്.എസ്-വെങ്ങാനൂർ
24. ജി. എച്ച്. എസ്-വെങ്ങാനൂർ
25. എൽ.പി. എസ്-മുടിപ്പുരനട, വെങ്ങാനൂർ
26. എസ്.എ.എസ്. യു.പി.എസ്-വെങ്ങാനൂർ
27. സബ് രജിസ്ട്രാർ ഓഫീസ്-വെങ്ങാനൂർ
28. പോലീസ് സ്റ്റേഷൻ-വിഴിഞ്ഞം
28. ,, കോവളം
29. പ്രൈമറി ഹെൽത്ത് സെന്റർ, വിഴിഞ്ഞം.
30. ഗാന്ധി സ്മാരക ആശുപത്രി-വെങ്ങാനൂർ.
31. ഗീതാഞ്ജലി ആശുപത്രി-മുല്ലൂർ
32. ഹോമിയോ ,, -മുക്കോല
33. മൃഗാശുപത്രി-വിഴിഞ്ഞം
34. ഫയർസ്റ്റേഷൻ
35. പോർട്ട് ഓഫീസ്-കോവളം, വിഴിഞ്ഞം
36. ലൈറ്റ് ഹൗസ്-വിഴിഞ്ഞം
37. കെ.എസ്.ഇ.ബി-വിഴിഞ്ഞം
38. ഫിഷർമെൻ വെൽഫെയർ ഫണ്ട് ബോർഡ്
39. കൃഷിഭവൻ
40. കെ.എസ്.ആർ.റ്റി.സി-വിഴിഞ്ഞം
41. ഫിഷറീസ് ഹാർബർ പ്രോജക്ട് ഡിവിഷൻ
42. ടെലഫോൺ ഭവൻ
43. വി.ഇ.ഒ. ഓഫീസ്
44. വില്ലേജ് ഓഫീസ്-മുക്കോല
45. കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ ഓഫീസ് (ഫിഷറീസ്)
46. മാവേലി സ്റ്റോർ
47. എഫ്.റ്റി.സി-വിഴിഞ്ഞം
48. മത്സ്യഫെഡ്-വിഴിഞ്ഞം
49. ഗവ: ഐസ് & കോൾഡ് സ്റ്റോറേജ്
50. സെന്റർ ഫോർ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്
51. ഗവ: ഗസ്റ്റ്ഹൗസ്-കോവളം
52. കെ.റ്റി.ഡി.സി. ഹോട്ടൽ സമുദ്ര-കോവളം
53. മുത്തൂറ്റ് ബാങ്ക്-വിഴിഞ്ഞം
54. ഐ.റ്റി.സി.ഡി. ഹോട്ടൽ-കോവളം
55. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി-കോവളം
56. പാൽ സൊസൈറ്റി-പൂല്ലൂർക്കോണം
57. " വെങ്ങാനൂർ
58. പാൽ സൊസൈറ്റി പനവിള
59. ,, നെല്ലിക്കുന്ന്
60. ആബാദ് എന്റർപ്രൈസസ്
61. ബൈജു എന്റർപ്രൈസസ്
62. കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് വിഴിഞ്ഞം
63. സബ് ട്രഷറി വിഴിഞ്ഞം.

# വാണിജ്യ ബാങ്കുകളിൽനിന്നുള്ള വായ്പാപദ്ധതികൾ

നിക്ഷേപം സ്വീകരിക്കുക എന്നതുപോലെതന്നെ വായ്പനൽകുക എന്നതും വാണിജ്യബാങ്കുകളുടെ കർത്തവ്യമാണ്. കൃഷി, കച്ചവടം, വ്യവസായം എന്നീ മേഖലകളിലാണ് വാണിജ്യബാങ്കുകൾ വായ്പനൽകാറുള്ളത്. ഇതുകൂടാതെ കൺസ്യൂമർ വസ്തുക്കൾ വാങ്ങുന്നതിനും വീട് വയ്ക്കുന്നതിനും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും വായ്പ ലഭ്യമാണ്. ഓരാ ബാങ്കും അവരുടെ നിക്ഷേപത്തിന്റെ 60 ശതമാനം വായ്പ നൽകിയിരിക്കണമെന്നതാണ് റിസർവ്വ് ബാങ്ക് നിർദ്ദേശം, കൂടാതെ വായ്പയുടെ 40 ശതമാനം മുൻഗണനാ വായ്പയായിരിക്കണമെന്നും ഇതിൽതന്നെ 18 ശതമാനം കാർഷികവൃത്തിക്കായിരിക്കണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. വായ്പയുടെ ഒരു ശതമാനം ദരിദ്രജനവിഭാഗങ്ങൾക്കുള്ള പലിശനിരക്ക് കുറവുള്ള വായ്പയായിരിക്കണമെന്നും നിർദ്ദേശമുണ്ട്.

നിർദ്ദേശങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും വാണിജ്യബാങ്കുകൾ കേരളത്തിൽ വേണ്ടത്ര വായ്പ നൽകുന്നില്ല എന്നതാണ് വസ്തുത. കേരളത്തിൽ ഹെഡ് ഓഫീസുള്ള സ്വകാര്യ പൊതുമേഖലാ ബാങ്കുകൾപോലും കൂടുതൽ വായ്പകൾ നൽകുന്നത് കേരളത്തിന് പുറത്താണ്. കേരളത്തിന്റെ സമഗ്രവികസനത്തിനായി ജനകീയപങ്കാളിത്തത്തോടുകൂടി 9-ാം പഞ്ചവൽസരപദ്ധതി പ്രവർത്തനങ്ങൾ നടത്താൻ കേരള സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. കേരളത്തിന്റെ ആളോഹരി ഉല്പാദനം ദേശീയ ശരാശരിയിലേക്കെത്തിക്കാൻ കേരളത്തിന്റെ ഉല്പാദനമേഖലകളിൽ 40,000 കോടിരൂപ നിക്ഷേപമുണ്ടായിരിക്കണമെന്നാണ് കണക്കാക്കുന്നത്. കേരളത്തിന്റെ ഒമ്പതാം പദ്ധതി അടങ്കൽ ഏകദേശം 15,000 കോടിരൂപ വരും. ഇതിൽതന്നെ കുറേയേറെ തുക സാമൂഹ്യക്ഷേമമേഖലക്കായി മാറ്റിവെക്കേണ്ടി വരും.

സന്നദ്ധപ്രവർത്തനങ്ങളിലൂടെയും സ്വകാര്യ മുതൽമുടക്കായും ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പകളായും കഴിയുന്നത്ര തുക ഉല്പാദനമേഖലകളിൽ ഉണ്ടാകേണ്ടിയിരിക്കുന്നു.

കഴിഞ്ഞ ദിവസങ്ങളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി നടന്ന ഗ്രാമസഭകളിൽ പ്രാദേശികമായ വിഭവങ്ങൾ ഉപയോഗിച്ച് ആരംഭിക്കാവുന്ന ചെറുകിട വ്യവസായങ്ങൾ, കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനാവശ്യായ സഹായങ്ങൾ എന്നിവ സംബന്ധിച്ചുള്ള വളരെ മൂർത്തമായ നിർദ്ദേശങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. പഞ്ചായത്തുതലത്തിൽ നടക്കുന്ന സെമിനാറിൽ ഈ പ്രവർത്തനങ്ങളുടെ മുൻഗണനയും നിശ്ചയിക്കപ്പെടും. ബ്ളോക്ക്തലത്തിലും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ചേരുന്ന ബാങ്കധികാരികളുടെ വിവിധ കമ്മറ്റികൾ ഈ നിർദ്ദേശങ്ങൾ പഠിക്കുകയും പരമാവധി വായ്പകൾ ഇതിനായി അനുവദിക്കുകയും വേണം. ഇന്ന് നിലവിലുള്ള വായ്പാപദ്ധതികളിൽ ആവശ്യമായ മാറ്റം വരുത്താനും ബാങ്കധികാരികൾ തയ്യാറാകണം. ഇതിനായി ചില നിർദ്ദേശങ്ങൾ താഴെകൊടുക്കുന്നു.

DWCRA പദ്ധതികൾ എല്ലാംതന്നെ വ്യക്തികൾക്ക് നൽകുന്നതാണ്. കാർഷികമേഖലയിൽ കൂട്ടായി വായ്പ നൽകാൻകഴിയുന്ന ചില പദ്ധതികൾക്ക് രൂപംകൊടുക്കുന്നു. ഉദാഹരണത്തിന് ഒരു ഏലായിലെ കർഷകരുടെ പാടശേഖരകമ്മറ്റിക്കോ, കർഷകരുടെ 10-15 പേരടങ്ങുന്ന ഗ്രൂപ്പിനോ സമാനമായ ആവശ്യങ്ങൾക്കുവേണ്ടി വായ്പനൽകാൻ തയ്യാറാവണം. കൃഷിഭൂമി തയ്യാറാക്കുക, വിത്തുവാങ്ങുക, വളം വാങ്ങുക, മരുന്നുതളിക്കുക, ആവശ്യമായ യന്ത്രോപകരണങ്ങൾ വാങ്ങുക, ചെറുകിട ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുക മുതലായ പ്രവർത്തനങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തണം.

ട്രാക്ടറുകൾ വാങ്ങുന്നതിന് നിലവിൽ ഒരു സ്കീം ഉണ്ട്. മതിയായ മറ്റ് ആസ്തികൾ നൽകിയാലും വാങ്ങുന്നയാൾക്ക് 7.8 ഏക്കർ പുരയിടമോ കൃഷിസ്ഥലമോ ഉണ്ടായിരിക്കണമെന്ന നിബന്ധനയുണ്ട്. ഇതിൽ മാറ്റം വരുത്തണം. മതിയായ ആസ്തികൾ വാങ്ങിക്കൊണ്ട് ഒരു പാടശേഖരകമ്മറ്റിക്ക് ട്രാക്ടർ നൽകണം. ഇതിന് കൃഷിവകുപ്പിൽ നിന്നു ലഭിക്കുന്ന 50 ശതമാനം സബ്സിഡി ബാങ്കുകൾമുഖേന വിതരണം ചെയ്യണം.

കേരളത്തിൽ ചെറുകിട വൈദ്യുതപദ്ധതികൾക്ക് വളരെയേറെ സാദ്ധ്യതകളുണ്ട്. ഇത്തരം പദ്ധതികൾക്ക് വായ്പ നൽകാൻ വാണിജ്യബാങ്കുകൾ തയ്യാറാവണം. ഇത്തരം വായ്പകൾ ഒരു ബാങ്കിന്റെ വായ്പാപരിധിക്കപ്പുറം വരുന്നുവെങ്കിൽ കൺസോർഷ്യം രൂപവൽക്കരിച്ചുകൊണ്ട് വിവിധ ബാങ്കുകൾചേർന്ന് വായ്പനൽകണം.

പലിശനിരക്ക് കുറഞ്ഞ വായ്പകൾ (കാർഷിക വായ്പകൾ, DRI വായ്പകൾ) നൽകാൻ ബാങ്കുകൾ പൊതുവേ തയ്യാറാകുന്നില്ല. റിസർവ്വ്ബാങ്ക് നിർദ്ദേശപ്രകാരമുള്ള നിരക്കുകളിലെങ്കിലും ഇത്തരം വായ്പകൾ നൽകണം. ഓരോ സംസ്ഥാനത്തുനിന്നും ഉണ്ടാകുന്ന നിക്ഷേപത്തിന്റെ നിശ്ചിതശതമാനം വായ്പനൽകാൻ നിബന്ധനയുണ്ടാവണം. റിസർവ്വ്ബാങ്ക് ഈ കാര്യത്തിൽ ജാഗ്രതപുലർത്തണം.

നിലവിലുള്ള പദ്ധതികൾ കൂടുതൽ ഭാവനാപൂർണ്ണമാക്കിക്കൊണ്ട് കേരളത്തിന്റെ സമഗ്രവികസനത്തിനായി വാണിജ്യബാങ്കുകൾ തയ്യാറാവണമെന്നഭ്യർഥിച്ചുകൊണ്ട് നി

ലവിലുള്ള ചില വായ്പാപദ്ധതികൾ ജനകീയാസൂത്രണപ്രവർത്തകരുടെ ശ്രദ്ധയ്ക്കും പരിഗണനയ്ക്കുമായി ചുവടെ ചേർക്കുന്നു.

**കാർഷിക വായ്പ (ഹ്രസ്വകാല വായ്പ)**

**1. ഭക്ഷ്യവിളകൾ:**

ഭക്ഷ്യവിളകൾക്ക് ഹ്രസ്വകാലവായ്പ ലഭ്യമാണ്. നെല്ല്, ഗോതമ്പ്, ചോളം, പയർവർഗ്ഗങ്ങൾ, തക്കാളി, ഇഞ്ചി, കരിമ്പ്, കപ്പ, വാഴ എന്നി വിളകൾക്കാണ് ഈ വായ്പാസൗകര്യം ലഭ്യമാക്കിയിട്ടുള്ളത്.

| | |
|---|---|
| പരമാവധി കാലാവധി | - 18 മാസം |
| പലിശനിരക്ക് 25000 വരെ | - 12.5% |
| 25000 2 ലക്ഷം | - 14% |
| 2 ലക്ഷത്തിനു മുകളിൽ | - വ്യത്യസ്ഥ നിരക്കാണ് |

**2. കൃഷി ആവശ്യത്തിനുള്ള സ്വർണ്ണപ്പണയം:**

കൃഷിഭൂമിയുടെ കരമടച്ച രസീത് ഹാജരാക്കിയാൽ കുറഞ്ഞ നിരക്കിലുള്ള കാർഷിക സ്വർണ്ണപ്പണയം ലഭിക്കും. ഒരു ഗ്രാമിന് 300 രൂപയാണ് നൽകുന്നത്. ഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിലാണ് വായ്പ്പത്തുക നിശ്ചയിക്കുന്നത്.

| | |
|---|---|
| പരമാവധി വായ്പ | 25000 രൂ. |
| പലിശനിരക്ക് | 12.5% |
| തിരിച്ചടവ് കാലാവധി | 24 മാസം |

ചില ബാങ്കുകളിൽ 30000 രൂ. വരെ കാർഷിക പണയമായി നൽകുന്നുണ്ട്. ഇങ്ങനെ നൽകുമ്പോൾ പലിശനിരക്ക് 14% ആയിരിക്കും.

**II കാർഷിക മേഖല (ദീർഘകാല വായ്പ)**

**A. നാണ്യവിളകൾ:**

നാണ്യവിളകൾ കൃഷിചെയ്യുന്നവർക്ക് ദീർഘകാല വായ്പ ലഭിക്കും. വിളവെടുപ്പ് തുടങ്ങുന്നതിനു ശേഷം വായ്പ അടച്ചുതുടങ്ങിയാൽ മതി. വായ്പ തിരിച്ചടക്കുന്നതിനു മൂന്ന്മുതൽ ഏഴുവർഷംവരെ കാലാവധി ലഭിക്കും. വിളയുടെ ആയുസ്സനുസരിച്ചാണ് ഈ കാലാവധി നിശ്ചയിക്കുന്നത്.

| | | |
|---|---|---|
| പലിശനിരക്ക് 25000 വരെ | - | 12% |
| 25000 മുതൽ 2 ലക്ഷം വരെ | - | 14% |
| 2 ലക്ഷത്തിന് മുകളിൽ | - | വ്യത്യസ്ഥ നിരക്കാണ് |

## മറ്റു ദീർഘകാല കാർഷികവായ്പകൾ

**1. ഭൂമി ഒരുക്കൽ, കയ്യാലകെട്ടൽ**

ഭൂമി കൊത്തി നിരപ്പാക്കുക, കയ്യാല കെട്ടുക എന്നീ കാർഷികവൃത്തികൾക്കും ദീർഘകാല വായ്പലഭിക്കും. ഇത് അഞ്ചുവർഷംമുതൽ ഏഴ്‌വർഷംകൊണ്ട് തിരിച്ചടച്ചാൽ മതി. ഈ കാർഷികവൃത്തിമൂലമുണ്ടാകുന്ന അധിക ഉല്പാദനവും വരുമാനവും കണക്കാക്കിയാണ് തവണകൾ നിശ്ചയിക്കുന്നത്. മറ്റു ദീർഘകാല കാർഷികവായ്പകളുടെ അതേ പലിശനിരക്കുതന്നെയാണ് ഇതിനും ഉണ്ടായിരിക്കുക. ഈ വായ്പ 25,000 രൂപവരെ അധിക ഈട് നൽകേണ്ടതില്ല.

**2. ചെറുകിട ജലസേചനം:**

**(a) കിണർ/കുളം കുഴിക്കുന്നതിന്:** ചെറുകിട ജലസേചനാവശ്യത്തിനായി കിണർ, കുളം കുഴിക്കുന്നതിന് ദീർഘകാല വായ്പ ലഭിക്കും 10,000 രൂപയാണ് വായ്പതുക. തിരിച്ചടക്കാൻ 5 വർഷംമുതൽ ഏഴുവർഷംവരെ കാലാവധി ലഭിക്കും. കൃഷിഭവൻ, ബ്ലോക്കുവഴി വരുന്ന അപേക്ഷകൾക്ക് സബ്സിഡിയും ലഭിക്കും. മറ്റു ദീർഘകാല വായ്പകളുടെ അതേ പലിശനിരക്കുതന്നെയാണ് ഇതിനുമുള്ളത്.

**(b) പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിന്:**

കൃഷിയാവശ്യത്തിനായി പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് ദീർഘകാലവായ്പ ലഭിക്കും 1 HP പവറുള്ള പമ്പിനും അനുബന്ധ സാമഗ്രികൾക്കുംകൂടി 15,000 രൂപവരെ ലഭിക്കും. വായ്പ തിരിച്ചടയ്ക്കുന്നതിന് 5 മുതൽ 7 വർഷംവരെ കാലാവധി ലഭിക്കും. മറ്റു ദീർഘകാലവായ്പകളുടെ പലിശനിരക്കുതന്നെയാണിതിനുമുള്ളത്. ബ്ലോക്ക് കൃഷിഭവൻ മുഖേന വരുന്ന സംരംഭകർക്ക് ഗവൺമെന്റ് സബ്സിഡിയും ലഭിക്കും.

**3. യന്ത്രവൽക്കരണം (Farm Machanisation):**

ട്രാക്ടർ, ടില്ലർ തുടങ്ങിയ യന്ത്രോപകരണങ്ങൾ വാങ്ങുന്നതിന് ദീർഘകാല വായ്പ ലഭിക്കും 10–25 ശതമാനം തുക സംരംഭകർതന്നെ വഹിക്കണം. അധിക ഈടായി വസ്തുവോ മറ്റു ആസ്തികളോ നൽകണം. വായ്പയെടുക്കുന്നയാൾക്ക് 7 മുതൽ 8 ഏക്കർവരെ പുരയിടമോ പാടശേഖരമോ ഉണ്ടായിരിക്കണമെന്ന് നിർബ്ബന്ധമുണ്ട്. NABARD അംഗീകരിച്ചിട്ടുള്ള കമ്പനികളുടെ ട്രാക്ടറുകൾ, ടില്ലറുകൾ ആയിരിക്കണം വാങ്ങേണ്ടത്. സംയോജിത നെല്ലുവികസനപരിപാടി (Integrated Programme for Rice Development) (IPRD) പ്രകാരമാണ് ടില്ലർ വാങ്ങുന്നതിനുള്ള സഹായം നൽകുന്നത്. വായ്പ തിരിച്ചടക്കാൻ 7 വർഷത്തെ കാലാവധി ലഭിക്കും. കൂടാതെ പവർസ്പ്രെയറുകൾ, വിന്നോവറുകൾ, വാഹനങ്ങൾ എന്നിവ വാങ്ങുന്നതിനും ദീർഘകാല വായ്പ ലഭിക്കും.

## III ചെറുകിട വ്യവസായമേഖല

### S.S.I യൂണിറ്റ്:

യന്ത്രസാമഗ്രികളുടെ മൊത്തം യഥാർത്ഥ വില 60 ലക്ഷം വരെ വരുന്ന മുഴുവൻ വ്യവസായ സ്ഥാപനങ്ങളേയും ചെറുകിട വ്യവസായ യൂണിറ്റ് (S.S.I) ആയിട്ടാണ് കണക്കാക്കുന്നത്. ഒരു യൂണിറ്റിന് മറ്റൊരു അനുബന്ധവ്യവസായ യൂണിറ്റുകൂടി സ്ഥാപിക്കാം. അങ്ങനെവരുമ്പോൾ യഥാർത്ഥ വില 75 ലക്ഷംവരെ ആകാം. ഇതിന് പുറമേ ഓരോ വ്യവസായത്തിനും ആവശ്യമായ പ്രവർത്തനമൂല

കേരളത്തിലെ പട്ടികജാതി, പട്ടികവർഗ്ഗക്കാരുടെ സാമ്പത്തികാഭിവൃദ്ധിക്കും ജീവിതനിലവാരം ഉയർത്തുന്നതിനും വേണ്ടി കോർപ്പറേഷൻ വിവിധ വായ്പാപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

**മാർജിൻ മണി ഡെപ്പോസിറ്റ് സ്കീം:**

പട്ടികജാതി പട്ടികവർഗ്ഗക്കാരായ കുടുംബാംഗങ്ങൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് സഹായംനൽകുന്ന പദ്ധതിയാണിത്. വരുമാനപരിധി പ്രതിവർഷം 22,000 രൂപ. പ്രായം 18-50. 5 ശതമാനം അപേക്ഷകർതന്നെ നൽകണം. 75% വായ്പയും 20 ശതമാനം സബ്സിഡിയും. പരമാവധി വായ്പ 50000.

തയ്യൽ, പശുവളർത്തൽ, ഗ്രോസറി ബിസിനസ്സ്, ഫോട്ടോസ്റ്റുഡിയോ, ആയുർവേദ മരുന്നുകട, റേഷൻകട, പ്രിന്റിംഗ്പ്രസ്സ് തുടങ്ങിയ പദ്ധതികൾക്കാണ് സഹായം ലഭിക്കുന്നത്.

**വൻകിട സംരംഭങ്ങൾ**

പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ഈ പദ്ധതിയിൻകീഴിൽ 2.5 ലക്ഷം രൂപവരെ വായ്പ ലഭിക്കും. ഇതിൽ 75% ധനകാര്യസ്ഥാപനങ്ങളിൽനിന്നുള്ള വായ്പയും 20% പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ ധനസഹായവും ആയിരിക്കും. 5% ഗുണഭോക്താവിന്റെ വിഹിതമായി എടുക്കണം. ഈ പദ്ധതിപ്രകാരം വാഹനങ്ങൾ വാങ്ങുന്നതിനും വായ്പ ലഭിക്കുന്നതാണ്. പലിശനിരക്ക് തുകയ്ക്കനുസരിച്ച് വ്യത്യസ്തമാണ്. തിരിച്ചടയ്ക്കാനുള്ള കാലാവധി 12 വർഷംവരെ.

**3. വാഹനവായ്പ**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിലുള്ളവർക്ക് വാഹനങ്ങൾ വാങ്ങിക്കുന്നതിനും കോർപ്പറേഷന്റെ സഹായം ലഭ്യമാണ്. ബസ്സ്, ലോറി, ടെമ്പോ ട്രാക്സ് തുടങ്ങിയ വാഹനങ്ങൾ വാങ്ങുന്നതിനാണ് സഹായം ലഭിക്കുന്നത്. മൊത്തം വായ്പയും 50 ശതമാനം കോർപ്പറേഷന്റെ വായ്പയുമാണ് 10% ഗുണഭോക്താവു കണ്ടെത്തണം.

**4. ദുർബല ജനവിഭാഗങ്ങൾക്കുള്ള കുറഞ്ഞ പലിശനിരക്കിലുള്ള വായ്പ (DRI)**

ഈ പദ്ധതിപ്രകാരം 4 ശതമാനം പലിശക്കാണ് വായ്പ നൽകുന്നത്. കുടുംബവാർഷിക വരുമാനം 10500 രൂപയിൽ താഴെയുള്ളവർക്കാണ് ഈ വായ്പ. ചെറുകിട പരിമിത കർഷകർ, കർഷകത്തൊഴിലാളികൾ, പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ടവർ, അംഗവൈകല്യം സംഭവിച്ചവർ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ, വനവിഭവങ്ങൾ ശേഖരിക്കുന്നവർ എന്നിവർ ഈ ഗ്രൂപ്പിൽപ്പെടും. പരമാവധി വായ്പാതുക 6500 രൂപയാണ്. മൊത്തം ബാങ്ക്വായ്പയുടെ ഒരുശതമാനമെങ്കിലും DRI വായ്പ നൽകിയിരിക്കണമെന്നാണ് റിസർവ്വ് ബാങ്ക് നിർദ്ദേശം.

## വികസന രേഖ തയ്യാറാക്കിയ സമിതി

സി. സുഗതൻ (KRP)
എൻ. സുശീലൻ (DRP കൺവീനർ), Retd. H.M.
വിഴിഞ്ഞം ഹനീഫ് (DRP) "
കെ.സി. പ്രവീൺ "
എം.കെ. അനിൽകുമാർ "
ആർ. വിജയകുമാരി "
ഡി. വിജയദാസ് "
അജയ്മോഹൻ "
ജി. രാജഗോപാൽ, പഞ്ചായത്ത് മെമ്പർ

### വികസനറിപ്പോർട്ട് തയ്യാറാക്കുവാൻ സമിതിയുമായി സഹകരിച്ചവർ

K. സുകുമാരൻനായർ
R. രാമകൃഷ്ണൻനായർ
V. ബർണാഡ്
K. വേണുഗോപാലൻനായർ
ബേബി ഗിരിജ (കൃഷി ആഫീസർ)
R.T. ബിജുകുമാർ

## വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് ആഫീസിലെ നിലവിലുള്ള ജീവനക്കാർ

| | | |
|---|---|---|
| കെ. സുചേതനൻ | സെക്രട്ടറി | |
| ജി. ഗോപിനാടാർ | സൂപ്രണ്ട് | |
| കെ. ഭാസ്കരൻനായർ | യു.ഡി. ക്ലാർക്ക് | |
| വി. സുകുമാരൻനായർ | " | |
| സി. പ്രഭാകരൻ | " | |
| സി. സുഗതൻ | | |
| എസ്. ശോഭകുമാർ | ഓവർസിയർ | |
| എൽ. രഘുനാഥൻ | എ.ഡി. ക്ലാർക്ക് | |
| ആർ.റ്റി. ബിജുകുമാർ | " | |
| എ.എം. പ്രസന്നകുമാർ | " | |
| പി. സുലോചന | പ്യൂൺ | |
| ബി. ചന്ദ്രിക | " | |
| കെ. സോമൻ | കണ്ടിജൻസി | |
| എൽ. ഓമന | " | |
| എ. ലീല | " | |
| പി. ജഗദമ്മ | " | |
| ആർ. ഹരികുമാർ- | പാർട്ട്ടൈം | |
| ഇ.വി. വിശ്വജയന്തി | പഞ്ചായത്ത് ശിശുവിഹാർടീച്ചർ | |
| എൽ. ബേബി | " | |
| കുമാരി ഷൈലജാതങ്കം | " | ആയ |
| പി. സുഷകുമാരി | " | ആയ |
| V.M. അനിൽകുമാർ | ലൈബ്രേറിയൻ | |

# വിഴിഞ്ഞം ഗ്രാമപഞ്ചായത്ത്
# ജനകീയാസൂത്രണ
# വികസന റിപ്പോർട്ട്

## അനുബന്ധം



വികസന സെമിനാറിനോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനം ബഹു: തദ്ദേശ ഭരണ വകുപ്പു മന്ത്രി ശ്രീ.പാലൊളി മുഹമ്മദുകുട്ടി നിർവ്വഹിക്കുന്നു.

ജനകീയാസൂത്രണ പരിപാടിയോടനുബന്ധിച്ചുള്ള വിഴിഞ്ഞം പഞ്ചായത്ത് വികസന സെമിനാർ **1996** ഡിസംബർ **11**-ാം തീയതി വിഴിഞ്ഞം സെന്റ് മേരീസ് ഹൈസ്കൂളിൽ വച്ച് നടന്നു.

വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ചെല്ലപ്പൻ ആചാരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ വികസന സെമിനാർ തിരുവനന്തപുരം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. സത്യൻ ഉദ്ഘാടനം ചെയ്തു. വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീ. നെൽസൺ സ്വാഗതവും ശ്രീ. ഗംഗാധരൻ നാടാർ (ജില്ലാപഞ്ചായത്ത് മെമ്പർ), വെങ്ങാനൂർ ബോയിസ് ഹൈസ്കൂൾ റിട്ട:ഹെഡ്മാസ്റ്റർ ശ്രീ. വി. പരമേശ്വരൻ നായർ, മുക്കോല പ്രഭാകരൻ, മുക്കോല ഉണ്ണി എന്നിവർ ആശംസാപ്രസംഗവും വിഴിഞ്ഞം ഗ്രാമപഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. ബനഡിക്റ്റ് ലോപ്പസ് കൃതജ്ഞതയും രേഖപ്പെടുത്തി.

ഉദ്ഘാടനസമ്മേളനത്തിനുശേഷം വിവധ വിഷയങ്ങളെക്കുറിച്ച് വിശദമായ ഗ്രൂപ്പുചർച്ച നടത്തുകയും തുടർന്ന് ഓരോ വിഷയത്തിനും 12 പേരടങ്ങുന്ന കർമ്മസമിതിയെ തെരഞ്ഞെടുക്കുകയും ചെയ്തു.

വികസ നസെമിനാർ 6 മണിക്ക് അവസാനിച്ചു. തുടർന്ന് വിഴിഞ്ഞം ജംഗ്ഷനിൽ പ്രസിഡൻറ് ശ്രീ. ചെല്ലപ്പൻ ആചാരിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുയോഗം ബഹു:തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. പാലൊളി മുഹമ്മദുകുട്ടി ഉദ്ഘാടനം ചെയ്തു. പ്രസ്തുതയോഗത്തിൽവച്ച് കഴിഞ്ഞ പഞ്ചായത്ത് കേരളോത്സവത്തിൽ പങ്കെടുത്തുവിജയിച്ച കായിക കലാപ്രതിഭകൾക്കും ഇക്കഴിഞ്ഞ **S.S.L.C** പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്ക് വാങ്ങി വിജയിച്ചവർക്കുളള സമ്മാനദാനം തിരു:ജില്ലാപഞ്ചായത്ത് വൈസ്പ്രസിഡന്റ് ശ്രീമതി തങ്കാഭായി വിതരണം ചെയ്തു.

വികസന സെമിനാറിലെ വിവിധ വിഷയങ്ങളെക്കുറിച്ചുളള വിശദമായ ഗ്രൂപ്പുചർച്ചയിൽ വന്ന പുതിയ നിർദ്ദേശങ്ങളാണ് ഈ അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## വികസന സെമിനാറിലെ നിർദ്ദേശങ്ങൾ

### I. കൃഷി, ജലസേചനം

1. വികസന റിപ്പോർട്ടിലെ നിർദ്ദേശം 8-ൽ പ്രതിപാദിച്ചിട്ടുള്ള പച്ചക്കറികൃഷി വ്യാപകമാക്കുന്നതിന് ഓരോ വീട്ടിലും ആവശ്യമുള്ള പച്ചക്കറികൾ സ്വന്തമായി വീട്ടുവളപ്പിൽ ഉല്പാദിപ്പിക്കുവാൻ തക്കവിധം നടീൽ വസ്തുക്കൾ, വളം എന്നിവ സബ്സിഡി നിരക്കിൽ കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കണം.
2. കൃഷിക്കാർക്ക് അനുവദിക്കുന്ന ആനുകൂല്യങ്ങൾ പാട്ടകൃഷിക്കാർക്കും നൽകണം.
3. പിറവിളാകം ഏലായിൽ കൃഷിക്കാർക്ക് വളവും മറ്റും എത്തിക്കാനുള്ള ഫാംറോഡ് നിർമ്മിക്കുക.
4. തെന്നൂർക്കോണം, മുല്ലൂർ ഏലായിൽ ട്രില്ലർ പോകാൻ സൗകര്യം ഉണ്ടാക്കുക.
5. കൃഷിസൗകര്യത്തിനായി തേവർക്കുളം സംരക്ഷിക്കുക.
6. നെൽപ്പാടം നികത്തുന്നത് നിയമം മൂലം നിരോധിക്കുക.
7. പുഷ്പകൃഷി വ്യാപകമാക്കുക.

### II. മത്സ്യബന്ധനം, മൃഗസംരക്ഷണം

1. ബോട്ട്ബിൽഡിംഗ്യാർഡും സർവ്വീസിംഗ് സെന്ററും സ്ഥാപിച്ച് സബ്സിഡി റേറ്റിൽ ഉപകരണങ്ങൾ നല്കുക.
2. മത്സ്യത്തൊഴിലാളികൾക്ക് **Group Grativity Scheme** നടപ്പിലാക്കുകയും അവയ്ക്കുള്ള മറ്റാനുകൂല്യങ്ങൾ വേഗത്തിൽ കിട്ടത്തക്ക സംവിധാനം ഉണ്ടാക്കുക.
3. മത്സ്യത്തൊഴിലാളിമേഖലകളിൽ പ്രത്യേകം ജലസംഭരണികൾ സ്ഥാപിക്കുക.
4. **Fish Processing**ന് വനിതായൂണിറ്റുകൾ സ്ഥാപിക്കുവാൻ പഞ്ചായത്ത് സംവിധാനം ഏർപ്പെടുത്തുക.
5. ഐസ് ഫാക്ടറിയിൽനിന്നും വരുന്ന മലിനജലം, മലിനവസ്തുക്കൾ യഥായോഗ്യം നീക്കം ചെയ്യാനുള്ള സംവിധാനവും ബോധവല്കരണവും നല്കുക.

6. മത്സ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്നിടങ്ങളിൽ കക്കൂസുകൾ നിർമ്മിക്കുകയും അതിനുവേണ്ട ഡ്രൈനേജ് സൗകര്യവും ശരിയാക്കുക.
7. അപകടം സംഭവിക്കുന്ന സാഹചര്യങ്ങളിൽ അടിയന്തിര വൈദ്യസഹായവും സാമ്പത്തികസഹായവും എത്തിക്കുക.
8. വിഴിഞ്ഞം പഞ്ചായത്തിനെ മദ്യ വിമുക്തമേഖലയാക്കുക.
9. എല്ലാ മത്സ്യത്തൊഴിലാളി ഭവനങ്ങളും വൈദ്യുതീകരിക്കുകയും തീപിടിത്തം ഒഴിവാക്കുവാനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

**മൃഗസംരക്ഷണം**

1. മൃഗാശുപത്രികളുടെ പ്രവർത്തനസമയം വർദ്ധിപ്പിക്കുക.
2. മൃഗസംരക്ഷണത്തിനുള്ള സബ്സിഡി വിപുലീകരിക്കുക.
3. അറവുശാലകൾ ശുദ്ധീകരിക്കുകയും മൃഗങ്ങൾക്കുള്ള രോഗപരിശോധന കർശനമാക്കുകയും ചെയ്യുക.
4. പന്നിവളർത്തൽ കേന്ദ്രങ്ങൾ ആരംഭിക്കുക.
5. ഗോബർഗ്യാസ് പദ്ധതി ഒന്നിലധികം കുടുംബങ്ങൾക്ക് സംയുക്തമായി നടപ്പിലാക്കുക.
6. പുൽകൃഷിക്കുള്ള സബ്സിഡി വർദ്ധിപ്പിക്കുക.
7. വനിതാക്ഷീരോല്പന്ന നിർമ്മാണ വിതരണ യൂണിറ്റുകൾ സ്ഥാപിക്കുക.
8. അംഗനവാടികളിലെ കുട്ടികൾക്ക് സൗജന്യമായി പാൽവിതരണം നടത്തുക.
9. കന്നുകാലിത്തീറ്റകൾക്കും, മരുന്നുകൾക്കും സബ്സിഡി ദാരിദ്ര്യരേഖക്ക് താഴെയുള്ള എല്ലാവർക്കും നല്കുക.

## III. വിദ്യാഭ്യാസം

1. പഞ്ചായത്തിലെ ഏക ഗവ: യു.പി.എസ് ആയ മുല്ലൂർ പനവിള സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.
2. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം 1:30 ആക്കാൻവേണ്ടി ശ്രമിക്കുക.
3. ഹെഡ്മാസ്റ്ററെ ക്ലാസ് ചാർജ്ജിൽനിന്നും ഒഴിവാക്കാൻ നടപടിയെടുക്കുക.
4. ഹൈസ്കൂളുകളിൽ വൊക്കേഷൻ ഹയർ സെക്കന്ററിയോ, ഹയർ സെക്കന്ററി ക്ലാസ്സുകളോ തുടങ്ങുക.
5. പഞ്ചായത്തിലെ സ്കൂളുകളിൽ പഠിക്കുന്നവർക്കും ഇവിടെ താമസിച്ച് മറ്റ് സ്കൂളുകളിൽ പഠിക്കുന്നവർക്കും S.S.L.C പരീക്ഷയ്ക്ക് ഉയർന്ന മാർക്ക് നേടിയാൽ പ്രോത്സാഹനവും സമ്മാനവും സ്കോളർഷിപ്പും അനുവദിക്കുക.
6. ഹാർബർ L.P.S. ലെ രണ്ടുനില കെട്ടിടം മെയിന്റനൻസ് ചെയ്യുക.

## IV. കുടിവെള്ളം, പൊതുജനാരോഗ്യം

1. നിലവിലുള്ള ശുദ്ധജലസ്രോതസ്സുകൾ പരിരക്ഷിക്കുക.
2. കോവളത്ത് റേഡിയോ കിയോസ്കിന് സമീപമുള്ള കിണർ സംരക്ഷിക്കുക.
3. മൊട്ടവിളക്കുന്നിന്റെ ചരിവിലുള്ള നീരുറവ സംരക്ഷിച്ച് ശുദ്ധജലവിതരണത്തിന് ഉപയോഗിക്കുക.
4. കോവളത്ത് നിലവിലുള്ള പൈപ്പ്ലൈൻ നീലകണ്ഠാകോളനിക്കും മുസ്ലീം കോളനിക്കും ലഭ്യമാക്കുക.
5. അഞ്ചാം വാർഡിലെ മഞ്ഞണാത്തിക്കുളം ശുദ്ധജലപദ്ധതിയാക്കി വിപുലീകരിക്കുക.
6. ഞാറക്കുളം നീരുറവയെ ശുദ്ധജലത്തിനായി ഉപയോഗിക്കുക.
7. കോവളം സമുദ്രാഹോട്ടലിന് സമീപമുള്ള പഞ്ചായത്തുകുളം ശുദ്ധജലവിതരണത്തിനായി സജ്ജമാക്കുക.

6. അംഗൻവാടി ജീവനക്കാരെ സർക്കാർ ജീവനക്കാരായി അംഗീകരിക്കുക.
7. അംഗൻവാടിയിലെ ദരിദ്രരായ കുട്ടികൾക്ക് സൗജന്യമായി യൂണിഫോം നല്കുക.
8. അബലാമന്ദിരവും വനിതാ വായനശാലകളും പഞ്ചായത്തിൻെറ കീഴിൽ നിർമ്മിക്കുക.
9. നേഴ്സറി സകൂളിൻെറ പ്രൈവറ്റ് രജിസ്ട്രേഷൻ നിർത്തലാക്കുക.
10. പഞ്ചായത്തിലെ എല്ലാവാർഡുകളിലും വായനശാലകൾ നിർമ്മിക്കുക.
11. വെങ്ങാനൂരിലും, കോവളം തിയ്യേറ്റർ ജംഗ്ഷനിലും, വിഴിഞ്ഞം തുറമുഖത്തിനടുത്തും വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുക.

## VII സംസ്കാരം

1. സ്കൂൾ തലങ്ങളിൽ കായിക കലാ ഉന്നമനത്തിന് പഞ്ചായത്ത് ശ്രമിക്കുക.
2. പഞ്ചായത്ത് ആഫീസിനു മുമ്പിലുണ്ടായിരുന്ന റേഡിയോപാർക്ക്, ഉദ്യാനം ഇവ പുനസ്ഥാപിക്കുക.
3. കലാ സംസ്കാരിക സമിതികൾക്കും, വായശാലകൾക്കും കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം അനുവദിക്കുക.
4. മാസത്തിൽ ഒരു സാംസ്കാരിക പരിപാടി എങ്കിലും സംഘടിപ്പിക്കുക.
5. സാംസ്കാരിക സമ്മേളനങ്ങൾക്കും മറ്റുമായി പഞ്ചായത്ത് സ്റ്റേജ്, കർട്ടൻ ഇവ ഉണ്ടാക്കുക.
6. ജനവിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുക

**സാംസ്ക്കാരിക കേന്ദ്രങ്ങൾ**

**വാർഡ് - 4 - C.H. സ്മാരക സ്പോർട്ട്സ് ആന്റ് ആർട്സ് ക്ലബ്ബ്, ടൗൺഷിപ്പ് രജി । നമ്പർ 838/93.**

വാർഡ് XII അഖിലേന്ത്യാ നാടാർ അസോസിയേഷൻ, മുക്കോല

വാർഡ് XIII സർവ്വ ശക്തിക്ഷേത്രം ആന്റ് ഹിന്ദു ധർമ്മ പ്രചാരകേന്ദ്രം.

## IX വനിത


1. വനിതാസഹകരണസംഘങ്ങൾ ജനസംഖ്യാനുപാതികമായി സ്ഥാപിക്കുക.
2. തൊഴിലുകൾ ആരംഭിക്കുവാൻ വേണ്ട ഉപദേശങ്ങൾ നല്കുവാൻ കഴിവുള്ള ഉദ്യോഗസ്ഥരെ പഞ്ചായത്തുതലത്തിൽ നിയമിക്കുക.
3. ട്രൈസം പോലുള്ള തൊഴിൽ പരിശീലനകേന്ദ്രങ്ങൾ പഞ്ചായത്തിലെ എല്ലാവാർഡുകളിലും ആരംഭിക്കുക.
4. കോവളത്തെ പഞ്ചായത്തു വക സ്ഥലത്ത് സ്ത്രീകൾക്കായി ഒരു തൊഴിൽ ശാല തുടങ്ങുക.
5. FEC, MSS പ്രവർത്തകരെ സ്ഥിരപ്പെടുത്തുക
6. വിവിധ പെൻഷനുകൾ കിട്ടുന്നതിലുള്ള വ്യവസ്ഥകൾ ഉദാരമാക്കുക.
7. നിർദ്ധനരായ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി അഭയാകേന്ദ്രങ്ങൾ തുറക്കുക.
8. സമ്പൂർണ്ണ മദ്യനിരോധനം പഞ്ചായത്തിൽ നടപ്പിലാക്കുക.
9. എല്ലാ രംഗത്തും സ്ത്രീകൾക്ക് തുല്യ പരിഗണനനല്ക്കുക.
10. സ്ത്രീകളുടെ വേതനത്തിൽ തുല്യത വരുത്തുക.

## XI സഹകരണം

1. നിക്ഷേപങ്ങളുടെ ഉത്തരവാദിത്വം ഗവണ്മെന്റ് ഏറ്റെടുക്കുകയും സർക്കാർ മേഖലയിലെ ബാങ്കിടപാടുകൾ സഹകരണ ബാങ്കുകൾ വഴി നടത്തണം.

# നന്ദി

ദ്വിതീയ വിവരശേഖരണം, പഠന പര്യടനം, ചരിത്രപഠനം എന്നിവ വിജയകരമായി പൂർത്തിയാക്കാൻ റിസോഴ്സ് പേഴ്സൺസും, പഞ്ചായത്ത് പ്രതിനിധികളും, സന്നദ്ധപ്രവർത്തകരും, വിവിധ ആഫീസുകളിലെ ജീവനക്കാരും വളരെയധികം ബുദ്ധിമുട്ടി പ്രവർത്തിച്ചിട്ടുണ്ട്. ഗ്രാമസഭകളുടെ സംഘാടനത്തിനും തുടർന്നുള്ള എല്ലാ പ്രവർത്തനങ്ങൾക്കും അകമഴിഞ്ഞ് സഹായിക്കുകയും, സഹകരിക്കുകയും ചെയ്ത സകലവ്യക്തികൾക്കും, സംഘടനകൾക്കും, സ്ഥാപനങ്ങൾക്കും നിസ്സീമമായ കൃതജ്ഞത രേഖപ്പെടുത്തിക്കൊള്ളുന്നു.



ചെല്ലപ്പനാചാരി
പ്രസിഡന്റ്, വിഴിഞ്ഞം
ഗ്രാമപഞ്ചായത്ത്